മാതൃഭൂമി

KH

2012 ഫിബ്രുവരി 26 ഞായറാഴ്ച www.mathrubhumi.com Mathrubhumi, The National Daily in Malayalam വില: ₹ 4.50. ടൈംസ് ഓഫ് ഇന്ത്യ ഉൾപ്പെടെ ₹ 7.50 (മാതൃഭൂമി ₹ 4.50 + ടൈംസ് ഓഫ് ഇന്ത്യ ₹ 3.00)

1187 കുംഭം 13 Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi കണ്ണൂർ ◆ പേജ് 24

ഇന്ത്യ പോളിയോ രഹിതം: ലോകാരോഗ്യ സംഘടന

സ്വന്തം ലേഖിക

ന്യൂഡൽഹി: പോളിയോ ബാധയുള്ള രാജ്യങ്ങളുടെ പട്ടികയിൽ നിന്ന് ലോകാരോഗ്യസംഘടന ഇന്ത്യയെ ഒഴിവാക്കി. ഡൽഹിയിൽ നടന്ന പോളിയോ ഉച്ചകോടിയിൽ കേന്ദ്രആരോഗ്യമന്ത്രി ഗുലാം നബി ആസാദാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങും സന്നിഹിതനായിരുന്നു.

ശനിയാഴ്ച രാവിലെയാണ് ഈ വിവരം ലോകാരോഗ്യസംഘടനയിൽ നിന്ന് ലഭിച്ചതെന്ന് മന്ത്രി പറഞ്ഞു. പാകിസ്താൻ, നൈജീരിയ, അഫ്ഗാനിസ്താൻ എന്നിവയാണ് ഇനിയും പോളിയോ വിമുക്തമാകാത്ത രാജ്യങ്ങൾ.

ലോകാരോഗ്യസംഘടനയുടെ ഡയറക്ടർ ജനറൽ മാർഗരറ്റ് ചാനിന്റെ കത്ത് അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ബ്രൂസ് എയിൽവാഡാണ് ഇന്ത്യക്ക് കൈമാറിയത്.

പുതുതായി ഒരാൾ പോലും പോളിയോ ബാധിക്കാതെ ഒരു കൊല്ലം പൂർത്തിയാക്കിയത് തൃപ്തികരമാണെന്ന് ഉച്ചകോടിയിൽ പ്രധാനമന്ത്രി പറഞ്ഞു. ''കൂട്ടായ പ്രവർത്തനം കൊണ്ടാണ് ഇത് സാധിച്ചത്. കേന്ദ്രസർക്കാറും സംസ്ഥാന സർക്കാറുകളും റോട്ടറി ഇന്റർനാഷണൽ, ലോകാരോഗ്യസംഘടന, യൂണിസെഫ് തുടങ്ങിയ സംഘടനകളും നടത്തിയ കൂട്ടായ പ്രവർത്തനമാണ് ഇത് സാധ്യമാക്കിയത്. എന്നാൽ ഇതിലേറ്റവും അഭിമാനിക്കാനുള്ളത് 23 ലക്ഷം സന്നദ്ധസേവകർ നടത്തിയ പ്രവർത്തനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ധനിക-ദരിദ്ര ഭേദമില്ലാതെ, രാജ്യത്തെ ഏത് പ്രദേശത്തും ഏത് ഇന്ത്യൻ കുട്ടിക്കും ഇത്തരം രോഗ പ്രതിരോധം നൽകുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

പന്ത്രണ്ടാം പദ്ധതിയിൽ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും ഊന്നൽ നൽകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യം പ്രധാനമാണെന്നു പറഞ്ഞ പ്രധാനമന്ത്രി, രാജ്യത്ത് പോഷകാഹാരക്കുറവിന്റെ പ്രശ്നം പരിഹരിക്കാൻ സർക്കാർ നടപടികളെടുക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി.

ബാംഗ്ലൂരിൽ വൻ തീപ്പിടിത്തം: മുന്നൂറോളം കടകൾ ചാമ്പലായി

20 മലയാളികളുടെ കടകൾ കത്തിനശിച്ചു

ബാംഗ്ലൂർ: നഗരത്തിലെ പഴക്കംചെന്ന ശിവാജിനഗർ റസൽ മാർക്കറ്റിലുണ്ടായ വൻ തീപ്പിടിത്തത്തിൽ മുന്നൂറോളം കടകൾ കത്തിനശിച്ചു.

കോടിക്കണക്കിന് രൂപയുടെ നഷ്ടം കണക്കാക്കുന്നു. 20 മലയാളികളുടെ കടകളും കത്തിയവയിൽ പെടും. വെള്ളിയാഴ്ച പുലർച്ചെ 4.10-നാണ് തീപിടിച്ചത്. ഒരു മണിക്കൂറിനകം മാർക്കറ്റ് മുഴുവൻ തീ വ്യാപിച്ചു. വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് അഗ്നിക്കിടയാക്കിയതെന്നാണ് പ്രാഥമികനിഗമനം. 85 വർഷം പഴക്കമുള്ള മാർക്കറ്റിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളാണേറെയും.

അഗ്നിശമനസേനയുടെ 25 യൂണിറ്റുകളും അഞ്ചു മണിക്കൂർ പ്രയത്നിച്ചാണ് തീ നിയന്ത്രണവിധേയമാക്കിയത്.

പച്ചക്കറി, പഴങ്ങളും, മട്ടൻ, ബീഫ്, മത്സ്യം, പൂക്കളും തുടങ്ങിയവയുടെ വിൽപ്പനശാലകളാണ് റസൽ മാർക്കറ്റിൽ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. വിദേശ പഴവർഗങ്ങൾക്കു മാത്രമായി ഇവിടെ വ്യാപാരശാലകളുണ്ടായിരുന്നു.

ശിവാജിനഗർ റസൽ മാർക്കറ്റിൽ തീ പടർന്നപ്പോൾ

വെള്ളിയാഴ്ച രാത്രി പതിനൊന്നിന് കട അടച്ചു മടങ്ങിയ താൻ രാവിലെ എത്തിയപ്പോൾ കാണുന്നത് ഒരു പിടി ചാരമാണെന്ന് തലശ്ശേരി സ്വദേശി എം. ഷെറീഫ് പറഞ്ഞു. മാർക്കറ്റിൽ പത്തുവർഷമായി ഫ്രൂട്ട് സ്റ്റാൾ നടത്തുകയാണ് ഷെറീഫ്.

അഞ്ചുലക്ഷം രൂപയുടെ നഷ്ടം ഷെറീഫിനു മാത്രമുണ്ട്. കടയിലെ ഫർണിച്ചറുകളും ഇരുമ്പു ഷെൽഫുകളുമെല്ലാം ചാരമായി. 176 കടകൾ കത്തിനശിച്ചുവെന്നാണ് ഔദ്യോഗിക വിശദീകരണം.

ഇറ്റാലിയൻ കപ്പലിൽ പോലീസ് പരിശോധന

തോക്കുകൾ പിടിച്ചെടുത്തു

- തോക്കുകൾ നാളെ കോടതിയിൽ ഹാജരാക്കും
- പരിശോധന നടന്നത് ഇറ്റലിയിലെ വിദഗ്ധരുടെ സാന്നിധ്യത്തിൽ

സ്വന്തം ലേഖകൻ

കൊച്ചി: ഇറ്റാലിയൻ കപ്പൽ എൻറിക ലെക്സിയിലെ തോക്കുകം വൻ സുരക്ഷാ സന്നാഹങ്ങളോടെ പോലീസ് കസ്റ്റഡിയിലെടുത്ത് മുദ്രവെച്ചു. എന്നാൽ മത്സ്യത്തൊഴിലാളികളെ വെടിവെച്ച തോക്ക് ഏതെന്ന് വിശദ പരിശോധനകംക്ക് ശേഷം മാത്രമേ തിരിച്ചറിയാൻ കഴിയൂവെന്ന് പോലീസ് പറഞ്ഞു.

കപ്പലിൽ ഇറ്റാലിയൻ നിർമിത തോക്കുകളുടെ ശേഖരം ഉണ്ടായിരുന്നു എന്നാണ് പ്രാഥമിക സൂചന. എന്നാൽ, എത്ര തോക്കുകളുണ്ടെന്നോ ഏതൊക്കെ തരമാണെന്നോ വെളിപ്പെടുത്തിയിട്ടില്ല. പിടിച്ചെടുത്ത് സീൽ ചെയ്ത തോക്കുകം പോലീസ് സ്റ്റേഷനിൽ എത്തിച്ചശേഷം തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ എം.ആർ. അജിത്കുമാർ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഇതിനുശേഷം തിരുവനന്തപുരത്തെ ഫൊറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കും.

പോലീസിന് പുറമെ നാവിക, തീരസംരക്ഷണ സേന അധികൃതരും വിശദമായ, ബാലിസ്റ്റിക് വിദഗ്ധരും കപ്പലിൽ നിന്ന് തെളിവെടുത്തു. ഇറ്റാലിയൻ അധികൃതരുടെ ആവശ്യപ്രകാരം അവിടെ നിന്നുള്ള സാങ്കേതിവിദഗ്ധരായ മേജർ ഫ്ളേവസ് ലൂക്കാ, മേജർ പ്ലാറ്റിനി പോളോ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പരിശോധനകം. തോക്കുകം

കപ്പലിലെ പരിശോധനക്കായി ഇറ്റാലിയൻ സംഘം എറണാകുളം ബോട്ട്ജെട്ടിയിലെത്തിയപ്പോൾ

ക്ക് പുറമെ അന്വേഷണത്തിന് ആവശ്യമായ മുഴുവൻ രേഖകളും വസ്തുക്കളും പോലീസ് ശേഖരിച്ചു. ഒരു തോക്കിന്റെ പരിശോധനയ്ക്ക് തന്നെ മൂന്ന് മണിക്കൂറോളം സമയമെടുത്തു. അതിനാൽ രാവിലെ പതിനൊന്നോടെ ആരംഭിച്ച കപ്പൽ പരിശോധന രാത്രി ഏറെ വൈകിയാണ് പൂർത്തിയായത്.

ഇറ്റാലിയൻ കോൺസുലേറ്റ് ജനറൽ ജിയാം പോളോ ക്യുറ്റില്ലോ ഉൾപ്പെടെയുള്ള ഉന്നത തല ഇറ്റാലിയൻ സംഘവും കപ്പലിൽ എത്തിയിരുന്നു. കപ്പലിലെ പരിശോധനയ്ക്ക് ഇറ്റാലിയൻ അധികൃതർ പൂർണ സഹകരണം നൽകിയതായി അന്വേഷണത്തിന് നേതൃത്വം നൽകുന്ന സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞു. ആയുധങ്ങം ഇറ്റലി ഉദ്യോഗസ്ഥരെ സാക്ഷിയാക്കിയാണ് സീൽ ചെയ്തത്.

കപ്പലിലെ പരിശോധനയ്ക്കായി വിരലടയാള, ബാലിസ്റ്റിക് വിദഗ്ധരുടെ സംഘം രാവിലെ പതിനൊന്ന് മണിയോടെ കപ്പലിൽ എത്തിയിരുന്നു. കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ശരീരത്തിൽ നിന്ന് ലഭിച്ച വെടിയുണ്ടകം പിടിച്ചെടുത്ത തോക്കുകളിൽ ഏതിൽ നിന്നാണെന്ന് കണ്ടുപിടിക്കേണ്ടതുണ്ട്. ഇതിന് ബാലിസ്റ്റിക് വിദഗ്ധർ തോക്കുകം ഉപയോഗിച്ച് ലാബ് ടെസ്റ്റ് ഫയറിങ് നടത്തും. ടെസ്റ്റിൽ ഉപയോഗിച്ച വെടിയുണ്ടകളിൽ പതിഞ്ഞ അടയാളവും മത്സ്യത്തൊഴിലാളികളുടെ ശരീരത്തിൽ നിന്നുകിട്ടിയവയുടെ അടയാളവും ഒന്നാണെങ്കിൽ ഉപയോഗിച്ച തോക്ക് ഏതാണെന്ന് മനസ്സിലാക്കാനാവും.

ഇറ്റലിയിൽ നിന്ന് വിസാ നടപടിക്രമങ്ങം പൂർത്തിയാക്കിയാണ് സാങ്കേതിക വിദഗ്ധർ കൊച്ചിയിൽ എത്തിയത്. തുടർന്ന് പതിനൊന്നേമുക്കാലോടെ ഇവർ ബോട്ടിൽ കപ്പലിൽ എത്തുകയായിരുന്നു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ദേബേഷ് കുമാർ ബഹ്റ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരും പരിശോധനയ്ക്ക് ഉണ്ടായി.

ഇറ്റാലിയൻ സാങ്കേതിക വിദഗ്ധർക്ക് വെള്ളിയാഴ്ച എത്തിച്ചേരാൻ കഴിയാത്തതിനാലാണ് പരിശോധന ശനിയാഴ്ചത്തേക്ക് മാറ്റിയത്. കപ്പൽ പുറംകടലിൽ നിന്ന് വെള്ളിയാഴ്ച രാവിലെ ഒൻപതരയോടെ കൊച്ചി പോർട്ട് ട്രസ്റ്റിന്റെ ഓയിൽ ടാങ്കർ ബർത്തിൽ കൊണ്ടുവന്നിരുന്നു.

കപ്പലിൽ ഇന്ത്യ-ഇറ്റലി സംയുക്തപരിശോധന വേണമെന്ന് പറഞ്ഞിരുന്നെങ്കിലും നിയമപരമായി ഇത് സാധിക്കാത്തതിനാൽ പോലീസ് സമ്മതിച്ചിരുന്നില്ല. ഇതേത്തുടർന്നാണ് തങ്ങളുടെ വിദഗ്ധരുടെ സാന്നിധ്യത്തിൽ പരിശോധന വേണമെന്ന നിലപാടിലേക്ക് ഇറ്റാലിയൻ സംഘം എത്തിയത്. കോടതി ഇതിന് അനുമതി നൽകുകയും ചെയ്തു.

അതിനിടെ, കേസിൽ കപ്പലിന്റെ ക്യാപ്റ്റനെ കൂടി പ്രതിയാക്കണമെന്ന് അഭ്യർഥിക്കുന്ന ഹർജി കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ശനിയാഴ്ച ഫയൽ ചെയ്തു. തിങ്കളാഴ്ച ഹർജി പരിഗണിക്കും.

ഇറ്റലി കടുംപിടിത്തം ഉപേക്ഷിച്ചു 7

കൂടംകുളംസമരം: കേന്ദ്രം കടുത്ത നടപടിയിലേക്ക്

ഡി.ശ്രീജിത്ത്

ന്യൂഡൽഹി: കൂടംകുളം ആണവവിരുദ്ധ സമിതിക്കെതിരെ കേന്ദ്ര സർക്കാർ കടുത്ത നടപടികളിലേക്ക്. സ്വീഡിഷ് ധനസഹായത്തോടെ പ്രവർത്തിക്കുന്ന സർക്കാറിതര സംഘടന (എൻ.ജി.ഒ)യുമായുള്ള ബന്ധം വെളിപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമരസമിതി നേതാവ് എസ്.പി. ഉദയകുമാറിന് പ്രധാനമന്ത്രിയുടെ ഓഫീസിന്റെ ചുമതല വഹിക്കുന്ന സഹമന്ത്രി വി.നാരായണസ്വാമി കത്തെഴുതി.

ഉദയകുമാറിന് ഒന്നരക്കോടിയോളം രൂപ വിദേശ സഹായം ലഭിച്ചുവെന്ന് കഴിഞ്ഞ ദിവസം മന്ത്രി ആരോപിച്ചിരുന്നു. അതിനിടെ പ്രധാനമന്ത്രി മൻമോഹൻസിങ്ങിനെതിരെ മാനനഷ്ട കേസ് കൊടുക്കുമെന്ന് ഉദയകുമാർ പറഞ്ഞു. എന്നാൽ ഉദയകുമാറിനെതിരെ എതിർകേസ് ഫയൽ ചെയ്യാനുള്ള ആലോചനയിലാണ് പ്രധാനമന്ത്രിയുടെ ഓഫീസ്. കൂടംകുളം ആണവനിലയ വിരുദ്ധ സമരത്തിന് പിന്നിൽ അമേരിക്കയിൽ നിന്ന് പണം പറ്റുന്ന എൻ.ജി.ഒ. കളാണെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന് പിന്നാലെയാണ് സർക്കാർ കടുത്ത നിലപാടിലേക്ക് നീങ്ങുന്നത്. സാമ്പത്തിക സഹായം വഴിമാറ്റി ചെലവിട്ടതിന്റെ പേരിൽ മൂന്ന് എൻ.ജി.ഒ.കളുടെ പ്രവർത്തനാനുമതി കേന്ദ്ര സർക്കാർ റദ്ദാക്കിയിട്ടുണ്ട്. കൂടുതൽ എൻ.ജി.ഒ.കളുടെ സാമ്പത്തിക ഇടപാടുകം പരിശോധിച്ചുവരികയാണ്. അംഗീകാരം റദ്ദാക്കിയ എൻ.ജി.ഒ.കളുടെ പേരുവിവരം പുറത്തുവിടാൻ കേന്ദ്രം തയ്യാറായിട്ടില്ല. എന്നാൽ തൂത്തുക്കുടി ആസ്ഥാനമായി പ്രവർത്തിക്കുന്ന രണ്ട് സംഘടകളുടെ പേര് വിദേശസഹായ നിയന്ത്രണനിയമപ്രകാരം പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ പട്ടികയിൽ നിന്ന് ആഭ്യന്തരമന്ത്രാലയം ഒഴിവാക്കിയിട്ടുണ്ട്. തൂത്തുക്കുടി ഡയസിസ് അസോസിയേഷൻ (ടി.ഡി.എ), തൂത്തുക്കുടി മാംട്ടിപർപ്പസ് സോഷ്യൽ സർവീസ് സൊസൈറ്റി (ടി.എം.എസ്.എസ്.എസ്) എന്നിവയാണ് ഒഴിവാക്കപ്പെട്ടവ. ഈ രണ്ട് സംഘടനകളും കൂടംകുളത്തെ ആണവനിലയ വിരുദ്ധസമരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവയാണ്.

കൂടംകുളത്ത് പ്രക്ഷോഭത്തിന്റെ മുൻനിരയിലുള്ള 12 എൻ.ജി.ഒ.കളെങ്കിലും അന്വേഷണത്തിന്റെ മുംമുനയിലാണ്. വിദേശത്തുനിന്ന് ലഭിച്ച ധനസഹായം വകമാറ്റി ചെലവഴിച്ചുവെന്നതാണ് ഈ സംഘടനകളുടെ പേരിൽ ആരോപിക്കുന്ന കുറ്റം. രണ്ട് സംഘടകംക്ക് മാത്രമായി അമേരിക്കയെടക്കമുള്ള രാജ്യങ്ങളിൽ നിന്ന് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 64 കോടി രൂപയാണ് ലഭിച്ചതെന്നാണ് സർക്കാർ വൃത്തങ്ങം പറയുന്നത്. കൂടംകുളത്തെ ആണവനിലയത്തിനെതിരെയുള്ള സമരങ്ങംക്ക് പിന്നിൽ അമേരിക്കൻ സഹായത്തോടെ പ്രവർത്തിക്കുന്ന എൻ.ജി.ഒ. കളാണെന്ന പ്രധാനമന്ത്രി മൻമോഹൻസിങ്ങിന്റെ പരാമർശത്തെ റഷ്യൻ സ്ഥാനപതി അലക്സാണ്ടർ കഡകിൻ പിന്തുണച്ചു. റഷ്യൻ സഹായത്തോടെയാണ് കൂടംകുളം ആണവോർജ പദ്ധതി നടക്കുന്നത്.

ആണവോർജ പരിപാടികളിൽ എതിർപ്പില്ലെന്ന് അമേരിക്കൻസ്ഥാനപതി

ന്യൂഡൽഹി: ഇന്ത്യയുടെ സൈനികേതര ആണവോർജ പരിപാടികളിൽ അമേരിക്കയ്ക്ക് ഒരു തരത്തിലുള്ള എതിർപ്പുമില്ലെന്ന് ഇന്ത്യയിലെ യു.എസ്.സ്ഥാനപതി പീറ്റർ ബർലേ പറഞ്ഞു.

ആണവോർജ വിരുദ്ധ സമരങ്ങംക്ക് പിന്നിൽ അമേരിക്കൻ സഹായത്തോടെ പ്രവർത്തിക്കുന്ന എൻ.ജി.ഒ. കളാണെന്ന പ്രധാനമന്ത്രി മൻമോഹൻസിങ്ങിന്റെ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

വിളപ്പിൽശാലയിൽ കോടതിവിധി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം -മുഖ്യമന്ത്രി

കൊച്ചി: വിളപ്പിൽശാലയിൽ കോടതി വിധി നടപ്പാക്കാനുള്ള ബാധ്യത സർക്കാരിനുണ്ടെന്നും എന്നാൽ അതിന് കഴിയാത്ത സാഹചര്യമാണ് ഉള്ളതെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

''ഇപ്പോഴത്തെ ഹൈക്കോടതി വിധി തെറ്റാണെന്ന് ഞാൻ പറയില്ല. കോടതിയുടെ പരാമർശങ്ങം സാധാരണഗതിയിൽ സർക്കാരിനെതിരെയുള്ള രൂക്ഷമായ വിമർശനമായി കാണാം. പക്ഷെ, അവിടത്തെ അവസ്ഥ എല്ലാവർക്കും അറിയാവുന്നതിനാലാണ് സർക്കാരിനെതിരെ പുറമെ നിന്ന് കുറ്റപ്പെടുത്തൽ ഉണ്ടാകാത്തത്. സർക്കാരിന്റെയും പോലീസിന്റെയും ഭാഗത്തുനിന്ന് ആത്മാർത്ഥമായ നടപടി ഉണ്ടായി എന്ന് എല്ലാവരും കണ്ടതാണ്'' -മുഖ്യമന്ത്രി പറഞ്ഞു.

ഷുക്കൂർ വധം: എൻ.ഐ.എ. അന്വേഷിക്കണം -മുസ്ലിംലീഗ് 5

പട്ടുവം അക്രമം: പ്രസ്താവനയിൽ ഉറച്ചുനിൽക്കുന്നു -പി.ജയരാജൻ

കണ്ണൂർ എൻജിനിയറിങ് കോളേജിൽ നടക്കുന്ന കണ്ണൂർ സർവകലാശാലാ കലോത്സവത്തിൽ നാടോടി നൃത്തം (സംഘം) ഒന്നാംസ്ഥാനംനേടിയ പിലാത്തറ ആർട്സ് ആൻഡ് സയൻസ് കോളേജ് ടീം

ആദിവാസി സ്ത്രീയുടെ മൃതദേഹം സിമൻറ് പൈപ്പിനുള്ളിൽ ഒളിപ്പിച്ചനിലയിൽ

കേളകം: ആറളം ഫാം ഒമ്പതാം ബ്ലോക്കിലെ ആദിവാസി സ്ത്രീ ചെല്ലക്ക (72) യുടെ മൃതദേഹം കേളകം വെള്ളൂന്നി റോഡിലെ കലുങ്കിനടിയിൽ സിമൻറ് പൈപ്പിനുള്ളിൽ കണ്ടെത്തി. ശനിയാഴ്ച ഉച്ചയ്ക്ക് കാൽനടയാത്രക്കാരാണ് പൈപ്പിൽനിന്ന് കാൽപ്പാദങ്ങം പുറത്തേക്ക് തള്ളിനിൽക്കുന്ന നിലയിൽ മൃതദേഹം കണ്ടത്. തുടർന്ന് നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് പേരാവൂർ സി.ഐ. കെ.എസ്.ഷാജി, പേരാവൂർ എസ്.ഐ. ഈസ്സ അമേറി എന്നിവർ സ്ഥലത്തെത്തി.

കേളകം എസ്.ഐ. ഇൻക്വസ്റ്റ് നടത്തിയശേഷം മൃതദേഹം പരിയാരം മെഡിക്കൽ കോളേജിലേക്ക് പോസ്റ്റുമോർട്ടത്തിനായി കൊണ്ടുപോയി. പേരാവൂർ സി.ഐ.ക്കാണ് അന്വേഷണച്ചുമതല. അവിവാഹിതയായ ചെല്ലക്ക നേരത്തെ ഫാമിൽ ബന്ധു വിനൊപ്പമായിരുന്നു താമസിച്ചിരുന്നത്. എന്നാൽ ഏറെനാളായി കേളകം ടൗണിൽഅലഞ്ഞുതിരിയുകയായിരുന്നു. വെള്ളിയാഴ്ച രാത്രി ചെല്ലക്ക ഉറങ്ങിയ കടത്തിണ്ണയിൽ ഇവരുടെ വസ്ത്രങ്ങളും സഞ്ചിയും കണ്ടെത്തി.

വസ്ത്രം കിടന്നതിന്റെ 50 മീറ്റർ അകലെ കലുങ്കിനടിയിലെ സിമൻറ് പൈപ്പിനുള്ളിലായിരുന്നു മൃതദേഹം നഗ്നമായനിലയിൽ കണ്ടെത്തിയത്.

◆ കാകദൃഷ്ടി ◆

സുരക്ഷാകാരണത്താൽ സ്വത്ത് വെളിപ്പെടുത്താൻ സാധിക്കില്ല-സോണിയാഗാന്ധി

കടൽക്കൊള്ളക്കാരാണെന്ന് ധരിച്ച് വെടിവെച്ചാലോ...

തൃശ്ശൂർ ജില്ലയിൽ പലേടത്തും തീപ്പിടിത്തം

തൃശ്ശൂർ: ജില്ലയിൽ വനമേഖലയിലും ജനവാസകേന്ദ്രങ്ങളിലുമുണ്ടായ തീപ്പിടിത്തത്തിൽ വൻ നാശനഷ്ടം. കുന്നംകുളം പാറേമ്പാടത്ത് തീപ്പിടിത്തത്തിൽ രണ്ട് മരക്കമ്പനികളും സമീപത്തെ വർക്ക്ഷോപ്പും അഞ്ച് വാഹനങ്ങളും പൂർണമായി കത്തിനശിച്ചു. വർക്ക്ഷോപ്പിൽ ഉണ്ടായിരുന്ന മൂന്ന് കാറുകളും ഒരു ജീപ്പും ഓട്ടോറിക്ഷയുമാണ് കത്തിയത്. ഒന്നരക്കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക നിഗമനം.

ജില്ലയുടെ കിഴക്കൻ മേഖലയിലെ നാല് ഫോറസ്റ്റ് റേഞ്ചുകളിലായി നൂറുകണക്കിന് ഏക്കർ വനഭൂമിയും കത്തിനശിച്ചു. വൻമരങ്ങംക്കും അടിക്കാടിനുമൊപ്പം ചെറുമൃഗങ്ങളും പക്ഷികളും വെന്തൊടുങ്ങി. പഴയന്നൂർ എളനാട് മേഖലയിൽ കാട്ടുതീ ജനവാസകേന്ദ്രങ്ങളിലേക്ക് പടർന്നത് പരിഭ്രാന്തി പരത്തി.

പൂർണ്ണ വളർച്ചയെത്തിയ ഒരു മിപ്പിൽ 1 ലക്ഷത്തിലേറെ മുടിയിഴകൾ ഉണ്ടാകും. വിദഗ്ധപഠനങ്ങൾ പ്രകാരം 1 ദിവസം ശരാശരി 25 മുടിയിഴകൾവരെ കൊഴിയാം.
1 വർഷം കൊഴിഞ്ഞുവീഴുന്ന മുടിയിഴകളുടെ എണ്ണം: 25 X 365 = 9,125
2 വർഷം കൊഴിഞ്ഞുവീഴുന്ന മുടിയിഴകളുടെ എണ്ണം: 25 X 730 = 18,250
3 വർഷം കൊഴിഞ്ഞുവീഴുന്ന മുടിയിഴകളുടെ എണ്ണം: 25 X 1095 = 27,375
4 വർഷം കൊഴിഞ്ഞുവീഴുന്ന മുടിയിഴകളുടെ എണ്ണം: 25 X 1460 = 36,500
5 വർഷം കൊഴിഞ്ഞുവീഴുന്ന മുടിയിഴകളുടെ എണ്ണം: 5 X 1,825 = 45,625
മുടികൊഴിച്ചിലിനെ ഓർത്ത് വ്യാകുലപ്പെടേണ്ട, കൊഴിയുന്നിടത്ത് പുതിയ മുടിയിഴകൾ വളരുവാൻ ഇന്ദുലേഖ ഹെയർ ഓയിൽ ഉപയോഗിക്കൂ!
മുടികൊഴിച്ചിൽ സ്വാഭാവികം എന്നതു പോലെ കൊഴിയുന്നിടങ്ങളിൽ പുതിയ മുടിയിഴകളും സ്വാഭാവികമായി തന്നെ വളർന്നു വരേണ്ടതാണ്. മുടികൊഴിച്ചിലും പുതിയ മുടികിളിർക്കലും തമ്മിലുള്ള അനുപാതം സന്തുലിതമല്ലാതാകുമ്പോഴാണ് മുടിയുടെ ഉള്ളുകുറവും നെറ്റികയറലും രൂക്ഷമാകുന്നത്. ഇതിന്റെ പ്രധാന കാരണം ശിരോകോശങ്ങളുടെ ആരോഗ്യമില്ലായ്മയാണ്. ഇന്ദുലേഖ ഹെയർ ഓയിൽ ശിരോകോശങ്ങളെ പുനരുജ്ജീവിപ്പിച്ച് അഭിമതമായ മുടികൊഴിച്ചിൽ തടഞ്ഞ് കൊഴിയുന്നിടത്ത് പുതിയ മുടിയിഴകൾക്ക് ജന്മമേകുന്നു.
Grows NEW HAIR
100% NATURAL
indulekha
COMPLETE HAIR CARE OIL
Mosons
CUSTOMER CARE : 95678 64756, 95678 64757, 95678 64866, 95678 64951, 95678 64952. email: contact@mosonsgroup.com

രാജപുരം എസ്റ്റേറ്റ് തീപ്പിടിത്തം; നഷ്ടപരിഹാരം നൽകണമെന്ന് ജില്ലാ വികസനസമിതി

കാസർകോട്: പ്ലാന്റേറേഷൻ കോർപ്പറേഷന്റെ രാജപുരം എസ്റ്റേറ്റിലെ തീപ്പിടിത്തത്തിൽ ഉണ്ടായ നാശനഷ്ടം പരിഹരിക്കാൻ സാമ്പത്തികസഹായം നൽകണമെന്ന് പ്ലാന്റേറേഷൻ കോർപ്പറേഷനോടും സംസ്ഥാന സർക്കാരിനോടും ജില്ലാ വികസനസമിതിയോഗം അഭ്യർഥിച്ചു. ഇ.ചന്ദ്രശേഖരൻ എം.എൽ.എ. അവതരിപ്പിച്ച പ്രമേയം കളക്ടറേറ്റിൽ ചേർന്ന ജില്ലാ വികസനസമിതിയോഗം അംഗീകരിച്ചു. തീപ്പിടിത്തത്തിൽ ആയിരക്കണക്കിന് കശുമാവ്തൈകളം കത്തിനശിച്ചു. സമീപത്തെ റബർകർഷകർക്കും കാര്യമായ നഷ്ടമുണ്ടായി. നഷ്ടം നേരിടാൻ സർക്കാരിന്റെയും പി.സി.കെയുടെയും സഹായം ആവശ്യമാണെന്ന് പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

കാസർകോട് നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജലവിതരണത്തിന് ആവിഷ്കരിച്ച ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമാണം ഉടൻ ആരംഭിക്കണമെന്നും യോഗം അഭ്യർഥിച്ചു. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ.യാണ് പ്രമേയം അവതരിപ്പിച്ചത്. ജില്ലയിലെ മുഴുവൻ എം.എൽ.എ.മാരും ഒപ്പുവെച്ച നിവേദനം ഇതിനായി നേരത്തെതന്നെ സമർപ്പിച്ചിട്ടുള്ളതാണെന്ന് നെല്ലിക്കുന്ന് പറഞ്ഞു.

എം.എൽ.എ.മാരുടെ പേരിൽ വ്യാജ അപേക്ഷകം നൽകി റേഷൻകാർഡുകം തരപ്പെടുത്തുന്നത് സംബന്ധിച്ച പരാതികം അന്വേഷിക്കണമെന്ന് ജില്ലാ വികസനസമിതിയോഗം സിവിൽ സപ്ലൈസ് വകുപ്പിനോട് ആവശ്യപ്പെട്ടു. ഉദുമ എം.എൽ.എ. കെ.കുഞ്ഞിരാമനാണ് ഈ പ്രശ്നം അവതരിപ്പിച്ചത്. വ്യാജ റേഷൻകാർഡുകം വ്യാപകമാവുന്നതായി പരാതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എ.പി.എൽ-ബി.പി.എൽ വിഭജനം സംബന്ധിച്ച അവ്യക്തതകം തുടരുകയാണെന്ന് എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. ചൂണ്ടിക്കാട്ടി. ബി.പി.എൽ. വിഭാഗത്തിൽ ഉംപ്പെടാൻ അർഹതയുണ്ടായിട്ടും എ.പി.എൽ. കാർഡ് ലഭിച്ചവർക്കുള്ള പരാതികം ജില്ലാ സപ്ലൈ ഓഫീസിൽ നൽകിയാൽ ഉടൻ തീർപ്പ് ഉണ്ടാകുമെന്ന് കളക്ടർ വി.എൻ.ജിതേന്ദ്രൻ അറിയിച്ചു. കളക്ടറുടെ നേതൃത്വത്തിലുള്ള സമിതി ഈ പരാതികം വേഗത്തിൽ തീർപ്പാക്കും. കാർഡ് മാറ്റവുമായി ബന്ധപ്പെട്ട പരാതികളിലെ കാലതാമസം ഒഴിവാക്കുമെന്നും കളക്ടർ അറിയിച്ചു. എ.പി.എൽ-ബി.പി.എൽ വിഭജനം സംബന്ധിച്ച് വ്യക്തതവരണമെങ്കിൽ സർക്കാറിന്റെ നയതീരുമാനം ഉണ്ടാവണമെന്ന് യോഗത്തിൽ വിശദീകരിച്ചു.

ചെറുവത്തൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട പദ്ധതികം ജനങ്ങളുടെ എതിർപ്പുമൂലം മുന്നോട്ടു പോകുന്നില്ലെന്ന പ്രശ്നം തുക്കരിപ്പൂർ എം.എൽ.എ. കെ.കുഞ്ഞിരാമൻ ഉന്നയിച്ചു. 30 കോടി വീതമുള്ള പദ്ധതികം പ്രയോജനപ്പെടാതെ പോവുകയാണെന്ന് അദ്ദേഹം പറഞ്ഞു. കയ്യൂർ-ചീമേനി പഞ്ചായത്തിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടും ഈ സ്ഥിതിയുണ്ട്. പ്രശ്നങ്ങം ചർച്ചചെയ്യുന്നതിന് രാഷ്ട്രീയ പാർട്ടികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം മാർച്ച് ആദ്യവാരം ചേരുമെന്ന് കളക്ടർ അറിയിച്ചു.

പടന്ന, ചെറുവത്തൂർ റൂട്ടിൽ സ്വകാര്യ ബസ്സുകം സർവീസ് മുടക്കുന്നുവെന്ന പരാതികളിൽ തീർപ്പുണ്ടാക്കാൻ യോഗം നിർദ്ദേശം നൽകി. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ വായ്പകളിൽ കുടിശ്ശികക്കാർക്ക് വീണ്ടും നോട്ടീസ് അയക്കുന്നുവെന്ന പരാതി ഫിഷറീസ് വകുപ്പ് പരിശോധിക്കും.

ഉപ്പള വാട്ടർ അതോറിറ്റി ഓഫീസിൽ ബില്ല് അടക്കാൻ രണ്ടാഴ്ചയിലൊരിക്കൽ സൗകര്യം ഏർപ്പെടുത്തും. പി.ബി.അബ്ദും റസാഖ് എം.എൽ.എ.യുടെ ആവശ്യ പ്രകാരമാണ് ജല അതോറിറ്റി ഉദ്യോഗസ്ഥർ ഈ തീരുമാനം അറിയിച്ചത്. അജാനൂർ കടപ്പുറത്തെ തീരദേശ റോഡ് മഴക്കാലത്തിന് മുമ്പ് പുനർ നിർമ്മിക്കണമെന്ന് ഇ.ചന്ദ്രശേഖരൻ എം.എൽ.എ.ആവശ്യപ്പെട്ടു. റാണിപുരം ടൂറിസ്റ്റ് കേന്ദ്രം ഡി.ടി.പി. സി ഏറ്റെടുത്ത ശേഷം കെ.ടി.ഡി.സിക്ക് കൈമാറിയാൽ അതിന്റെ വരുമാനം ഡി.ടി.പി.സിക്ക് ലഭിക്കുമെന്ന് ഡി.ടി.പി.സി അധികൃതർ യോഗത്തെ അറിയിച്ചു. വെടിക്കുന്നിൽ, ചുള്ളിയോടി എന്നിവിടങ്ങളിൽ മൂന്ന് കിണറുകം കുത്താൻ അനുവദിച്ച തുക ഒരു വർഷമായിട്ടും ഉപയോഗിക്കാത്തതു സംബന്ധിച്ച് പരിശോധിക്കാൻ യോഗം നിർദ്ദേശം നൽകി.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ തീരുമാനമാകാതെ അവശേഷിച്ചവയിൽ ഉടൻ തീർപ്പുണ്ടാകുമെന്ന് കളക്ടർ അറിയിച്ചു.

നടപ്പ് സാമ്പത്തികവർഷത്തെ പദ്ധതി പുരോഗതി യോഗം വിലയിരുത്തി. ജനവരി 31 വരെയുള്ള കാലയളവിൽ 81 ശതമാനം തുക വിനിയോഗിച്ചുകഴിഞ്ഞതായി യോഗത്തെ അറിയിച്ചു. ഉദിനൂർവില്ലേജിൽ പോലീസ്സ്റ്റേഷനു വേണ്ടി കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ 40 സെന്റ് സ്ഥലം പുതുതായി കണ്ടെത്തിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു. സ്ഥലം കൈമാറ്റത്തിന് പോലീസ് വകുപ്പിന്റെ അപേക്ഷ ലഭിച്ചാൽ നടപടി വേഗത്തിലാക്കും. മാവില കടപ്പുറം ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പുതുക്കും. ആദൂരിൽ കാട്ടാനശല്യം നേരിടുന്നതിന് വേലി കെട്ടാനുള്ള നടപടികം പുരോഗമിക്കുകയാണെന്ന് വനംവകുപ്പ് അറിയിച്ചു. 14 കിലോമീറ്റർ ദൂരത്തിൽ അടുത്ത വർഷത്തെ പദ്ധതിയിലുംപ്പെടുത്തി വേലി നിർമ്മിക്കും. ആർ.എം.എസ്.എ പദ്ധതിപ്രകാരം കെട്ടിട നിർമ്മാണത്തിന്13 സ്കൂളുകംക്ക് അനുവദിച്ച തുക വിനിയോഗിക്കാനുള്ള പ്രശ്നങ്ങം ചർച്ച ചെയ്യുന്നതിന് സ്കൂം ഹെഡ്മാസ്റ്റർമാരുടെ യോഗം അടുത്ത യാഴ്ച ചേരും. കാസർഗോഡ് താലൂക്കിൽ 4019ഉം ഹൊസ്ദുർഗ് താലൂക്കിൽ 2391 ഉം മണ്ണെണ്ണ പെർമിറ്റുകം അനുവദിച്ചതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. റേഷൻകടകളിൽ അരിയും ഗോതമ്പും ആവശ്യത്തിന് ലഭ്യമാക്കാനുള്ള സ്റ്റോക്ക് നീലേശ്വരം എഫ്.സി.ഐ ഗോഡൗണിൽ ഉണ്ടെന്നും സപ്ലൈ ഓഫീസർ അറിയിച്ചു.

പുതുതായി ആവിഷ്കരിക്കുന്ന ഇ-മണൽ പദ്ധതിയെ കുറിച്ച് സബ് കളക്ടർ ബാലകിരൺ വിശദീകരിച്ചു. കളക്ടറേറ്റിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ കളക്ടർ വി. എൻ.ജിതേന്ദ്രൻ അധ്യക്ഷനായി. എം.എൽ.എ.മാരായ കെ.കുഞ്ഞിരാമൻ, ഇ.ചന്ദ്രശേഖരൻ, എൻ.എ.നെല്ലിക്കുന്ന്, കെ.കുഞ്ഞിരാമൻ , പി.ബി.അബ്ദും റസാഖ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.എസ്.കുര്യാക്കോസ്, സബ് കളക്ടർ ബാലകിരൺ എന്നിവർ പങ്കെടുത്തു.

പൂരക്കളി കലാ അക്കാദമിക്ക് ചെറുവത്തൂരിൽ ആസ്ഥാനമന്ദിരമായി

ചെറുവത്തൂർ: കേരള പൂരക്കളി കലാ അക്കാദമി സംസ്ഥാന കമ്മിറ്റിക്ക് ചെറുവത്തൂർ ടൗണിനോട് ചേർന്ന് ആസ്ഥാനമന്ദിരമായി. മരുത്തുകളി പണ്ഡിതൻ രാമന്തളി എം.കൃഷ്ണൻ പണിക്കരുടെ സ്മാരകമായ ഓഫീസ് കെട്ടിടം ഫിബ്രുവരി 26ന് വൈകുന്നേരം നാലിന് ദേവസ്വം മന്ത്രി. വി.എസ്.ശിവകുമാർ ഉദ്ഘാടനം ചെയ്യും. പൂരക്കളി മരുത്തുകളി കലയെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വിലമതിക്കാനാവാത്ത സംഭാവന നൽകിയ മുൻ എം.പി. ടി.ഗോവിന്ദന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്യും. അനുബന്ധ പരിപാടികളുടെ ഉദ്ഘാടനം അനുവദിച്ചതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. റേഷൻകടകളിൽ അരിയും ഗോതമ്പും ആവശ്യത്തിന് ലഭ്യമാക്കാനുള്ള സ്റ്റോക്ക് നീലേശ്വരം എഫ്.സി.ഐ ഗോഡൗണിൽ ഉണ്ടെന്നും സപ്ലൈ ഓഫീസർ അറിയിച്ചു.

പുതുതായി ആവിഷ്കരിക്കുന്ന ഇ-മണൽ പദ്ധതിയെ കുറിച്ച് സബ് കളക്ടർ ബാലകിരൺ വിശദീകരിച്ചു. കളക്ടറേറ്റിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ കളക്ടർ വി. എൻ.ജിതേന്ദ്രൻ അധ്യക്ഷനായി. എം.എൽ.എ.മാരായ കെ.കുഞ്ഞിരാമൻ, ഇ.ചന്ദ്രശേഖരൻ, എൻ.എ.നെല്ലിക്കുന്ന്, കെ.കുഞ്ഞിരാമൻ , പി.ബി.അബ്ദും റസാഖ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.എസ്.കുര്യാക്കോസ്, സബ് കളക്ടർ ബാലകിരൺ എന്നിവർ പങ്കെടുത്തു.

തുടർന്ന് കണ്ടോത്ത് കുറുമ്പ ഭഗവതിക്ഷേത്ര പൂരക്കളി സംഘം പൂരക്കളി അവതരിപ്പിക്കും. ഉച്ച യ്ക്ക് 12ന് മടിക്കൈ ഗോപാലകൃഷ്ണൻ പണിക്കരും, പാണപ്പുഴ പദ്മനാഭ പണിക്കരും മരുത്തുകളി സംഘത്തിൽ. തുടർന്ന് ആര്യക്കര ഭഗവതി ക്ഷേത്ര പൂരക്കളി സംഘം പൂരക്കളി അവതരിപ്പിക്കും. 2.30ന് വെങ്ങര കൃഷ്ണൻ പണിക്കരും പി.ദാമോദര പണിക്കരും മരുത്തുകളി അവതരിപ്പിക്കും. പത്രസമ്മേളനത്തിൽ കെ.കുഞ്ഞിരാമൻ എം.എൽ.എ., എം.പി.പദ്മനാഭൻ, എം.വി.കരുണാകരൻ തുടങ്ങിയവർ സംസാരിച്ചു.

നികുതി വാങ്ങിക്കാതെ വട്ടംകറക്കുന്നതായി വീട്ടമ്മയുടെ പരാതി

കാസർകോട്: മൂന്നു വർഷം മുമ്പ് വിലകൊടുത്തു വാങ്ങിയ അഞ്ച് സെന്റ് ഭൂമിയുടെ നികുതി വില്ലേജ് ഓഫീസിൽ സ്വീകരിക്കുന്നില്ലെന്ന് വീട്ടമ്മയുടെ പരാതി. വലിയ പൊയിൽ വില്ലേജിലെ റി.സ. നമ്പർ 59/1സിയിലെ ഭൂമിക്ക് നികുതിയടയ്ക്കാൻ പലതവണ വില്ലേജ് ഓഫീസിൽ ചെന്നപ്പോഴും മടക്കുന്നുവെന്ന് കാട്ടി പടന്ന സയിനാസ് വില്ലയിലെ ടി.എം.എ.മുഹമ്മദ് സാലിയുടെ ഭാര്യ എ.കെ.സൈനബ ബീബി കളക്ടർക്ക് നിവേദനം നൽകി. ഇപ്പോം തിമിരിയിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ (നേരത്തെ കയ്യൂർ) കുടിക്കിട സർട്ടിഫിക്കറ്റുമായി ചെന്നപ്പോഴും നികുതി വാങ്ങിക്കാതെ ബുദ്ധിമുട്ടിക്കുന്നതായി സൈനബ പറഞ്ഞു. എന്നാൽ ഇത് മിച്ചഭൂമിയിൽപ്പെട്ട സ്ഥലം പതിച്ചു നൽകിയതായിരുന്നെന്നും 12 വർഷം കഴിയാതെ വില്പന നടത്താൻ പാടില്ലാത്ത സ്ഥലമാണെന്നും തിമിരി വില്ലേജ് ഓഫീസിൽനിന്ന് പറഞ്ഞു. ഇത്തരം ഭൂമി വില്പാൻ സർക്കാർ ഉത്തരവ് വേണം. ഇത്തരത്തിലുള്ള 33 പരാതികം മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ചിട്ടുണ്ടെന്നും വില്ലേജ് ഓഫീസ് അധികൃതർ അറിയിച്ചു.

പണിമുടക്ക് വിജയിപ്പിക്കും

കാസർകോട്: സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷിക്കുക, പി.എഫ്. ആർ.ഡി.എ. ബിൽ പിൻവലിക്കുക, വിലക്കയറ്റം തടയുക തുടങ്ങിയ ആവശ്യങ്ങം ഉന്നയിച്ച് നടത്തുന്ന ഫിബ്രുവരി 28ന്റെ ദേശീയ പണിമുടക്കിൽ കേരള എൻ.ജി.ഒ. സെൻറർ പണിമുടക്കും. പണിമുടക്ക് വൻ വിജയമാക്കണമെന്ന് സർക്കാർ ജീവനക്കാരോടും, അധ്യാപകരോടും എൻ.ജി.ഒ. സെൻറർ ജില്ലാ കമ്മിറ്റി അഭ്യർഥിച്ചു. കെ. ചന്ദ്രൻ അധ്യക്ഷനായി. ഇ.ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു.

അരവിന്ദൻ കൊട്ടാരത്തിൽ, ഇ. ചന്ദ്രൻ എന്നിവർ സംസാരിച്ചു. എം.സുരേഷ് സ്വാഗതവും കെ. വി. മുരളി നന്ദിയും പറഞ്ഞു.

ഉദിനൂരിൽ ഓടിക്കൊണ്ടിരുന്ന കാറിന് തീ പിടിച്ചത് നാട്ടുകാർ അണക്കാൻ ശ്രമിക്കുന്നു

ഓടിക്കൊണ്ടിരുന്ന കാർ കത്തിനശിച്ചു

ഉദിനൂർ: ഓടിക്കൊണ്ടിരുന്ന കാർ കത്തിനശിച്ചു. ഉദിനൂർ സെൻടലിൽ ശനിയാഴ്ച രാവിലെ 11 മണിക്കാണ് സംഭവം. കാറിൽനിന്ന് പുക ഉയരുന്നതിനിടയിൽ ഡ്രൈവർ ഇറങ്ങി ഓടിയതിനാൽ ആളപായം സംഭവിച്ചില്ല. കാറിന്റെ സീറ്റും ഉംഭാഗവും പൂർണമായി കത്തിനശിച്ചു.

പരത്തിച്ചാലിലെ എ.മുസ്തഫ വാടകയ്ക്കെടുത്ത് ഉപയോഗിച്ചുവരുന്ന കാർ ആണ് അപകടത്തിൽപ്പെട്ടത്. നടക്കാവ് ഭാഗത്തേക്ക് പോവുകയായിരുന്നു കാർ. പുക ഉയരുന്നതിനിടയിൽ മുസ്തഫ വാതിൽതുറന്ന് പുറത്തേക്ക് ഓടി. മുസ്തഫ മാത്രമേ കാറിൽ ഉണ്ടായിരുന്നുള്ളൂ. ഇതുകണ്ട വഴിയാത്രക്കാരും സമീപവാസികളും ചേർന്ന് വീടുകളിൽനിന്ന് പൈപ്പ് കൊണ്ടുവന്ന് വെള്ളം ഒഴിച്ചാണ് തീയണച്ചത്.

തൃക്കരിപ്പൂരിൽനിന്ന് ഫയർഫോഴ്സ് എത്തിയ ശേഷം തീ പൂർണമായും അണച്ചു. ചന്തേര പോലീസും സ്ഥലത്തെത്തിയിരുന്നു. കാറിൽ ഒരു കുപ്പി പെട്രോം സൂക്ഷിച്ചിരുന്നു. ഇതിനോ ഇന്ധനടാങ്കിനോ തീപ്പിടിക്കാതിരുന്നതിനാലാണ് വൻദുരന്തം ഒഴിവായത്. ഷോർട്ട്സർക്യൂട്ട് ആണ് അപകടകാരണമെന്ന് കരുതുന്നു.

ആന്തൂറിയം പൂക്കൾ ചിറ്റാരിക്കാലിൽ നിന്ന് ഡൽഹിയിലേക്ക്

കാസർകോട്: ഡൽഹിയിലെ പൂവിപണിയിൽ പ്രിയങ്കരമാണ് ചിറ്റാരിക്കാലിൽനിന്നുള്ള ആന്തൂറിയം പൂക്കം. മനോഹരമായ ഈ പൂക്കം മാസങ്ങം ഇടവിട്ട് ഡൽഹിയിലെത്തിക്കുന്നത് ചിറ്റാരിക്കാലിലെ പന്ത്രണ്ടംഗ കർഷക കൂട്ടായ്മയാണ്.

കൃഷിവകുപ്പിന്റെയും ഹോംട്ടികംച്ചറിന്റെയും സഹകരണത്തോടെ ഫ്ലോറിസ്റ്റ ഫ്ലോറി കംച്ചറൽ സൊസൈറ്റിയാണ് രണ്ടുവർഷമായി ബാംഗ്ലൂരിലേക്കും ഡൽഹിയിലേക്കും ആന്തൂറിയം കയറ്റി അയക്കുന്നത്.

മാർട്ടിൻ മൂന്നാംപീടികയിൽ പ്രസിഡൻറും റെനി മൈക്കിം സെക്രട്ടറിയുമായ സംഘത്തിൽ സുനി സന്തോഷ് പല്ലാട്ട്, ദീപ ജോയ്, ബേബി പീടികപ്പാറ എന്നിവരടക്കം 14 പേരാണുള്ളത്. ഇവരുടെ കുടുംബങ്ങളിലെ ബിന്ദു മാർട്ടിൻ, ലൈസാമ്മ തോമസ്, ദീപ ജോയ് എന്നിവരും പൂകൃഷിക്ക് പിൻബലമേകുന്നു.

ആന്തൂറിയം പൂക്കളുമായി ബേബി പീടികപ്പാറ

വയനാട്ടിൽ നിന്നാണ് ടിഷ്യൂ കംച്ചർ തൈ കൊണ്ടുവരുന്നത്. ഇവ പ്രത്യേകമായുണ്ടാക്കിയ ബെഡിൽ നട്ടുവളർത്തും. ഒരു സെൻറിൽ 400 തൈകം നടാം. ഇവർ 7,000 തൈകളാണ് കൃഷി ചെയ്യുന്നത്. ഒരു വർഷം കൊണ്ടാണ് ആന്തൂറിയം പുഷ്പിക്കുക. പിന്നീട് ഓരോ 20 ദിവസം കൂടുമ്പോം പൂ വിളവെടുക്കാം. 1000 ചെടികളിൽനിന്ന് 400 പൂക്കം ലഭിക്കും.

സംസ്കരിച്ച പൂക്കം പ്ലാസ്റ്റിക് കവറിലാക്കിയാണ് ഡൽഹിയിലേക്ക് ടെയിൻമാർഗം അയക്കുക.

രണ്ടിഞ്ച് മുതൽ അഞ്ചിഞ്ച്വരെ വലിപ്പമുള്ള പുഷ്പങ്ങളാണ് ഡൽഹിയിലേക്ക് അയക്കുന്നത്. ഇതിന് സീസണിൽ 22, 16, 12, 6 രൂപ എന്നീ നിരക്കിലാണ് വില ലഭിക്കുക. ഓഫ് സീസണായ ജൂൺ മുതൽ ആഗസ്റ്റ് മാസങ്ങളിൽ ഡൽഹിയിൽ വില കുറയും. കൃഷി ഓഫീസർ സുനിൽകുമാറും ഉദ്യോഗസ്ഥരും ഇവരെ സഹായിക്കുന്നു.

ഈ കൂട്ടായ്മ കന്തക്കാട് വിത്തുത്പാദനകേന്ദ്രത്തിൽ നടക്കുന്ന സമൃദ്ധി ആത്മ കാർഷികോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.

മഹിളാ മോർച്ച നേതാവ് ശോഭാ സുരേന്ദ്രനെ പോലീസ് മർദിച്ചതിൽ പ്രതിഷേധിച്ച് ബി.ജെ.പി.യുടെ നേതൃത്വത്തിൽ ശനിയാഴ്ച കാസർകോട്ട് നടത്തിയ പ്രകടനം

ബേക്കറിജോലിക്ക് കൊണ്ടുവന്ന കുട്ടികൾക്ക് ക്രൂര മർദനം; തമിഴ്നാട് സ്വദേശി അറസ്റ്റിൽ

അഡൂർ(കാസർകോട്): ബേക്കറി ജോലിക്കായ് തമിഴ്നാട്ടിൽനിന്ന് കൊണ്ടുവന്ന രണ്ട് കുട്ടികളെ ക്രൂരമായി മർദിച്ച തമിഴ്നാട് സ്വദേശിയായ ഉടമയെ പോലീസ് അറസ്റ്റ്ചെയ്തു. അഡൂരിൽ ഒൻപത് വർഷമായി കുടുബസമേതം ബേക്കറി നടത്തുന്ന മധുര കീരപ്പട്ടി സ്വദേശി മഹാരാജയാണ് അറസ്റ്റിലായത്. ഓടപ്പട്ടിയിലെ മുരുഗന്റെ മകൻ സന്തോഷ്, ഉസലംപട്ടിയിലെ രംഗരാജന്റെ മകൻ അറുമുഖം എന്നീ പന്ത്രണ്ട് വയസ്സുകാരെ ജോലിക്കിടയിൽ തീകൊണ്ട് പൊള്ളിക്കുകയും ക്രൂരമായി മർദിക്കുകയും ചെയ്തെന്നാണ് പരാതി. ഈ കുട്ടികം തൊട്ടടുത്ത് ബാർബർഷോപ്പ് നടത്തുന്ന തമിഴ്നാട് സ്വദേശിയോട് കാര്യങ്ങം പറഞ്ഞതിനെറ അടിസ്ഥാനത്തിൽ അഡൂരിലെ പ്രതീക്ഷ സ്വയംസഹായ സംഘം പ്രവർത്തകരാണ് ചൈൽഡ് ലൈനിൽ വിവരം അറിയിച്ചത്. ചൈൽഡ് ലൈൻ ആദൂർ പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുകയായിരുന്നു. ആദൂർ സി.ഐ. കെ.സതീഷ് കുമാർ, എസ്.ഐ. ദാമോദരൻ എന്നിവർ പരാതി അന്വേഷിക്കുകയും സംഭവം സത്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ്.

സന്തോഷിന്റെ മുഖത്തും തുടയിലും പൊള്ളിച്ചതിന്റെ പാടുകം ഉണ്ടായിരുന്നതായി പോലീസ് പറഞ്ഞു. അടികിട്ടിയ പാടുകളും നിരവധി ഉണ്ടായിരുന്നു. രാവിലെ ആറു മുതൽ അർധരാത്രിവരെ പണിയെടുത്താൽ ഭക്ഷണം നൽകുന്നതല്ലാതെ പൈസ തരാറില്ലെന്നും ചോദിച്ചാൽ ക്രൂരമായി ഉപദ്രവിക്കുമെന്നും കുട്ടികം പറഞ്ഞിട്ടുണ്ടെന്ന് പ്രതീക്ഷ സ്വയംസഹായ സംഘം പ്രവർത്തകർ അറിയിച്ചു. കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കുമുമ്പാകെ ഹാജരാക്കും. തുടർന്ന് രക്ഷിതാക്കളെ അറിയിക്കും.

സ്ലുംപരിസരത്തും മറ്റുമായി പാൻമസാല അടക്കമുള്ള ലഹരി വസ്തുക്കം മഹാരാജ വിൽക്കുന്നതും പോലീസ് കണ്ടെത്തി. മഹാരാജയുടെ പക്കൽനിന്ന് ഒരുചാക്ക് ലഹരിവസ്തുക്കം പിടിച്ചെടുത്തതായി സി.ഐ. കെ.സതീഷ് കുമാർ പറഞ്ഞു.

കണ്ണൂർ സർവകലാശാലാ കലോത്സവം
മത്സരഫലം

മിമിക്രി: 1. എം.എ. തൻവീർ (ഷറഫ ആർട്സ് ആൻഡ് സയൻസ് കോളേജ്, പടന്ന), 2. കെ. പ്രിയങ്ക (കോളേജ് ഓഫ് നഴ്സിങ്, നെട്ടൂർ), 3. എ. രൂപേഷ് (ഗോവിന്ദ പൈ മെമ്മോറിയൽ ഗവ. കോളേജ്). **പൂരക്കളി:** കെ.വി. അർജുൻ ആൻഡ് പാർട്ടി - നെഹ്രു ആർട്സ് ആൻഡ് സയൻസ് കോളേജ്, 2. കെ.വിഷ്ണുജിത്ത് ആൻഡ് പാർട്ടി-എസ്.എൻ.ഡി.പി. യോഗം ആർട്സ് ആൻഡ് സയൻസ് കോളേജ്. 3. നിർമൽ തോമസ് ആൻഡ് പാർട്ടി (വിമൽ ജ്യോതി എൻജി.കോളേജ്). **നാടോടി നൃത്തം (ആൺ):** 1. കെ.കെ.രാഖിൽ (ഗുരുദേവ് ആർട്സ് ആൻഡ് സയൻസ് കോളേജ്, മാത്തിൽ). 2. സരുൺശശി (വിമൽ ജ്യോതി എൻജി. കോളേജ്), 3. പി.കെ.അഭിനവ് വത്സൻ (പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ്), പി.എസ്.ടെൻസിൽ (കൂത്തുപറമ്പ് നിർമലഗിരി കോളേജ്). **മോഹിനിയാട്ടം:** 1. സി.പി.അശ്വിനി (പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ്), 2. ഒ.കെ.അഞ്ജു (നിർമലഗിരി കോളേജ്), 3. ശ്യാമിലി അശോക് (എസ്.എൻ.കോളേജ്). **കേരള നടനം:** 1. സി.പി.അശ്വിനി (പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ്), 2. സോനജോസ് (മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജ്), പി.നേഹലക്ഷ്മി (എസ്.എൻ.കോളേജ്), 3. കെ.കെ.രാഖിൽ (ഗുരുദേവ് ആർട്സ് ആൻഡ് സയൻസ് കോളേജ്). **ഗിറ്റാർ (വെസ്റ്റേൺ):** 1. എൻ.എം.വരുൺരാജ് (വിമൽജ്യോതി എൻജി. കോളേജ്). 2. സി. ആർ.റനി (സെൻറ് പയസ് കോളേജ് രാജപുരം), 3. എൻ. ഡി.ആദർശ് (ശ്രീനാരായണ കോളേജ്). **കർണാട്ടിക് മ്യൂസിക് മെൻ:** 1. കാർത്തിക് മേനോൻ (ഗവ. കോളേജ് ഓഫ് എൻജി. കണ്ണൂർ), 2. കെ.വി.രഞ്ജിത്ത് (മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനന്തവാടി). 3. അനൂപ് മോഹൻ (തളിപ്പറമ്പ് ആർട്സ് ആൻഡ് സയൻസ് കോളേജ്). **വെസ്റ്റേൺ മ്യൂസിക്-സിങ്കിം:** 1. എം. സൽമ (ചിന്മയ ആർട്സ് ആൻഡ് സയൻസ് കോളേജ് ഫോർ വിമെൻ). 2. തെരേസ ആർ. റാഫി (എൽ.ബി.എസ്. കോളേജ് ഓഫ് എൻജി). 3. ശ്രുതി ഫിലിപ്പ് (വിമൽജ്യോതി എൻജി. കോളേജ്). ജാസ് വെസ്റ്റേൺ: 1. എം. വരുൺരാജ് (വിമൽജ്യോതി എൻജി.കോളേജ്), 2. സി.ആർ.റനി (സെൻറ് പയസ് കോളേജ് രാജപുരം), 3. കെ.കെ.ഹരികൃഷ്ണൻ (ഗുരുദേവ് ആർട്സ് ആൻഡ് സയൻസ് കോളേജ്). **ഒപ്പന:** 1. പി.പി.നമിത, എം.ഷിനി, എസ്.കെ.സുര്യ, കെ.വി.സിമി, കെ.ഫർസീന, സി.വി.നീന, പി.ഷറിൻ ജഹ്ന, കെ.ഫർസീന, കെ.കെ.ശരണ്യ (കെ.എം.എം.ഗവ. വിമെൻസ് കോളേജ്). 2. പി.ഹരിത, കെ.രചന, പി.ഷനീഷ, അക്ഷത പൈ, അക്ഷയ പൈ, എ. അഞ്ജലി കൃഷ്ണൻ, കെ.വി.ദീപ, പി.ദിവ്യ, കെ.ശില്പ (നെഹ്രു ആർട്സ് ആൻഡ് സയൻസ് കോളേജ്). 3. പി.വി.പ്രിയങ്ക, പി.കെ.അശ്വതി മോഹൻ, എ.വി.അശ്വതി, പി.വി.ശ്രീഷ്ട, എ.വി.നീതു, പി.നിമ്മി, വീണ (പയ്യന്നൂർകോളേജ്).

മിമിക്രി: 1. എം.എ.തൻവീർ (ഷറഫ ആർട്സ് ആൻഡ് സയൻസ്കോളേജ്, പടന്ന) 2. കെ.പ്രിയങ്ക (കോളേജ് ഓഫ് നഴ്സിങ്, നെട്ടൂർ) 3. എ.രൂപേഷ് (ഗോവിന്ദ പൈ മെമ്മോറിയിൽ ഗവ.കോളേജ്) **പൂരക്കളി:** 1. കെ.വി.അർജുൻ ആൻഡ് പാർട്ടി (നെഹ്രു ആർട്സ് ആൻഡ് സയൻസ് കോളേജ്) 2. കെ.വിഷ്ണുജിത്ത് ആൻഡ് പാർട്ടി (എസ്.എൻ.ഡി.പി.യോഗം ആർട്സ്ആൻഡ് സയൻസ് കോളേജ് 3. നിർമൽ തോമസ്ആൻഡ്പാർട്ടി (വിമൽ ജ്യോതി എൻജി.കോളേജ്) **നാടോടിനൃത്തം (പെൺ):** 1.കെ.അർഷ (ഗവ. ബ്രണ്ണൻ തലശ്ശേരി) 2. എം.വി.സോജന (മാത്തിൽ ഗരുദേവ് ആർട്സ് കോളേജ്) നീനു സന്തോഷ് പി.എസ്. (പി.കെ.കെ.എം.അപ്ലൈഡ് സയൻസ്) 3. പി.കെ.

മഞ്ജീരധ്വനിയുണർന്നു...

മാങ്ങാട്ടുപറമ്പ് ഗവ.എൻജിനിയറിങ് കോളേജ് കാമ്പസിൽ കണ്ണൂർ സർവകലാശാലാ കലോത്സവം നാലുദിനം പിന്നിടുമ്പോൾ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് കുതിപ്പ് തുടരുന്നു

ബ്രണ്ണൻതന്നെ മുന്നിൽ

കണ്ണൂർ സർവകലാശാലാ കലോത്സവത്തിന്റെ നാലാംദിവസം പിന്നിടുമ്പോഠം 123 പോയന്റ്നേടി തലശ്ശേരി ബ്രണ്ണൻ കോളേജ് കുതിപ്പ് തുടരുന്നു. 108 പോയന്റ് നേടി പയ്യന്നൂർകോളേജ് രണ്ടാംസ്ഥാനത്തും 106 പോയന്റ് നേടി ചെമ്പേരി വിമൽ ജ്യോതി കോളേജ് മൂന്നാം സ്ഥാനത്തും 104 പോയന്റോടെ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് നാലാം സ്ഥാനത്തുമാണ്. കലോത്സവത്തിന് ഞായറാഴ്ച തിരശ്ശീല വീഴും. വൈകുന്നേരം അഞ്ചുമണിക്ക് നടക്കുന്ന സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എ.സരള ഉദ്ഘാടനം ചെയ്യും.

കെ.കെ.രാഖിൽ - നാടോടിനൃത്തം, മാത്തിൽ ഗുരുദേവ്

അഞ്ജലി എസ്. നായർ - കഥകളി കാഞ്ഞങ്ങാട് നെഹ്റു

നവജിത്ത് മികച്ചനടൻ; അശ്വതി നടി

ധർമശാല: മലയാളനാടകത്തിൽ മികച്ച നടനായി പയ്യന്നൂർ കോളേജിലെ നവജിത്ത് നാരായണനും നടിയായി കണ്ണൂർ എസ്.എൻ. കോളേജിലെ അശ്വതി രാജീവും തിരഞ്ഞെടുക്കപ്പെട്ടു. നാടകമത്സരത്തിൽ ഒന്നാമതെത്തിയ പയ്യന്നൂർ കോളേജിന്റെ നാടകത്തിൽ നായകകഥാപാത്രത്തെ അഭിനയിച്ച് ഫലിപ്പിച്ചാണ് നവജിത്ത് മികച്ചനടനായത്. മൂന്നാം സ്ഥാനം നേടിയ എസ്.എൻ. കോളേജിന്റെ ചില കനൽ ചിന്തകം എന്ന നാടകത്തിലെ പ്രകടനമാണ് അശ്വതിക്ക് മികച്ചനടിയുടെ പട്ടം നേടിക്കൊടുത്തത്. നീലേശ്വരം മടിക്കൈയിലെ നവനീതത്തിൽ വി. നാരായണന്റെയും വത്സല നാരായണന്റെയും മകനാണ് നവജിത്ത്. പ്രൊഫെഷണൽ നാടകനടിയാണ് വത്സല. അമ്മയും മകനുംമാത്രം വേദിയിലെത്തുന്ന നാടകത്തിന്റെ പണിപ്പുരയിലാണ് ഈ കലാകുടുംബം. പയ്യന്നൂർ കോളേജിൽ ബി.എ. രണ്ടാം സെമസ്റ്റർ പൊളിറ്റിക്കൽ സയൻസ് വിദ്യാർഥിയാണ് നവജിത്ത്. സ്റ്റൂം കലോത്സവത്തിൽ ജില്ലാതലത്തിൽ മികച്ചനടിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അശ്വതി കണ്ണൂർ എസ്.എൻ. കോളേജിൽ ബി.എസ്സി. ബോട്ടണി നാലാം സെമസ്റ്റർ വിദ്യാർഥിനിയാണ്. അഞ്ചരക്കണ്ടി ഉത്രാടത്തിൽ ടി.കെ. രാജീവന്റെയും മീന രാജീവന്റെയും മകളാണ്. നടനാകുകയെന്ന ലക്ഷ്യത്തിനായുള്ള പരക്കം പാച്ചലിൽ ചുറ്റുംനടക്കുന്നതെല്ലാം കണ്ടിട്ടും കാണാതെ പോകുന്ന യുവാവിന്റെ ചിത്രീകരണത്തിലൂടെ സമകാലികസമൂഹത്തിൽ വ്യക്തികം നേരിടുന്ന തകർച്ചയുടെ കഥപറഞ്ഞാണ് പയ്യന്നൂർ കോളേജിന്റെ നാടകം ഒന്നാംസ്ഥാനം നേടിയത്. നായകനോടൊപ്പം നിഴലായി ഒപ്പമുള്ള മിത്രം ഒരോ കാര്യവും മുന്നിലെത്തിക്കുന്നുണ്ടെങ്കിലും അതെല്ലാം കണ്ടില്ലെന്ന് നടിച്ചാണ് നായകന്റെപോക്ക്. ഒടുവിൽ ഒപ്പമുള്ള മിത്രം മരണമാണെന്നറിയുമ്പോഴേക്ക് കാലമൊട്ടും ശേഷിച്ചിരുന്നില്ല. ബി.എസ്സി. ഫിസിക്സ് നാലാം സെമസ്റ്റർ വിദ്യാർഥിനി നിമിഷ തമ്പാനാണ് മിത്രത്തെ അവതരിപ്പിച്ചത്. അദ്ഭുത സുവീരനാണ് സംവിധാനം. മലയാള നാടക മത്സരത്തിന് 12 നാടകങ്ങളുണ്ടായിരുന്നതിൽ മൂന്നിലൊന്ന് മാത്രമാണ് ശരാശരിനിലവാരം പുലർത്തിയതെന്ന് വിധികർത്താക്കം അഭിപ്രായപ്പെട്ടു. പല നാടകങ്ങളും സംവിധായകരുടെ പരീക്ഷണമായതിനാൽ ആശയവ്യക്തതയ്ക്കുവേണ്ടി കാണികം പാടുപെട്ടു.

നവജിത്ത് നാരായണൻ -മികച്ച നടൻ, പയ്യന്നൂർ കോളേജ്

അശ്വതി രാജീവ് -മികച്ച നടി, കണ്ണൂർ എസ്.എൻ. കോളേജ്

വേദികളിൽ ഇന്ന്

വേദി 1
9.30 തിരുവാതിര
2.30 സംഘനൃത്തം (ആൺ)
3.00 സംഘനൃത്തം (പെൺ)
5.00 സമാപനസമ്മേളനം

വേദി 2
9.30 മൈം
1.30 സ്കിറ്റ്

വേദി 3
9.30 നാടൻപാട്ട്

വേദി 4
9.30 ഹിന്ദുസ്ഥാനി (ആൺ)
10.00 ഹിന്ദുസ്ഥാനി (പെൺ)
12.00 ഗസൽ (ആൺ)
1.00 ഗസൽ (പെൺ)

ആഷിഷ് കുമാർ പാണ്ഡെ -ഹിന്ദി ഉപന്യാസ രചന, കണ്ണൂർ എൻജി. കോളേജ്

ആൻസി ഇവ്‌ലിൻ ഡിക്രൂസ് -പോസ്റ്റർ മേക്കിങ്, കണ്ണൂർ എസ്.എൻ.

അഞ്ജലി എസ്. നായർ -കഥകളി, കാഞ്ഞങ്ങാട് നെഹ്റു

ഫോട്ടോ
സിദ്ദിഖുൽ അക്ബർ
റിദിൻ ദാമു

ഒപ്പനയുടെ കിരീടം നാസറിനുതന്നെ

തുടർച്ചയായി ഒൻപതാം വർഷവും പരിശീലന മികവിലൂടെ കലാലയ കലോത്സവത്തിൽ ഒപ്പനയുടെ കിരീടം നേടിയെടുത്ത അഭിമാനത്തിലാണ് പറശ്ശിനിക്കടവിലെ നാസർ. നാലുവർഷം തുടർച്ചയായി കാഞ്ഞങ്ങാട് നെഹ്റു കോളേജിനും തുടർന്ന് മൂന്നുവർഷം തളിപ്പറമ്പ് സർസയ്യിദ് കോളേജിനും രണ്ടുവർഷമായി കണ്ണൂർ ഗവ. വനിതാ കോളേജിനും പരിശീലകനായി ഒന്നാം സ്ഥാനം നേടിക്കൊടുത്തതിന്റെ ആഹ്ലാദത്തിലാണിദ്ദേഹം. 20 വർഷമായി ഒപ്പന, മാപ്പിളപ്പാട്ട് പരിശീലനകനായി പ്രവർത്തിച്ച നാസറിന്റെ 12 ടീമുകം വിവിധ ജില്ലകംക്കായി കഴിഞ്ഞ സംസ്ഥാന സ്റ്റൂം കലോത്സവത്തിലും പങ്കെടുത്ത് ഒന്നാം സ്ഥാനമടക്കം നേടിയിട്ടുണ്ട്. മാപ്പിള കലകം ജീവിത ഉപാസനയാക്കിയ ഈ കലാകാരൻ മുഴുവൻ സമയവും കലയുടെ പരിശീലനത്തിരക്കിലാണ്.

നാടോടിനൃത്തത്തിൽ രാഖിൽ

ഒരു പെരുമലയന്റെ കലാജീവിതവും അതിലൂടെ ചാമുണ്ഡി എന്ന ഉഗ്രമൂർത്തി തെയ്യത്തിന്റെ തോറ്റവും ആവിഷ്കരിച്ച് മാത്തിൽ ഗുരുദേവ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെ.കെ. രാഖിൽ നാടോടിനൃത്തം ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. കുഞ്ഞിമംഗലം സ്വദേശിയായ രാഖിൽ സ്റ്റൂം-ഹയർ സെക്കൻഡറി കലോത്സവങ്ങളിലും നാടോടിനൃത്തത്തിൽ ജില്ലാ തലത്തിൽ സമ്മാനം നേടിയിട്ടുണ്ട്.

* * * * * *

പൂരക്കളിയുടെ തനിമ പുതിയ തലമുറ നിരാകരിക്കുന്നുവോ എന്ന ചോദ്യമുയർത്തിയാണ് കലാശാലാ പൂരക്കളി മത്സരം അവസാനിച്ചത്. പരമ്പരാഗത ചുവടുകം പരിഷ്കരിച്ചും വ്യത്യസ്തമായ സംഗീതം കൂട്ടിക്കലർത്തിയും പൂരക്കളിയിൽ പരീക്ഷണം നടത്താനുള്ള ശ്രമവും ചില ടീമുകം നടത്തി. എട്ട് ടീമുകം മത്സരത്തിൽ പങ്കെടുത്തു. കാവുകളെ കേന്ദ്രീകരിച്ച് പരമ്പരാഗതമായി നടത്തുന്ന പൂരക്കളി അഭ്യസിക്കാൻ യുവതലമുറ മുന്നോട്ട് വരുന്നില്ലെങ്കിലും, കലോത്സവവേദികം ഉത്തരമലബാറിന്റെ തനിമായർന്ന കലയെ നിലനിർത്താൻ നടത്തുന്ന ശ്രമത്തിന് വിധി കർത്താക്കളായ പാണപ്പുഴ പത്മനാഭ പണിക്കർ, മടിക്കൈ ബാലകൃഷ്ണ പണിക്കർ, കാനായി ദാസൻ പണിക്കർ തുടങ്ങിയവരുടെ പ്രശംസ പിടിച്ചുപറ്റി.

മലയാള നാടകത്തിൽ ഒന്നാം സ്ഥാനം നേടിയ നവജിത്ത് നാരായണനും സംഘവും (പയ്യന്നൂർ കോളേജ്)

അശ്വിനി വീണ്ടും നൃത്ത പ്രതിഭ

ധർമ്മശാല: നൃത്തവേദിയിൽ മുൻവർഷത്തെ അശ്വമേധം സി.പി.അശ്വിനി ഇത്തവണയും ആവർത്തിച്ചു. പങ്കെടുത്ത നാല് നൃത്തയിനങ്ങളിലും ഒന്നാമതെത്തിയാണ് അശ്വിനി തുടർച്ചയായ രണ്ടാം തവണയും നൃത്ത പ്രതിഭാപട്ടം ഉറപ്പിച്ചത്. ഭരതനാട്യത്തിലും കുച്ചുപ്പുടിയിലും മോഹിനിയാട്ടത്തിലും കേരള നടനത്തിലും ഒന്നാം സ്ഥാനം മറ്റാർക്കുമല്ല. മട്ടന്നൂർ പി.ആർ.എൻ.എസ്.എസ്.കോളേജിലെ ബി.എസ്സി. ഫിസിക്സ് ആറാം സെമസ്റ്റർ വിദ്യാർഥിനിയാണ്.

കേരളോത്സവത്തിൽ കുച്ചുപ്പുടിയിൽ സംസ്ഥാനതലത്തിൽ ഒന്നാമതെത്തിയ അശ്വിനി രാജസ്ഥാനിൽ നടന്ന ദേശീയ യുവ ഉത്സവത്തിലും പങ്കെടുത്തിരുന്നു. സ്റ്റൂം കാലഘട്ടത്തിൽ കലാമണ്ഡലത്തിലായിരുന്നു പഠനം. അതിനാൽ സ്റ്റൂംകലോത്സവങ്ങളിൽ പങ്കെടുത്തിട്ടില്ല.

കലാമണ്ഡലം ലീലാമണിയാണ് ഗുരു. ഏച്ചൂർ കൊല്ലഞ്ചിറയിലെ രയരോത്ത് വീട്ടിൽ പി.സി. രവീന്ദ്രന്റെയും സി.പി.നിർമ്മലയുടെയും മകളാണ്. സഹോദരൻ നിധിൻ സാധുഅമ്മൂസ് മെന്റ് പാർക്കിൽ ജീവനക്കാരനാണ്.

നൃത്തത്തോടുള്ള മകളുടെ അഭിനിവേശം തിരിച്ചറിഞ്ഞ് എല്ലാ പ്രോത്സാഹനവും നൽകുകയാണ് ലോറി ഡ്രൈവറായ രവീന്ദ്രനും വീട്ടമ്മയായ നിർമ്മലയും. നാല് നൃത്തയിനങ്ങളിൽ മത്സരിക്കുക നല്ല ചെലവുള്ള കാര്യമാണെന്ന് രവീന്ദ്രൻ പറഞ്ഞു. അധ്യാപകരും ബന്ധുക്കളുമെല്ലാം സഹായിക്കും.

വരുൺ രാജ് -ഗിറ്റാർ ആൻഡ് ജാസ്, ചെമ്പേരി വിമൽജ്യോതി

സെൽമ റയീസ് -വെസ്റ്റേൺ സോങ്, കണ്ണൂർ ചിൻമയ കോളേജ്

എസ്.പി.ഹുസ്ന -മാപ്പിളപ്പാട്ട്, കല്ലിക്കണ്ടി എൻ.എ.എം.കോളേജ്

കൂടുതൽ വാർത്തകൾ 14

മുഖ്യമന്ത്രി പാവയും പ്രതിപക്ഷ നേതാവ് ബൈക്കും പ്രതിരോധ മന്ത്രി ആംബുലൻസും

എം.എ.തൻവീർ പടന്ന ഷറഫ് കോളേജ്

കലോത്സവത്തിലെ ശബ്ദാനുകരണ മത്സരത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒരു പാവയായാൽ പുറത്ത് വരുന്ന ശബ്ദവും പ്രതിപക്ഷനേതാവ് അച്യുതാനന്ദൻ ഒരു ബൈക്കായാൽ വരുന്ന ശബ്ദവും പ്രതിരോധ മന്ത്രി എ.കെ.ആന്റണി ആംബുലൻസ് ആയാൽ വരുന്ന ശബ്ദവും കോർത്തിണക്കി പടന്ന ഷറഫ് കോളേജിലെ എം.എ.തൻവീർ അവതരിപ്പിച്ച ശബ്ദാനുകരണം ഒന്നാം സ്ഥാനം നേടി. എൻഡോസംഫാൻ ബാധിതരുടെ അവശതയും മുല്ലപ്പെരിയാറിന്റെ ഭീതിയും തൻവീർ വിഷയമാക്കി. കാഞ്ഞങ്ങാട് പടന്നക്കാട് സ്വദേശിയായ തൻവീർ കഴിഞ്ഞ കലാലയ കലോത്സവത്തിൽ ഒന്നാം സ്ഥാനവും അതിനുമുൻപു നടന്ന മത്സരത്തിൽ മൂന്നാം സ്ഥാനവും നേടിയിരുന്നു. അവസാനവർഷ ബി.ബി.എ. വിദ്യാർഥിയാണ്.

കുട്ടികൾ ഇല്ലാത്ത ദമ്പതിമാർക്ക്
സ്വന്തം രക്തത്തിൽ പിറന്ന സ്വന്തം കുഞ്ഞുഞ്ഞുണ്ണാകാൻ ലോകപ്രശസ്ത ആയുർവേദ നാട്ടുചികിത്സാ സ്ഥാപനം.
പി.ജി.പുരുഷൻ വൈദ്യരുടെ ഹെർബൽ ഹെറിറ്റേജ്
ബുക്കിംഗിന്: കോട്ടയം: 0481 2330940, 9446359999, തൃശ്ശൂർ: 0487 2420892, കോഴിക്കോട്: 0495 2725045, കണ്ണൂർ: 9447648279
www.herbalheritage.in

മാതൃഭൂമി

നന്മയും നേരും നൂറ്റാണ്ടും

നിങ്ങളം എങ്ങോട്ടാണ് പോകുന്നത് എന്നറിയില്ലെങ്കിൽ, ഏതു പാതയും നിങ്ങളെ അവിടെ എത്തിക്കും

◆ ലൂയി കാരളം ◆

ഭീകരരെ നേരിടാൻ യോജിച്ചുനീങ്ങണം

അവസരം കിട്ടിയാൽ ഭീകരർ ആഞ്ഞടിക്കുമെന്നാണ് അടുത്തകാലത്ത് രാജ്യത്തുണ്ടായ പല സംഭവങ്ങളും ഓർമിപ്പിക്കുന്നത്. മുംബൈ സംഭവത്തിനുശേഷവും ഒട്ടേറെ ഭീകരാക്രമണങ്ങളുണ്ടായി. സുരക്ഷാവീഴ്ചയോ രഹസ്യാന്വേഷണവിഭാഗങ്ങളുടെ അനാസ്ഥയോ ആയിരുന്നു പലതിനും കാരണം. രഹസ്യാന്വേഷണവിഭാഗങ്ങളുടെ പ്രവർത്തനശൈലിയെ പ്രധാനമന്ത്രി മൻമോഹൻസിങ് തന്നെ പലവട്ടം നിശിതമായി വിമർശിച്ചിരുന്നു. ഭീകരർക്കെതിരായ പോരാട്ടം ശക്തമാക്കാൻ കേന്ദ്രസർക്കാർ പുതിയ നിയമങ്ങളം കൊണ്ടുവരികയും സംവിധാനങ്ങളം ഏർപ്പെടുത്തുകയും ചെയ്തു. അതുകൊണ്ടൊന്നും ഉദ്ദേശിച്ചഫലം ഉണ്ടായിട്ടില്ല. ആ നിലയ്ക്ക്, ഭീകരരെ അമർച്ചചെയ്യുന്നതിന് കൂടുതൽ ഏകോപിതവും ഊർജിതവുമായ പ്രവർത്തനസംവിധാനം ആവശ്യമായിരിക്കുന്നു. അതനുസരിച്ചാണ് ദേശീയ ഭീകരവിരുദ്ധ കേന്ദ്രം സ്ഥാപിക്കാൻ കേന്ദ്രസർക്കാർ നീക്കം തുടങ്ങിയിരിക്കുന്നത്.

ഭീകരർ രാജ്യത്തിന് ഏറ്റവും വലിയ ഭീഷണിയായ നിലയ്ക്ക് അവരെ അമർച്ചചെയ്യാനുള്ള ഏതു ശ്രമവും സ്വാഗതാർഹംതന്നെ. ഇക്കാര്യത്തിൽ ദേശീയതലത്തിൽ നടപടികളം ആരംഭിക്കുമ്പോം സംസ്ഥാനങ്ങളുടെ സഹകരണവും സ്വാതന്ത്ര്യവും ഉറപ്പാക്കേണ്ട ബാധ്യത കേന്ദ്ര സർക്കാറിനുണ്ട്. നിർദിഷ്ട ഭീകരവിരുദ്ധ കേന്ദ്രത്തെ പത്തോളം മുഖ്യമന്ത്രിമാർ എതിർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആഭ്യന്തരമന്ത്രിമാരുടെ യോഗം വിളിക്കാൻ കേന്ദ്രം തീരുമാനിച്ചത് ഉചിതമായി. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഭീകരപ്രവർത്തകർ വേരുകളാഴ്ത്താൻ ശ്രമിക്കുന്നു. ഇവരുടെ സംഘടനകളിൽ പലതിനും അന്തസ്സംസ്ഥാന ബന്ധങ്ങളുമുണ്ട്. ഓരോ സംസ്ഥാനത്തെയും രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങളം മനസ്സിലാക്കിയാണ് ഭീകരർ പ്രവർത്തന പദ്ധതികളം ആവിഷ്കരിക്കുന്നത്. സാമുദായിക വൈരം വളർത്തിയും ലക്ഷ്യം നേടാൻ അവർ ശ്രമിക്കാറുണ്ട്. അതിനാൽ, ക്രമസമാധാന പരിപാലനത്തിനെന്നപോലെ ഭീകരവിരുദ്ധ പ്രവർത്തനത്തിനും സംസ്ഥാനങ്ങളം പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ പോലീസിനെ ആശ്രയിച്ചുള്ള സംസ്ഥാനങ്ങളുടെ നടപടി ഫലവത്താകുന്നില്ലെന്ന ആക്ഷേപം പണ്ടേയുള്ളതാണ്. ഭീകരരുടെ പദ്ധതികളം കണ്ടെത്താൻ പോലീസിനും രഹസ്യാന്വേഷണവിഭാഗങ്ങളംക്കും പലപ്പോഴും കഴിയാറില്ല. ഇതുസംബന്ധിച്ചുള്ള കേസന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകളെ നീതിപീഠങ്ങളം നിശിതമായി വിമർശിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് ഇത്തരം കാര്യങ്ങളംക്ക് ദേശീയതലത്തിൽ സംവിധാനം ആവശ്യമായി വരുന്നത്.

അന്വേഷണസംവിധാനങ്ങളുടെ പോരായ്മകളം പരിഹരിക്കുകയും ഭീകരവിരുദ്ധ കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുന്നത്, സംസ്ഥാനങ്ങളുടെ ആശങ്കകളം പരിഹരിച്ചുകൊണ്ടാവണം. സംസ്ഥാന സർക്കാറിന്റെ അനുമതിയില്ലാതെ ഭീകരവിരുദ്ധകേന്ദ്രത്തിന്റെ, ഓപ്പറേഷൻസ് ഡിവിഷന് പരിശോധന നടത്താനും ആരെയും അറസ്റ്റു ചെയ്യാനും അധികാരമുണ്ട്. ഈ വ്യവസ്ഥയെയാണ് പല മുഖ്യമന്ത്രിമാരും ശക്തമായി എതിർക്കുന്നത്. ഇത് ഫെഡറൽ സംവിധാനത്തിന് എതിരാണെന്നും സംസ്ഥാനങ്ങളുടെ അധികാരത്തിലുള്ള കടന്നുകയറ്റമാണെന്നും അവർ ആരോപിക്കുന്നു. ഭീകരതയ്ക്കും മറ്റു ദേശീയ വിരുദ്ധ പ്രവർത്തനങ്ങളംക്കും എതിരായ പല നിയമങ്ങളും രാജ്യത്ത് പരക്കെ ദുരുപയോഗം ചെയ്തിട്ടുണ്ട്. അതിന്റെ ദുഷ്ഫലം പലരും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ വ്യവസ്ഥയും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയേറെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ചില സംസ്ഥാനങ്ങളം എതിർപ്പ് പ്രകടിപ്പിച്ചത് സ്വാഭാവികംതന്നെ. അതിനെ ആ നിലയ്ക്കുതന്നെ കാണാൻ കേന്ദ്രസർക്കാറിനുകഴിയണം. ഭീകരവിരുദ്ധ കേന്ദ്രം കൊണ്ടുദ്ദേശിക്കുന്ന കാര്യങ്ങളം സംസ്ഥാനങ്ങളുടെ അധികാരങ്ങളെ ബാധിക്കാതെ നടത്താനുള്ള വഴികളാണ് കേന്ദ്രം തേടേണ്ടത്. ആഭ്യന്തരമന്ത്രിമാരുടെ യോഗം അതിന് സഹായകമാകുമെന്നാശിക്കാം. ഇക്കാര്യത്തിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിലുണ്ടാകുന്ന ഏതു നേരിയ ഭിന്നതയും ഭീകരർക്കു തന്നെയാവും ഗുണംചെയ്യുക. രണ്ടുകൂട്ടരും എപ്പോഴും ഓർക്കേണ്ട കാര്യമാണിത്.

◆ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ◆

വേണ്ട ആറന്മുള വിമാനത്താവളം

ഭാരതത്തിന്റെ പൈതൃക ഗ്രാമങ്ങളിലൊന്നാണ് ആറന്മുള. ഈ പ്രദേശത്തെ ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ വില്ലേജിൽ ഉംപ്പെടുന്ന ചില പാടങ്ങം ഒരു ചാരിറ്റബിം ട്രസ്റ്റ് വാങ്ങുകയുണ്ടായി. സ്വകാര്യ എൻജിനീയറിങ് കോളേജിലെ എയറോനോട്ടിക്കൽ വിഭാഗത്തിലെ വിദ്യാർഥികംക്ക് പരിശീലനത്തിനുവേണ്ടി ഒരു മിനി എയർസ്ട്രിപ്പ് എന്നു പറഞ്ഞാണ് പാടങ്ങം വാങ്ങിയത്. അനധികൃതമായി ഏതാണ്ട് 100 ഏക്കറോളം പാടം ഇതിനായി മണ്ണിട്ട് നികത്തി. എന്നാൽ, കോളേജിന് എയറോനോട്ടിക്കൽ വിഭാഗത്തിനുള്ള അനുമതി ലഭിക്കുകയുണ്ടായില്ല. കാലാന്തരത്തിൽ ഈ ട്രസ്റ്റ് വാങ്ങിയ പാടങ്ങം മുഴുവൻ 2010-ൽ മറ്റൊരു സ്വകാര്യ കമ്പനിക്ക് കൈമാറുകയും അവർ ഒരു അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുമായി രംഗത്ത് വരികയും ചെയ്തു. സ്വന്തം നിലയ്ക്ക് ഭൂമി കണ്ടെത്തി സ്വകാര്യ കമ്പനിക്ക് വിമാനത്താവളം നിർമിക്കാമെന്ന് കേരള ഗവൺമെൻറ് തത്ത്വത്തിൽ അംഗീകാരം നല്കി. ചട്ടപ്രകാരം പാടങ്ങം നികത്താൻ സാധിക്കില്ല എന്ന തിരിച്ചറിവാണ് ഈ പ്രദേശത്തെ ഒരു വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിന് പിന്നിൽ. 2011-ലെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ഏതാനും ദിവസങ്ങംക്കു മുമ്പാണ് തിടുക്കത്തിൽ മൂന്ന് വില്ലേജുകളിലെ 700 ഏക്കറോളം ഭൂമി വ്യവസായ മേഖലയായി പ്രഖ്യാപിച്ചത്. ഇപ്പോം വിരലിൽ എണ്ണാവുന്ന വ്യക്തികം ഒഴിച്ച്, ആറന്മുള നിവാസികം ഒന്നടങ്കം വിമാനത്താവള നിർമാണത്തിനെതിരെ ശക്തമായ സമരത്തിലാണ്.

കെ.ജി.എസ്. ആറന്മുള ഇൻറർനാഷണൽ എയർപോർട്ട് കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ പി.ടി. നന്ദകുമാറിന്റെ ലേഖനം (ഫിബ്രുവരി 19) വായിക്കാൻ ഇടയായി. പദ്ധതി പ്രദേശത്ത് കഴിഞ്ഞ 35 വർഷമായി കൃഷി ചെയ്യുന്നില്ല എന്ന് ലേഖനത്തിൽ കണ്ടു. അതിന് ഒരു ചെറിയ വിശദീകരണം. പമ്പയുടെ പ്രധാന കൈവഴിയും ജില്ലയിലെ പ്രധാന പാടശേഖരങ്ങളിൽനിന്ന് മഴക്കാലത്ത് ജലം ശേഖരിച്ച് പമ്പയിൽ എത്തിക്കുന്ന തോടുമായ കോഴിത്തോടിന്റെ വീതിയും ആഴവും കുറഞ്ഞതിനാലും (പുതിയ കോഴിപ്പാലത്തിന്റെയും നാൽക്കാലിക്കൽ പാലത്തിന്റെയും നിർമാണത്താൽ) അതിലുപരി എയർസ്ട്രിപ്പ് നിർമാണത്തിനായി കോഴിത്തോട് മണ്ണിട്ടുമൂടിയതിനാലും പാടശേഖരങ്ങളിൽ വെള്ളം കെട്ടിനിൽക്കുകയാണ്. തോട്ടിലിട്ട മണ്ണെടുത്തുമാറ്റി നീരൊഴുക്ക് സുഗമമാക്കിയാൽ പാടങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കുമെന്ന് അദ്ദേഹത്തെ ഓർമിപ്പിക്കുകയാണ്.

സ്വന്തം മണ്ണിലേക്കും സ്വന്തം ബന്ധങ്ങളിലേക്കും തിരിച്ചുവരാനുള്ള പ്രവാസികളുടെ ആഗ്രഹം ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. അതിലെത്രയോ കഷ്ടമാണ് പിറന്ന മണ്ണിൽനിന്നും പലായനം ചെയ്യേണ്ടിവരുന്നവരുടെ അവസ്ഥ. വികസനമെന്ന മനോഹരമായ വാക്കിന് അർഥം കണ്ടെത്തുന്നത് കുടിയൊഴിപ്പിച്ചുകൊണ്ടോ കുടിവെള്ളം മുട്ടിച്ചുകൊണ്ടോ ആചാരാനുഷ്ഠാനങ്ങം അന്യംനിർത്തിക്കൊണ്ടോ ആവാസ വ്യവസ്ഥയെത്തന്നെ ചോദ്യംചെയ്യുന്ന രീതിയിൽ കൃഷിഭൂമിയും മലനിരകളും നശിപ്പിച്ചുകൊണ്ടോ ആയിരിക്കരുത്.

-സുരേഷ്കുമാർ വി., ആറന്മുള

വെടി കടലിലും കരയിലും

വിശേഷാൽപ്രതി

ഇന്ദ്രൻ

ഇറ്റലിക്കാർക്ക് വരാനും വെടിവെക്കാനും കണ്ട സമയം കേമം തന്നെ. കുഞ്ഞുങ്ങംക്ക് കിണറ്റിൽ വീഴാൻ കണ്ടൊരു നേരമേ എന്ന് പണ്ട് നമ്പൂര്യച്ചൻ പറഞ്ഞതാണ് ഓർമവരുന്നത്. പിറവത്ത് ജീവന്മരണ പോരാട്ടം നടക്കുന്ന വിവരമൊന്നും ഇറ്റലിക്കാർ അറിഞ്ഞിരുന്നില്ലേ ആവോ. വേറെ ഏതെങ്കിലും ഇനം സായിപ്പ് ആയിരുന്നു നമ്മുടെ കടലിൽ വന്ന് ഈ വിധം അക്രമം കാട്ടിയിരുന്നതെങ്കിൽ അതിൽ ഗൂഢ സാമ്രാജ്യത്വ അജൻഡ ഉണ്ടെന്നെങ്കിലും പറഞ്ഞുനിൽക്കാമായിരുന്നു. ഇറ്റലിക്കെന്ത് അജൻഡ. യൂറോപ്പിലെ ദരിദ്രവാസി രാജ്യം എന്നൊക്കെ ഇറ്റലിയെ വിശേഷിപ്പിക്കാറുണ്ട്. മാഫിയകംക്ക് മാത്രമേ അവിടെ പഞ്ചമില്ലാതുള്ളൂ. കേരളത്തിലെപ്പോലെ ദരിദ്രവാസി മാഫിയകം അല്ല, കിടിലൻ ഒറിജിനൽ മാഫിയകളാണ്. എന്തായാലും, നമുക്ക് ഇറ്റലിയെ തള്ളാൻ പറ്റില്ല, കൊള്ളാനും. വലിയ പൊല്ലാപ്പുതന്നെ.

സോണിയാജി ഇറ്റലിക്കാരിയാണ്. അതുകൊണ്ടാണ് സംസ്ഥാനമോ കേന്ദ്രമോ കടൽക്കൊല പ്രശ്നത്തിൽ യാതൊന്നും ചെയ്യാത്തതത്രെ. തടി കേടാക്കുന്ന പ്രചാരണമാണിത്. പൊതുതിരഞ്ഞെടുപ്പിനേക്കാം കടുകട്ടിയായ ഉപതിരഞ്ഞെടുപ്പാണ് പിറവത്ത് നടക്കുന്നത്. ചരിത്രത്തിൽത്തന്നെ ഇങ്ങനെയൊരു ഉപതിരഞ്ഞെടുപ്പ് നടന്നിട്ടുണ്ടാവില്ല. രണ്ട് സീറ്റിന്റെ മേൽക്കോയ്മ ഉണ്ടായിട്ടും കഴിഞ്ഞ ബജറ്റ് കാലത്ത് വീണു വീണില്ല എന്ന മട്ടിൽ തലനാരിഴയ്ക്കാണ് മന്ത്രിസഭ അതിജീവിച്ചത്. ആരോ അങ്ങാടിയിൽ പോയ നേരത്ത് നടന്ന വോട്ടെടുപ്പിൽ മന്ത്രിസഭ മൂക്കുകുത്തി വീഴാൻ പോയതാണ്. പിറവം ജയിച്ചാൽപ്പോലും ദുർബലയും ഗർഭിണിയുമായ മന്ത്രിസഭയുടെ നില മാറില്ല. തോറ്റാൽ പിന്നെയുണ്ടാവുക ഏകാംഗഭൂരിപക്ഷമാണ്. നിയമസഭ ചിലപ്പോഴെങ്കിലും പഴയ കാസ്റ്റിങ് വോട്ട് കാലഘട്ടത്തിലേക്ക് കടക്കും. ഓരോ ഭരണകക്ഷി എം.എൽ.എ.യിലും ഒരു പൊട്ടൻഷ്യൽ ലോനപ്പൻ നമ്പാടൻ ഉണ്ടെന്നിരിക്കേ മന്ത്രിസഭയുടെ പോക്ക് നടുക്കടലിലെ ചോരുന്ന കപ്പൽപോലെയാകും.

ദുഃസ്വപ്നങ്ങം യു.ഡി.എഫിന്റെ ഉറക്കം കെടുത്തുന്നതിനിടയിലാണ് വെടി പൊട്ടിയത്. പിന്നെ വിവാദങ്ങളുടെ അലകടലിളകി. സോണിയാഗാന്ധി, ലാറ്റിൻ ക്രിസ്ത്യാനി, വത്തിക്കാൻ, മാർപാപ്പ, കർദിനാം തുടങ്ങി ഇനിയാരുടെയും പേരും ചർച്ച ചെയ്യാൻ ബാക്കിയില്ല. എവിടെ വിവാദം ഉണ്ടോ അവിടെ കെ.വി.തോമസും ഉണ്ട്. കർദിനാളിന്റെ സ്ഥാനാരോഹണത്തിന് ചെന്ന തോമസിന് കടലിലെ വെടിയിലൊന്നും ഇടപെടേണ്ട കാര്യമില്ല. എന്നിട്ടും ചെന്നുപെട്ടു. കർദിനാം താൻതന്നെ ഇടപെടുമ്പോം തോമസ് എങ്ങനെ ഒഴിഞ്ഞുമാറാനാണ്. രണ്ടുപേർക്കും നോ പറഞ്ഞുശീലമില്ല. വെടിവെച്ച ഇറ്റലിക്കാർക്കുവേണ്ടിയും ഇടപെടാം, വെടിയേറ്റ മലയാളികംക്കു വേണ്ടിയും ഇടപെടാം. ധർമസങ്കടം മനസ്സിലാക്കാവുന്നതേ ഉള്ളൂ, അതും നമ്മുടെ ആളുകം, ഇതും നമ്മുടെ ആളുകം. വത്തിക്കാൻ വാർത്താ ഏജൻസിയും നമ്മുടെ മീഡിയ സിൻഡിക്കേറ്റുകാരെപ്പോലെ പ്രസ്താവന വളച്ചൊടിക്കുമെന്ന് ആരെങ്കിലും ഓർത്തോ. അതുംസംഭവിച്ചു.

ഇറ്റലിക്കാരെക്കൊണ്ട് ഇത്രയും വലിയ ഉപദ്രവം ഉണ്ടാകുമെന്ന് ആരും ധരിച്ചിരുന്നില്ല. രണ്ട് നാവികർ കൊലക്കേസിൽ കുടുങ്ങി എന്ന നിസ്സാര സംഭവമേ നടന്നിട്ടുള്ളൂ. നിയമം നിയമത്തിന്റെ വഴിക്ക് പോകും എന്നൊരു പ്രസ്താവനയിറിക്കി മിണ്ടാതിരുന്നാൽ പോരേ അവരുടെ മന്ത്രിമാർക്ക്. നമ്മുടെ എത്ര പൗരന്മാർ ഏതെല്ലാം രാജ്യങ്ങളിൽ എന്തെല്ലാം കേസിൽ പ്രതികളായി ജയിലിൽ കിടക്കുന്നു. എത്ര നിരപരാധികം ജയിലിലാകുന്നു. ആരെല്ലാം കൊല്ലപ്പെടുന്നു. നമ്മളുണ്ടോ ഇങ്ങനെ താടിക്ക് തീപിടിച്ചതുപോലെ വിരണ്ടോടുന്നു. രണ്ടു കൊലക്കേസ് പ്രതികംക്കു വേണ്ടി വാദിക്കാൻ ഇറ്റലിയിൽ നിന്ന് ആരെല്ലാമാണ് വന്നത്. വിദേശകാര്യമന്ത്രി പോലും വരുന്നു. ഇനി പ്രധാനമന്ത്രി വന്നാലും അത്ഭുതപ്പെടേണ്ട. ആർക്കറിയാം, അവിടെയും പിറവം പോലെ വല്ല ഉപതിരഞ്ഞെടുപ്പുമുണ്ടോ എന്തോ.... ഞങ്ങളല്ല വെടിവെച്ചത്, വെച്ചിട്ടുണ്ടെങ്കിൽത്തന്നെ തോക്കുകൊണ്ടല്ല വെടിവെച്ചത്, തോക്കുകൊണ്ടാണെങ്കിൽ ത്തന്നെ വെടികൊണ്ടത് ഇന്ത്യക്കാർക്കല്ല, കൊള്ളക്കാർക്കാണ്, ഇനി വെടികൊണ്ടത് ഇന്ത്യക്കാർക്കാണെങ്കിൽത്തന്നെ ഇന്ത്യൻ അതിർത്തിയിലല്ല, അന്താരാഷ്ട്ര കടലിലാണ് സംഭവം നടന്നത്, വെടിവെച്ചത് തോക്കുകൊണ്ടാണെങ്കിൽത്തന്നെ അത് അദ്യശ്യതോക്കാണ്...എന്തെല്ലാം വാദങ്ങളാണ് ഉയരുന്നത്! നാം നമ്മുടേതെന്നും അവർ അവരുടേതെന്നും കരുതുന്ന കടലിലാണ് സംഭവം നടന്നതെന്ന് പ്രസ്താവനയിറിക്കി മിണ്ടാതിരുന്നാൽ പോരേ അവർക്ക്?

ഇതിനെല്ലാമിടയിലാണ് ആര്യാടന്റെ വെടി. അനൂപിനെ പിറവത്തുകാർ ജയിപ്പിക്കുകയാണെങ്കിൽ മന്ത്രിയാക്കുന്ന കാര്യം ആര്യാടൻ ഏറ്റുപോലും. ജേക്കബിന്റെ ഒഴിവിൽ ജേക്കബിന്റെ പാർട്ടിയിൽ ഒരാളെ എടുക്കുമെന്ന് പറയാൻ ആര്യാടൻ വേണ്ട. തിരഞ്ഞെടുപ്പിന് മുമ്പ് മന്ത്രിയാക്കാൻ പുറപ്പെട്ടതാണ് പാർട്ടി. പിറവത്തുകാർക്കും അറിയാമത്. കിടക്കട്ടെ എന്റെ വകയും ഒരു വെടി. ഇനി വല്ല തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടലംഘനക്കേസോ മറ്റോ വരുന്നുണ്ടെങ്കിൽ അതും വരട്ടെ.



** ** ** **

തീവണ്ടിയിൽ നടക്കുന്ന സകലമാന ഉപദ്രവങ്ങളും പരിഹരിക്കുന്നതിനുള്ള ഒറ്റമൂലി റെയിൽവേ പോലീസ് കണ്ടെത്തിയിരിക്കുന്നു. ടെയിനിൽ ഇനി സമ്പൂർണ മദ്യനിരോധനമാണ്. മോഷണം, കൊള്ള, സ്ത്രീപീഡനം, കള്ളവണ്ടി കയറ്റം തുടങ്ങിയ എല്ലാ കുറ്റകൃത്യങ്ങളും ഇതോടെ അവസാനിക്കും. ടെയിനുകം വൈകിയോടുന്നതും പാളം തെറ്റുന്നതും കൂടി അവസാനിക്കുമോ എന്നറിയില്ല.

ഹനുമാൻ പണ്ട് പറന്നുചെന്ന് പിഴുതെടുത്തുകൊണ്ടുവന്ന ഋഷഭാദ്രി മലയുടെ കഷണം സതേൺ റെയിൽവേ ഹെഡ്ക്വാർട്ടേഴ്സിലാണ് വീണത്. അതിന്റെ അവശിഷ്ടങ്ങംക്കിടയിൽനിന്നാണ് ഒറ്റമൂലി കണ്ടെടുത്തത്. വിവരം ബ്രെയ്ക്കിങ് ന്യൂസ് കഴിഞ്ഞ ദിവസമേ പുറത്തുവന്നുള്ളൂ എന്നു മാത്രം. മദ്യത്തിന്റെ മണമെങ്കിലും ശ്വാസത്തിലുണ്ടെങ്കിൽ ആകം ജയിലിലാവും. ആറുമാസം പിന്നെ മദ്യപാനമില്ലെന്ന് മാത്രമല്ല, അമ്മയെ കൊന്നവന്റെയും മോളെ ബലാത്സംഗം ചെയ്തവന്റെയുമൊപ്പം കിടക്കുകയും വേണം. സർക്കാർ വിൽക്കുന്ന മദ്യം, മണിക്കൂറുകം ക്യൂ നിന്ന്, കേട്ടാൽ ഞെട്ടുന്ന വില കൊടുത്തുവാങ്ങുന്നവർ ഇതിനേക്കാം വലിയ ശിക്ഷ അർഹിക്കുന്നുണ്ടെന്നത് സത്യം.

ടെയിനിൽ ആ ദുഷ്ടൻ ഒറ്റക്കയ്യൻ ഗോവിന്ദച്ചാമി കൊച്ചുപെൺകുട്ടിയെ കൊന്നത് മദ്യലഹരിയിലാവണം. എന്തോ നമ്മുടെ പത്രങ്ങളൊന്നും അക്കാര്യം റിപ്പോർട്ട് ചെയ്തുകണ്ടില്ല. ഇനി അത്തരം സംഭവങ്ങളൊന്നും ഉണ്ടാവില്ലല്ലോ. സമാധാനപ്രിയരും മദ്യവിരുദ്ധരുമായ ബഹുഭൂരിപക്ഷം ജനങ്ങം (ഭൂരിപക്ഷത്തിന്റെ കാര്യത്തിൽ തർക്കമുണ്ടെങ്കിൽ വോട്ടെടുപ്പ് നടത്തിനോക്കാം) ആഗ്രഹിക്കുന്നത് സമ്പൂർണമദ്യനിരോധനം ടെയിനിൽമാത്രം പോര എന്നാണ്. മദ്യപിച്ച ആകം ടെയിനിൽ കയറുന്നത് ഹാനികരമാണെങ്കിൽ മദ്യപിച്ച് ബസ്സിൽ കയറുന്നതും അങ്ങനെത്തന്നെ. അതും തടയണം. നിരോധനം ബസ്സിലുംബാധകമാക്കണം. കാറോടിക്കുന്നവരെ മാത്രമല്ല, ബസ് യാത്രക്കാരെയും ഊതിപ്പിച്ചുനോക്കണം. മദ്യപാനികം നടന്നുപോയിക്കൊള്ളട്ടെ എന്നുവെക്കാമോ? പറ്റില്ല. പ്ലാറ്റ്ഫോമിൽ ദ്രോഹം ചെയ്യുന്നവൻ റോഡിലും ദ്രോഹം ചെയ്യും. വഴിയിൽ കാണുന്ന സർവ മദ്യപരെയും പിടിച്ചു ജയിലിലിടണം. എങ്കിൽ വാങ്ങി വീട്ടിൽപോയികുടിച്ചോട്ടെ എന്നാണോ? അതൊട്ടും അനുവദിച്ചുകൂടാ. കുടിയന്റെ ഉപദ്രവം അനിയന്ത്രിതമായ സ്ഥലം വീടാണ്. ഭാര്യമാരെയും കുട്ടികളെയും സംരക്ഷിക്കാൻ ദൃക്സാക്ഷികം പോലും കാണില്ല. ചുരുക്കിപ്പറഞ്ഞാൽ, മദ്യപിച്ചവനെ നാട്ടിലൊരിടത്തും നിൽക്കാൻ സമ്മതിച്ചുകൂടാ. സമ്പൂർണ മദ്യനിരോധം തന്നെ വരട്ടെ. എന്തേ....?

റെയിൽവേയെ ഹാർദമായി അഭിനന്ദിക്കുക. അതിനിടെ ആരോ പറയുന്നതുകേട്ടു. രാജസ്ഥാനിലോ മറ്റോ ഏതോ ടെയിനിൽ വിനോദസഞ്ചാരികംക്ക് റെയിൽവേ തന്നെ മദ്യം വിൽക്കുന്നുണ്ടത്രെ. സത്യമാവില്ല, ദുഷ്ടന്മാരുടെ അപവാദപ്രചാരണമായിരിക്കണം. ഇനി ഒരു ചെറുകാര്യം കൂടി. റെയിൽവേയിലെ സമ്പൂർണ മദ്യനിരോധനത്തിന് ആധാരമായ നിയമം റെയിൽവേ ആക്ടിൽ പണ്ടേ ഉള്ളതാണ്. അതനുസരിച്ച് മദ്യപിച്ചു എന്ന കുറ്റത്തിന് ആരെയും പിടികൂടാൻ പറ്റില്ല, ശിക്ഷിക്കാനും പറ്റില്ല. ലക്കുകെട്ടവരെയാണ്, മദ്യപിച്ച് ശല്യം ചെയ്യുന്നവരെയാണ് നിയമം ലക്ഷ്യം വെക്കുന്നത്. ഈ വകുപ്പ് റോഡിൽ നടക്കുന്നവർക്കും ബാധകം തന്നെ. റെയിൽവേ പോലീസിന് വേറെ ദുരുദ്ദേശ്യമൊന്നുമില്ല. പത്രക്കാർ വാർത്ത വളച്ചൊടിക്കുംപോലെ ആവശ്യത്തിനൊത്ത് പോലീസിന് നിയമം വളച്ചൊടിക്കാം. എങ്കിലേ ദിവസവും അവർക്ക് ഇര കിട്ടൂ.

മദ്യപിച്ച് വാഹനമോടിച്ചതിന് പോലീസ് പിടിച്ചപ്പോം പണ്ടൊരു പ്രമുഖ പത്രപ്രവർത്തകൻ പറഞ്ഞത്രെ. 'ഐ ഹാവ് ഡ്രങ്ക്, ബട് ഐ ആം നോട്ട് ഡ്രങ്ക്' പോലീസിന് മനസ്സിലായില്ല. പക്ഷേ, ഒന്നുമനസ്സിലായി, പുള്ളി ചില്ലറക്കാരനല്ലെന്ന്. ഉടനെ വിട്ടു.

npr@mpp.co.in

◆ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ◆

കാലിക്കറ്റ് സർവകലാശാല ശാന്തമാകുമ്പോൾ

സമര കോലാഹലങ്ങംകൊണ്ട് അടുത്ത കാലംവരെ കലുഷിതമായിരുന്ന കാലിക്കറ്റ് സർവകലാശാലാ കാമ്പസ് ഹൈക്കോടതിയുടെ ഇടപെടലിലൂടെ ശാന്തമാവുകയാണ്.

വിവിധ കക്ഷികളുടെ പോസ്റ്ററുകളും ഫ്ലക്സ്ബോർഡുകളും ബാനറുകളും കൊടികളുംകൊണ്ട് മലീമസമാക്കപ്പെട്ട മതിൽക്കെട്ടുകളും മരങ്ങളും ചുവരുകളും കരിയും കരിഓയിലുംകൊണ്ട് വികൃതമാക്കപ്പെട്ട പുതിയ കെട്ടിടങ്ങളും കാറുകളും സർവകലാശാലയിൽ വരുന്ന ആരുടെയും ശ്രദ്ധയാകർഷിക്കും. അവർക്ക് ഇത് എന്തു പാഠമാണ് നല്കുന്നത്?

കൊടി-തോരണങ്ങളാൽ 'അലംകൃത'മായ ഭരണകാര്യാലയത്തിലേക്ക് കടന്നുവരുന്നവർക്ക് പാർട്ടി ഓഫീസിലേക്ക് വരുന്ന പ്രതീതിയല്ലേ ഇതുവരെ ഉണ്ടായിരുന്നത്? 600 ഏക്കറിലധികം വ്യാപിച്ചുകിടക്കുന്ന സർവകലാശാലാ കാമ്പസിലെ കെട്ടിടങ്ങളിൽ ചിലതെല്ലാം കാടുകയറി സമൂഹവിരുദ്ധരുടെ താവളമായിക്കൊണ്ടിരിക്കുന്ന കാര്യം 'മാതൃഭൂമി' ഉംപ്പെടെയുള്ള പത്രങ്ങളിൽ വന്നിരുന്നതാണ്.

അക്കാദമിക് രംഗത്ത് മികവ് വരുത്തുന്നതോടൊപ്പംതന്നെ കാമ്പസിലെ റോഡുകളും കെട്ടിടങ്ങളും പരിസര പ്രദേശങ്ങളും മാലിന്യമുക്തമായും മനോഹരമായും നിലനിർത്തേണ്ടത് ആവശ്യമാണ്. സർവകലാശാലാ കാമ്പസിലെ ഉപയോഗിക്കാതെ കിടക്കുന്ന കിണറുകളും കുളങ്ങളും നവീകരിക്കുന്നതിനും മഴവെള്ളം സംഭരിക്കുന്നതിനും ഫല-വൃക്ഷത്തോട്ടങ്ങം നിർമിക്കുന്നതിനും അലഞ്ഞുതിരിയുന്ന കന്നുകാലികളെ നിയന്ത്രിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും അടുത്തിടെ എടുത്ത തീരുമാനങ്ങം കാമ്പസിന്റെ മുഖച്ഛായ മാറ്റും.

ന്യായമായ മാർഗങ്ങളിലൂടെ തെറ്റുകം ചൂണ്ടിക്കാട്ടാനും പ്രതിഷേധിക്കാനും ചർച്ചകം നടത്തുവാനുമുള്ള അവസരങ്ങം നിലനിൽക്കേ സർവകലാശാലയുടെ മുഖംതന്നെ വികൃതമാക്കുന്നതിൽ വിനോദം കണ്ടെത്തുന്നവർക്ക് ഹൈക്കോടതി വിധി ഒരുപക്ഷേ, ജനാധിപത്യവിരുദ്ധമോ 'അടിയന്തരാവസ്ഥ'യോ ആയിരിക്കാം.

-ഡോ. എ.കെ. പ്രദീപ്
കാലിക്കറ്റ് യൂണിവേഴ്സിറ്റി

കേരള കലാമണ്ഡലം ദേശീയധാരയിലേക്ക്

ജി.രാജേഷ്കുമാർ

ഭാരതീയ കലകം ദേശീയവും അന്തർദേശീയവുമായ പ്രശസ്തിയോടെ പരിലസിക്കണമെന്നത് മഹാകവി വള്ളത്തോളിന്റെ സ്വപ്നമായിരുന്നു. 1930-ൽ മണക്കുളം മുകുന്ദരാജസ്വാപ്പം നിളാതീരത്ത് കലകംക്കൊരു ആലയം പിറവിയെടുത്തപ്പോം മഹാകവിയുടെ സ്വപ്നങ്ങംക്കും ജീവൻ വെച്ചുതുടങ്ങി. കലകംക്കൊപ്പം കേരള കലാമണ്ഡലവും വളർന്ന

സംഗീതസംവിധായകൻ ജോൺസന്റെ മകൻ ബൈക്കപകടത്തിൽ മരിച്ചു


റെൻ ജോൺസൺ

ചെന്നൈ: അന്തരിച്ച സംഗീതസംവിധായകൻ ജോൺസന്റെ മകനും സോഫ്റ്റ്‌വേർ എൻജിനീയറുമായ റെൻ ജോൺസൺ (23) ബൈക്കപകടത്തിൽ മരിച്ചു. ചെന്നൈയിൽ വൽസരവാക്കം അഷ്ടലക്ഷ്മി നഗറിലെ വീട്ടിൽനിന്ന് പെരുങ്കുടിയിലെ ജോലിസ്ഥലത്തേക്ക് പോകവെ മധ്യകൈലാസ് ജങ്ഷൻ രാജീവ്ഗാന്ധി റോഡിലെ ഇന്ദിരാനഗർ റെയിൽവേ സ്റ്റേഷന് സമീപം രാവിലെ പത്തരയോടെയായിരുന്നു അപകടം. ഒരു പെൺകുട്ടി പെട്ടെന്ന് റോഡു മുറിച്ചു കടന്നപ്പോഴാം ബൈക്ക് നിയന്ത്രണംവിട്ട് റോഡിലെ മീഡിയേറ്ററിൽ ഇടിച്ച് റെൻ ജോൺസൺ താഴെ വീഴുകയായിരുന്നു. പരിക്കേറ്റ പെൺകുട്ടി ആസ്പത്രിയിൽ ചികിത്സയിലാണ്. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ റെൻ ജോൺസൺ ബോധരഹിതനായി.

പതിനൊന്ന് മണിക്ക് ജോലിയിൽ കയറേണ്ടിയിരുന്ന റെൻ ജോൺസണിനെ കാണാതിരുന്നതിനെത്തുടർന്ന് സഹപ്രവർത്തകൻ മൊബൈൽഫോണിലേക്ക് വിളിച്ചു. ഈ സമയം സ്ഥലത്ത് ഓടിക്കൂടിയിരുന്നവരിൽ ഒരാൾ ഫോൺ എടുത്ത് അപകടവിവരം അറിയിക്കുകയായിരുന്നു. സഹപ്രവർത്തകരും പോലീസും എത്തിയ ഉടനെ സമീപത്തെ സ്വകാര്യ ആസ്പത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പിന്നീട് റോയപ്പേട്ട ഗവൺമെൻറ് ആസ്പത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി കൊണ്ടുവന്നു. വൈകിട്ടോടെ മൃതദേഹം റോഡ് മാർഗം തൃശ്ശൂരിലേക്ക് കൊണ്ടുപോയി. ശവസംസ്കാരം ഞായറാഴ്ച 4ന് തൃശ്ശൂർ നെല്ലിക്കുന്ന് സെൻറ് സെബാസ്റ്റ്യൻ പള്ളിസെമിത്തേരിയിൽ നടക്കും. ചെന്നൈ പെരുങ്കുടിയിലെ കണക്റ്റിവിറ്റി ഡാറ്റ സിസ്റ്റം കമ്പനിയിലാണ് റെൻ ജോലിചെയ്യുന്നത്.

ലയോള മെടിക്കുലേഷൻ ഹയർസെക്കൻഡറി സ്കൂളിൽ പഠിച്ചിരുന്ന റെൻ ജോൺസൺ സെൻറ് പീറ്റേഴ്സ് എൻജിനീയറിങ് കോളേജിൽനിന്ന് എം.എസ്സി കമ്പ്യൂട്ടർ ടെക്നോളജിയിൽ ബിരുദാനന്തരബിരുദം നേടിയ ശേഷം എഴുമാസംമുമ്പാണ് പെരുങ്കുടിയിലെ കണക്ടിവിറ്റി ഡാറ്റ സിസ്റ്റത്തിൽ ജോലിയിൽ പ്രവേശിച്ചത്. അമ്മ: റാണി ജോൺസൺ. സഹോദരി ഷാൻ മൈസൂരിൽ ജോലിചെയ്യുകയാണ്.

2011 ആഗസ്റ്റ് 17ന് ഹൃദയാഘാതത്തെത്തുടർന്നായിരുന്നു ജോൺസന്റെ അന്ത്യം.

ഭൂമി വിവാദം : യെദ്യൂരപ്പയ്ക്കെതിരെ പുതിയ കേസ്

ബാംഗ്ലൂർ: ഹൗസിങ് ബോർഡ് ഭൂമി വിതരണവുമായി ബന്ധപ്പെട്ട് കർണാടക മുൻ മുഖ്യമന്ത്രി ബി.എസ്. യെദ്യൂരപ്പയ്ക്കെതിരെ ലോകായുക്ത പുതിയ കേസെടുത്തു. യെദ്യൂരപ്പയുടെ മകനം എസ്.വൈ. അരുണാദേവിയും പ്രതിയാണ്. കർണാടക ഹൗസിങ് ബോർഡിന്റെ ഭൂമി അനുവദിച്ചതിൽ തിരിമറി നടത്തിയതായാണ് പരാതി. പരാതിപ്രവർത്തകർക്ക് അനുവദിച്ച ക്വാട്ടയിൽ നിന്ന് നാലു സൈറ്റുകളം മകനം അരുണാദേവിയുടെ പേരിലേക്കു മാറ്റിയതായി അന്വേഷണത്തിൽ കണ്ടെത്തി. യെദ്യൂരപ്പ ഉപമുഖ്യമന്ത്രിയായിരുന്ന കാലത്തു നടന്ന ക്രമക്കേടുകളംക്കെതിരെ അഭിഭാഷകൻ ബി. വിനോദിന്റെ പരാതിയെത്തുടർന്നാണ് ലോകായുക്ത പോലീസ് കേസെടുത്തത്. കലഹള്ളി കാശിപുര റോഡിൽ അനുവദിച്ച നാലു സൈറ്റുകളം പരാതിപ്രവർത്തകർക്കെന്ന വ്യാജേന ബിനാമികളംക്കാണ് അനുവദിച്ചത്. നാലു സൈറ്റുകളും വിപണി വിലയേക്കാളം കുറഞ്ഞ വിലയ്ക്ക് അരുണാദേവിക്കു മറിച്ചു വിൽക്കുകയായിരുന്നു.

യെദ്യൂരപ്പപക്ഷം ഗഡ്കരിയുടെ യോഗം ബഹിഷ്കരിക്കും

ബാംഗ്ലൂർ: ബി.ജെ.പി. കേന്ദ്ര നേതൃത്വവുമായി വീണ്ടും ബലപരീക്ഷണത്തിന് ഒരുങ്ങുകയാണ് കർണാടക മുൻ മുഖ്യമന്ത്രി ബി.എസ്. യെദ്യൂരപ്പ.

മുഖ്യമന്ത്രിസ്ഥാനം തിരിച്ചുനല്കണമെന്ന തന്റെ ആവശ്യം ദേശീയ അധ്യക്ഷൻ നിതിൻ ഗഡ്കരി തള്ളിയതോടെ ഒരു കൈനോക്കാൻ തന്നെയാണ് യെദ്യൂരപ്പയുടെ പുറപ്പാട്. സംസ്ഥാനത്തെ രാഷ്ട്രീയപ്രശ്നം ചർച്ച ചെയ്യാൻ നിതിൻ ഗഡ്കരി മാർച്ച് മൂന്നിന് വിളിച്ചുചേർക്കുന്ന കോർ കമ്മിറ്റി യോഗത്തിൽ യെദ്യൂരപ്പയും കൂട്ടരും പങ്കെടുക്കില്ല. ഫിബ്രു. 27-ന് തങ്ങം ബാഗ്ലൂരിൽ യോഗം ചേർന്ന് കേന്ദ്രനേതൃത്വത്തെ തങ്ങളുടെ നിലപാട് അറിയിക്കുമെന്നാണ് യെദ്യൂരപ്പയും കൂട്ടരും പറയുന്നത്.

27-ന് യെദ്യൂരപ്പയുടെ പിറന്നാം ദിനത്തിൽ എം.എൽ.എ.മാരുടെയും എം.പി.മാരുടെയും പ്രധാന പ്രവർത്തകരുടെയും യോഗം വിളിച്ചിട്ടുണ്ട്. അധികാര കൈമാറ്റം ചർച്ച ചെയ്യുന്നതിനാണ് യോഗം. എന്നാൽ യോഗത്തെക്കുറിച്ച് ചോദിച്ചപ്പോം പാർട്ടിയെ ശക്തിപ്പെടുത്താനും ഉഡുപ്പി-ചിക്കമഗലൂർ ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ വേണ്ട തന്ത്രങ്ങം ആവിഷ്കരിക്കാനുമാണ് യോഗമെന്നാണ് യെദ്യൂരപ്പ മാധ്യമങ്ങളെ അറിയിച്ചത്.

പിറന്നാംദിനമായ ഫിബ്രുവരി 27-നകം മുഖ്യമന്ത്രി സ്ഥാനമോ, സംസ്ഥാന അധ്യക്ഷ പദവിയോ നല്കിയില്ലെങ്കിൽ സ്വന്തം വഴി തേടുമെന്ന് യെദ്യൂരപ്പ കേന്ദ്ര നേതൃത്വത്തിന് നേരത്തേ അന്ത്യശാസനം നല്കിയിരുന്നു.

ഡി.ഐ.ജി.ക്ക് എതിരായ വ്യാജപരാതി; ഒരാൾക്കെതിരെ കേസെടുത്തു

കണ്ണൂർ: കണ്ണൂർ മേഖല ഡി.ഐ.ജി. ശ്രീജിത്തിന് എതിരെ നിരന്തരം വ്യാജ പരാതികം നൽകിയതിന് പരപ്പനങ്ങാടി അരിയല്ലൂർ സ്വദേശി കെ.പി.ഷാജുവിന് എതിരെ കോഴിക്കോട് നടക്കാവ് പോലീസ് കേസെടുത്തു. ഡി.ഐ.ജി. നൽകിയ പരാതിയിലാണ് കേസ്.

ശ്രീജിത്തിനെതിരെയുള്ള പരാതികം വിശദമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കെ.പി.ഷാജു ഡി.ജി.പി.യ്ക്കും മുഖ്യമന്ത്രിക്കും നേരത്തെ പരാതി നൽകിയിരുന്നു. അന്വേഷണത്തിൽ പരാതികളെല്ലാം വ്യാജവും ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെ മനഃപൂർവം പീഡിപ്പിക്കാനും സമൂഹമധ്യത്തിൽ അവഹേളിക്കാനും ഉള്ള ശ്രമങ്ങളാണ് നടന്നതെന്നും എ.ഡി.ജി.പി. കണ്ടെത്തി. ഇത്തരം ശ്രമങ്ങം നടത്തുന്നവർക്കെതിരെ കർശനമായി നിയമനടപടി സ്വീകരിക്കണമെന്നും അന്വേഷണ റിപ്പോർട്ടിൽ ഉത്തരമേഖല എ.ഡി.ജി.പി. രാജേഷ് ദിവാൻ നിർദേശിച്ചിരുന്നു. വിവരാവകാശ നിയമപ്രകാരം പ്രസ്തുത അന്വേഷണറിപ്പോർട്ട് ശേഖരിച്ചശേഷമാണ് അതിന്റെ അടിസ്ഥാനത്തിൽ ഷാജുവിനെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഡി.ഐ.ജി. എസ്.ശ്രീജിത്ത് നടക്കാവ് പോലീസിൽ പരാതി നൽകിയത്. കേരള പോലീസ് ആക്ടിലെ 117 ഡി.118 ഡി വകുപ്പുകം ചേർത്താണ് ഷാജുവിന് എതിരെ കേസ് എടുത്തിട്ടുള്ളത്. പോലീസ അന്വേഷണത്തെ വഴി തെറ്റിക്കാൻ മനപ്പൂർവം തെറ്റായ വിവരങ്ങം നൽകുക, ഫോൺ വഴിയോ സന്ദേശങ്ങം വഴിയോ തുടർച്ചയായി സഭ്യേതരമായ രീതിയിൽ അസഹ്യത ഉണ്ടാക്കുക എന്നീ കാരണങ്ങളാണ് കേസിന് ആധാരമായിട്ടുള്ളത്. ഷാജുവിന്റെ പരാതിയിൽ നേരത്തെ നടന്ന പോലീസ് അന്വേഷണത്തിൽ തൃപ്തിയില്ലെന്ന് പറഞ്ഞ് വീണ്ടും ആവശ്യപ്പെട്ടതുപ്രകാരമാണ് എ.ഡി.ജി.പി. പുനരന്വേഷണം നടത്തിയത്.

ഷുക്കൂർ വധം: എൻ.ഐ.എ. അന്വേഷിക്കണം -മുസ്‌ലിംലീഗ്

കണ്ണൂർ: കണ്ണപുരത്ത് ഫിബ്രുവരി 20ന് മുസ്‌ലിംലീഗ് പ്രവർത്തകൻ പുതിയാറമ്പത്ത് അബ്ദുൽ ഷുക്കൂറിന്റെ കൊലപാതകം കേന്ദ്ര ഏജൻസിയായ എൻ.ഐ.എ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് മുസ്‌ലിംലീഗ് നേതാക്കം പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

നക്സലിസം തിരിച്ചുവന്നോ എന്ന് സംശയിക്കത്തക്ക തരത്തിലാണ് ഈ കൊലപാതകം. അതിന് ഉപോദ്ബലകമായ ഒരുപാട് തെളിവുകളുണ്ട്. നക്സലുകം ബംഗാളിൽ ചെയ്തതാണ് സി.പി.എം. ഇപ്പോം കണ്ണൂരിൽ നടത്തുന്നത്. കൊലപാതകവുമായി ബന്ധപ്പെട്ട് തെളിവുകൊടുക്കാൻ സാധ്യതയുള്ളവരെ ഭയപ്പെടുത്തുകയാണ് ഇപ്പോം ചെയ്യുന്നതെന്ന് ലീഗ് ജില്ലാ പ്രസിഡൻറ് വി.കെ.അബ്ദുൽഖാദർ മൗലവി പറഞ്ഞു.

ചെറുത്തുനില്പുകളെ തീവ്രവാദമെന്ന് മുദ്രകുത്തുന്നത് ഒരു ശൈലിയായി മാറിയിരിക്കുകയാണ്. സി.പി.എമ്മിന്റെ ഈ നിലപാട് ആക്ഷേപാർഹമാണ്. കൊല്ലപ്പെട്ട ഷുക്കൂർ അക്രമിയാണെന്ന പ്രചാരണമാണ് ഇപ്പോം നടത്തുന്നത്. ജയരാജനെയും കൂട്ടാളികളെയും തടയാൻ ശ്രമിക്കുന്നതെന്നവിധത്തിൽ പ്രചരിപ്പിക്കപ്പെട്ട ഫോട്ടോയിലെ യുവാവിന് മരിച്ച അബ്ദുൽഷുക്കൂറുമായി ഒരു സാദൃശ്യവുമില്ല. എന്നാൽ ഈ യുവാവ് ഷുക്കൂറാണെന്ന് സി.പി.എം. ജില്ലാസെക്രട്ടറി പറയുന്നത് ഒരുകുടുംബത്തെ പൊതുജനമധ്യത്തിൽ അവഹേളിക്കലാണ് -അദ്ദേഹം പറഞ്ഞു.

ശക്തമായ ആസൂത്രണം ഈ കൊലപാതകത്തിന് പിന്നിലുണ്ട്. മൊബൈൽ ഫോണിൽ അയച്ച ഫോട്ടോയിലൂടെ ആളെ ഉറപ്പാക്കിയാണ് കൃത്യം നിർവഹിച്ചത്. ആസൂത്രണത്തിനുപിന്നിൽ പി.ജയരാജനാണെന്ന് അദ്ദേഹത്തിന്റെ പിറ്റേദിവസത്തെ പ്രസ്താവനകളിൽനിന്ന് വ്യക്തമാണെന്ന് പത്രസമ്മേളനത്തിൽ പങ്കെടുത്ത കെ.എം.ഷാജി എം.എൽ.എ. പറഞ്ഞു.

ജനറൽ സെക്രട്ടറി ബി.പി.ഫാറൂഖ്, എം.പി.മുഹമ്മദലി, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, മഹമൂദ് അള്ളാംകുളം എന്നിവരും പങ്കെടുത്തു.

■ പദ്ധതിയുടെ കാലാവധി നീട്ടാൻ ശ്രമം ■ കേരളം പിഴ ഒടുക്കിയത് 26 കോടി

എ.ഡി.ബി. വായ്പ: നഗരവികസനത്തിന് ചെലവിട്ടത് 30 ശതമാനം മാത്രം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എ.ഡി.ബി. വായ്പകൊണ്ട് നടപ്പാക്കുന്ന സുസ്ഥിരനഗരവികസന പദ്ധതിയിൽ ഇതുവരെ ചെലവിട്ടത് ഏതാണ്ട് 30 ശതമാനം തുകമാത്രം. 1400 കോടിയിൽ 320 കോടിയോളം മാത്രമാണ് ചെലവഴിക്കാനായത്. അഞ്ചുവർഷത്തെ പദ്ധതി ജൂണിൽ അവസാനിക്കും. ചെലവിടാത്ത തുക പാഴാകുമെന്നതിനാൽ പദ്ധതിയുടെ കാലാവധി മൂന്നുവർഷം കൂടി നീട്ടാൻ കേന്ദ്രസർക്കാരിനോട് കേരളം അഭ്യർഥിക്കും.

എ.ഡി.ബി.യുമായുള്ള കരാർ പ്രകാരം സമയത്തിന് പണം ചെലവിടാത്തതിന് പിഴയായി സംസ്ഥാനം ഇതുവരെ 26 കോടി അടയ്ക്കുകയും ചെയ്തു.

നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പദ്ധതി തുടങ്ങിയത്. എ.ഡി.ബി.യിൽ നിന്ന് എൽ.ഡി.എഫ്. സർക്കാർ വായ്പയെടുത്തതും വിവാദമായിരുന്നു. മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദന്റെ എതിർപ്പ് മറികടന്ന് സി.പി.എമ്മിലെ ഔദ്യോഗിക വിഭാഗത്തിന്റെ താത്പര്യ പ്രകാരമാണ് വായ്പയെടുത്തത്.

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലെ അടിസ്ഥാനസൗകര്യ വികസനമായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ കേന്ദ്രങ്ങം നിർമിക്കാനും ഇതിൽ പദ്ധതിയുണ്ടായിരുന്നു.

ഡിസംബർ 31 ന് മുമ്പ് പദ്ധതികളെല്ലാം ടെൻഡർ ചെയ്തെങ്കിലും ഇതുവരെ കരാർ നൽകിയിട്ടില്ല. സ്വീവറേജ് പദ്ധതികംക്കും മറ്റും കേരളത്തിൽ തുക കൂടുതലായതിനാൽ ടെൻഡർ തുക അധികരിച്ചു. എന്നാൽ ഇതംഗീകരിക്കാൻ ഇതുസംബന്ധിച്ച ഉന്നതാധികാര സമിതി തയ്യാറായില്ല. ധനവകുപ്പും ഇതുവരെ തീരുമാനമെടുത്തില്ല. കൺസംട്ടൻറുമാരുടെ പ്രവർത്തനവും തൃപ്തികരമല്ല. തുക ചെലവഴിക്കാനാവാത്തതിന്റെ സാഹചര്യങ്ങം ഇതൊക്കെയാണെന്ന് കെ.എസ്. യു.സി.പി. അധികൃതർ വിശദീകരിക്കുന്നു.

പദ്ധതിയുടെ കാലാവധി നീട്ടാൻ കേന്ദ്രസർക്കാരും എ.ഡി.ബി.യും സമ്മതിച്ചില്ലെങ്കിൽ ശേഷിക്കുന്ന വായ്പാത്തുക പാഴാവും.

പൊന്നാനി - കോഴിക്കോട് തീരദേശപാതയ്ക്ക് നടപടിയായി

തിരൂർ: പൊന്നാനി ഈശ്വരമംഗലത്ത് നിന്നാരംഭിച്ച് കോഴിക്കോട് ഫ്രാൻസിസ് റോഡിൽ സമാപിക്കുന്ന തീരദേശ ടിപ്പുസുൽത്താൻ റോഡ് നിർമാണത്തിന് നടപടിയായതായി ഇ.ടി. മുഹമ്മദ് ബഷീർ എം.പി അറിയിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ തീരദേശങ്ങളുടെ സമഗ്രവികസനത്തിന് ഉതകുന്നതാണ്1420 കോടിരൂപ ചെലവുവരുന്ന ടിപ്പു സുൽത്താൻ റോഡ് നവീകരണമെന്ന് അദ്ദേഹം പറഞ്ഞു. തിരൂർ തുഞ്ചൻപറമ്പിൽ നടന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിനുശേഷം മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു എം.പി.

പദ്ധതിയുടെ ആദ്യഘട്ടം കൂട്ടായി ആശാൻപടിയിൽ നിന്നാരംഭിച്ച് താനൂർ ചീരാൻകടപ്പുറത്ത് സമാപിക്കും. 9.4 കിലോമീറ്ററാണ് ദൂരം. ഇതിന് രണ്ടാംഘട്ടം ഈശ്വരമംഗലത്ത് നിന്നാരംഭിച്ച് ആശാൻപടിയിൽ ബന്ധിപ്പിക്കും. മൂന്നാംഘട്ടം പൂരപ്പുഴയിൽ നിന്ന് തുടങ്ങി മുല്ലബസാറിലും നാലാംഘട്ടം താനൂർ സൗത്തിൽ തുടങ്ങി കടലുണ്ടിയിലും സമാപിക്കും. അഞ്ചാംഘട്ടത്തോടെ കോഴിക്കോട് ഫ്രാൻസിസ് റോഡിലെത്തിച്ചേരും.

നിലവിലെ ഘടനയനുസരിച്ചാണ് രണ്ടുവരിയായി പാത നിർമിക്കുന്നത്. ഇതിനാൽ വൈകാതെ നിർമാണമാരംഭിക്കുമെന്നാണ് പ്രതീക്ഷ. യോഗത്തിൽ സി. മമ്മൂട്ടി എം.എൽഎ, അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡൻറ് സുഹറ മമ്പാട്, റോഡ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ എം.സി. മുഹമ്മദ് അനീഷ് എന്നിവർ പങ്കെടുത്തു.

മന്നത്ത് പദ്മനാഭന്റെ 42-ാം ചരമവാർഷികദിനത്തിൽ പെരുന്ന മന്നം സമാധിമണ്ഡപത്തിൽ എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു

പശ്ചിമ ബംഗാളിൽ നേരിയ ഭൂചലനം

കൊൽക്കത്ത: പശ്ചിമബംഗാളിലെ സിലിഗുഡിയിലും പരിസരപ്രദേശങ്ങളിലും ശനിയാഴ്ച ഉച്ചയ്ക്ക് റിക്ടർ സ്കെയിലിൽ 3.8രേഖപ്പെടുത്തിയ ഭൂചലനമുണ്ടായി. ആളപായമുള്ളതായി റിപ്പോർട്ടില്ല.

ജൽപായ്ഗുഡി ജില്ലയിലും ഭൂചലനം അനുഭവപ്പെട്ടു.

മന്നംസ്മരണയിൽ സമാധിദിനം ആചരിച്ചു

ചങ്ങനാശ്ശേരി: സമുദായാചാര്യൻ മന്നത്ത് പദ്മനാഭന്റെ 42-ാമത് സമാധിദിനം ആചരിച്ചു.

പെരുന്നയിലെ മന്നം സമാധിമണ്ഡപത്തിൽ രാവിലെ ആറുമുതൽ ചടങ്ങുകം തുടങ്ങി. രാഷ്ട്രീയ, ഭരണമേഖലകളിലെ പ്രമുഖർക്കൊപ്പം നാടിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള സമുദായാംഗങ്ങളും ആചാര്യന് പ്രണാമമർപ്പിക്കാനെത്തി. 42 വർഷം മുമ്പ് സമുദായാചാര്യൻ അന്ത്യശ്വാസം വലിച്ച 11.45 വരെ ഭക്തിഗാനാലാപനവും പുഷ്പാർച്ചനയും ഉപവാസവും സമൂഹപ്രാർത്ഥനയും തുടർന്നു.

എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ ചടങ്ങുകംക്ക് നേതൃത്വം നൽകി. ട്രഷറർ പി.എൻ.നരേന്ദ്രനാഥൻ നായർ, കരയോഗം രജിസ്ട്രാർ കെ.എൻ.വിശ്വനാഥൻ പിള്ള, ഡയറക്ടർ ബോർഡംഗങ്ങം, താലൂക്ക് യൂണിയൻ ഭാരവാഹികം തുടങ്ങിയവരും എത്തിയിരുന്നു. വിവിധ കരയോഗങ്ങളിൽനിന്ന് എത്തിയ സമുദായാംഗങ്ങം മന്നം സമാധിയിൽ പുഷ്പാർച്ചന നടത്തി. സംഘടന രൂപവത്കരിച്ചപ്പോം സമുദായാചാര്യനും സഹപ്രവർത്തകരും എടുത്ത പ്രതിജ്ഞ പുതുക്കി. ജനറൽ സെക്രട്ടറി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 11.45ന് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ സമാധിയിൽ കർപ്പൂരം ഉഴിഞ്ഞതോടെ ചടങ്ങുകം സമാപിച്ചു.

റവന്യുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജലവിഭവമന്ത്രി പി.ജെ.ജോസഫ്, എം.പി.മാരായ കൊടിക്കുന്നിൽ സുരേഷ്, എൻ. പീതാംബരക്കുറുപ്പ്, എം.എൽ.എ.മാരായ സി.എഫ്.തോമസ്, പ്രൊഫ. എൻ. ജയരാജ് തുടങ്ങിയവർ പുഷ്പാർച്ചന നടത്തി.

ബാങ്ക് കവർച്ചക്കാരെ വെടിവെച്ചുകൊന്ന സംഭവം: അന്വേഷണം സി.ബി.സി.ഐ.ഡി.ക്ക്

ചെന്നൈ: ബാങ്ക് കവർച്ചക്കാർ പോലീസ് എറ്റുമുട്ടലിൽ കൊല്ലപ്പെട്ട സംഭവത്തിൽ ദുരൂഹത നിലനിൽക്കേ കേസന്വേഷണം സി.ബി.സി.ഐ.ഡി.ക്ക് മാറ്റിക്കൊണ്ട് ഡി.ജി.പി. രാമാനുജം ഉത്തരവിട്ടു. ബാങ്ക് കവർച്ചക്കാർ കൊല്ലപ്പെട്ട സംഭവത്തിൽ ഒട്ടേറെ ആരോപണങ്ങം ഉയർന്ന സാഹചര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഡി.ജി.പി.യിൽ നിന്ന് വിശദീകരണം ചോദിച്ചതിന് തൊട്ടുപിന്നാലെയാണ് അന്വേഷണം സി.ബി.സി.ഐ.ഡി.ക്ക് മാറ്റിയത്. സി.ബി.സി.ഐ.ഡി.കേസന്വേഷണത്തിന്റെ ചുമതല തിങ്കളാഴ്ച എറ്റെടുക്കും. സി.ബി.ഐ.യ്ക്ക് കേസന്വേഷണം മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പൊതുതാത്പര്യ ഹർജി തിങ്കളാഴ്ച കോടതിയുടെ പരിഗണനയ്ക്ക് വരും. അതേസമയം, വെടിവെപ്പിൽ കൊല്ലപ്പെട്ട അഞ്ചുപേരിൽ വിനോദ് കുമാറിനെ ബന്ധുക്കം തിരിച്ചറിഞ്ഞു. ബിഹാറിൽ നിന്ന് ചെന്നൈയിലെത്തിയ ബന്ധുക്കം ആദ്യം ചെന്നൈയിൽ സിറ്റിപോലീസ് കമ്മീഷണർ ജെ.കെ. ത്രിപാഠിയെ കണ്ടശേഷം മൃതദേഹം സൂക്ഷിച്ച രാജീവ്ഗാന്ധി ജനറൽ ആസ്പത്രിയിലേക്ക് പോയി വിനോദിനെ തിരിച്ചറിയുകയായിരുന്നു. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കംക്ക് വിട്ടുകൊടുത്തു.

വിനോദ്കുമാറിന്റെ യഥാർഥ പേർ സുജയ്കുമാർ എന്നാണെന്നും ഇടതുകൈയിലെ രണ്ടുവിരൽ വർഷങ്ങംക്ക് മുമ്പ് നടന്ന സ്പോടനത്തിൽ നഷ്ടപ്പെട്ടതണെന്നും ബന്ധുക്കം പോലീസിനോട് പറഞ്ഞു.

മദനിയുടെ വിടുതൽ ഹർജി തള്ളി

ബാംഗ്ലൂർ: ബാംഗ്ലൂർ സ്ഫോടനക്കേസിൽ പ്രതി സ്ഥാനത്തുനിന്നൊഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പി.ഡി.പി. ചെയർമാൻ അബ്ദുന്നാസർ മദനി സമർപ്പിച്ച വിടുതൽ ഹർജി ബാംഗ്ലൂർ ഒന്നാം ക്ലാസ് ചീഫ് മെട്രോപോളിറ്റൻ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി തള്ളി.

വിചാരണ നടപടികം തുടങ്ങുന്നതിനെറ ഭാഗമായി പ്രതികളെ കുറ്റപത്രം വായിച്ചു കേംപ്പിക്കുന്ന നടപടി തിങ്കളാഴ്ച നടക്കുമെന്നു വിധി പ്രസ്താവിച്ചുകൊണ്ടു ജഡ്ജി എച്ച്.എൽ. ശ്രീനിവാസ പറഞ്ഞു. 31-ാം പ്രതിയായ മദനി ഉംപ്പെടെ ഒൻപതു പ്രതികളാണ് വിടുതൽ ഹർജികം സമർപ്പിച്ചത്.

വിവാദങ്ങളുടെ കെണിയിൽ പെടില്ല; വികസനവുമായി മുന്നോട്ട് പോകും -ഉമ്മൻചാണ്ടി

കൊച്ചി: വിവാദങ്ങം ഉണ്ടാക്കാനുള്ള കെണിയിൽ താൻ വീഴില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. കേരളത്തിലെ ജനങ്ങംക്ക് വേണ്ടത് റിസൽട്ടാണ്. അതുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അനാവശ്യ വിവാദങ്ങം ഉണ്ടാക്കി സമയം നഷ്ടമാകാൻ ഇനി ഇടവരുത്തില്ല. കഴിഞ്ഞകാലത്ത് ഉണ്ടായ വികസന നഷ്ടങ്ങം നികത്തി മുന്നോട്ട് പോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന് സാധാരണ വേഗം പോര -ഉമ്മൻചാണ്ടി പറഞ്ഞു. എറണാകുളം പ്രസ് ക്ലബ്ബിൽ മീറ്റ് ദ പ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാർട്ടിയിലെയോ മുന്നണിയിലെയോ അഭിപ്രായ വ്യത്യാസം ഒരിക്കലും ജനങ്ങളെ ബാധിക്കാൻ അനുവദിക്കില്ല. വികസനത്തെ ബാധിക്കുന്ന കാര്യങ്ങളിൽ ഒരുദിവസം പോലും നഷ്ടപ്പെടരുതെന്ന് സർക്കാരിന് വാശിയുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ 10 വർഷം കഴിഞ്ഞ 'എം' പാനലുകാരെ സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചപ്പോം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്യാൻ തീരുമാനിച്ച കാര്യം ഒരു ഘടകകക്ഷിയുടെ എതിർപ്പുമൂലം നടക്കാതെ പോയെന്നാണ് അന്ന് മന്ത്രിയായിരുന്ന മാത്യു ടി. തോമസ് പറഞ്ഞത്. സ്റ്റാമ്പ് ഡ്യൂട്ടി തർക്കത്തിൽ സ്റ്റാർട്ട് സിറ്റി രണ്ടുവർഷം വൈകി. തർക്കങ്ങം ഉണ്ടായിരുന്നെങ്കിലും പദ്ധതി നടക്കട്ടെ എന്ന നിലപാടാണ് യു. ഡി.എഫ്. സ്വീകരിച്ചത്. ഒമ്പത് മാസം കൊണ്ട് അത്ഭുതം കാട്ടിയെന്ന് പറയുന്നില്ല. എന്നാൽ, പറഞ്ഞ കാര്യങ്ങം നടപ്പാക്കാൻ ആത്മാർത്ഥത കാട്ടി.

കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, ഹൈ സ്പീഡ് ടെയിൻ, തിരുവനന്തപുര, കോഴിക്കോട് മോണോ റെയിൽ തുടങ്ങിവികസന കാര്യങ്ങളുമായി മുന്നോട്ട് പോകുകയാണ്. കേന്ദ്ര സർക്കാരിൽ നിന്ന് നല്ല പിന്തുണയാണ് ലഭിക്കുന്നത്. ഇതിനൊക്കെ ശക്തിപകരുന്ന ജനവിധി പിറവത്തു നിന്ന് ഉണ്ടാകുമെന്ന കാര്യത്തിൽ ആത്മവിശ്വാസം ഉണ്ട്.

'കേരം തിങ്ങും കേരളനാട്ടിൽ കെ. ആർ. ഗൗരി ഭരിക്കും' എന്ന് മുദ്രാവാക്യം വിളിച്ച് തിരഞ്ഞെടുപ്പിനെ നേരിട്ടിട്ടുള്ളവർ ഇപ്പോം അനൂപ് ജേക്കബിനെ മന്ത്രിയാക്കുമെന്ന് പറഞ്ഞതിനെതിരെ രംഗത്ത് വന്നിരിക്കുകയാണ്. മറ്റൊന്നും പറയാനില്ലാത്തതിനാലാണ് പിണറായി ഇത് പറയുന്നത് -ഉമ്മൻചാണ്ടി പറഞ്ഞു. സഭാ തർക്കത്തിൽ രണ്ട് വിഭാഗങ്ങളുമായി സബ് കമ്മിറ്റി ചർച്ച ചെയ്യുവരികയാണെന്ന് ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്

mathrubhumi Classifieds

Announcement

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്

അവരവരുടെ സ്ഥലത്ത് കുഴികുത്തി നീക്കം ചെയ്തുകൊടുക്കുന്നു. 9544251619, 9656046379.

വൃക്ക ആവശ്യമുണ്ട്

B അല്ലെങ്കിൽ O ഗ്രൂപ്പിൽപ്പെട്ട വൃക്ക ആവശ്യമുണ്ട്. ബന്ധപ്പെടുക. 9961039368

കോൺക്രീറ്റ് ബ്ലെയ്ഡ് കട്ടിംഗ്

വീടുകളുടെ കട്ടിംഗ്, ഡിമോഷിംഗ് ഉടൻ ചെയ്യുന്നു. Power 9747148080.

സെപ്റ്റിക്ക്ടാങ്ക് ക്ലീനിംഗ് ഹാപ്പി 9539255307

കുറഞ്ഞ ചിലവിൽ പരിപൂർണ്ണ വൃത്തിയോടെ ആധുനിക രീതിയിലും അതിവേഗത്തിലും പകൽ സമയത്തും വൃത്തിയാക്കുന്നു.

Accommodation

Riverdale Retirement Resort Home for seniors. ISO certified. Safe & comfortable. Kandanad. (0484)2792510, 2791507

ഹോം നഴ്സിങ്

വീട്ടുജോലി, രോഗി/ പ്രസവശുശ്രൂഷ. ജോലിക്കും ജോലിക്കാരെ ആവശ്യമുള്ളവർക്കും അമ്മ ഇടപ്പള്ളി, എറണാകുളം. 9349440777

Automotive

ജീപ്പ്വില്പനയ്ക്ക്

CJ 5000 മഹീന്ദ്ര& മഹീന്ദ്ര, വുഡ് ഓപ്പൺ ടൈപ്പ്, 4x4 (ഫോർവീൽ ഡ്രൈവ്) മിലിട്ടറിഗ്രീൻ കളർ, ഓപ്പലാസ്റ്റർ കാറിന്റെ സീറ്റുകവം, ഫുൾ കണ്ടീഷൻ, ഓംട്ടറേഷൻ ചെയ്തത്. 9447439456.

വില്പനയ്ക്ക്

ടിപ്പറുകൾ വിൽപനയ്ക്ക്

TATA 1613 (മൂന്ന് എണ്ണം) 2010 മോഡൽ, TATA 2516 (രണ്ട്), 2011 മോഡൽ. 9447326221.

Attestation

Attestation of Indian/ UK/ USA Certificates, Educational, Marriage etc, Contact: Index Group TVM: 0471- 2302050/ 51, Thrissur: 0487- 2388811/ 2388422, Kottayam: 0481-2302441/ 42, Ernakulam: 0484-2398728, 2398729, Mumbai: 022- 25283472, Chennai: 044- 64582600, Dubai: 043550888.

Books & Periodicals

സൗജന്യം

ഇസ്ലാം എന്തെന്നറിയാൻ താല്പര്യമുള്ള സഹോദരി സഹോദരങ്ങൾക്ക് സൗജന്യ പഠനത്തിനുള്ള അവസരം ബന്ധപ്പെടുക: കിം, പി. ബി. നമ്പർ-48, കോഴിക്കോട്- 673001, ഫോൺ: 0495-2725957, 9497458645 Website: www.islammalayalam.net/.org/.com

Business

നിങ്ങളുടെ യോഗ്യത പ്രശ്നമല്ല. കറൻസി ട്രെയ്ഡിങ്ങിന്റെ തീവ്ര പരിശീലനത്തിലൂടെ നിങ്ങാം സമ്പന്നനാകാം. Call: 9745664999.

എറണാകുളം ജില്ലയിൽ പെരുമ്പാവൂരിൽ വീടുകം നിർമ്മിച്ചു വിൽക്കുന്നതിന് പങ്കാളികളെ ആവശ്യമുണ്ട്. 09895203599

ബിസിനസ്സ് ഓഫർ

പ്രശസ്ത Aero Grip PU Footwearന്റെ Stockists/ C & F ആയി പ്രവർത്തിക്കുവാൻ താല്പര്യമുള്ള സാമ്പത്തിക ഭദ്രതയുള്ളവർ ബന്ധപ്പെടുക. 919846734488 / 9562655819. Email: najwaimpex2000@yahoo.co.in www.aerogrip.in

മുതൽ മുടക്കില്ലാതെ Online

Virtual Trading-ൽ പരിശീലനം നേടിയ ശേഷം ഓഫ്ഷൻ ടേഡിംഗിലൂടെ വീട്ടിലിരുന്ന് പ്രതിദിനം 500- 2500 രൂപ വരെ സമ്പാദിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങാംക്ക്. Realsense, Ernakulam: 9142227173/ 74, Kottayam: 9846826555, Trichur- 9388128149, Muvattupuzha- 9447303083. Malappuram: 9539587343. Palakkad: 9746388906.

ഫ്രാഞ്ചൈസി ക്ഷണിക്കുന്നു

സിനിമാ നിർമ്മാണ കമ്പനിയായ കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മിറാക്കിം മ്യൂസിക്സ് മീഡിയാസ് ജില്ലാടിസ്ഥാനത്തിൽ ഫ്രാഞ്ചൈസികം ക്ഷണിക്കുന്നു. Mather Square, North Ekm. 0484-4025994, 4025995, 9567675673. www.miraclemusics.com

Attention Share Traders

സാങ്കേതിക സഹായത്തോടെ ബ്രോക്കറേജ് ഇല്ലാതെ ഷെയർ കമ്മോഡിറ്റി ഫോറക്സ് ട്രേഡിംഗ് എളുപ്പവും ലാഭകരവുമാക്കാൻ. 9072443287, 0484-6051786.

LOST

I, Harikrishnan Nair. G, Resident of D4-806 BDA flats, Austin Town, Bangalore-560047 hereby inviting to the notice of the public that my original Engineering Mark Lists of University of Calicut, as per the following details have been irrecoverable lost during travel.

Semester	Year	Reg. No.
1. 1st Year	June 1997	588
2. 1st Year	June 1998	2607
3. 3rd Semester	Jan. 1998	2317
4. 3rd Semester	June 1998	6401
5. 4th Semester	June 1998	1048
6. 5th Semester	Dec. 1998	10856
7. 5th Semester	June 1999	786
8. 6th Semester	Jan. 1998	31754
9. 6th Semester	June 1999	7703
10. 7th Semester	June 1999	2219
11. 8th & Combined	June 2000	3017
12. 4th Semester	June 2000	2839
13. 3rd Semester	June 2000	629
14. 4th Semester	June 1999	6987
15. 1st Year	Jan. 1999	6528

16. Certificate No. 3567

I intend to apply for the duplicate mark lists. If anybody happens to get the above mentioned originals, may kindly send the same to the above address or inform the undersigned on Phone No. 9449636903 or the University of Calicut.

വിതരണക്കാർ

വിതരണക്കാരെ ആവശ്യമുണ്ട്

ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ISO Certified സിലിങ്ഫാൻ നിർമ്മാണ കമ്പനിയ്ക്ക്, കമ്പനിയുടെ ബ്രാൻഡിലോ/ നിങ്ങളാവശ്യപ്പെടുന്ന ബ്രാൻഡിലോ വിതരണക്കാരെ ആവശ്യമുണ്ട്. 9446800577.

കുന്തിരിക്കം തിരി

കുന്തിരിക്കം തിരി, പുൽതൈലം തിരി 100% Natural. Mob: 9747544294.

സാമ്പത്തികം

ബാങ്ക്സ്വർണ്ണം

കമ്മീഷനില്ലാതെ സ്വർണ്ണാഭരണങ്ങം ഉയർന്ന വിലക്ക് തിരിച്ചെടുക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്. ഗുരുകൃപ ജ്വല്ലറി 9895294526, 9447462860.

പണയസ്വർണ്ണം

പണയസ്വർണ്ണം എടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകം. S.K ജ്വല്ലറി. 9895174987, 9847970148.

പണയസ്വർണ്ണം

ഉയർന്ന വിലയ്ക്ക് എടുക്കുന്നു. ചിന്നമ്മാം ജൂല്ലേഴ്സ്, 9961447788, 9744497788.

സാമ്പത്തികം

14 വർഷമായി നല്ല നിലയിൽ നടക്കുന്ന ബിസിനസ്സ് സ്ഥാപനത്തിന്റെ വിപുലീകരണത്തിന് ഫൈനാൻസ് ചെയ്യുവാൻ താൽപ്പര്യമുള്ളവർ ബന്ധപ്പെടുക. NRI റിട്ടേൺസിന് മുൻഗണന. കമാലുദ്ദീൻ. 9447531044, 04884261160.

DTP

മായാ പ്രിന്റേഴ്സ്, എറണാകുളം

ഹൈഡൽബർഗ് ടെക്നോളജി ഉപയോഗിച്ച് പ്രിൻറിംഗ്/ ബൈൻറിംഗ് മിതമായ നിരക്കിൽ ചെയ്തു കൊടുക്കപ്പെടും. 9249870833, 9249540300. mayaprinters@gmail.com

Education

IT Job- രണ്ടാഴ്ചത്തെ കോഴ്സുകൾ CCTV/ Computer/ Biometrix

Thinclient, (ഹാർഡ്വെയർ, നെറ്റ്വർക്കിംഗ്, സർവീസിംഗ്, ഇൻസ്റ്റാലേഷൻ). 9496852094

JCB, ക്രയിൻ, ഫിറ്റാച്ചി

ബോബ്ക്യാറ്റ്, ഷൗവ്വൽ, ഡോസർ

വൈബ്രേറ്റിംഗ് കോംപാക്ടർ, റോളർ

ഫോർക്ക്ലിഫ്റ്റ്, പൊക്കളീൻ, ലോഡർ

അത്യാധുനിക മിഷനറി ശ്രേണികം നേരിട്ടുകണ്ട് അഡ്മിഷൻ ഉറപ്പാക്കൂ. പ്രൊജക്ടർ തിയറി ക്ലാസ് റൂം. മിതമായ ഫീസ്, ലളിതമായ പഠനം. പഠന ശേഷം അന്താരാഷ്ടാംഗീകാര സർട്ടിഫിക്കറ്റും R.T.O. ലൈസൻസും. ഹോസ്റ്റൽ, കാൻറീൻ, ഹെൽത്ത് ക്ലബ് സൗകര്യം. ശ്രീകൃഷ്ണാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെവി എക്യൂപ്മെൻറ്സ്, അങ്കമാലി. 9539073779, 9387333779, 9562433779. www.sreekrishnagroup.com

മർച്ചൻറ് നേവിയിൽ ജോലി നേടാൻ

വിദേശത്തും ഇൻഡ്യയിലും ഷിപ്പിലും ഷിപ്പ്യാർഡിലും 100% ജോലി സാധ്യതയുള്ള Govt. of India, Ministry of Shipping അംഗീകാരമുള്ള, Pre-Sea Training Courses (with Indian C D S) G.P. Rating. Qualification SSLC pass (40% marks) Maritime Catering: +2 any group. ചേരാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക: Cosmopolitan Technology of Maritime, 227, Linghi Chetty Street, Parrys, Chennai-1. Ph: 044-30423150, 044-25227752, Only Limited seats available. Placement guaranteed for successful candidates.

Employment

HPL-ൽ 36 ഒഴിവുകൾ

SSLC, +2, Degree യോഗ്യരായവരെ Hitech Power Linksൽ Office, Administrative Departmentലേക്ക് താലൂക്കടിസ്ഥാനത്തിൽ ഉടൻ നിയമിക്കുന്നു. ശമ്പളം: 9000- 12,500. 9061079499.

സ്ക്കൂളുകൾക്ക് അദ്ധ്യാപകർ

കേരളത്തിനുപുറത്ത് കുറഞ്ഞ യോഗ്യത ഡിഗ്രി. Starwings, Thamarassery. 9562587685, 9747919027.

മാസം 15000/-

Office staff, Gents& ladies, SSLC/ +2 food, accomodation available. Thara: 9744998387, 9539404143, 0487-2444611.

WANTED

Teachers (Male) & Office Staff for +2 Coaching Centre
near Medical College.
Subjects: Physics, Chemistry, Maths, Biology
Contact:
9895270482, 9745176447

അറിയിപ്പ്

കോഴിക്കോട് താലൂക്ക് വളയനാട് അംശദേശത്ത് പള്ളിക്കണ്ടി കിഴക്കേ ഊഴപറമ്പിൽ താമസിക്കും കരുണാകരൻ എന്നവരുടെ മകം ചമ്പയിൽ മിനി ചാലപ്പുറം സബ് രജിസ്ട്രാഫീസിൽ 1993-ലെ 645-ാം ആധാരപ്രകാരം സർവേ 206/1Bൽ റിസ 24.2.16ൽ പ്പെട്ടതായ 10.05 സെൻറ് സ്ഥലത്തിന്റെ ആധാരം ആഴ്ചവട്ടം വഴി കോഴിക്കോട്ടേക്ക് പോകുന്ന യാത്രക്കിടക്ക് എന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ആയതിനാൽ മേൽ നമ്പർ ആധാരം ഉപയോഗിച്ച് ആരെങ്കിലും വല്ല കൃത്രിമ രേഖകളും ഉണ്ടാക്കിയാൽ ആയതിന് ഞാനോ എനിക്കുള്ളതായ സ്വത്തുക്കളോ ഉത്തരവാദി അല്ലെന്നും ഞാൻ അറിയിക്കുന്നു.

എന്ന് ചമ്പയിൽ മിനി (ഒപ്പ്)

◆ എക്സിക്കുട്ടൻ ◆

പിറവം: മന്ത്രിയാക്കുമെന്ന പ്രസ്താവന ചട്ടലംഘനം -പിണറായി

മേൽശാന്തി/ കീഴ്ശാന്തി കഴകം/ വാദ്യസംഘം

രണ്ടാം ശബരിമല എന്നറിയപ്പെടുന്ന ബാംഗ്ലൂർ ജാലഹള്ളി ശ്രീ അയ്യപ്പ ക്ഷേത്രത്തിലേക്ക് മേൽശാന്തിയായി മലയാളി ബ്രാഹ്മണനെ ആവശ്യമുണ്ട്. പാരമ്പര്യമായിട്ട് താന്ത്രിക വിദ്യകളിലും, പൂജാ വിധികളിലും പ്രാവീണ്യം, മഹാക്ഷേത്രത്തിൽ പൂജചെയ്ത പരിചയം, ഇംഗ്ലീഷ് പരിജ്ഞാനം പ്രായപരിധി 40നും 55നും മധ്യേയുള്ള യോഗ്യരായവരെ ശബരിമല തന്ത്രി ഇൻറർവ്യൂ നടത്തി ഭഗവാന്റെ തിരുനടയിൽ നിന്നും ഒരാളെ നറുക്കിട്ട് തീരുമാനിക്കും. മേൽപ്പറഞ്ഞ മാനദണ്ഡങ്ങം അനുസരിച്ച് കീഴ്ശാന്തിയെയും ആവശ്യമുണ്ട്. കഴകത്തിന് യോഗ്യരായ വാര്യന്മാരിൽ/ നമ്പിശൻമാരിൽ നിന്നും അപേക്ഷകം ക്ഷണിക്കുന്നു. 2012 ജൂലായ്1 മുതൽ ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിത്യ പൂജ അകമ്പടിക്ക് അഷ്ടപദി ഉംപ്പെടെ വിദഗ്ധരായ 5 പേരടങ്ങുന്ന വാദ്യ സംഘത്തിൽ നിന്ന് ചുരുങ്ങിയ പ്രതിഫലം സൂചിപ്പിക്കുന്ന അപേക്ഷകം 2012 മാർച്ച് 31നകം അയയ്ക്കുക. സെക്രട്ടറി, ജാലഹള്ളി ശ്രീ അയ്യപ്പൻ ടെമ്പിം ട്രസ്റ്റ്, ജാലഹള്ളി വെസ്റ്റ്, ബാംഗ്ലൂർ- 560015. ഫോൺ 08028394222 ഭക്ഷണം താമസം സൗജന്യം.

Situation Vacant

Wanted Immediately

63 Admin./ Trainee Managers for India Today Group DSD. Qualification: +2/ Diploma/ ITI/ any Degree. Pass/ Fail. Starting salary: Rs. 6,000 to Rs. 15,000+ Bonus. Free accommodation. Walk in @ Vijasree, 1st Floor, Ravipuram, MG Road, Cochin. 0484-4058552, 9946493422. TVM: 0471-4067060

ജോലി ഒഴിവ്

18നും, 25നും ഇടയിലുള്ള (SSLC) യുവാക്കളെ Lift വർക്കിന് ആവശ്യമുണ്ട്. Cont: 9846120087.

മാസം 12,000

Office staff, Boys & Girls, SSLC, +2 താലൂക്ക് അടിസ്ഥാനത്തിൽ നിയമനം. 9747699286, 9048264414.

പുതുമുഖങ്ങളെ ആവശ്യമുണ്ട്

Raj Productions-ന്റെ ബാനറിൽ അജ്മൽ നിർമ്മിച്ച് K.K ഹരിദാസ് സംവിധാനം ചെയ്യുന്ന മെഗാപമ്പരയിലേയ്ക്ക് അഭിനയിക്കാൻ താൽപ്പര്യമുള്ള പുതുമുഖ നടീനടൻമാരെ ആവശ്യമുണ്ട്. Contact: 8893925076, 9048071960, 0484-3199335. 4th Floor, Esplanade Building, Convent Jn., Cochin- 11.

സെക്യൂരിറ്റി ഗാർഡ്സ്

ശമ്പളം 6000- 8500/- മറ്റാനുകൂല്യങ്ങളും. എറണാകുളം, ബ്രൈറ്റ്. 9895758553, 9349172375.

Wanted Pharmacist (D-Pharm)

Wanted for Hospital Pharmacy. Apply to: Director Lourde Hospital, Taliparamba, Kannur.

ആവശ്യമുണ്ട്

നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് സൈറ്റ്സൂപ്പർവൈസറെ ആവശ്യമുണ്ട്. യോഗ്യത: സിവിൽ+ മുൻപരിചയം. 9846538858.

പ്രമുഖ വ്യവസായ സ്ഥാപനത്തിൽ ലേഡീ മെഷിൻ ഹെൽപ്പേഴ്സിനെ ആവശ്യമുണ്ട്. Ashy Plastics, Westhill, Calicut. 9895079401, 0495-2381603.

ഫർണീച്ചർ കമ്പനിയിൽ ജോലി ചെയ്ത് പരിചയമുള്ള മാനേജറെ ആവശ്യമുണ്ട്. Contact: 9387888844.

എറണാകുളത്തെ ഒരു ഫൈവ് സ്റ്റാർ ഹോട്ടലിലേയ്ക്ക് സെക്യൂരിറ്റി ഗാർഡുകളെ ആവശ്യമുണ്ട്. മികച്ച ശമ്പളവും, സൗജന്യ താമസവും ഭക്ഷണവും ESI, PF മറ്റാനുകൂല്യങ്ങളും (Over Time സൗകര്യവും). 0484-3221704, 9495430294, 98959 12661, 9562247111.

WANTED TEACHERS

KGT's,TGT's & PGT's for all subjects
Candidates with good command and fluency in English only need apply.
Manager
MAHLARA PUBLIC SCHOOL
(Senior Secondary)
Affiliated to CBSE
Parammel, P.O. Mavoor
Kozhikode-673661

വീടും സ്ഥലവും വില്പനയ്ക്ക്

കൊയിലാണ്ടി, ചേലിയയിൽ റോഡരികിൽ രണ്ടുനില RC വീടും 30½ സെൻറ് സ്ഥലവും വില്പനയ്ക്ക് ബന്ധപ്പെടുക. **9745352233, 9605522300** ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല.

ജോലി ഒഴിവ്

Instrumentation കമ്പനിയിലേക്ക് Plus 2/ Degree/ Diplomaകാരെ ആവശ്യമുണ്ട്. 09702679654.

സെയിൽസ് എക്സിക്യൂട്ടീവ് തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. Email: tripurapesticides@gmail.com. www.tripura.in 9961285990, 9744012141.

ഓഫീസ് സ്റ്റാഫ്, അക്കൗണ്ടൻറ്, ഡേറ്റാ എൻട്രി, ITI, സെയിൽസ്, ഡ്രൈവർ, ഫയർ /സേഫ്റ്റി, ആലപ്പുഴ 8606688999, കോഴിക്കോട് 9947808491, എറണാകുളം 9995008880.

മഞ്ഞപ്ര ആക്കുന്ന് നവഗ്രഹ ക്ഷേത്രത്തിലേയ്ക്ക് ശാന്തിയെ ആവശ്യമുണ്ട്. 9048106859, 0484-2692183.

അറബി കുക്കിനെ ആവശ്യമുണ്ട്, മജസ്റ്റിക് കേറ്ററിംങ് സർവ്വീസ്. 9249410234.

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഓൺലൈൻ ഇൻവെസ്റ്റിഗേറ്റീവ് & മലയാള ന്യൂസ് പോർട്ടലായ Anweshanamത്തിന് കേരളത്തിന്റെ എല്ലാ ജില്ലകളിലും മീഡിയ എക്സിക്യൂട്ടീവിനെ ആവശ്യമുണ്ട്. Contact: No. 9846067672, 9633565750.

ആവശ്യമുണ്ട്

പ്രമുഖ സ്ഥാപനത്തിന്റെ കോഴിക്കോട്, ബാംഗ്ലൂർ ഓഫീസിലേയ്ക്ക് മാനേജർ, (Male/ Female) MBA, HR Manager (Male/ Female) (MBA) Receptionist Female (Degree) Sales Girls (+2). Accountant Male/ Female (Tally with Experiance). 0495-4044443, 8606408606, 8606388606.

Sign Board Workers

എറണാകുളം ജില്ലയിലെ പ്രമുഖ അഡ്വർടൈസിംഗ് സ്ഥാപനത്തിലേക്ക് പരിചയ സമ്പന്നരായ സൈൻബോർഡ് വർക്കേഴ്സിനെ ആവശ്യമുണ്ട്. താമസ ഭക്ഷണ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. 9605005041, 9605005042.

വീട്ടുജോലിക്ക്

ഡോക്ടർ ദമ്പതികൾക്ക് കുഞ്ഞിനേയും നോക്കി അത്യാവശ്യം ജോലികം ചെയ്യുന്നതിന്, സ്ത്രീയെ, യുവതിയെ ആവശ്യമുണ്ട്. മോഹനൻ, നന്ദനം, എറണാകുളം. 09895052219, 0484-2537443.

കാർ ഡ്രൈവർമാർ

എറണാകുളത്തേയ്ക്ക് ആവശ്യമുണ്ട്. 6500/-. ഭക്ഷണം, താമസം. 90374 70960, 0484-3126421.

എറണാകുളത്ത് കൂൾ ബാറിലേക്ക്

ആളെ ആവശ്യമുണ്ട്. ഷവർമ്മ, അൽഫഹാം, ജ്യൂസ്, ഹെൽപ്പേഴ്സ് . 9895533579.

ആവശ്യമുണ്ട്

ചെങ്ങന്നൂരിന് സമീപമുള്ള സ്റ്റാർ ഹോട്ടലിലേക്ക് കുക്ക്, ഫ്രണ്ട് ഓഫീസ് സ്റ്റാഫ് ആവശ്യമുണ്ട്. ഫോൺ: 9947157993.

ശാന്തിക്കാരുടെ ശ്രദ്ധയ്ക്ക്

ശാന്തിക്കാരെ ആവശ്യമുണ്ട്. മുട്ടുശാന്തി ആവശ്യമുള്ളവരും വിളിക്കുക. PH: 0474-3224908, 9605889016.

ഇലക്ട്രീഷ്യൻ

ഇലക്ട്രീഷ്യൻ, ഇലക്ട്രീഷ്യൻ ട്രെയിനീസ് ആവശ്യമുണ്ട്. പ്രായം 35ൽ താഴെ. താമസം സൗജന്യം. 0471-2477111, 0484-3192212, 9447018631, 9349705050.

Entertainment

ക്ഷേത്ര ചരിത്രങ്ങം കുറഞ്ഞ ചിലവിൽ ദൃശ്യവൽക്കരിക്കുവാൻ ബന്ധപ്പെടുക. ശ്രീവിനായക പ്രൊഡക്ഷൻ. 9947108981

ഇടക്കൊച്ചി സലിംകുമാർ

കഥാപ്രസംഗ വേദിയിൽ സമകാലിക യാഥാർത്ഥ്യങ്ങളുടെ നേർക്കാഴ്ച. ഡെയ്ഞ്ചർ സോൺ. 9447579705.

ആലുവ മോഹൻരാജ്

കഥാപ്രസംഗ വേദിയിൽ 'അക്ഷയദീപം'. Mob: 9809449187, 9020689210.

സിനിമ

അഭിനയം, സംവിധാനം, തിരക്കഥ ക്ലാസ്സുകളും പ്രാക്ടിക്കലും സിനിമാ ഭാരത്, കലൂർ, എറണാകുളം. 9037850640.

Health Watch

ലൈംഗിക ശക്തിക്ക്

സമയക്കുറവിനും, വലിപ്പക്കുറവിനും, ബലക്കുറവിനും ഫലപ്രദമായ മരുന്നുകം എല്ലാ ജില്ലകളിലും നേരിട്ട് ലഭിക്കുന്നു. 9895788074. കീർത്തി ആയുർവേദിക്സ്, Near ബസ്സ്റ്റാൻറ്, പാലക്കാട്.

കുറഞ്ഞ നിക്ഷേപം
പ്രതിമാസം ₹.1 ലക്ഷവും* കൂടുതലും
വരുമാനം

*Conditions apply
പേപ്പർ കപ്പ് നിർമ്മാണം
മെഷിനുകം
ഗഡുവ്യവസ്ഥയിൽ ലഭിക്കുന്നു
(ഇഎംഐ) ഞങ്ങം ഉല്പന്നങ്ങം തിരിച്ചെടുക്കുകയും ചെയ്യുന്നു
SBG - 77, Vel Street, Chennai - 87.
Ph: 044 - 64601123
+ 91- 9789829052

ലൈംഗിക പ്രശ്നങ്ങളോ?

മരുന്നില്ലാതെ, സുഖപ്പെടുത്താം. ശീഘ്രസ്ഖലനം സ്പെഷ്യലിസ്റ്റ് G. Muneer, Perfect Sex Therapy Centre, Calicut- 2. 9895282017. ഉദ്ധാരണക്കുറവ് പരിഹരിക്കാം.

സുഖകരമായ ദാമ്പത്യം

ലൈംഗീക പരാജയങ്ങൾക്ക് ആയുർവേദ പരിഹാരം. കാമധേനു ഫാർമസ്യൂട്ടിക്കൽസ്. 9961350717.

കുടി നിർത്താൻ ഒന്നാന്തരം ചികിത്സ

മദ്യപാനി അറിയാതെ മരുന്ന് കറികളിൽ ചേർത്തു കൊടുത്ത് ആരുടെയും കുടി നിർത്താം. യാതൊരു ദോഷഫലങ്ങളുമില്ലാത്ത ഇൻഡ്യയിലെ ഏറ്റവും മികച്ച ആയുർവ്വേദ ചികിത്സ. മരുന്ന് നേരിട്ടും തപാൽ വഴിയും വാങ്ങാം. അയ്യപ്പാ ഫാർമസി, കൊട്ടാരത്തിന് സമീപം, പന്തളം 689501. ഫോൺ: 04734- 255878, 9495949528.

താടിയും മീശയും

ഇടതൂർന്ന് സമൃദ്ധിയായി തഴച്ചു വളരാൻ ഒന്നാന്തരം തൈലം. നേരിട്ടും തപാൽ വഴിയും വാങ്ങാം. അയ്യപ്പാ ഫാർമസി, കൊട്ടാരത്തിന് സമീപം, പന്തളം 689501. ഫോൺ: 04734-255878, 9495949528

ആയുർവേദം

പഞ്ചകർമ്മ ചികിത്സകളും ആയുർവേദ ബോഡി റിലാക്സേഷനും, സ്റ്റീംബാത്തും M/F തെറാപിസ്റ്റുകളെയും ഡോക്ടർമാരെയും ആവശ്യമുണ്ട്. പൊള്ളാച്ചി. 09994484144.

ആയുർവേദ പഞ്ചകർമ്മ ചികിത്സകളും ഫുൾ ബോഡി മസാജും സ്റ്റീം ബാത്തും. 09487539731.

പൈൽസിന് Pilofine

താളിയോല ഗ്രന്ഥങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ചേരുവകം ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ ക്യാപ്സ്യൂം രൂപത്തിൽ നിർമ്മിച്ചിട്ടുള്ള പാർശ്വ ഫലങ്ങളില്ലാത്ത ആയുർവേദ ഔഷധം. മൂലക്കുരുവിന് മൂന്നാം ദിവസം മുതൽ ആശ്വാസം. എല്ലാ പ്രമുഖ ഇംഗ്ലീഷ്, ആയുർവേദ മരുന്നുകടകളിലും ലഭിക്കുന്നു. Mealia Herbals, Valayanchirangara, Kochi mealiaherbals.ayur@gmail.com www.mealiaherbals.in 9633292818.

കേൾവി സഹായി

കേൾവിക്കുറവ് മാറ്റാൻ

ചെവിയുടെ പുറകിൽ വെയ്ക്കാവുന്ന ചെറിയ hearing aid 1300/-. 8089063806.

IT/Office Window

Software

Billing Software for all Trades Soware Software Solutions, Ernakulam. 9946106672, 9946106678.

Miscellaneous

ക്രഷറിൽ ടാറിംഗ്, ഷീറ്റ് കവറിംഗ്, മഴവെള്ള സംഭരണി (പാറമട) എന്നീ വേലകം കൊട്ടേഷൻ. 9446063407, 04862225223.

25 കൊല്ലത്തെ അനുഭവസമ്പത്ത്

ജീവിതത്തിൽ അനുഭവിയ്ക്കുന്ന ദുരിതങ്ങൾക്ക് ശ്രീമൂകാംബികദേവിയുടെ അനുഗ്രഹത്താൽ പരിഹാരകർമ്മങ്ങൾക്ക് ശുഭാനുഭവ ഗുണം നേരിൽ സമീപിക്കുക. ജ്യോത്സ്യൻ R.K.H.നമ്പൂതിരി, ശ്രീമൂകാംബികാ ജ്യോതിഷാലയം, പാളയം, കോഴിക്കോട്. ഫോൺ 9495892653.

സെക്കൻറ്ഹാൻറ് ലേത്ത്

ലേത്ത്, ഡ്രിൽ, ഗ്രൈൻറർ ആവശ്യമുണ്ട്. Contact: 0474-2549483, 9744225365.

ജ്യോതിഷം

മായാമോഹിനി മാന്ത്രിക ഫുലസ്സ്

ഈ ഏലസ്സ് വളരെയേറെ അത്ഭുതശക്തി നിറഞ്ഞതാണ്. ഇത് ധരിക്കുന്നവർക്ക് വളരെയധികം ആകർഷണശക്തിയുണ്ടാവും. ഇവരുടെ ആജ്ഞാശക്തിക്കു മുൻപിൽ എന്തും അടങ്ങി നിൽക്കും. കുറഞ്ഞ ദക്ഷിണ ചിലവിൽ തയ്യാർ ചെയ്തു നൽകും. കനകധാരാ കുബേര സേവാ മഠം, കൊല്ലങ്കോട് 678506, പാലക്കാട് (Dist). Phone: 04923-263639, 201909, Mobile: 9946790419, 9048726022, 9048988197.

അറബി ജ്യോതിഷം

വിവാഹം, തൊഴിൽ, ബിസിനസ്സ്, വസ്തുവില്പന, വിദേശയാത്രാ തടസ്സങ്ങം പരിഹരിച്ച് ധനാഭിവൃദ്ധിയ്ക്കുള്ള പ്രോസസ്സ് (പോസ്റ്റലുമുണ്ട്) ദാറുൽഷിഫാ. 8547835746, 9656422555.

നോട്ടിസ്

March 1999 വർഷത്തെ 267385 രജിസ്റ്റർ നമ്പറിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പുജപ്പുര, തിരുവനന്തപരം എന്നവിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

അനിഷ് കൃഷ്ണൻ. പി.
പിണയ്ക്കാമറ്റം ഇല്ലം (H), നരിക്കുനി (P.O)
കോഴിക്കോട് (Dist) - 673585

ആഘോഷം അവസാനമില്ലാതെ

സംതൃപ്തിയുടെ പ്രഭാതങ്ങൾ, ഉണർവിന്റെ പകലുകൾ! പ്രതീക്ഷകളുടെ സന്ധ്യകൾ അവസാനമില്ലാത്ത ആഘോഷമായ രാത്രികൾ!
ഇപ്പോഴിതാ നാടൻ മുരിങ്ങ വിത്തിൽ നിന്ന് ഇന്ത്യയിലെ ഒരേ ഒരു ടൈം ക്യാപ്സൂൾ **യോദ്ധ**
എല്ലാ മെഡിക്കൽ ഷോപ്പുകളിലും

കാര്യസാധ്യതക്കുശേഷം ദക്ഷിണ

വിവാഹം, ദാമ്പത്യം, ജോലി, വസ്തുവില്പന, വശീകരണം ധനാകർഷണം നിങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും ഉടൻ പരിഹാരം സേവനം കാലത്ത് 8 മുതൽ വൈകീട്ട് 7 വരെ. 9539745890.

പരിഹാരം

വസ്തു വിൽപ്പന- വശ്യം. ഹുസൈൻ തങ്ങം, തങ്ങം ഹൗസ്, പൂമല, എറണാകുളം. 9847557299, 9562045314.

കവടിപ്രശ്നം പഠിക്കാം

**ഗുരുമുഖത്തു നിന്നെന്ന പോലെ കവടിപ്രശ്നം ഒഴിവു സമയത്ത് ഡിവിഡിയിൽ നിന്ന് പഠിക്കാം. ശാന്തിക്കാർക്ക് ഗുണകരം. പ്രശ്നം വയ്പിക്കുന്ന ആളിന്റെ ഫലം കൃത്യമായി പ്രവചിക്കാനും ദോഷ പരിഹാരം നിർദ്ദേശിക്കാനും കഴിയും. പ്രമാണ ശ്ലോകങ്ങളും അർത്ഥവും രണ്ട് ഓഡിയോ സി.ഡിയിൽ. കവടി നിരത്തുന്നതും ഫല വിശകലനവും ഡി.വി.ഡിയി

പോലീസ് നീക്കം വിജയിച്ചു ഇറ്റലി കടുംപിടിത്തം ഉപേക്ഷിച്ചു

കൊച്ചി: ഇന്ത്യ-ഇറ്റലി ബന്ധം വഷളാകാതെ തന്നെ എൻറിക ലെക്സിയിൽ നിന്ന് തോക്കുകൾ പിടിച്ചെടുക്കാൻ കഴിഞ്ഞത് കേരളാപോലീസിൻറെ മറ്റൊരു നേട്ടമായി.നാവികരുടെ അറസ്റ്റിന് വഴിയൊരുക്കാൻ ഉപയോഗിച്ച കൊച്ചി പോലീസിൻറെ സമർഥമായ നീക്കങ്ങൾ വിജയം കാണുകയായിരുന്നു.

നാവികരെയും ആയുധങ്ങളും ഇന്ത്യൻ നിയമവ്യവസ്ഥയ്ക്കു മുമ്പിൽ കൊണ്ടുവരില്ലെന്ന കടുംപിടുത്തത്തിലായിരുന്നു തുടക്കത്തിൽ ഇറ്റാലിയൻ അധികൃതർ. എന്നാൽ, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എം.ആർ.അജിത് കുമാറിൻറെ നേതൃത്വത്തിൽ നടത്തിയ നീക്കങ്ങളായിരുന്നു ബന്ധങ്ങളും വഷളാകാതെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള വഴിയൊരുക്കിയത്.ത ഇറ്റാലിയൻ വിദേശകാര്യ ഉപ മന്ത്രി സ്റ്റെഫാൻ ദ് മിസ്ത്യൂറ,ഇറ്റാലിയൻ കോൺസുലേറ്റ് ജനറൽ ജിയാംപോളോ ക്യൂറ്റില്ലോ തുടങ്ങി എല്ലാവരും പോലീസ് നടപടികളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും സഹകരിക്കുകയും ചെയ്തു.

വൻ സുരക്ഷാ സന്നാഹങ്ങളോടെ ആയിരുന്നു എൻറിക ലെക്സിയിലെ ആയുധ പരിശോധന .ഇറ്റാലിയൻ സംഘത്തെയും പോലീസ് സംഘത്തെപോലും കർശന സുരക്ഷാ പരിശോധനകൾക്കു ശേഷമാണ് കപ്പലിലേക്ക് കടത്തിവിട്ടത്. അന്വേഷണോദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരുന്നു.

പ്രകോപനം സൃഷ്ടിക്കുന്ന ഒരു വാർത്ത പോലും പുറത്തുപോകാതിരിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്. പരിശോധനാ സമയം മാധ്യമപ്രവർത്തകരെയും കപ്പലിലേക്ക് കടത്തിവിട്ടില്ല. പകരം പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറിനെറ ഫോട്ടോഗ്രാഫർക്കും ക്യാമറാമാനും മാത്രമായിരുന്നു കപ്പൽ നങ്കൂരമിട്ടിരുന്ന പോർട്ട് ട്രസ്റ്റിൻറെ ഓയിൽ ടാങ്കർ ബർത്തിൽ പ്രവേശനമുണ്ടായിരുന്നത്.

കപ്പലിനുള്ളിലേക്ക് പ്രവേശനാനുമതി നൽകിയില്ല. എന്നാൽ പോലീസിൻറെ ഫോട്ടോഗ്രാഫർ കപ്പലിനുള്ളിൽ ഉണ്ടായിരുന്നു.

ഇറ്റാലിയൻ വാർത്താ ഏജൻസികളിലെ മാധ്യമപ്രവർത്തകർക്കും ഈ സമയം കപ്പലിലേക്ക് പ്രവേശനം കിട്ടിയില്ല.

ഇതുകൊണ്ടുതന്നെ മാധ്യമപ്രവർത്തകർക്ക് രാവിലെ പത്തുമണി മുതൽ വൈകിട്ട് ഏഴുമണി വരെ ബോട്ട് ജെട്ടിയിൽ കാത്തുനിൽക്കേണ്ടി വരികയും ചെയ്തു.

കപ്പലിൻറെ ക്യാപ്റ്റനെയും പ്രതിചേർക്കാൻ ഹർജി

കൊല്ലം:രണ്ടു മത്സ്യത്തൊഴിലാളികൾ വെടിയേറ്റു മരിക്കാനിടയായ കേസിൽ ഇറ്റാലിയൻ കപ്പലിൻറെ ക്യാപ്റ്റൻ ഉസ്സ്രട്ടോ വിതോലിക്കയെക്കൂടി പ്രതിചേർക്കണമെന്ന് അഭ്യർഥിച്ച് കോടതിയിൽ ഹർജി. എ.ഐ.എ.ഡി.എം.കെ.യുടെ സംസ്ഥാന നേതാവായ തിരുവനന്തപുരം, വഞ്ചിയൂർ സ്വദേശി അഡ്വ.ശ്രീനിവാസൻ വേണുഗോപാലനാണ് അഡ്വ.മലയിൻകീഴ് അജിത്ത് മുഖാന്തരം കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി-ഒന്നിൽ ശനിയാഴ്ച ഹർജി ഫയൽ ചെയ്തത്.

ഹർജി ഫയലിൽ സ്വീകരിച്ച കോടതി തിങ്കളാഴ്ച പരിഗണിക്കും.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സംഗമത്തിനെത്തിയ കേന്ദ്രമന്ത്രി ജയറാം രമേശ്, ജി. സുധാകരൻ എം.എൽ.എ. യുമായി സൗഹൃദം പങ്കുവയ്ക്കുന്നു. മന്ത്രി കെ.സി. ജോസഫ്, കേന്ദ്ര സഹമന്ത്രി കെ.സി. വേണുഗോപാൽ, കെ.പി.സി.സി. പ്രസിഡൻറ് രമേശ് ചെന്നിത്തല എം.എൽ.എ., കൊടിക്കുന്നിൽ സുരേഷ് എം.പി. എന്നിവർ സമീപം

കേന്ദ്രപദ്ധതികൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് ഇളവനുവദിക്കും- ജയറാം രമേഷ്

ആലപ്പുഴ: കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സാഹചര്യങ്ങൾക്കനുസൃതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേഷ് പത്രസമ്മേളനത്തിൽ അറിയിച്ചു. അടുത്ത ബജറ്റിൽ കേന്ദ്രഗ്രാമ വികസന പദ്ധതികളുടെ 50 ശതമാനം തുക സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ പ്രഖ്യാപനം നടത്തുന്നതിന് ധനമന്ത്രിയോടഭ്യർത്ഥിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കയർ വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കാൻ തൊണ്ടുസംഭരണം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കാൻ സാങ്കേതിക സമിതിയെ ഉടൻ അയയ്ക്കുമെന്നും ജയറാം രമേശ് പറഞ്ഞു.

വി.എസ്സിന് ദീർഘ രാഷ്ട്രീയജീവിതം ആശംസിച്ച് കേന്ദ്രമന്ത്രി

ആലപ്പുഴ: പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻറെ ഭാവിരാഷ്ട്രീയ ജീവിതത്തിന് കേന്ദ്രമന്ത്രി ജയറാം രമേശിൻറെ ആശംസ. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളി മഹാസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ടുള്ള പ്രസംഗത്തിനിടെയായിരുന്നു അദ്ദേഹം വി.എസ്സിനെ ആശംസിച്ചത്. വികസനകാര്യത്തിൽ കേരളത്തിലെ രാഷ്ട്രീയ നേതാക്കൾ ഒന്നിക്കുന്നതിൽ സന്തോഷമുണ്ട്. വേദിയിലുണ്ടായിരുന്ന ഇടതുപക്ഷ എം.എൽ.എ.മാരായ ജി. സുധാകരൻ, എ.എം. ആരിഫ്, പി. തിലോത്തമൻ എന്നിവരെ നോക്കി അദ്ദേഹം പറഞ്ഞു.

തൃണമൂൽ കോൺഗ്രസ് സംഘടിപ്പിക്കുന്ന ഒരുപരിപാടിയിലാണ് ഇതുപോലെ ഇടതു എം.എൽ.എ.മാർ പങ്കെടുക്കുന്നതെങ്കിൽ പശ്ചിമബംഗാളിൽ ബോംബേറു നടക്കും. ഡി.എം.കെ. നേതാവ് എ.ഐ.എ.ഡി.എം.കെ.യുടെ പരിപാടിയിൽ വന്നാൽ തമിഴ്നാട്ടിലും ഇതായിരിക്കും അവസ്ഥ.

കേരളത്തിൽമാത്രമാണ് വികസന കാര്യത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഒന്നിക്കുന്ന ഈ അപൂർവ കാഴ്ചയുള്ളതെന്നും ജയറാം രമേശ് പറഞ്ഞു.

മന്ത്രി ഗണേശൻറെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി അഴിമതിക്കാരൻ - പിള്ള

കൊട്ടാരക്കര: മന്ത്രി കെ.ബി.ഗണേഷ്കുമാറിൻറെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി അഴിമതിക്കാരനാണെന്നും പരാതികൾ ലഭിച്ചിട്ടുണ്ടെന്നും കേരള കോൺഗ്രസ്(ബി) ചെയർമാൻ ആർ.ബാലകൃഷ്ണപിള്ള. മന്ത്രിക്കെതിരെയുള്ള ബഹിഷ്കരണം കർശനമാക്കുമെന്നും ഇത് ലംഘിക്കുന്ന ജനപ്രതിനിധികൾ സ്ഥാനത്തുകാണില്ലെന്നും പിള്ള പറഞ്ഞു. പാർട്ടി ജില്ലാ കമ്മിറ്റിക്കു ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു പിള്ള. മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെ അഴിമതിയാരോപണങ്ങളുയർന്നിട്ടുണ്ട്. ഇതിനുള്ള തെളിവുകളും ലഭിച്ചു. പാർട്ടി സെക്രട്ടേറിയറ്റ് കൂടി ഇതിനെതിരെയുള്ള തീരുമാനം കൈക്കൊള്ളും -പിള്ള പറഞ്ഞു.

പാർട്ടി ചെയർമാൻ ആർ.ബാലകൃഷ്ണപിള്ളയുടെ സാന്നിധ്യത്തിൽ ശനിയാഴ്ച കൊട്ടാരക്കരയിൽ നടന്ന കേരള കോൺ.ബി ജില്ലാ കമ്മിറ്റിയിൽ പ്രസിഡൻറ് അഡ്വ. ബ്രിജേഷ് എബ്രഹാം രാജി സന്നദ്ധത അറിയിച്ചു. എന്നാൽ ബ്രിജേഷിനെ സ്ഥാനത്ത് തുടരാൻ അനുവദിച്ചു. അതേസമയം പാർട്ടിയുടെ ജില്ലാ വൈസ് പ്രസിഡൻറായിരുന്ന ഷിബു പട്ടാഴിയെ സ്ഥാനത്തുനിന്ന് നീക്കി.

തൻെറ ഭാഗം കൂടി കേൾക്കണമെന്ന് സഭാസമതിക്ക് അരുൺകുമാറിൻെറ കത്ത്

തിരുവനന്തപുരം: ഐ.സി.ടി-ഐ.എച്ച്.ആർ.ഡി. സംബന്ധിച്ച അന്വേഷണത്തിൽ തൻെറ വിശദീകരണം കൂടി കേട്ടശേഷമേ അന്തിമതീരുമാനമെടുക്കാവൂവെന്ന് വി.എ. അരുൺകുമാർ നിയമസഭാസമിതിക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ടു. വി.ഡി. സതീശൻ എം.എൽ.എ. അധ്യക്ഷനായ സമിതിയാണ് വി.എസിൻെറ മകൻ അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളും അന്വേഷിക്കുന്നത്.

നൽകുന്നതെന്ന് അരുൺകുമാർ കത്തിൽ പറയുന്നു.

തനിക്കെതിരെ സമർപ്പിക്കപ്പെട്ട രേഖകളുടെയും മൊഴികളുടെയും പകർപ്പ് തനിക്ക് ലഭ്യമാക്കണമെന്നും വി.എ. അരുൺകുമാർ സമിതിക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കഞ്ചിക്കോട് കോച്ച്ഫാക്ടറി കേരളം പ്രതീക്ഷിച്ചതുപോലല്ലെന്ന് സുധീരൻ

ഷൊറണൂർ: കഞ്ചിക്കോട് കോച്ച്ഫാക്ടറി സംസ്ഥാനം ആഗ്രഹിച്ച തലത്തിലെത്തിയില്ലെന്ന് വി.എം. സുധീരൻ. ഓംഇന്ത്യാ സ്റ്റേഷൻമാസ്റ്റേഴ്സ് അസോസിയേഷൻ ഡിവിഷൻസമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. ആദ്യം വിഭാവനംചെയ്ത തരത്തിലായിരുന്നു പദ്ധതിനടപ്പാക്കേണ്ടത്. റെയിൽവേയുമായി ബന്ധപ്പെട്ട കേരളത്തിൻെറ വികസനസ്വപ്നങ്ങൾ അട്ടിമറിക്കാൻ ചെന്നൈകേന്ദ്രീകരിച്ച് ലോബി പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

റെയിൽവേസോൺ ലഭിക്കുന്നതിനുവേണ്ടി കൂടുതൽ ഡിവിഷനുകളും ആരംഭിക്കണം. ഇതിനായി കോഴിക്കോട് കേന്ദ്രീകരിച്ച് ഡിവിഷൻ രൂപവത്കരിക്കണം-സുധീരൻ പറഞ്ഞു.

വിവരാവകാശകമ്മീഷൻ പട്ടികയിൽ മൂന്നുപേർ

ന്യൂഡൽഹി: മുൻ രഹസ്യാന്വേഷണഏജൻസി മേധാവിയുൾപ്പെടെ മൂന്നുപേർ പുതിയവിവരാവകാശക്കമ്മീഷൻ അംഗങ്ങളുടെ ചുരുക്കപ്പട്ടികയിൽ. ഐ.ബി.യുടെ മുൻ തലവൻ രാജീവ് മാത്തൂർ, പരിസ്ഥിതിസെക്രട്ടറി വിജയ് ശർമ, സിൻഡിക്കേറ്റ് ബാങ്ക് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ബസന്ത് സേത്ത് എന്നിവരാണ് പട്ടികയിലുള്ളത്. പ്രധാനമന്ത്രി മൻമോഹൻസിങ് അധ്യക്ഷനും നിയമമന്ത്രി സൽമാൻ ഖുർഷിദ്, പ്രതിപക്ഷനേതാവ് സുഷമ സ്വരാജ് എന്നിവർ അംഗങ്ങളുമായ പാനലാണ് അംഗങ്ങളെ തിരഞ്ഞെടുത്തത്. ഔദ്യോഗികപ്രഖ്യാപനം ഉടനുണ്ടാവും.

വിവരാവകാശനിയമമനുസരിച്ച്, മുഖ്യവിവരാവകാശക്കമ്മീഷണറും പത്ത് കേന്ദ്രവിവരാവകാശക്കമ്മീഷണർമാരുമടങ്ങിയതാണ് കമ്മീഷൻ. നിലവിൽ കമ്മീഷനിൽ അഞ്ചംഗങ്ങളാണ് കുറവാണ്. 20,000 അപ്പീലുകളും കമ്മീഷനുമുന്നിൽ കെട്ടിക്കിടക്കുന്നുണ്ട്.

ഉദര ശസ്ത്രക്രിയ: മണ്ടേല സുഖം പ്രാപിക്കുന്നു

ജൊഹാനസ്ബർഗ്: അടിവയറ്റിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ മുൻ പ്രഡിഡൻറ് നെൽസൺ മണ്ടേല സുഖം പ്രാപിച്ചുവരുന്നതായി ദക്ഷിണാഫ്രിക്കൻ സർക്കാർ അറിയിച്ചു. കഴിഞ്ഞദിവസമാണ് അടിവയറ്റിൽ രോഗബാധയെത്തുടർന്ന് 93കാരനായ മണ്ടേലയെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചത്. ഗുരുതരമായ ശ്വാസകോശപ്രശ്നങ്ങം ബാധിച്ച് ചികിത്സയിലായിരുന്ന മണ്ടേലസുഖം പ്രാപിച്ചുവരികയായിരുന്നു. കഴിഞ്ഞ എട്ടുവർഷമായി പൊതുരംഗത്ത് സജീവമല്ലാത്ത മണ്ടേല 2010ലെ ലോകകപ്പിനാണ് അവസാനമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടത്.

ജി.രാമകൃഷ്ണൻ വീണ്ടും സി.പി.എം. തമിഴ്നാട് സംസ്ഥാന സെക്രട്ടറി

ചെന്നൈ: ജി. രാമകൃഷ്ണൻ സി.പി.എം. തമിഴ്നാട് സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. നാഗപട്ടണത്ത് ശനിയാഴ്ച സമാപിച്ച സി.പി.എം. സംസ്ഥാന സമ്മേളനമാണ് ജി.രാമകൃഷ്ണനെ വീണ്ടും സെക്രട്ടറി പദത്തിലേക്ക് തിരഞ്ഞെടുത്തത്. 2010ൽ അന്നത്തെ സംസ്ഥാന സെക്രട്ടറി വരദരാജൻ ആരോഗ്യപരമായ കാരണങ്ങളാൽ സ്ഥാനം ഒഴിഞ്ഞപ്പോഴാണ് രാമകൃഷ്ണൻ സംസ്ഥാന സെക്രട്ടറി പദത്തിലെത്തിയത്.

മൂന്നാം മുന്നണിക്ക് സമയമായെന്ന് ബർദൻ

ഹൈദരാബാദ്: കോൺഗ്രസ് നയിക്കുന്ന യു.പി.എ. യും ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. യും ജനവിരുദ്ധമുന്നണികളായി മാറിയെന്നും അവയ്ക്ക് ബദലായി മൂന്നാം മുന്നണി ഉണ്ടാക്കേണ്ട സമയമായെന്നും സി.പി.ഐ. ജനറൽ സെക്രട്ടറി എ.ബി. ബർദൻ അഭിപ്രായപ്പെട്ടു. പാർട്ടി സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കാൻ ഹൈദരാബാദിലെത്തിയതായിരുന്നു അദ്ദേഹം.

സി.പി.ഐ. പ്രത്യേക തെലുങ്കാന സംസ്ഥാനത്തിന് അനുകൂലമാണെന്ന് അദ്ദേഹം ആവർത്തിച്ചു. കരിംനഗറിൽ നടന്ന സംസ്ഥാന സമ്മേളനം കെ. നാരായണയെ വീണ്ടും സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുത്തു.

കൊല്ലപ്പെട്ട തമിഴ്നാട് സ്വദേശിക്കും സഹായം നൽകി-മുഖ്യമന്ത്രി

സ്വദേശാഭിമാനി പുരസ്കാരം വീരേന്ദ്രകുമാർ ഇന്ന് ഏറ്റുവാങ്ങും

തിരുവനന്തപുരം: പത്രപ്രവർത്തന രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ഈ വർഷത്തെ സ്വദേശാഭിമാനി പുരസ്കാരം 'മാതൃഭൂമി' മാനേജിങ് ഡയറക്ടറും പി.ടി.ഐ. ചെയർമാനുമായ എം.പി. വീരേന്ദ്രകുമാറിന് ഞായറാഴ്ച സമ്മാനിക്കും. 10 ന് കനകക്കുന്നിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ. ആൻറണി പുരസ്കാരം കൈമാറും.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രി വി.എസ്. ശിവകുമാർ, കെ.പി.സി.സി. പ്രസിഡൻറ് രമേശ്ചെന്നിത്തല, സ്പീക്കർ ജി. കാർത്തികേയൻ, എം.എം. ഹസൻ തുടങ്ങിയവർ പങ്കെടുക്കും. സ്വദേശാഭിമാനി ദൃശ്യമാധ്യമ പുരസ്കാരം മനോരമ ന്യൂസ് എഡിറ്റോറിയൽ ഹെഡ് ജോണിലൂക്കോസിന് സമ്മാനിക്കും. സ്വദേശാഭിമാനി സ്മാരക സമിതിയുടെ ഈ വർഷത്തെ പത്രപ്രവർത്തക അവാർഡ് "മാധ്യമം" ദിനപത്രത്തിലെ സക്കീർ ഹുസൈനാണ്. ന്യൂസ് ഫോട്ടോഗ്രാഫി അവാർഡുകളം ഷാജു.വി. കാരാട്ട് (മലയാള മനോരമ), രാജേഷ് രാജേന്ദ്രൻ (ജനയുഗം) എന്നിവർ പങ്കിടും.

അരവിന്ദൻ പുരസ്കാരം അനുമിതദാസ് ഗുപ്തയ്ക്ക്

തിരുവനന്തപുരം: ചലച്ചിത്ര ഫിലിം സൊസൈറ്റിയുടെ ഈ വർഷത്തെ അരവിന്ദൻ പുരസ്കാരം ബംഗാളി സംവിധായിക അനുമിതദാസ്ഗുപ്തയ്ക്ക്. ബംഗാളി സിനിമയായ 'ജുമേലി'യാണ് അനുമിതയെ അവാർഡിന് അർഹയാക്കിയതെന്ന് 'ചലച്ചിത്ര' പ്രസിഡൻറ് ജി. രാജമോഹൻ, സംവിധായക രായ ഷാജി എൻ. കരുൺ, ഡോ. ബിജു എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. പെൺമനേരിടുന്ന അപമാനങ്ങം ഹൃദയസ്പർശിയായി അനുഭവിപ്പിക്കുന്ന 'ജുമേലി' അനുമിതയുടെ ആദ്യസിനിമയാണ്. 25000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ജി. അരവിന്ദൻറെ 21-ാം ചരമ വാർഷികദിനമായ മാർച്ച് 15ന് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ അവാർഡ് സമ്മാനിക്കുമെന്നും അവർ അറിയിച്ചു.

ഭാഷാ സമന്വയവേദി പുരസ്കാരം സംഗീതയ്ക്ക്



തേഞ്ഞിപ്പലം: ഭാഷാ സമന്വയവേദി യുവവിവർത്തകർക്കായി ഏർപ്പെടുത്തിയ 2011ലെ പുരസ്കാരം പി.സംഗീതയ്ക്ക് ലഭിച്ചു. കാലിക്കറ്റ് സർവകലാശാല ഹിന്ദി വിഭാഗം ഗവേഷക വിദ്യാർഥിനിയാണ് സംഗീത. പ്രശസ്തി പത്രവും സ്മൃതിചിഹ്നവും അടങ്ങുന്നതാണ് പുരസ്കാരം. വിവിധ ഇന്ത്യൻ ഭാഷകളിൽനിന്ന് ഹിന്ദി അടിസ്ഥാനമാക്കി മലയാളത്തിലേക്ക് വിവർത്തനം ചെയ്ത പത്ത് കഥകളാണ് സംഗീതയെ പുരസ്കാരത്തിന് അർഹയാക്കിയതെന്ന് ഭാഷാ സമന്വയവേദി പ്രസിഡൻറ് ഡോ. ആർസുവും ജനറൽ സെക്രട്ടറി ഡോ. പി.കെ.ചന്ദ്രനും അറിയിച്ചു.

38 ജുഡീഷ്യൽ ഓഫീസർമാർക്ക് സ്ഥാനക്കയറ്റത്തോടെ സ്ഥലംമാറ്റം

തിരുവനന്തപുരം: സംസ്ഥാനത്ത് 38 ജുഡീഷ്യൽ ഓഫീസർമാർക്ക് സ്ഥാനക്കയറ്റത്തോടെ സ്ഥലംമാറ്റം. പതിനാലു പേരെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായും നാലു പേരെ പ്രിൻസിപ്പൽ സബ് ജഡ്ജുമാരായും പതിനാറു പേരെ അഡീ. സബ് ജഡ്ജുമാരായും നാലു പേരെ പ്രിൻസിപ്പൽ മുൻസിഫുമാരായുമാണ് മാറ്റി നിയമിച്ചു കൊണ്ട് ഹൈക്കോടതി ഉത്തരവ് പുറത്തിറങ്ങിയത്.

ജുഡീഷ്യൽ ഓഫീസർമാരും കോടതികളും ചുവടെ : - കെ.ആർ. മധുകുമാർ - സി.ജെ.എം തിരുവനന്തപുരം, എ.കെ. ഗോപകുമാർ - സി.ജെ.എം കൊല്ലം, വി.കെ. ബാബുപ്രകാശ് - സി.ജെ.എം പത്തനംതിട്ട, ശ്രീകലാ സുരേഷ് - സി.ജെ.എം ആലപ്പുഴ, വി. സി. ചെറിയാൻ - സി.ജെ.എം കോട്ടയം, എസ്. സന്തോഷ്കുമാർ - സി.ജെ.എം എറണാകുളം, പി. ശശിധരൻ - സി.ജെ.എം തൃശ്ശൂർ, ഫെലിക്സ് മേരി ദാസ് - സി.ജെ.എം തൊടുപുഴ, എ. ശങ്കരൻ നായർ - സി.ജെ.എം പാലക്കാട്, എ. കൃഷ്ണൻകുട്ടി - സി.ജെ.എം കൽപ്പറ്റ, സി.എസ്. സുധ - സി.ജെ.എം കോഴിക്കോട്, കെ. ബൈജുനാഥ് - സി.ജെ.എം മഞ്ചേരി, പി.ജെ. വിൻസൻറ് - സി.ജെ.എം തലശ്ശേരി, കെ. രമേഷ് ബായി - സി.ജെ.എം കാസർകോട്, കെ. കെ. സുജാത - പ്രിൻസിപ്പൽ സബ് ജഡ്ജ് തിരുവനന്തപുരം, എൻ. രവിശങ്കർ - പ്രിൻസിപ്പൽ സബ് ജഡ്ജ് തൃശ്ശൂർ, ടി.പി. സുരേഷ് ബാബു - പ്രിൻസിപ്പൽ സബ് ജഡ്ജ് ഇരിങ്ങാലക്കുട, എം.കെ. പ്രസന്നകുമാരി - പ്രിൻസിപ്പൽ സബ് ജഡ്ജ് തലശ്ശേരി, കെ.എസ്. അംബിക - അഡീ. സബ് ജഡ്ജ് തിരുവനന്തപുരം, എഫ്. അഷീദ - അഡീ. സബ് ജഡ്ജ് നെടുമങ്ങാട്, ജോഷി ജോൺ - അഡീ. സബ് ജഡ്ജ് നെയ്യാറ്റിൻകര, മിനിമോഹം ടി. കെ - അഡീ. സബ് ജഡ്ജ് ആറ്റിങ്ങൽ, കെ. സന്തോഷ്കുമാർ - അഡീ. സബ് ജഡ്ജ് കൊട്ടാരക്കര, പി.എൻ. വിനോദ് - അഡീ. സബ് ജഡ്ജ് മാവേലിക്കര, കെ. അനിൽകുമാർ - അഡീ. സബ് ജഡ്ജ് എറണാകുളം, രാജാകുമാര എം.വി - അഡീ. സബ് ജഡ്ജ് തൃശ്ശൂർ, രാജു. എൻ.വി - അഡീ. സബ് ജഡ്ജ് ഇരിങ്ങാലക്കുട, കെ. ബിജു മേനോൻ - അഡീ. സബ് ജഡ്ജ് ഒറ്റപ്പാലം, എസ്. സുരേഷ്കുമാർ - അഡീ. സബ് ജഡ്ജ് വടകര, കെ. കമനീസ് - അഡീ. സബ് ജഡ്ജ് കൊയിലാണ്ടി, ജെ. നാസർ - അഡീ. സബ് ജഡ്ജ് പയ്യന്നൂർ, ആർ. വിനായക റാവു - അഡീ. സബ് ജഡ്ജ് തലശ്ശേരി, എ.വി. ഭദുല - അഡീ. സബ് ജഡ്ജ് കാസർകോഡ്, എൻ.ആർ. കൃഷ്ണകുമാർ - അഡീ. സബ് ജഡ്ജ് ഹോസ്ദുർഗ്, പി. ജ്യോതിസ് ബെൻ - പ്രിൻസിപ്പൽ മുൻസിഫ് തിരുവനന്തപുരം, ലൈജുമോഹം ഷെറീഫ് - പ്രിൻസിപ്പൽ മുൻസിഫ് കൊല്ലം, അഞ്ജു മീര ബിർല - പ്രിൻസിപ്പൽ മുൻസിഫ് തൃശ്ശൂർ, കെനത്ത് ജോർജ് - പ്രിൻസിപ്പൽ മുൻസിഫ് പാലക്കാട്.

ഓൺലൈൻ രജിസ്ട്രേഷൻ

തിരുവനന്തപുരം: ഡ്രഗ്സ് കൺട്രോം വകുപ്പിൽ പുതിയ സോഫ്റ്റ്വേർ നടപ്പിലാക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ സ്റ്റോറുകളും ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികം ആരംഭിച്ചു. ഇതിനായി എല്ലാ ഷോപ്പുടമകളും (ആശുപത്രികം ഉംപ്പെടെയുള്ള മൊത്ത/ചില്ലറ വ്യാപാര/സംഭരണശാലകം) www.dc.kerala.gov.in എന്ന വെബ്സൈറ്റിലുള്ള പ്രൊഫോർമ ഡൗൺലോഡ് ചെയ്ത് മാർച്ച് അഞ്ചിന് മുമ്പ് വകുപ്പിൻറെ അതത് ജില്ലാ ഓഫീസുകളിലെ ഡ്രഗ്സ് ഇ

ഉത്തരക്കടലാസുകൾ കാണാനില്ല

പുനർമൂല്യനിർണയത്തിന് അപേക്ഷിച്ചവരോട് വീണ്ടും പരീക്ഷയെഴുതാൻ നിർദേശം

സ്വന്തം ലേഖകൻ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ ഉത്തരക്കടലാസുകൾ അപ്രത്യക്ഷമാകൽ തുടരുന്നു. പുനർ മൂല്യനിർണയത്തിന് അപേക്ഷ സമർപ്പിച്ചപ്പോഴാണ് പല വിദ്യാർഥികളുടെയും ഉത്തരക്കടലാസുകൾ കാണാനില്ലെന്ന് തെളിഞ്ഞത്. പുനർ മൂല്യനിർണയത്തിന് അപേക്ഷിച്ചവരോട് വീണ്ടും പരീക്ഷ എഴുതിക്കോളാനാണ് സർവകലാശാല നിർദേശിച്ചിരിക്കുന്നത്.

കോഴിക്കോട്, തൃശ്ശൂർ ലോ കോളേജുകളിലെ എൽ.എൽ.ബി വിദ്യാർഥികളാണ് ഇപ്പോൾ പരാതിയുമായി രംഗത്തെത്തിയിരിക്കുന്നത്. 2010 സപ്തംബറിൽ നടന്ന മൂന്നാംസെമസ്റ്ററിലെ പൊളിറ്റിക്കൽ സയൻസ് രണ്ടാം പേപ്പറിൽ കൂട്ടത്തോൽവിയുണ്ടായിരുന്നു. അതിനെത്തുടർന്ന് ഒട്ടേറെ വിദ്യാർഥികം 2011 ജനവരിയിൽ പുനർ മൂല്യനിർണയത്തിന് അപേക്ഷ നൽകി. എന്നാൽ അപേക്ഷ നൽകി വർഷം ഒന്ന് കഴിഞ്ഞിട്ടും ഫലം വരാതായതോടെയാണ് വിദ്യാർഥികം അപേക്ഷയുടെ സ്ഥിതി അറിയാൻ വിവരാവകാശ നിയമം പ്രയോഗിച്ചത്. മൂന്നാംസെമസ്റ്റർ പരീക്ഷയുടെ പുനർമൂല്യനിർണയത്തിന് അപേക്ഷ നൽകിയ വിദ്യാർഥികം ഇപ്പോൾ പഠിക്കുന്നത് ഏഴാം സെമസ്റ്ററിലാണ്.

സർവകലാശാല നൽകിയ വിവരാവകാശ മറുപടിയിൽ പുനർ മൂല്യനിർണയ ഫലം വരാത്തത് ഉത്തരക്കടലാസിന്റെ തിരച്ചിലിനാലാണെന്നും ഉത്തരക്കടലാസ് കാണാനില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ ലോ കോളേജുകളിലായുള്ള 23 വിദ്യാർഥികളുടെ ഉത്തരക്കടലാസുകം ഇങ്ങനെ കാണാതായിട്ടുണ്ടെന്നാണ് സൂചന. പുനർ മൂല്യനിർണയം വന്നാൽ വിജയിക്കുമെന്നുറപ്പുള്ള പല വിദ്യാർഥികളും വീണ്ടും പരീക്ഷയെഴുതാൻ തയ്യാറെടുക്കുകയാണ്. പലരുടെയും വിദ്യാഭ്യാസ ആനുകൂല്യങ്ങം ഇപ്പോം മുടങ്ങിക്കിടക്കുകയാണ്. പുനഃപരീക്ഷയെങ്കിലും വേഗത്തിൽ നടത്തണമെന്നാണ് വിദ്യാർഥികം ക്ക് സർവകലാശാലയോടുള്ള അഭ്യർഥന.

സർവകലാശാലയിലെ പ്രകൃതിനശീകരണം ആശങ്കാജനകം -ആനന്ദ് പട്വർധൻ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലാ കാമ്പസിലെ ജൈവസമ്പത്തിനുമേൽ നടത്തുന്ന നശീകരണ പ്രവർത്തനങ്ങം ആശങ്കാജനകമാണെന്ന് പ്രശസ്ത ഡോക്യുമെൻററി സംവിധായകൻ ആനന്ദ് പട്വർധൻ അഭിപ്രായപ്പെട്ടു. തന്റെ പുതിയ ഡോക്യുമെൻററിയായ 'ജയ് ഭീം കോമ്രേഡി'ന്റെ പ്രദർശനത്തിന് സർവകലാശാലയിലെത്തിയ അദ്ദേഹം ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകർക്കൊപ്പം കാമ്പസിലെ വിവിധ പ്രദേശങ്ങം സന്ദർശിച്ചു.

ഹരിതവത്കരണത്തിന്റെ പേരിലുള്ള ഈ നശീകരണം അധികൃതർ തുടരരുതെന്നും ജൈവസമ്പന്ന മേഖലകം മനുഷ്യന്റെ കടന്നുകയറ്റമില്ലാതെ നിലനിർത്താനുള്ള വിവേകമാണ് ഉണ്ടാകേണ്ടതെന്നും പട്വർധൻ സൂചിപ്പിച്ചു. സ്വാഭാവിക ജൈവപ്രകൃതി സംരക്ഷിച്ചുകൊണ്ടുള്ളതാകണം ഹരിതവത്കരണം എന്ന് തിരിച്ചറിയാതെ പോകുന്നത് അപകടമാണ്-അദ്ദേഹം പറഞ്ഞു.

ബി.എഡ്. പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കണം

മഹാത്മാഗാന്ധി സർവകലാശാല മാർച്ചിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ എല്ലാ കോളേജുകളും www.mgu.ac.in (അഡ്മിഷൻ പോർട്ടൽ - ടെക്നോസോൺ) എന്ന വെബ്സൈറ്റ് വഴി മാർച്ച് 5ന് വൈകിട്ട് അഞ്ചിമ്മണിക്കുമുമ്പ് സമർപ്പിക്കണം.

കാലിക്കറ്റിലെ വിദൂര വിദ്യാഭ്യാസ ക്ലാസുകൾ മാർച്ച് മൂന്നിന് തുടങ്ങും

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിലുള്ള ബിരുദ വിദ്യാർഥികംക്കുള്ള കോൺടാക്ട് ക്ലാസുകം മാർച്ച് മൂന്നിന് തുടങ്ങും. 2011-12 അധ്യയനവർഷത്തിൽ രജിസ്റ്റർ ചെയ്ത ഒന്ന്, രണ്ട് സെമസ്റ്റർ ബിരുദ വിദ്യാർഥികംക്കുള്ള കോൺടാക്ട് ക്ലാസുകളാണ് മാർച്ച് മൂന്നിന് ആരംഭിക്കുന്നത്. കാലിക്കറ്റിലെ വിദൂര വിദ്യാഭ്യാസ ക്ലാസുകം തുടങ്ങുന്നില്ലെന്നും പാഠപുസ്തകങ്ങം വിതരണം ചെയ്യുന്നില്ലെന്നും 'മാതൃഭൂമി' 19 ന് റിപ്പോർട്ട് ചെയ്തിരുന്നു.

വിദ്യാർഥികം ഹാജരാകേണ്ട കേന്രങ്ങം, ക്ലാസുകം നടക്കുന്ന വിഷയങ്ങം തുടങ്ങിയ വിശദ വിവരങ്ങം www.universityofcalicut.info യിലെ ഡിസ്റ്റൻസ് എജുക്കേഷൻ എന്ന ലിങ്കിൽ ലഭ്യമാണ്. രാവിലെ 10 മണിക്കാണ് വിദ്യാർഥികം ഹാജരാകേണ്ടത്. ഐഡൻറിറ്റി കാർഡ് നിർബന്ധമായും കൈയിൽ കരുതണം. ഐഡൻറിറ്റി കാർഡ് സർവകലാശാല വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വിദ്യാർഥികംക്കുള്ള പഠനക്കുറിപ്പുകളും ഇതേ ലിങ്കിലുണ്ടാകും. മറ്റ് വിദ്യാർഥികംക്കും ഇത് ഉപയോഗിക്കാവുന്നതാണ്. നിലവിലുള്ളതുപോലെ പഠന സാമഗ്രികളും വിദ്യാർഥികംക്ക് വിതരണം ചെയ്യും. വിതരണത്തിന്റെ തീയതി പിന്നീട് അറിയിക്കും.

ഹോമിയോ മെഡിക്കൽ കോളേജ് പി.ജി.പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: തിരുവനന്തപുരം, കോഴിക്കോട് സർക്കാർ ഹോമിയോ മെഡിക്കൽകോളേജുകളിൽ വിവിധ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ബി.എച്ച്.എം.എസ്. (ഡയറക്ട്/ഗ്രേഡഡ്) അഥവാ കേന്ര ഹോമിയോ കൗൺസിൽ തത്തുല്യമായി അംഗീകരിച്ച ബിരുദമാണ് യോഗ്യത. പ്രവേശനത്തിനുള്ള ഇൻറർവ്യൂതീയതിക്കു മുമ്പ് ഇൻേറൺഷിപ്പ് പൂർത്തിയാക്കുന്ന വിദ്യാർഥികംക്ക് പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവർ ഇൻറർവ്യൂ സമയത്ത് മെഡിക്കൽകൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. മൂന്നിൽ കൂടുതൽ തവണ എഴുതി അവസാന വർഷ പരീക്ഷ വിജയിച്ചവർക്ക് പ്രവേശനത്തിന് അർഹതയില്ല.

മാർച്ച് 25ന് തിരുവനന്തപുരത്തു നടത്തുന്ന പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധ രേഖകളും സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 9. കൂടുതൽ വിവരങ്ങംക്ക് www.cee.kerala.gov.in.

• സർവകലാശാല വാർത്തകൾ •

കലിക്കറ്റ്

പരീക്ഷ മാറ്റി

കാലിക്കറ്റ് സർവകലാശല മാർച്ച് ആറിന് നടത്താനിരുന്ന ബി.ഫാം നാലാംവർഷ റഗുലർ/സപ്ലിമെൻററിപരീക്ഷ മാർച്ച് 16-ലേക്കും മാർച്ച് എട്ടിന് നടത്താനിരുന്ന ഫൈനൽ എം.ബി.ബി.എസ് പാർട്ട്-2 (ഫൈനൽ അഡീഷണൽ) പരീക്ഷ മാർച്ച് 15-ലേക്കും മാറ്റി.

ഫിബ്രുവരി 29ന് നടത്താനിരുന്ന എം.എസ്സി മെഡിക്കൽ ബയോകെമിസ്ട്രി ബി.എസ്സി/മെഡിക്കൽ ബയോകെമിസ്ട്രി ബി.എസ്സി മൈക്രോബയോളജി, ബി.എസ്സി എം.എൽ.ടി ഒന്നാംവർഷ റഗുലർ/സപ്ലിമെൻററി പരീക്ഷകം മാർച്ച് ഒമ്പതിലേക്ക് മാറ്റിയിട്ടുണ്ട്. മാർച്ച് രണ്ട് മുതലുള്ള പരീക്ഷയ്ക്ക് മാറ്റമില്ല.

പരീക്ഷ

സർവകലാശല ബി.ടി.എച്ച്.എം മൂന്ന്, രണ്ട് വർഷ സപ്ലിമെൻററി (നോൺ സി.സി.എസ്.എസ്) പരീക്ഷകം യഥാക്രമം മാർച്ച് ഏഴ്, ഒമ്പത് തീയതികളിൽ നടക്കും.

അഫ്സൽ ഉൽ ഉലമ ഫലം നാളെ

സർവകലാശാല 2011 സപ്തംബറിൽ നടത്തിയ അഫ്സൽ ഉൽ ഉലമ രണ്ടാംവർഷ പരീക്ഷാഫലം 27ന് പ്രസിദ്ധീകരിക്കും. ഏപ്രിൽ നാലിന് ആരംഭിക്കുന്ന രണ്ടാംവർഷ പരീക്ഷയ്ക്ക് സൂക്ഷ്മ പരിശോധനയ്ക്കായി മാർച്ച് ഒമ്പതുവരെ അപേക്ഷിക്കാം.

തിരുത്ത്

സർവകലാശാല 24ന് നൽകിയ പത്രക്കുറിപ്പിൽ പറയുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയറിങ് ആൻഡ് ടെക്നോളജിയുടെ ഇൻഫർമേഷൻ ടെക്നോളജി പഠനവിഭാഗത്തിലെ ലാബ് ഇൻസ്ട്രക്ടർ തസ്തികയുടെ യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ഫസ്റ്റ് ക്ലാസോടുകൂടിയ ഡിപ്ലോമ എന്ന് തിരുത്തി വായിക്കേണ്ടതാണ്.

സമ്പർക്ക ക്ലാസ്

സർവകലാശാല സ്റ്റൂം ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷനു കീഴിൽ 2011-12 അധ്യയന വർഷം രജിസ്റ്റർചെയ്ത ബിരുദ വിദ്യാർഥികംക്കുള്ള ഒന്ന്, രണ്ട് സെമസ്റ്റർ സി.സി.എസ്.എസ് കോൺടാക്ട് ക്ലാസുകം മാർച്ച് മൂന്നിന് രാവിലെ 10 മണിമുതൽ വിവിധ കേന്രങ്ങളിൽ നടക്കും. വിശദ വിവരങ്ങം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർഥികം ഐഡൻറിറ്റി കാർഡ് സഹിതം ബന്ധപ്പെട്ട കേന്രങ്ങളിൽ ഹാജരാകണം. ഐഡൻറിറ്റി കാർഡ് സർവകലാശാല വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. വിദ്യാർഥികംക്കുള്ള പഠന ക്കുറിപ്പുകം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർവവിദ്യാർഥി സംഗമം

സർവകലാശാല അറബിക് പഠനവിഭാഗം മുൻമേധാവി പ്രൊഫ. ഡോ. എ.ഐ.റഹത്തുള്ളയുടെ റിട്ടയർമെൻറിനെറ ഭാഗമായി മാർച്ച് 19ന് രാവിലെ 10 മണി മുതൽ നാലുമണിവരെ സെമിനാർ കോംപ്ലക്സിൽ പൂർവവിദ്യാർഥി സംഗമവും സെമിനാറും സംഘടിപ്പിക്കുന്നു. ഇമെയിൽ: airsendoff2012gmail.com. ഫോൺ: 9497408611, 9747318079.

വിദ്യാഭ്യാസ വ്യാപന പ്രഭാഷണം

കാലിക്കറ്റ് സർവകലാശാല ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ്ലൈങ് ലേണിങ്ങിന്റെയും നടുവണ്ണൂർ ഗവ. ഹയർ സെക്കൻഡറി സ്റ്റൂം സൗഹൃദ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ വിദ്യാർഥികംക്ക് വിദ്യാഭ്യാസ വ്യാപന പ്രഭാഷണം നടത്തി. സർവകലാശാല ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ്ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷൻ വകുപ്പ് മേധാവി ഡോ. കെ.ശിവരാജൻ ഉദ്ഘാടനം ചെയ്തു. വെൻറിലേഷൻ ഓഫ് ഇമോഷൻസ് വിഷയത്തിൽ ഫാറൂഖ് കോളേജ് റിട്ട. പ്രൊഫ. ഡോ. ഹാഫിസ് മുഹമ്മദ് പ്രഭാഷണം നടത്തി.

കണ്ണൂർ

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ്(റഗുലർ), നാലാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് സുവോളജി (സി.എസ്.എസ്.), നാലാം സെമസ്റ്റർ എം.എസ്സി. മോളിക്കുലർബയോളജി (സി.എസ്.എസ്.), ഒന്നാംവർഷ എം.പി.ടി.ഡിഗ്രി, രണ്ടാംവർഷ എം.പി.ടി.ഡിഗ്രി എന്നീ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

ഓട്ടോമോട്ടീവ് അക്കാദമിയിൽ സ്റ്റിൽ റിസോഴ്സ് മാനേജ്മെൻറ് കോഴ്സ്

കോഴിക്കോട്: വാഹനവ്യവസായ മേഖലയിൽ മികച്ച ഉദ്യോഗാർഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കെ.ടി.സി. ഗ്രൂപ്പിനു കീഴിലുള്ള ഓട്ടോമോട്ടീവ് അക്കാദമി (എ.എം.എ.) കോഴിക്കോട് സ്റ്റിൽ റിസോഴ്സ് മാനേജ്മെൻറ് കോഴ്സ് ആരംഭിച്ചു. ഓട്ടോമൊബൈൽ മെക്കാനിക്ക് ഐ.ടി.ഐ./ഐ.ടി.സി./ഡിപ്ലോമ/കെ.ജി.എസ്.ഇ./എൻ.സി.വി.ടി. കോഴ്സ് പാസായവർക്ക് മൂന്നു മാസത്തെ പ്രാക്ടിക്കൽ സ്റ്റിൽ മാനേജ്മെൻറ് കോഴ്സിലൂടെ നൂറു ശതമാനം ജോലി ഉറപ്പാക്കാമെന്ന് മാനേജ്മെൻറ് അറിയിച്ചു.

മൂന്നു തരത്തിലുള്ള ഡിപ്ലോമ കോഴ്സുകളാണുള്ളത്.

1. ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ഓട്ടോമോട്ടീവ് ടെക്നോളജി: യോഗ്യത: ഐ.ടി.ഐ. ഐ.ടി.സി. ഓട്ടോമൊബൈൽ എൻജിനീയറിങ്ങിൽ ഡിപ്ലോമ/തത്തുല്യയോഗ്യത -കാലാവധി മൂന്നു മാസം. 2. ഡിപ്ലോമ ഇൻ ഓട്ടോമോട്ടീവ് മാർക്കറ്റിങ് ആൻഡ് മെറ്റീരിയൽ മാനേജ്മെൻറ്: യോഗ്യത: ബിരുദം, പ്ലസ്ടു/തത്തുല്യം. -കാലാവധി 2 മാസം.

3. ഡിപ്ലോമ ഇൻ ഫണ്ടമെൻറൽസ് ഓഫ് ഓട്ടോമൊബൈൽസ്: യോഗ്യത പത്താം ക്ലാസ് പാസ്/തത്തുല്യം -കാലാവധി ആറു മാസം. ഓരോ ബാച്ചിലും 20 സീറ്റുകളാണുള്ളത്.

മാർച്ച്, ഏപ്രിൽ, മെയ് ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചു. പ്രോസ്പെക്ടസിനും അപേക്ഷാഫോമിനും 9847272727 എന്ന നമ്പറിൽ ബന്ധപ്പെടാം.

മാത്സ് ടാലൻറ് സേർച്ച് ഫൈനൽ പരീക്ഷാ ഫലം

കോട്ടയം: കേരള ഗണിതശാസ്ത്ര പരിഷത്ത് സംസ്ഥാനത്തെ സ്റ്റൂം വിദ്യാർഥികംക്കായി നടത്തിയ മാത്സ് ടാലൻറ് സേർച്ച് (എം.ടി.എസ്.ഇ.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചതായി പരിഷത്ത് ജന. സെക്രട്ടറി ടി.ആർ. രാജൻ അറിയിച്ചു.

www.ganithasasthraparishad.org എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

കാലിക്കറ്റ് സർവകലാശാലയിൽനിന്ന്സ്വതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയഷിനു വി.എസ്. കോഴിക്കോട് തിരുവണ്ണൂർ സ്വദേശിയാണ്

ഹയർ സെക്കൻഡറി അധ്യാപകപരീക്ഷയ്ക്കും ഒരു പുസ്തകത്തിൽനിന്നുതന്നെ ചോദ്യങ്ങൾ

സ്വന്തം ലേഖകൻ

കൊല്ലം: ഫിബ്രുവരി 16ന് പി.എസ്.സി. നടത്തിയ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയും വിവാദത്തിലായി. യു.ജി.സി., സെറ്റ് ഇക്കണോമിക്സ് യോഗ്യതാപരീക്ഷയ്ക്കായി ന്യൂഡൽഹിയിൽ നിന്നു പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൽനിന്നാണ് 30 ചോദ്യങ്ങം ചോദിച്ചത്. ഈ പുസ്തകത്തിനു പറ്റിയ തെറ്റും പി.എസ്.സി. ആവർത്തിച്ചിട്ടുണ്ട്. അതിലുപരി ചില ചോദ്യങ്ങംക്ക് ശരിയായ ഉത്തരം പി.എസ്.സി.നൽകിയിട്ടുമില്ല.

2006നുശേഷം ആദ്യമായാണ് ഹയർ സെക്കൻഡറി അധ്യാപകപരീക്ഷ നടക്കുന്നത്. 4500 ഓളം പേർ എഴുതി. നൂറ് മാർക്കിന്റെ ചോദ്യത്തിന് നെഗറ്റീവ് മാർക്കും ഉണ്ടായിരുന്നു. എ.ബി.സി.ഡി.ആൽഫ കോഡിലെ ഡിയിൽ തുടർച്ചയായി ഇത്തരത്തിൽ ചോദ്യങ്ങം ഈ പുസ്തകത്തിൽനിന്നു വന്നിട്ടുണ്ട്. ഇതിൽ 5, 7, 11, 14, 15, 16, 17, 18, 19, 20, 21, 22, 26, 28, 33, 41, 62, 75, 76, 77, 78, 79, 80, 84, 85, 86, 98 ചോദ്യങ്ങളാണ് ഈ പുസ്തകത്തിൽനിന്ന് വന്നിട്ടുള്ളത്. ഈ പുസ്തകത്തിൽനിന്നും വ്യാപകമായി ചോദ്യങ്ങം ചോദിക്കുമെന്ന് ചിലയിടത്തൊക്കെ പ്രചാരണമുണ്ടായിരുന്നതായും സൂചനയുണ്ട്.

പലയിടത്തും പുസ്തകത്തിൽ ഉത്തരങ്ങം തെറ്റിച്ചാണ് കൊടുത്തിട്ടുള്ളത്. ഇതേ തെറ്റ് പി.എസ്.സി.പരീക്ഷയിലും ആവർത്തിച്ചു. ഉദാഹരണത്തിന് 'ഹിന്ദു വളർച്ചനിരക്ക് ' എന്ന പ്രയോഗം കൊണ്ടുവന്നതാരെന്ന ചോദ്യത്തിന് ശരിയുത്തരമായ രാജ് കൃഷ്ണ ഇല്ല. ഡി കോഡിലെ 10, 17, 19, 58, ചോദ്യങ്ങംക്ക് പി.എസ്.സി.നൽകിയിട്ടുള്ള ഉത്തരം അവ്യക്തമാണ്. ഇതേ പുസ്തകത്തിലെ 94-ാം പേജിൽ 173, 174, 176 നമ്പറുകളിൽ ചോദിച്ചിട്ടുള്ള ചോദ്യങ്ങം അതേപോലെ ചോദ്യത്തിലും അടുത്തടുത്ത് വന്നിട്ടുണ്ട്. ഈ ചോദ്യങ്ങം പരീക്ഷയ്ക്ക് ചോദിച്ചിട്ടുള്ളത് 17, 18, 20 എന്നീ ക്രമത്തിലാണ്. ആറുവർഷം കാത്തിരുന്നെഴുതിയ പരീക്ഷയിലെ ഈ പാകപ്പിഴകം കാരണം അങ്കലാപ്പിലാണ് ഉദ്യോഗാർഥികം.

എൽഎൽ.ബി. വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിൽ

തൃശ്ശൂർ: കാലിക്കറ്റ് സർവകലാശാലയുടെ അനാസ്ഥ തൃശ്ശൂർ ഗവ. ലോ കോളേജിലെ അമ്പതോളം ഏഴാം സെമസ്റ്റർ എൽഎൽ.ബി. വിദ്യാർഥികളുടെ ഭാവി അനിശ്ചിത്വത്തിലാക്കി. പഞ്ചവർഷ എൽഎൽ.ബി. കോഴ്സിലെ വിദ്യാർഥികളുടെ മൂന്നാം സെമസ്റ്റർ പൊളിറ്റിക്കൽ സയൻസ് പരീക്ഷയുടെ ഉത്തരക്കടലാസുകം കാണാതെ പോയതാണ് പ്രശ്നമായത്.

2008ൽ പ്രവേശനം നേടിയ വിദ്യാർഥികളാണ് പ്രശ്നത്തിലായത്. പൊളിറ്റിക്കൽ സയൻസ് രണ്ടാം പേപ്പറിൽ പരീക്ഷയെഴുതിയ 65 പേരിൽ ചുരുക്കം ചിലരൊഴികെ എല്ലാവരും തോറ്റിരുന്നു. തോറ്റവരൊക്കെ പുനർമൂല്യനിർണയത്തിന് അപേക്ഷ നൽകി. നടപടി വൈകിയപ്പോം കുറെപ്പേർ സപ്ലിമെൻററി പരീക്ഷ എഴുതി. അപ്പോഴാണ് ഉത്തരക്കടലാസുകം കാണാനില്ലെന്ന മറുപടി സർവകലാശാലയിൽ നിന്നെത്തിയത്.

• വാർത്തകൾ •

പുല്ലുചെത്തലും കാടുതെളിക്കലും ഇനി തൊഴിലുറപ്പിൽ പറ്റില്ല

എസ്.എൻ. ജയപ്രകാശ്

തിരുവനന്തപുരം: മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ഇനി പച്ചപ്പിന് ശാപമാവില്ല. പുല്ല് ചെത്താനും കുറ്റിക്കാട് തെളിക്കാനും കല്ലുംമണ്ണും നീക്കാനുമുള്ള പണികം തൊഴിലുറപ്പിൽ ഏറ്റെടുക്കുന്നതിനെ പുതിയ മാർഗനിർദേശങ്ങം കർശനമായി വിലക്കുന്നു.

പുല്ലുചെത്തിയും കുറ്റിക്കാട് വെളുപ്പിച്ചും പദ്ധതിയിലെ പണം തുലയ്ക്കുന്നതിനെതിരെ കേരളത്തിൽ പ്രതിഷേധം ഉയർന്നിരുന്നു. പലസ്ഥലത്തും ഒരാവശ്യവുമില്ലാതെ റോഡരികിലെ പുല്ലുചെത്താനാണ് പദ്ധതി ഉപയോഗിച്ചിരുന്നത്. പച്ചപ്പ് നശിപ്പിക്കുന്നതിനെതിരെ പരിസ്ഥിതി പ്രവർത്തകരും രംഗത്തെത്തിയിരുന്നു. വംശനാശം വന്നുകൊണ്ടിരിക്കുന്ന നാട്ടുചെടികളെ തൊഴിലുറപ്പ് പദ്ധതിയുടെ പേരിൽ കൊന്നൊടുക്കുന്നതിനെതിരെ സുഗതകുമാരി 'മാതൃഭൂമി'യിൽ എഴുതിയ കുറിപ്പാണ് ഇതേപ്പറ്റിയുള്ള ചർച്ചകം സജീവമാക്കിയത്. പ്രതിഷേധം കണക്കിലെടുത്ത് പച്ചപ്പ് നശിപ്പിക്കുന്ന പണികം ഏറ്റെടുക്കരുതെന്ന് അടുത്തിടെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകംക്ക് നിർദേശം നൽകിയിരുന്നു.

കേരളത്തിൽ മറ്റുപണികം ഏറ്റെടുക്കാൻ പൊതുസ്ഥലം കുറവാണെന്ന ന്യായംപറഞ്ഞാണ് റോഡരികിലെ പുല്ലുചെത്തും മൺതിട്ടയിടിക്കലുമൊക്കെ വ്യാപകമായി പദ്ധതിയിൽ ഏറ്റെടുത്തത്. റോഡരികിൽ സ്ത്രീകം നിരന്നുനിന്ന് പുല്ലുചെത്തുന്നത് തൊഴിലുറപ്പിന്റെ പതിവുകാഴ്ചകളിലൊന്നായിരുന്നു.

കേന്ര ആസൂത്രണ കമ്മീഷൻ അംഗമായ ഡോ. മിഹിർഷാ അധ്യക്ഷനായ സമിതി കഴിഞ്ഞദിവസമാണ് പുതുക്കിയ മാർഗനിർദേശങ്ങം സമർപ്പിച്ചത്.

ഇതിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പണികളുടെ പട്ടികയിലാണ് ഇവ ഉംപ്പെടുത്തിയിരിക്കുന്നത്. മറ്റു പണികളുടെ ഭാഗമായല്ലാതെ ഇവ മാത്രം ഏറ്റെടുക്കരുതെന്നാണ് നിർദേശം.

ഇതുകൂടാതെ കിണറുകം കുഴിക്കുന്നതിനും നിയന്ത്രണമുണ്ട്. കുഴൽക്കിണറും ട്യൂബ് കിണറും കുഴിക്കുന്നത് പദ്ധതിയിൽ ഉംപ്പെടുത്തരുത്. ഭൂഗർഭ ജലചൂഷണം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണിത്.

ഭൂഗർഭ ജലവിതാനം കുറഞ്ഞതായി കേന്ര ഭൂജലബോർഡ് കണ്ടെത്തിയ സ്ഥലങ്ങളിൽ സ്വകാര്യവ്യക്തികംക്കായി കിണറുകം കുഴിക്കരുത്. ഇവിടങ്ങളിൽ മൂന്നോ അതിലേറെയോ കൃഷിക്കാർക്ക് ഉപയോഗിക്കാനുള്ള പൊതുകിണറേ നിർമിക്കാവൂ. കൃഷിക്കാർ തമ്മിൽ ജലം പങ്കിടുന്നതിന് കരാറും വേണം.

യു.പി.യിൽ ആറാം ഘട്ട പ്രചാരണം ഇന്ന് തീരും

ലഖ്നൗ: ആറാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന പടിഞ്ഞാറൻ ഉത്തർപ്രദേശിലെ 68 നിയമസഭാ മണ്ഡലങ്ങളിൽ ഞായറാഴ്ച പ്രചാരണം അവസാനിക്കും.ഡൽഹിയോട് ചേർന്ന് കിടക്കുന്ന ആഗ്ര അടക്കം 13 ജില്ലകളിൽ ആണ് ഫിബ്രുവരി 28 ന് തിരഞ്ഞെടുപ്പ് നടക്കുന്നത്.

മാർച്ച് 3ന് ആണ് അവസാന ഘട്ട തിരഞ്ഞെടുപ്പ്. അഴിമതി, ക്രമസമാധാനനില, വികസനം എന്നീ വിഷയങ്ങളാണ് പ്രതിപക്ഷ പാർട്ടികളുടെ പ്രധാന പ്രചാരണ വിഷയങ്ങം എങ്കിലും കേന്ര അവഗണനയാണ് ഭരണകക്ഷിയായ ബി.എസ്.പി.യുടെ പ്രധാന പ്രചാരണ വിഷയം. കഴിഞ്ഞ തവണ ബി.എസ്.പി.ക്ക് 35 സീറ്റും ബി.ജെ.പി.ക്ക് 12 സീറ്റുമാണ് ഇവിടെ നിന്ന് ലഭിച്ചത്. കഴിഞ്ഞ തവണ ഇവിടെ രണ്ട് സീറ്റുമാത്രം നേടാനായ കോൺഗ്രസ് രാഷ്ട്രീയ ലോക്ദം കൂട്ടുകെട്ടിൽ നിന്ന് ഏറെ പ്രതീക്ഷിക്കുന്ന മേഖലയാണിത്.

മുന്നറിയിപ്പില്ലാതെ നഴ്സുമാർ സമരം നടത്തരുത്

കഴിഞ്ഞ സർക്കാറിന്റെ കാലത്തെ ആംബുലൻസ് ഇടപാട് അന്വേഷിക്കും -അടൂർപ്രകാശ്

ഡി. ശ്രീജിത്ത്

ന്യൂഡൽഹി: കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിപ്രകാരം (എൻ.ആർ.എച്ച്.എം.) ആംബുലൻസ് വാങ്ങിയതിൽ അഴിമതിയുണ്ടെന്ന ആരോപണം അന്വേഷിക്കുമെന്ന് ആരോഗ്യ മന്ത്രി അടൂർ പ്രകാശ് പറഞ്ഞു.

പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ മറയാക്കി അധിക വില നൽകി ആംബുലൻസ് വാങ്ങിയെന്നാണ് ആരോപണം. രാജ്യത്തെ പോളിയോ വിമുക്തമായി പ്രഖ്യാപിച്ചെങ്കിലും സംസ്ഥാനത്ത് നാലുജില്ലകളിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്നും മന്ത്രി അറിയിച്ചു.

മുന്നറിയിപ്പില്ലാതെ നഴ്സുമാർ സമരം നടത്തുന്നത് ആസ്പത്രികളുടെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് അടൂർപ്രകാശ് പറഞ്ഞു. നഴ്സിങ് പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ഈ മാസം 29ന് തൊഴിൽ മന്ത്രി ഷിബു ബേബിജോണിനൊപ്പം ആസ്പത്രി അധികൃതരും നഴ്സിങ് പ്രതിനിധികളുമായും ചർച്ച നടത്തുമെന്ന് അദ്ദേഹം പറഞ

പോലീസ് കാഴ്ചക്കാരായെന്ന് ആക്ഷേപം

ഇരിട്ടിയിലെ സംഘർഷം; മൂന്ന് സി.പി.എം. പ്രവർത്തകർ അറസ്റ്റിൽ; 12 പേർക്കെതിരെ കേസ്

ഇരിട്ടി: ഇരിട്ടിയിൽ സി.പി.എം.മുസ്‌ലിം ലീഗ് സംഘർഷത്തിനിടയിൽ പോലീസുകാരന്മർദ്ദനമേറ്റ സംഭവത്തിൽ മൂന്ന് സി.പി.എം.പ്രവർത്തകരെ ഇരിട്ടി പോലീസ് അറസ്റ്റ് ചെയ്തു. സംഘർഷം ഉണ്ടാക്കാനായി സംഘടിച്ച്എത്തിയതിന്ഇരുഭാഗത്തെയും കണ്ടാലറിയാവുന്ന 12 പേർക്കെതിരെയും കേസ്സെടുത്തു. അക്രമികളെ തുരത്താൻ സി.ഐ.ലാത്തിച്ചാർജ് നടത്തിയപ്പോഴാണ് ഒരു വിഭാഗം പോലീസുകാർ കാഴ്ചക്കാരായി നിന്നെന്ന ആക്ഷേപത്തെപ്പറ്റി വകുപ്പ്തല അന്വേഷണം തുടങ്ങി.

ഇരിട്ടി സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ എം.ജെ.ജോബിക്ക് സംഘർഷത്തിനിടയിൽ മർദ്ദനമേറ്റകേസ്സിൽ സി.പി.എം.പ്രവർത്തകരായ തില്ലങ്കേരി പൂമരത്തെ കെ.ഗംഗാധരൻ (39) പയഞ്ചേരിയിലെ അസീസ് (30) പയഞ്ചേരിയിലെ സുമേഷ് (30) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇവരെ മട്ടന്നൂർ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു. അക്രമം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിച്ചെത്തിയ ഇരുവിഭാഗത്തെയും കണ്ടാലറിയാവുന്ന 12 പേർക്കെതിരെയും പോലീസ് കേസ്സെടുത്തു.

വെള്ളിയാഴ്ച വൈകീട്ട് അഞ്ചുമണിയോടെയാണ് ഇരിട്ടി ടൗണിലും പയഞ്ചേരി മുക്ക് ജങ്ഷനിലും സംഘർഷം ഉണ്ടായത്. എസ്.എഫ്.ഐ.- എം.എസ്.എഫ്. സംഘർഷത്തെ തുടർന്ന് സി.പി.എം.മുസ്‌ലിംലീഗ് പ്രവർത്തകർ സംഘടിച്ചെത്തിയതാണ് സംഘർഷം ഉണ്ടാക്കിയത്. സംഘടിച്ചെത്തിയവരെ ഇരിട്ടി സി.ഐ.വി.വി.മനോജ് ലാത്തിവീശി ഓടിക്കുകയായിരുന്നു. സി.ഐ.ലാത്തിച്ചാർജ് നടത്തുമ്പോഴാം സംഭവസ്ഥലത്ത് ഉണ്ടായിരുന്ന പോലീസുകാരിൽ ഭൂരിഭാഗവും കാഴ്ചക്കാരായി നിന്നെന്ന ആക്ഷേപം ഉയർന്നിരുന്നു.

ഇരുഭാഗത്തുമായി നൂറിലധികം പേർ സംഘടിച്ച് പോർവിളി ഉയർത്തിയപ്പോഴാം സ്ഥലത്തുണ്ടായിരുന്ന പോലീകാരിൽ നിന്നും കാര്യമായ നടപടികാം ഒന്നും ഉണ്ടായില്ല. സി.ഐ.എത്തിയപാടെ ലാത്തിച്ചാർജ് നടത്തുകയും കൂടിനിന്നവർ പിരിഞ്ഞുപോവുകയുമായിരുന്നു. ഈ സമയം സി.ഐയ്ക്ക് ഒപ്പംചേരാൻ ഒന്നോ രണ്ടോ പോലീസുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റ്പോലീസുകാരെല്ലാം കാഴ്ചക്കാരായെന്നാണ് ആക്ഷേപം. ഇതുസംബന്ധിച്ച് വകുപ്പ് മേധാവികാം അന്വേഷണം ആരംഭിച്ചു.

അക്രമം ഒഴിവാക്കുന്നതിന് എസ്.ഐ.വിളിച്ചുചേർത്ത സമാധാന യോഗത്തിനിടയിൽ എം.എസ്.എഫ്.പ്രവർത്തകന് മർദ്ദനമേറ്റു. കൂളി ചെന്പ്രയിലെ സി.കെ.അഫ്സലിനാണ് മർദ്ദനമേറ്റത്. കണ്ണിന് പരിക്കേറ്റ അഫ്സലിനെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണാസ്പത്രിയിൽ പ്രവേശിപ്പിച്ചു. ചുമട്ടുതൊഴിലാളികളാണ് മർദ്ദിച്ചതെന്ന് എം.എസ്.എഫ്. ആരോപിച്ചു.വെള്ളിയാഴ്ച നടന്ന സംഘർഷത്തിൽ ഒരു പോലീസുകാരൻ ഉൾപ്പെടെ നാലുപേർക്ക് പരിക്കേറ്റിരുന്നു. പ്രദേശത്ത് സംവിധാനം ശക്തമാക്കിയിട്ടുണ്ട്.

പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷ: അറിയിപ്പ് ലഭിച്ചത് ഒരു ദിവസം മുമ്പ്

കണ്ണൂർ: പിന്നോക്ക സമുദായങ്ങളിലെ വിദ്യാർഥികാംക്ക് പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ നൽകാനുള്ള അറിയിപ്പ് ലഭിച്ചത് ഒരു ദിവസം മുമ്പ്. അപേക്ഷ നൽകാനുള്ള അവസാനദിവസം ഫിബ്രുവരി 25ആയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങാം വിദ്യാഭ്യാസ വകുപ്പ് 24ന് കിട്ടത്തക്കവിധമാണ് വിദ്യാലയങ്ങാംക്ക് അയച്ചുകൊടുത്തതെന്ന് രക്ഷിതാക്കാം ആരോപിച്ചു. അപേക്ഷ നൽകാനായി വരുമാനം തെളിയിക്കാനുള്ള 10രൂപയുടെ മുദ്രക്കടലാസ് വാങ്ങാൻ രക്ഷിതാക്കാം നെട്ടോട്ടമോടേണ്ട അവസ്ഥയായിരുന്നു. പലർക്കും അപേക്ഷ നൽകാനായിട്ടില്ലെന്നും പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ നീട്ടണമെന്നുമാണ് രക്ഷിതിക്കളുടെയും വിദ്യാർഥികളുടെയും ആവശ്യം. അപേക്ഷത്തിയതി നീട്ടണമെന്ന് ബി.ജെ.പി. ജില്ലാ ജനറൽ സെക്രട്ടറി യു.ടി.ജയന്തൻ ആവശ്യപ്പെട്ടു.

കെ.എസ്.ആർ.ടി.സി. ഇരിട്ടി സെൻററിന് സൗകര്യങ്ങൾ ഇനിയും ആയില്ല

ഇരിട്ടി: കെ.എസ്.ആർ.ടി.സി.ക്ക് ഇരിട്ടിയിൽ അനുവദിച്ച ഓപ്പറേറ്റിങ് സെൻറർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങാം ഒരുക്കുന്നതിൽ വീഴ്ചവന്നതാണ് പ്രവർത്തനം നിശ്ചലമാകാൻ കാരണം. ഗ്രാമപ്പഞ്ചായത്ത് രേഖമൂലം നൽകിയ ഉറപ്പ് പാലിച്ചില്ലെന്ന് കെ.ഇബ്രാഹിംകുട്ടി വള്ളിത്തോട് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നൽകിയ പരാതിക്കുള്ള മറുപടിയായി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറാണ് ഇക്കാര്യം അറിയിച്ചിരിക്കുന്നത്.

ഭരണമാറ്റമാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിങ് സെൻറിനെറ പ്രവർത്തനത്തിന് തടസ്സമായതെന്ന ആരോപണം പല കോണുകളിൽനിന്നും ഉയർന്നിരുന്നു. ഗ്രാമപ്പഞ്ചായത്ത് ഉറപ്പുനൽകിയ സൗകര്യങ്ങാം ഒരുക്കിത്തന്നാൽമാത്രമെ ഇരിട്ടി ഓപ്പറേറ്റിങ് സെൻറർ പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ എന്നാണ് അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസറുടെ റിപ്പോർട്ട്.

ഉളിയിൽ ഗവ.യു.പി.സ്കൂാ ശതാബ്ദി ആഘോഷത്തിൻെറഭാഗമായി സംഘടിപ്പിച്ച പൂർവവിദ്യാർത്ഥി സംഗമത്തിൽ ജസ്റ്റിസ് എ.കെ.ബഷീർ പ്രസംഗിക്കുന്നു

വിദ്യാർഥി ജീവിതത്തിലെ അനുഭവങ്ങളുമായി ജസ്റ്റിസ് ബഷീർ

ഇരിട്ടി: കലാലയ ജീവിതത്തിലെ ഓർമകാം പങ്കുവെച്ച് ജസ്റ്റിസ് എ.കെ.ബഷീർ ഒരിക്കൽക്കൂടി പഴയ വിദ്യാലയമുറ്റത്തെത്തി. ഉളിയിൽ ഗവ.യു.പി.സ്കൂാ ശതാബ്ദി ആഘോഷത്തിൻെറ ഭാഗമായി സംഘടിപ്പിച്ച പൂർവിദ്യാർഥിസംഗമത്തിൽ അദ്ദേഹം സ്കൂാ ജീവിതത്തിലെ അനുഭവങ്ങാം പങ്കുവെച്ചു.

പൂർവവിദ്യാർഥി സംഗമം ഗ്രാമപ്പഞ്ചായത്ത് അംഗം എം.പി. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് ബഷീർ മുഖ്യാതിഥിയായി. പി.വി.നാരായണൻ അധ്യക്ഷനായി. പ്രധാനാധ്യാപകൻ കെ.വി.രവീന്ദ്രൻ, കെ.വി. അബ്ദുള്ള, ചന്ദ്രൻ തില്ലങ്കേരി, കെ.വേണു, എൻ.വി.ബാലകൃഷ്ണൻ, കെ.അബ്ദുാഖാദർ, ഫൈസൽ അഹ്സനി, കെ.സാദിഖ്, എം.സത്താർ, ടി.പി.അഹമ്മദ്കുട്ടി, പി.കാദർകുട്ടി, വി.മാഞ്ഞുമാസ്റ്റർ. കെ.വി.അബ്ദുള്ള, പി.രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

മനോളി വാസുവിന് അന്ത്യാഞ്ജലി

മാലൂർ: അന്തരിച്ച പൗരമുഖ്യനും സാമൂഹിക-സാംസ്കാരിക രംഗത്തെ സജീവ പ്രവർത്തനുമായിരുന്ന മനോളി വാസുവിൻെറ മൃതദേഹം വൻ ജനാവലിയുടെ സാന്നിധ്യത്തിൽ കാഞ്ഞിലേരിയിലെ വീട്ടുവളപ്പിൽ ശനിയാഴ്ച സംസ്കരിച്ചു.

മൃതദേഹം പൊതുദർശനത്തിന് വെച്ചപ്പോാം സി.പി.എം. നേതാക്കളായ പി. ജയരാജൻ, കെ.കെ. ശൈലജ, ടി. കൃഷ്ണൻ, എം. സുരേന്ദ്രൻ, കെ. ധനഞ്ജയൻ, പി. പുരുഷോത്തമൻ, പി. ബാലൻ, കെ. ഭാസ്കരൻ മാസ്റ്റർ, ലൂസി ജോർജ് തുടങ്ങിയവർ അന്ത്യോപചാരം അർപ്പിച്ചു.

സർവകക്ഷി അനുശോചന യോഗത്തിൽ കെ.പി. വിജയൻ അധ്യക്ഷത വഹിച്ചു. മാലൂർ പഞ്ചായത്ത് പ്രസിഡൻറ് എം. ശാന്തകുമാരി, ബ്ലോക്ക് പഞ്ചായത്തംഗം കൃഷ്ണകുമാർ കാഞ്ഞിലേരി, ഇ. നാരായണൻ, എ. ജയരാജൻ, കെ. ഗോവിന്ദൻ, ഇ.കെ. നാരായണൻ നമ്പ്യാർ, ഒ. രവീന്ദ്രൻ, എം.ചന്തുക്കുട്ടി, കുയ്യാലി നാരായണൻ, കുറിഞ്ഞേരി ദാമോദരൻ, ടി. നാരായണൻ, കോടഞ്ചേരി സുരേന്ദ്രൻ, കെ. വി. ചന്തുക്കുട്ടി നമ്പ്യാർ, കൂട്ട ഗോവിന്ദൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. മനോളി വാസുവിൻെറ ചരമത്തിൽ അനുശോചിച്ച് ശനിയാഴ്ച കാഞ്ഞിലേരിയിൽ ഹർത്താൽ ആചരിച്ചു.

മനോളി വാസുവിൻെറ ചരമത്തിൽ കെ. സുധാകരൻ എം.പി., ഇ.പി. ജയരാജൻ എം.എൽ.എ. എന്നിവർ അനുശോചിച്ചു.

സംശയമില്ലാത്തകാര്യങ്ങാ മന്ത്രിമാർ ആവർത്തിക്കുന്നത് ചട്ടലംഘനമല്ല -മന്ത്രി കെ.പി.മോഹനൻ

ഇരിട്ടി: പിറവത്തെ യു.ഡി.എഫ്. സ്ഥാനാർഥി അനൂപ് ജേക്കബ് ജയിച്ചാൽ മന്ത്രിയാകുമെന്ന സംശയമില്ലാത്തകാര്യം മന്ത്രിമാർ ആവർത്തിക്കുന്നത് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിൻെറ ലംഘനമല്ലെന്ന് കൃഷിമന്ത്രി കെ.പി.മോഹനൻ പറഞ്ഞു. ഇരിട്ടിയിൽ സോഷ്യലിസ്റ്റ് ജനത പേരാവൂർ നിയോജക മണ്ഡലം കൺവെൻഷൻ ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. അനൂപ് ജേക്കബ് ജയിച്ചാൽ മന്ത്രിയാകുമെന്ന കാര്യം പിറവത്തുകാർക്ക് മാത്രമല്ല കേരളീയർക്കെല്ലാം അറിയുന്ന കാര്യമാണ്. ആർക്കും സംശയമില്ലാത്ത കാര്യങ്ങാം ആവർത്തിക്കുകമാത്രമാണ് മന്ത്രിമാർ ചെയ്തത്. വോട്ടർമാർക്കുമുന്നിൽ വെക്കാൻ മറ്റ് കാര്യങ്ങാം ഒന്നും ഇല്ലാത്തതിനാലാണ് എൽ.ഡി.എഫ്. ഇക്കാര്യം വിവാദമാക്കുന്നത്.

സോഷ്യലിസ്റ്റ് ജനതാ പേരാവൂർ നിയോജകമണ്ഡലം കൺവെൻഷൻ കൃഷിമന്ത്രി കെ.പി.മോഹനൻ ഉദ്ഘാടനംചെയ്യുന്നു

അനൂപ് ജേക്കബ് ജയിച്ചാൽ മന്ത്രിതന്നെയാകുമെന്നും കെ.പി. മോഹനൻ പറഞ്ഞു. കുറഞ്ഞ കാലംകൊണ്ട് സർക്കാർ കൈവരിച്ചനേട്ടങ്ങാം ഏറെയാണ്. കാർഷികമേഖലയിൽ ഉംപ്പെടെയുള്ള ചിലപ്രശ്നങ്ങാംക്ക് സർക്കാർ ഉടൻ പരിഹാരം കാണുമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ നിയോജകമണ്ഡലം പ്രസിഡൻറ് എ.കെ.ഇബ്രാഹിം അധ്യക്ഷനായി. സി.കുഞ്ഞിരാമൻ മാസ്റ്റർ, ജില്ലാ പ്രസിഡൻറ് വി.കെ. കുഞ്ഞിരാമൻ, കെ.കെ.ഹംസ, കെ.പി.ചന്ദ്രൻ മാസ്റ്റർ, വി.കമ്മാരൻ നമ്പ്യാർ, എം.അഹമ്മദ്, സി.വി.എം.വിജയൻ, കെ.സി.ജോസഫ് മാസ്റ്റർ, എൻ.എം.മാത്യു, പി. വത്സരാജ് എന്നിവർ സംസാരിച്ചു.

പഴയകാല കളിക്കാരുടെ സംഗമം നടത്തി

വോളിബോൾ ടൂർണമെൻറ് തുടങ്ങി

മാലൂർ: പുല്ലാഞ്ഞിയോടൻ ഗോവിന്ദൻ നമ്പ്യാർ സ്മാരക റോളിങ് ട്രോഫിക്കും പൂലേരി ഗോവിന്ദൻ നമ്പ്യാർ സ്മാരക റോളിങ് ട്രോഫിക്കും വേണ്ടിയുള്ള വോളിബോാം ടൂർണമെൻറ് ആലച്ചേരിയിൽ കോളയാട് പഞ്ചായത്ത് പ്രസിഡൻറ് അന്നാജോളി ഉദ്ഘാടനം ചെയ്തു.

ആലച്ചേരി ജ്ഞാനോദയം വായനശാല ആൻഡ് ഗ്രന്ഥാലയത്തിൻെറയും സ്വപ്ന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിൻെറയും സംയുക്താഭിമുഖ്യത്തിലാണ് ടൂർണമെൻറ് നടത്തുന്നത്. കെ.കെ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി സി. സോമൻ മുഖ്യാതിഥിയായി.

പഴയകാല വോളിബോാം കളിക്കാരുടെ സംഗമം മുൻ ദേശീയ വോളിതാരവും ജിമ്മി ജോർജിൻെറ സഹോദരനുമായ സെബാസ്റ്റ്യൻ ജോർജ് ഉദ്ഘാടനം ചെയ്തു. കുനിത്തല രാജൻ മാസ്റ്റർ ഉപഹാരങ്ങാം നൽകി. കെ.കെ. ബാലകൃഷ്ണൻ അധ്യക്ഷനായി. കെ. വിനോദ്കുമാർ, കെ. മുഹമ്മദ്, കെ. കുഞ്ഞിക്കണ്ണൻ, ടി. ജയരാജൻ, കെ. കുഞ്ഞികൃഷ്ണൻ എന്നിവർ സംസാരിച്ചു. പഴയകാലത്തെ 25 വോളിബോാം താരങ്ങാം സംഗമത്തിൽ പങ്കെടുത്തു.

ആലച്ചേരിയിൽ പഴയകാല വോളിബോൾ കളിക്കാരുടെ സംഗമം സെബാസ്റ്റ്യൻ ജോർജ് ഉദ്ഘാടനം ചെയ്യുന്നു

1986ൽ സിയോാം ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ജപ്പാനെ പരാജയപ്പെടുത്തിയ മത്സരത്തിനെറ ബിഗ് സ്ക്രീൻ 'ജിമ്മി ജോർജ് റിട്ടേൺസ്' പ്രദർശനവും നടത്തി. ഉദ്ഘാടന മത്സരത്തിൽ യങ് സിറ്റി മണ്ഡപത്തെ തോല്പിച്ച് യങ് ചാലഞ്ചേഴ്സ് കേളകം വിജയിച്ചു.

മാർച്ച് രണ്ടിന് സമ്മാനദാനം ഇ.പി. ജയരാജൻ എം.എൽ.എ. നിർവഹിക്കും.

ചതിരൂർ 110 കോളനിയിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം

ഇരിട്ടി: ചതിരൂർ 110 കോളനിയിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരമായി. ആറളം ഗ്രാമപ്പഞ്ചായത്ത് രണ്ട് ലക്ഷം രൂപ ചെലവിൽ നിലവിലുള്ള കുടിവെള്ളപദ്ധതി വിപുലപ്പെടുത്തിയതോടെയാണ് ജലക്ഷാമത്തിന് പരിഹാരമായത്. കോളനിയിലെ 38 കുടുംബങ്ങാംക്കും പൈപ്പ്ലൈൻ വഴിയാണ് വെള്ളം എത്തിക്കുന്നത്. നേരത്തെ പൈപ്പ്ലൈൻ വഴി ഇവിടെ വെള്ളം എത്തിച്ചെങ്കിലും ഇവ തകരാറിലായതോടെ ജലവിതരണം മുടങ്ങുകയായിരുന്നു. ജലക്ഷാമത്തെ തുടർന്ന് കോളനിവാസികാം മലമുകളിൽനിന്ന് വരുന്ന നീരുറവ ശേഖരിച്ചാണ് കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്നത്. ശുദ്ധജലക്ഷാമം കാരണം കുട്ടികാംക്ക് ത്വക്രോഗം പടരുന്നത് വ്യാപകമായിരുന്നു. ഇതിനെത്തുടർന്ന് പട്ടികക്ഷേമ വകുപ്പിൻെറ കർശന നിർദേശ പ്രകാരമാണ് പഞ്ചായത്ത് ഭരണസമിതി സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കിയത്. വീട്ടുകണക്ഷന് പുറമെ പൊതു ടാപ്പുകാം സ്ഥാപിച്ചിട്ടുണ്ടെന്ന് ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് വി.ടി. തോമസ് പറഞ്ഞു.

വിദ്യാഭ്യാസവായ്പ എടുത്തവരുടെ സംഗമം 29ന്

ഇരിട്ടി: കർഷകസംഘടന ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കാരായവരുടെ സംഗമം 29ന് ഉച്ചയ്ക്ക് രണ്ടിന് ഇരിട്ടി വ്യാപാരഭവനിൽ ചേരും. എടൂർ സെൻറ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. ആൻഡ്രൂസ് തെക്കേൽ സംഗമം ഉദ്ഘാടനം ചെയ്യും. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കാർഷിക കടാശ്വാസ പദ്ധതിയിൽ ഉംപ്പെടാതെ പോയ കർഷകരും യഥാസമയം പലിശയടച്ച് പുതുക്കി വഞ്ചിതരുമായ കടക്കാർ സംഗമത്തിൽ പങ്കെടുക്കണമെന്ന് കർഷകസംഘടനാനേതാക്കാം അറിയിച്ചു.

ഓട്ടോ ഡ്രൈവറെ മർദിച്ചു; കണിച്ചാറിൽ മിന്നൽപണിമുടക്ക്

കേളകം: കണിച്ചാറിൽ ഓട്ടോ ഡ്രൈവറെ മർദിച്ചതിനെ തുടർന്ന് ഡ്രൈവർമാർ മിന്നൽ പണിമുടക്ക് നടത്തി. കണിച്ചാർ താഴെകുണ്ടേരിയിലെ ഷാജിയെയാണ് മർദിച്ചത്. വഴിത്തർക്കമാണ് അക്രമകാരണം. ഉച്ചഭക്ഷണം കഴിക്കാൻ ഷാജി വീട്ടിലേക്ക് പോകുംവഴിയാണ് അക്രമം. ഓട്ടോറിക്ഷയും തകർന്നിട്ടുണ്ട്. അക്രമത്തിൽ പ്രതിഷേധിച്ച് കണിച്ചാറിലെ ഓട്ടോ തൊഴിലാളികാം പണിമുടക്കി.

വിദ്യാഭ്യാസ വകുപ്പിലെ സ്ഥലംമാറ്റം മാർച്ച് 31വരെ അപേക്ഷിക്കാം

കണ്ണൂർ: ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപകേതര ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി മാർച്ച് 31വരെ നീട്ടിയതായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്ന് അറിയിച്ചു.

മാലൂർ പഴയങ്ങോട്ട് തിറയുത്സവം

മാലൂർ: പഴയങ്ങോട്ട് മുത്തപ്പൻ മടപ്പുരയിലെ തിറയുത്സവം മാർച്ച് 11, 12 തീയതികളിൽ നടക്കും. 11ന് മലയിറക്കൽ, മുത്തപ്പൻ വെള്ളാട്ടം, ഭഗവതിത്തോറ്റം, കളികപ്പാട്ട്. 12ന് തിങ്കാം രാവിലെ തിരുവപ്പന, മണത്തണ കാളിഭഗവതിത്തെയ്യം കെട്ടിയാടും.

കുടുംബസംഗമം നടത്തി

തില്ലങ്കേരി: യൂത്ത് കോൺഗ്രസ് തില്ലങ്കേരി മണ്ഡലം സമ്മേളനത്തിനെറ ഭാഗമായി നടത്തിയ കുടുംബസംഗമം അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. ഉദ്ഘാടനംചെയ്തു. വി.മോഹനൻ അധ്യക്ഷനായി. ഡി.സി.സി. സെക്രട്ടറി ചന്ദ്രൻ തില്ലങ്കേരി, ബ്രിജേഷ് കുമാർ, ഒ.കെ.പ്രസാദ്, കമൽജിത്ത്, കെ.പി.പത്മനാഭൻ, പടിയൂർ ദാമോദരൻ, എം.വി.മോഹനൻ എന്നിവർ പ്രസംഗിച്ചു.

അപേക്ഷ ക്ഷണിച്ചു

തില്ലങ്കേരി: കുട്ടിമാവിൻകീഴിൽ അക്ഷയ കമ്പ്യൂട്ടർ പഠനകേന്ദ്രത്തിൽ ആറുമാസത്തെ ഡി.സി.എ. കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാനതീയതി 28.

ധർണനടത്തി

മാലൂർ: 28ന് നടക്കുന്ന ദേശീയ പണിമുടക്കിന് മുന്നോടിയായി സംയുക്ത ട്രേഡ് യൂണിയനെറ ആഭിമുഖ്യത്തിൽ മാലൂർ സിറ്റിയിൽ പ്രകടനവും ധർണയും നടത്തി. കരിപ്പായി നാണുവിനെറ അധ്യക്ഷതയിൽ സി.ഐ.ടി.യു. നേതാവ് കെ. കുഞ്ഞനന്തൻ ഉദ്ഘാടനംചെയ്തു. കെ.പി.വിജയൻ, പി.വി.ജോർജ്, ഇ.നാരായണൻ, എം.നാരായണൻ, കുയ്യാലിൽ നാരായണൻ, കെ.കൃഷ്ണൻ, സി.കുഞ്ഞനന്തൻ എന്നിവർ പ്രസംഗിച്ചു.

പെരുവംപറമ്പ് പുതിയഭഗവതിത്തിറ

ഇരിട്ടി: പെരുവംപറമ്പ് പുതിയഭഗവതിത്തിറ ഉത്സവം 28, 29 തീയതികളിൽ നടക്കും. ഘോഷയാത്ര, നാടൻപാട്ട്, വീരൻ, വീരാളി, പുതിയഭഗവതി, ഭദ്രകാളി എന്നീ തെയ്യക്കോലങ്ങാം ഉണ്ടാവും.

ക്ലാസ് നടത്തി

ഇരിട്ടി: കണ്ണൂർ ചൈൽഡ് ലൈനിൻെറ നേതൃത്വത്തിൽ കുട്ടികളുടെ വിവിധവിഷയങ്ങളെയും പ്രശ്നങ്ങളെയും പറ്റി ക്ലാസ് നടത്തി. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ മാത്യു തെള്ളിയിൽ ഉദ്ഘാടനംചെയ്തു. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ് കെ.ശ്രീധരൻ അധ്യക്ഷതവഹിച്ചു. ഡോ. ജോസ് കോയിക്കൽ, ഇരിട്ടി എ.ഇ.ഒ. കെ.കെ.ഗോപിനാഥൻ, പേരാവൂർ സി.ഡി.പി.ഒ. സി.എ.ബിന്ദു, കെ.കെ.സുബൈർ, കെ.സഫീർ എന്നിവർ പ്രസംഗിച്ചു.

തയ്യൽപരിശീലന ക്ലാസുകൾ

മാലൂർ: നീർവേലി, മെരുവമ്പായി, കണ്ടേരി, മൂന്നാംപീടിക, കൈതേരി, വട്ടിപ്രം, അയ്യപ്പൻതോട് ശാഖകളിൽ പെൺകുട്ടികാംക്കായി സൗജന്യ തയ്യൽ പരിശീലന ക്ലാസുകാം ആരംഭിക്കാൻ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ കാംച്ചറൽ ആൻഡ് റിലീഫ് സൊസൈറ്റിയുടെ യോഗം തീരുമാനിച്ചു. പി.പി. ഇബ്രാഹിംകുട്ടിഹാജി അധ്യക്ഷതവഹിച്ചു. നൗഫൽ മെരുവമ്പായി ഉദ്ഘാടനംചെയ്തു. പി.പി.പോക്കുഹാജി, എം.മൊയ്തീൻഹാജി, പി.പി. അബ്ദുംഗഫാർ, മുനീർ അയ്യപ്പൻതോട്, ടി.ഖാദർകുട്ടി, എൻ.പി.ഷമിം, കെ.കെ.മാഞ്ഞു, എ.പി.അബ്ദുൽറഹ്മാൻ എന്നിവർ സംസാരിച്ചു.

പണിമുടക്കിൽ പങ്കെടുക്കില്ല

തലശ്ശേരി: 28ന് നടക്കുന്ന ദേശീയ പണിമുടക്കിൽ കെ.പി.എസ്.ടി.യു. പങ്കെടുക്കില്ലെന്ന് ജില്ലാ പ്രസിഡൻറ് കെ.രമേശൻ അറിയിച്ചു.

മാടത്തിൽ സമന്വയ പബ്ലിക് ലൈബ്രറിയുടെ നേതൃത്വത്തിൽ നടത്തിയ റബർകർഷക കൂട്ടായ്മയും ആർ.പി.എസ്സിൻെറ ഉദ്ഘാടനവും അഡ്വ. സണ്ണിജോസഫ് എം.എൽ.എ. നിർവഹിക്കുന്നു

ഇരിട്ടിയിൽ റബർ ബോർഡ് റീജനൽ ഓഫീസ് അനുവദിക്കണം -എം.എൽ.എ.

ഇരിട്ടി: റബർ കർഷകരുടെ പ്രശ്നങ്ങാം പരിഹരിക്കുന്നതിനും ചെറുകിടകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി തലശ്ശേരിയിൽ പ്രവർത്തിക്കുന്ന റബർ ബോർഡ് റീജനൽ ഓഫീസ് വിഭജിച്ച് ഇരിട്ടി ആസ്ഥാനമാക്കി ഓഫീസ് അനുവദിക്കണമെന്ന് അഡ്വ. സണ്ണിജോസഫ് എം.എൽ.എ. ആവശ്യപ്പെട്ടു. മാടത്തിൽ സമന്വയ പബ്ലിക്ക് ലൈബ്രറിയുടെ നേതൃത്വത്തിൽ നടത്തിയ റബർ കർഷകരുടെ കൂട്ടായ്മയും റബർ ഉത്പാദകസംഘത്തിൻെറ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ തലശ്ശേരി റബർ പ്രൊഡക്ഷൻ ഡെപ്യൂട്ടി കമ്മീഷണർ സാറാമ്മ മാത്യു അധ്യക്ഷതവഹിച്ചു. പായം ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് ടി.ഡി. സിന്ധു, വാർഡംഗം എൻ.രവീന്ദ്രൻ, ഷീബ ജോർജ്, ജോർജ് കൊല്ലപ്പള്ളി, എം.എ.ജോർജ്, സി.സുനിൽ എന്നിവർ പ്രസംഗിച്ചു.

റബർ ഉത്പാദകസംഘം മുഖേന റബർ ബോർഡ് നൽകുന്ന ആനുകൂല്യങ്ങളെപ്പറ്റി ക്ലാസെടുക്കും.

ആദിവാസി സ്ത്രീയുടെ മരണം: പോലീസ്നടപടി ദുരൂഹം

കേളകം: കേളകം വെള്ളൂന്നിറോഡിലെ പാൽസൊസൈറ്റിയുടെ സമീപം കലുങ്കിനടിയിലെ സിമൻറ് പൈപ്പിനുള്ളിൽ ആദിവാസി സ്ത്രീയുടെ മൃതദേഹം കണ്ടെത്തിയതിനെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടികളിൽ ദുരൂഹതയെന്ന് ആരോപണം. മരണമറിഞ്ഞ് സ്ഥലത്തെത്തിയ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.കെ.ഷൈലജ പോലീസ് നടപടികാം ചോദ്യം ചെയ്തു. അതിവേഗം മടക്കി അയച്ച പോലീസ് നായയെ സ്ഥലത്ത് വീണ്ടും കൊണ്ടുവന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടതോടെ പോലീസിനും ഉത്തരംമുട്ടി. സി.ഐ. അടക്കമുള്ള ഉദ്യോഗസ്ഥർ പോലീസ് നായയെ എത്തിക്കാൻ ഏർപ്പാടുകളും ചെയ്തു. ഇതിനിടയിലാണ് വൃദ്ധയുടെ വസ്ത്രങ്ങളും സഞ്ചിയും സമീപത്തെ കടക്ക് മുന്നിൽ ഉപേക്ഷിച്ചനിലയിൽ ശനിയാഴ്ച രാവിലെ കണ്ടെന്നും ഇവ സമീപത്തെ തെങ്ങിൻ ചുവട്

വേദിയെ തീപ്പിടിപ്പിച്ച്
'ലിപ്സ് ഇൻ ഫയർ'

ധർമ്മശാല: പാശ്ചാത്യസംഗീതം ഗ്രൂപ്പിനത്തിൽ ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിങ് കോളേജിലെ അശ്വിൻ പ്രമോദിനും സംഘത്തിനും ഹാടിക്ക് നേട്ടം. മൈലീ സൈറസിന്റെ 'സെൻറ് ഇറ്റ് ഓൺ...' ഗ്രീൻ ബേ ബാൻഡിന്റെ 'ഹോളിഡേ....' എന്നീ ഗാനങ്ങം അവതരിപ്പിച്ചാണ് ഇവരുടെ 'ലിപ്സ് ഇൻ ഫയർ' വേദിയെ തീപ്പിടിപ്പിച്ചത്. ഗ്രൂപ്പിനത്തിനുപുറമെ വെസ്റ്റേൺ ജാസിലും ഗിറ്റാറിലും ബാൻഡിലും എൻ. എം.വരുൺ രാജ് തുടർച്ചയായ നാലാംവട്ടവും ഒന്നാം സ്ഥാനം സ്വന്തമാക്കി.

വരുൺ രാജാണ് 'ലിപ്സ് ഇൻ ഫയർ' ബാൻഡിലെ ലീഡ് ഗിറ്റാറിസ്റ്റ്. ശ്രീലേഷ് ശ്രീനിവാസൻ റിഥം പാഡ് കൈകാര്യം ചെയ്യു. അശ്വിൻ പ്രമോദ് കീബോർഡും. ശ്രുതി ഫിലിപ്പാണ് സംഘത്തിലെ വയലിനിസ്റ്റ്. പ്രമുഖ ഗായിക സയനോര ഫിലിപ്പിന്റെ സഹോദരിയാണ് ശ്രുതി. ബെൻ ബേബി, ഡോണിയ ജോസ്, പാറ്റ്സി മരിയ ഫെർണാണ്ടസ്, നിതിൻ നായർ എന്നിവരാണ് ഗായകർ.

വെസ്റ്റേൺ ഗ്രൂപ്പ് സോങ്ങിൽ ഒന്നാം സ്ഥാനം നേടിയ ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിങ് കോളേജ്

ശ്രുതിയും ഇവർക്കൊപ്പം ചേർന്നു. പാശ്ചാത്യസംഗീതം വ്യക്തിഗത ഇനത്തിൽ ശ്രുതിക്ക് മൂന്നാം സ്ഥാനവുമുണ്ട്.

കോളേജിലെ വേദികളിൽ മാത്രമല്ല സമയം ലഭിക്കുമ്പോം പുറത്തും 'ലിപ്സ് ഇൻ ഫയർ' പരിപാടിക്ക് പോകും. കാസർകോട് എൽ.ബി.എസ്.എൻജിനിയറിങ് കോളേജിൽ നടന്ന റിഥം പരിപാടിയിലും പാശ്ചാത്യസംഗീതത്തിൽ ഒന്നാം സ്ഥാനം വിമൽ ജ്യോതിയുടെ ബാൻഡിനായിരുന്നു. കമ്പ്യൂട്ടർ സയൻസ് എട്ടാം സെമസ്റ്റർ വിദ്യാർഥിയാണ് വരുൺ. ഫെഡറൽബാങ്ക് ഉദ്യോഗസ്ഥൻ കണ്ണൂർ പുതിയതെരു ദ്വാപരയിൽ സന്തോഷ് കുമാറിന്റെയും നിഷയുടെയും മകനാണ്.

'ലിപ്സ് ഇൻ ഫയറി'ന് പുറമെ പ്രൊഫഷണൽ ബാൻഡായ 'ഡൗൺ ട്രോഡൻസി'ലെ ലീഡ് ഗിറ്റാറിസ്റ്റ്കൂടിയാണ് വരുൺ. 'ഡൗൺട്രോഡൻസി'ന് അടുത്തിടെ 'ഇൻഡിഗോ' മ്യൂസിക് അവാർഡ് ലഭിച്ചിരുന്നു.

തെരുവ് നാടകത്തിൽ 'കൊളാഷ്'

കാണികളുടെ ആവേശത്തിമിർപ്പിനിടയിൽ ധർമശാല ദേശീയപാതയോരത്ത് നടന്ന വാശിയേറിയ തെരുവ്നാടക മത്സരത്തിൽ കാസർകോട് ഗവ.കോളേജ് അവതരിപ്പിച്ച 'കൊളാഷ്' ഒന്നാം സ്ഥാനം നേടി. കഴിഞ്ഞവർഷം മൂന്നാം സ്ഥാനം നേടിയ കോളേജ് അതിന് മുമ്പ് നടന്ന രണ്ടുവർഷവും ജേതാക്കളായിരുന്നു. മോഷണക്കുറ്റമാരോപിച്ച് പട്ടണത്തിന്റെ നടുവിൽ ബസ്സിൽനിന്ന് വലിച്ചിറക്കി അടിച്ചുകൊന്ന രഘുവും പൈശാചികതയുടെ ബലിയാടായ സൗമ്യയുടെയും ദുരന്തങ്ങം കോർത്തിണക്കി ഉദിനൂരിലെ ഇ.വി.ഹരിദാസൻ രചനയും സംവിധാനവും ഒരുക്കിയതാണ് കൊളാഷ്. രണ്ട് സംഭവവും കൂട്ടിയിണിക്കിയാണ് കൊളാഷ് എന്ന പേരും നൽകിയത്. രാവിലെ 11 മണിക്ക് തുടങ്ങിയ മത്സരം രാത്രി ഏഴ് മണിവരെ നീണ്ടു. എം.ഉദയകുമാർ, പി.കൃപേഷ്, എം.കെ.നിജേഷ്, എം.ശ്രീദേവി, കെ.ദീപിക, എം. ശിവൻ, എസ്.ശരത്, സി.രാജേഷ് തുടങ്ങിയവർ വിവിധ കഥാപാത്രങ്ങംക്ക് ജീവൻനൽകി.

മുല്ലപ്പെരിയാറും ഇറോം ഷർമിളയുടെ പോരാട്ടവും ഏകാഭിനയവേദി കീഴടക്കി

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഭീതിയിൽ കഴിയുന്ന ഒരു സമൂഹത്തിന്റെ ആത്മരോദനം അഭിനയ മികവിലൂടെ പ്രകടിപ്പിച്ച പയ്യന്നൂർ ശ്രീനാരായണഗുരു എൻജി. കോളേജിലെ കെ.വി.ആഷിത്തും മണിപ്പൂരി പോരാട്ട നായിക ഇറോം ഷർമിളയുടെ തന്റേടം ഭംഗിയായി അവതരിപ്പിച്ച പയ്യന്നൂർ കോളേജിലെ എം. സ്നേഹയും ഏകാഭിനയത്തിൽ ഒന്നാംസ്ഥാനം പങ്കിട്ടു. രണ്ടുപേരും അധ്യാപക ദമ്പതിമാരുടെ മക്കളാണെന്ന പ്രത്യേകതയും ഉണ്ട്. ആഷിത്ത് തുടർച്ചയായി മൂന്നാം വർഷമാണ് ഏകാഭിനയത്തിൽ ഒന്നാംസ്ഥാനം നേടുന്നത്.ആഷിത്ത് പാപ്പിനിശ്ശേരി പഞ്ചായത്ത് ഹൈസ്കൂം അധ്യാപകനും പ്രമുഖ നാടക പ്രവർത്തകനുമായ എ.വി.അജയകുമാറിന്റെയും ഇരിണാവ് യു.പി. സ്കൂം അധ്യാപിക പുഷ്പവല്ലിയുടെയും മകനാണ്. എം.സ്നേഹ കരിവെള്ളൂരിലെ അധ്യാപകരായ പത്മനാഭൻ-ജയന്തിമാരുടെ മകളാണ്.

എം. സ്നേഹ

കെ.വി.ആഷിത്ത്

* * * * * *

കണ്ണൂർ ഗവ. എൻജിനിയറിങ് കോളേജിൽ ഏകാഭിനയ മത്സരം കണ്ടിരുന്നവരുടെയെല്ലാം മനസ്സിൽ ഈ ചിന്ത മിന്നി മറഞ്ഞിട്ടുണ്ടാവും. അവതരിപ്പിച്ച ഏകാഭിനയങ്ങളിൽ മുക്കാൽ ഭാഗവും ഏതെങ്കിലും തരത്തിലുള്ള പീഡനങ്ങളാണ് ഇതിവൃത്തമാക്കിയത്. സ്ത്രീപീഡനവും പോലീസ്പീഡനവുമെല്ലാം ഇതിൽ ഉംപ്പെടും. അഭിനിയച്ച് ഫലിപ്പിക്കാനുള്ള എളുപ്പം കണക്കിലെടുത്താവും പലരും ദുരന്തകഥകം തിരഞ്ഞെടുത്തത്. എന്നാൽ ഇവ ആവർത്തിച്ച് കാണുമ്പോം സമൂഹത്തിൽ ഗുണപരമായി ഒന്നും സംഭവിച്ചിട്ടില്ലേയെന്ന് ആരെങ്കിലും ചിന്തിച്ചാൽ കുറ്റം പറയാനാവില്ല. മത്സരം നിലവാരം പുലർത്തിയില്ലെന്ന് ആരും പറയില്ല. വിധികർത്താക്കളുടെ അഭിപ്രായവും ഇതുതന്നെ. മത്സരിച്ച 39 പേരിൽ 12 പേർക്കും എ ഗ്രേഡ് ലഭിച്ചു.

സൗമ്യ സംഭവവും സ്ത്രീപീഡനങ്ങളും മുല്ലപ്പെരിയാറും പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരവും വിദേശ നിക്ഷേപവും സ്വാശ്രയ വിദ്യാഭ്യാസവും സ്വാമി നിഗമാനന്ദയുടെ ജീവത്യാഗവും എൻഡോസംഫാൻ ഇരകളോടുള്ള സമീപനവും തമിഴ്നാട്ടിൽ പെൺകുഞ്ഞുങ്ങളെ കൊല്ലുന്നതും ആസ്ത്രി ജീവനക്കാരൻ മാനഭംഗപ്പെടുത്തിയതിനെത്തുടർന്ന് 35 വർഷമായി മുംബൈയിലെ കെ. ഇ. എം. ആസ്പത്രിയിൽ കോമയിൽ കഴിയുന്ന നഴ്സ് അരുണയുടെ കഥയുമെല്ലാം ഏകാഭിനയത്തിന് ഇതിവൃത്തമായി.

മഞ്ജരി 'വിഗാർഡ് ജനപ്രിയ ഗായിക'

കൊച്ചി: മാതൃഭൂമി കല്യാൺ സിൽക്സ് ചലച്ചിത്ര അവാർഡ് നിശയിലെ ജനപ്രീതി നേടിയഗായിക സ്ത്രുള്ള വി ഗാർഡ് ജനപ്രിയഗായിക പുരസ്കാരം മഞ്ജരിക്ക്. ഉറുമിയിലെ 'ചിമ്മിച്ചിമ്മി' എന്ന ഗാനമാണ് മഞ്ജരിക്ക് അവാർഡ് നേടിക്കൊടുത്തത്.

മലയാളത്തിന്റെ പിന്നണിഗാനരംഗത്തെ ആർദ്രമായ സ്വരങ്ങളിലൊന്നിന്റെ പേരാണ് മഞ്ജരി. പാടിയവയിൽ ഭൂരിഭാഗവും ശ്രോതാക്കളെക്കൊണ്ട് ഏറ്റുപാടിച്ച പാട്ടുകാരി. മസ്സ്റ്റിൽ ജനിച്ച പെൺകുട്ടി കേരളത്തിന്റെ പ്രിയഗായികയായത് വളരെ പെട്ടെന്നാണ്. സംഗീതസംവിധായകരിലെ പ്രഗത്ഭരെല്ലാം മഞ്ജരിയുടെ ശബ്ദം തേടി. ഇളയരാജ മുതൽ മകൻ യുവാൻ ശങ്കർരാജ വരെ, രവീന്ദ്രൻ മുതൽ എം.ജയചന്ദ്രൻവരെ ആ പട്ടിക നീളുന്നു.

ആറ്റിൻകരയോരത്തെ, മുകിലിൻമകളേ, കയ്യെത്താ കൊമ്പത്ത്,ഒരിക്കൽ നീ പറഞ്ഞു, മഴയിൽ രാത്രി മഴയിൽ തുടങ്ങി മഞ്ജരി പാടിയവയെല്ലാം ഹിറ്റുകളായിരുന്നു. ഇതിൽ ഒടുവിലത്തേതാണ് ചിമ്മിച്ചിമ്മി. സിനിമസ്സുപുറമേ ഒട്ടേറെ ആൽബങ്ങളിലും മഞ്ജരിയുടെ സ്വരം കേട്ടു. രണ്ടുവട്ടം മികച്ച ഗായികസ്ത്രുള്ള സംസ്ഥാന പുരസ്കാരം മഞ്ജരിയെത്തേടിയെത്തി. 2004ൽ മകംക്ക് എന്ന ചിത്രത്തിലെ 'മുകിലിൻ മകളേയി'ലൂടെയായിരുന്നു ആദ്യനേട്ടം.

2008ൽ വിലാപങ്ങംക്കപ്പുറത്തിലെ 'മുള്ളുള്ള മുരിക്കിന്മേൽ' എന്ന പാട്ടിലൂടെ രണ്ടാംവട്ടം.

കഴിഞ്ഞവർഷം സിനിമാസംഗീതലോകത്ത് ഏറ്റവും കൂടുതൽ തരംഗമുണ്ടാക്കിയ പാട്ടുകളിലൊന്നായിരുന്നു മഞ്ജരിയുടെ ചിമ്മിച്ചിമ്മി... ഉറുമി എന്ന ചിത്രത്തിന്റെ ഏറ്റവും വലിയ ഹൈലൈറ്റുകളിലൊന്നായി മാറി അത്.

V-GUARD
The name you can trust

കൂവേരി മുച്ചിലോട്ട്ഭഗവതിക്ഷേത്രത്തിൽ പെരുങ്കളിയാട്ടത്തിന്റെഭാഗമായി നടന്ന വരച്ചുവെക്കൽ ചടങ്ങ്

സ്കൂൾ പാചകത്തൊഴിലാളി യൂണിയൻ പ്രവർത്തകർ കണ്ണൂർ ഡി.ഡി.ഇ.ഓഫീസിലേക്ക് പ്രകടനം നടത്തുന്നു

കേരള പബ്ലിക് ഹെൽത്ത് സ്റ്റാഫ് ആക്ഷൻ കൗൺസിൽ ജില്ലാ കൺവെൻഷൻ മന്ത്രി കെ.പി.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു

പാറപ്രം മഖാം ഉറൂസ് കൊടിയേറി

കാടാച്ചിറ: പാറപ്രം മഖാം ഉറൂസിന് വെള്ളിയാഴ്ച കൊടിയേറി. സയ്യിദ് ത്വയീബുൽ ബുഖാരി തങ്ങളാണ് കൊടി ഉയർത്തിയത്. തുടർന്ന് മഹല്ല് കമ്മിറ്റി ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തു.

രാത്രി നടന്ന ഉദ്ഘാടന സമ്മേളനം ഡോ.മുഹമ്മദ് കുഞ്ഞി സഖാഫി കൊല്ലം ഉദ്ഘാടനം ചെയ്തു. കുഞ്ഞുമുഹമ്മദ് ഷെയ്ഖ് അധ്യക്ഷനായി. ബഷീർ സഖാഫി പ്രസംഗിച്ചു. സുബൈർതോട്ടിക്കലിന്റെ ഇസ്ലാമിക മതപ്രഭാഷണം നടന്നു.

അഞ്ചാംപീടിക കൊവ്വപ്രത്ത് പുതിയഭഗവതിക്ഷേത്രത്തിൽ കെട്ടിയാടിയ പുതിയഭഗവതി

◆ വാർത്തകൾ ◆

അതിർത്തിവേലികൾ തകർന്നു; കശ്മീർ നുഴഞ്ഞുകയറ്റ ഭീഷണിയിൽ

ശ്രീനഗർ: ജമ്മുകശ്മീരിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്തമഞ്ഞുവീഴ്ചയിൽ നിയന്ത്രണരേഖയിലെ അതിർത്തി വേലി വ്യാപകമായി നശിച്ചത് നുഴഞ്ഞുകയറ്റഭീഷണിയുയർത്തുന്നു. വീണ്ടും മഞ്ഞുവീഴ്ചയുണ്ടാവാനുള്ള സാഹചര്യം കണക്കിലെടുത്ത് നിയന്ത്രണരേഖയിലെ ചിലപോസ്റ്റുകം ഉപേക്ഷിക്കുന്ന കാര്യവും സേന പരിശോധിക്കുന്നുണ്ട്. ബന്ദിപോറയിലുണ്ടായ മഞ്ഞുവീഴ്ചയിൽ കഴിഞ്ഞദിവസം 16 സൈനികർ മരിച്ചിരുന്നു. ഷംസബാരിയിലാണ് ഏറ്റവും വലിയ നാശനഷ്ടമുണ്ടായത്. തീവ്രവാദപ്രവർത്തനം തടയാനും നുഴഞ്ഞുകയറ്റം കണ്ടെത്താനും സൈന്യത്തിന് സഹായകരമായിരുന്ന വേലിയെല്ലാം ഇപ്പോംമഞ്ഞുമൂടികിടക്കുകയാണ്. മഞ്ഞുവീഴ്ച എല്ലക്കാല്ലവും ഉള്ളതാണെങ്കിലും ഇക്കൊല്ലം ശക്തി കൂടുതലാണെന്ന് ലഫ്. ജനറൽ കെ.ടി. പട്നായിക് ചൂണ്ടിക്കാട്ടി.

ബാങ്ക് കവർച്ചക്കാരെ വെടിവെച്ചുകൊന്ന സംഭവം: അന്വേഷണം സി.ബി.സി.ഐ.ഡി.ക്ക്

ചെന്നൈ: ബാങ്ക് കവർച്ചക്കാർ പോലീസ് എറ്റുമുട്ടലിൽ കൊല്ലപ്പെട്ട സംഭവത്തിൽ ദുരൂഹത നിലനിൽക്കേ കേസന്വേഷണം സി.ബി.സി.ഐ.ഡി.ക്ക് മാറ്റിക്കൊണ്ട് ഡി.ജി.പി. രാമാനുജം ഉത്തരവിട്ടു. ബാങ്ക് കവർച്ചക്കാർ കൊല്ലപ്പെട്ട സംഭവത്തിൽ ഒട്ടേറെ ആരോപണങ്ങം ഉയർന്ന സാഹചര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഡി.ജി.പി.യിൽ നിന്ന് വിശദീകരണം ചോദിച്ചതിന് തൊട്ടു പിന്നാലെയാണ് അന്വേഷണം സി.ബി.സി.ഐ.ഡി.ക്ക് മാറ്റിയത്. സി.ബി.സി.ഐ.ഡി.കേസന്വേഷണത്തിന്റെ ചുമതല തിങ്കളാഴ്ച എറ്റെടുക്കും. സി.ബി.ഐ.സ്ത്ത് കേസന്വേഷണം മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പൊതുതാത്പര്യ ഹർജി തിങ്കളാഴ്ച കോടതിയുടെ പരിഗണനസ്ത്ത് വരും.

അതേസമയം, വെടിവെപ്പിൽ കൊല്ലപ്പെട്ട അഞ്ചുപേരിൽ വിനോദ് കുമാറിനെ ബന്ധുക്കം തിരിച്ചറിഞ്ഞു. ബിഹാറിൽ നിന്ന് ചെന്നൈയിലെത്തിയ ബന്ധുക്കം ആദ്യം ചെന്നൈയിൽ സിറ്റി പോലീസ് കമ്മീഷണർ ജെ.കെ. ത്രിപാഠിയെ കണ്ടശേഷം മൃതദേഹം സൂക്ഷിച്ച രാജീവ് ഗാന്ധി ജനറൽ ആസ്പത്രിയിലേക്ക് പോയി വിനോദിനെ തിരിച്ചറിയുകയായിരുന്നു. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കംക്ക് വിട്ടുകൊടുത്തു.

വിനോദ്കുമാറിന്റെ യഥാർഥ പേര് സുജയ്കുമാർ എന്നാണെന്നും ഇടതു കൈയിലെ രണ്ടു വിരൽ വർഷങ്ങംക്ക് മുമ്പ് നടന്ന സ്പോടനത്തിൽ നഷ്ടപ്പെട്ടതണെന്നും ബന്ധുക്കം പോലീസിനോട് പറഞ്ഞു.

മുൻ എൻജിനീയറിങ് വിദ്യാർഥിയായിരുന്ന വിനോദ് റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ പ്രവർത്തിക്കുകയായിരുന്നുവെന്നാണ് ബന്ധുക്കളെ അറിയിച്ചിരുന്നത്.

വിനോദിന്റെ മൊബൈൽ ഫോണിൽ നിന്ന് ബിഹാറിലേക്കും ആന്ധ്രപ്രദേശിലേക്കുമാണ് കൂടുതൽ കോളുകം പോയിരുന്നതെന്ന് പോലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

എന്നാൽ, മരിച്ച മറ്റ് നാലുപേരുടെ പോസ്റ്റ്മോർട്ടങ്ം നടന്നെങ്കിലും മൃതദേഹങ്ങം ഏറ്റുവാങ്ങാൻ ബന്ധുക്കം ആരും എത്തിയിട്ടില്ല. ഇവരുടെ മൃതദേഹങ്ങം പോസ്റ്റ് മോർട്ടത്തിനുശേഷം രാജീവ്ഗാന്ധി മെഡിക്കൽ കോളേജിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. മരിച്ചവരുടെ സ്വദേശമെന്ന് കരുതുന്ന ബിഹാറിലേക്കും പശ്ചിമ ബംഗാളിലേക്കും വിവരങ്ങം അയച്ചിട്ടുണ്ടെങ്കിലും ഇതുവരെ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. അതേസമയം, മരിച്ചവർക്ക് മാവോവാദികളുമായി ബന്ധമുണ്ടെന്ന സംശയവും ശക്തമായിട്ടുണ്ട്.

മൂന്നാം മുന്നണിക്ക് സമയമായെന്ന് ബർദൻ

ഹൈദരാബാദ്: കോൺഗ്രസ് നയിക്കുന്ന യു.പി.എ. യും ബി. ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. യും ജനവിരുദ്ധമുന്നണികളായി മാറിയെന്നും അവസ്ത്ത് ബദലായി മൂന്നാം മുന്നണി ഉണ്ടാക്കേണ്ട സമയമായെന്നും സി.പി.ഐ. ജനറൽ സെക്രട്ടറി എ.ബി. ബർദൻ അഭിപ്രായപ്പെട്ടു. പാർട്ടി സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കാൻ ഹൈദരാബാദിലെത്തിയതായിരുന്നു അദ്ദേഹം.

സി.പി.ഐ. പ്രത്യേക തെലുങ്കാന സംസ്ഥാനത്തിന് അനുകൂലമാണെന്ന് അദ്ദേഹം ആവർത്തിച്ചു. കരിംനഗറിൽ നടന്ന സംസ്ഥാന സമ്മേളനം കെ. നാരായണയെ വീണ്ടും സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുത്തു.

ഇന്ത്യയെ ആക്രമിക്കുന്നവർ അതിന് വില നൽകേണ്ടിവരും - ഫാറൂഖ് അബ്ദുള്ള

ജമ്മു:ഇന്ത്യയെ ആക്രമിക്കുന്നവർ അതിനു വില നൽകേണ്ടിവരുമെന്ന് കേന്ദ്ര പാരമ്പര്യേതര ഊർജ മന്ത്രി ഫാറൂഖ് അബ്ദുള്ള പറഞ്ഞു. നിമയസഭസ്ത്ത് പുറത്ത് പാർലമെൻറ് ആക്രമണക്കേസിൽ വധശിക്ഷസ്ത്ത് വിധിക്കപ്പെട്ട അഫ്സൽ ഗുരുവിന്റെ ദയാഹർജിയെകുറിച്ച് സംസാരിക്കവെയാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. രാഷ്ട്രപതിക്കു മുന്നിൽ സമർപ്പിച്ച ദയാഹർജിയുടെ തീർപ്പിനായി നമുക്ക് കാത്തിരിക്കം. ഇന്ത്യ ജനാധിപത്യ രാജ്യമാണ്. എങ്കിലും ഇന്ത്യസ്ത്തിനെതിരെ സംസാരിക്കുന്നവരോട് പൊറുക്കാനാകില്ല- അദ്ദേഹം പറഞ്ഞു.

പഞ്ചാബിൽ വിരുന്നു നടത്തിയ കോൺഗ്രസ് എം.എൽ.എ.സ്ത് കമ്മീഷന്റെ നോട്ടീസ്

മോഗ (പഞ്ചാബ്): പഞ്ചാബിൽ തിരഞ്ഞെടുപ്പിന് ശേഷം വിരുന്നു നടത്തിയ കോൺഗ്രസ് എം.എൽ.എ.സ്ത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നോട്ടീസ്. ജോഗീന്ദർ പാൽ ജെയിൻ എന്ന സിറ്റിങ് എം.എൽ.എ.സ്ത്താണ് പെരുമാറ്റച്ചട്ടം ലംഘിച്ചതിന് റിട്ടേണിങ് ഓഫീസർ വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകിയത്.

ജനവരി 30നാണ് വോട്ടെടുപ്പ് നടന്നത്. ഫിബ്രവരി 18നായിരുന്നു വിരുന്ന്. ശിരോമണി അകാലിദളിന്റെ സ്ഥാനാർഥി പരംദീപ് സിങ് ഗില്ലാണ് പരാതി നൽകിയത്. എന്നാൽ തനിക്ക് കമ്മീഷന്റെ നോട്ടീസ് ലഭിച്ചിട്ടില്ലെന്നും തിരഞ്ഞെടുപ്പിന് ജനങ്ങംക്ക് നന്ദിപറയാനല്ല വിരുന്നു നടത്തിയതെന്നും ജോഗീന്ദർ അവകാശപ്പെട്ടു.

പശ്ചിമ ബംഗാളിൽ നേരിയ ഭൂചലനം

കൊൽക്കത്ത: പശ്ചിമബംഗാളിലെ സിലിഗുഡിയിലും പരിസരപ്രദേശങ്ങളിലും ശനിയാഴ്ച ഉച്ചസ്ത്ത് റിക്റ്റർ സ്കെയിലിൽ 3.8രേഖപ്പെടുത്തിയ ഭൂചലനമുണ്ടായി. ആളപായമുള്ളതായി റിപ്പോർട്ടില്ല. ജൽപായ്ഗുഡി ജില്ലയിലും ഭൂചലനം അനുഭവപ്പെട്ടു. ഇന്ത്യ – ബംഗ്ലാദേശ് അതിർത്തിക്കടുത്താണ് പ്രഭവകേന്ദ്രം.

പണിമുടക്കിൽ പങ്കെടുക്കും

ന്യൂഡൽഹി: ചൊവ്വാഴ്ച നടക്കുന്ന അഖിലേന്ത്യാ പണിമുടക്കിൽ പങ്കെടുക്കാൻ ആദായനികുതി ജീവനക്കാരുടെ അഖിലേന്ത്യാ സംഘടനയായ ഇൻകംടാക്സ് എംപ്ലോയീസ് ഫെഡറേഷൻ തീരുമാനിച്ചു. ഫെഡറേഷന്റെ അഖിലേന്ത്യാ സമ്മേളനമാണ് തീരുമാനമെടുത്തത്.

ജീവനക്കാരെ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുക, കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് അവസാനിപ്പിക്കുക, സർക്കാർ ജോലി ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുക, ആശ്രിതനിയമനത്തിലെ അപാകതകം പരിഹരിക്കുക, സേവന വേതനവ്യവസ്ഥകം പുതുക്കി നിശ്ചയിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് പണിമുടക്ക്.

സേനകൾ ഏറ്റുമുട്ടി

മിഡ്നാപുർ: പശ്ചിമബംഗാളിലെ വെസ്റ്റ് മിഡ്നാപുരിൽ സ്ത്രീകളോട് അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ സി.ഐ.എസ്.എഫ്, കിഴക്കൻ അതിർത്തി റൈഫിംസ് (ഇ.എഫ്.ആർ.) ജവാന്മാർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 20 സി.ഐ.എസ്.എഫുകാർക്ക് പരിക്കേറ്റു. ശിവരാത്രി ഉത്സവം കഴിഞ്ഞ് മടങ്ങുകയായിരുന്ന സ്ത്രീകളോട് ഇ.എഫ്.ആർ. ജവാൻമാർ അപമര്യാദയായി പെരുമാറിയെന്നാരോപിച്ച് സി.ഐ.എസ്.എഫുകാർ രംഗത്തെത്തിയതോടെയാണ് സംഘർഷമുണ്ടായത്.

ഇ.എഫ്.ആർ. ആസ്ഥാനകാമ്പസിൽ തന്നെയാണ് സി.ഐ.എസ്.എഫ്. ക്യാമ്പുമുള്ളത്. പ്രതിഷേധവുമായെത്തിയ സി.ഐ.എസ്.എഫുകാർക്കു നേരേ ഇ.എഫ്.ആർ. ജവാൻമാർ ആക്രമണം നടത്തുകയായിരുന്നു.

ജി.രാമകൃഷ്ണൻ വീണ്ടും സി.പി.എം. തമിഴ്നാട് സംസ്ഥാന സെക്രട്ടറി

ചെന്നൈ: ജി. രാമകൃഷ്ണൻ സി.പി.എം. തമിഴ്നാട് സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. നാഗപട്ടണത്ത് ശനിയാഴ്ച സമാപിച്ച സി.പി.എം. സംസ്ഥാന സമ്മേളനമാണ് ജി.രാമകൃഷ്ണനെ വീണ്ടും സെക്രട്ടറി പദത്തിലേക്ക് തിരഞ്ഞെടുത്തത്. 2010ൽ അന്നത്തെ സംസ്ഥാന സെക്രട്ടറി വരദരാജൻ ആരോഗ്യപരമായ കാരണങ്ങളാൽ സ്ഥാനം ഒഴിഞ്ഞപ്പോഴാണ് രാമകൃഷ്ണൻ സംസ്ഥാന സെക്രട്ടറി പദത്തിലെത്തിയത്.

എ.കെ.പത്മനാഭനും എൻ.വരദരാജനും സെക്രട്ടേറിയറ്റിൽ നിന്നൊഴിവായി

ചെന്നൈ: സി.പി.എമ്മിന്റെ തമിഴ്നാട് സംസ്ഥാന സെക്രട്ടേറിയറ്റിൽ നിന്ന് എ.കെ.പത്മനാഭനും എൻ.വരദരാജനും ഒഴിവായി. സി.ഐ.ടി.യു. അഖിലേന്ത്യ പ്രസിഡൻറായതിനാൽ എ.കെ.പി. മിക്കവാറും സമയം ഡൽഹിയിലായിരിക്കും.

ഡൽഹി കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിൽ പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് തമിഴ്നാട്ടിലെ ചുമതലകളിൽ നിന്ന് ഒഴിവായതെന്ന് സി.പി.എം. സെൻട്രൽ കമ്മിറ്റി അംഗം കൂടിയായ എ.കെ. പത്മനാഭൻ മാതൃഭൂമിയോട് പറഞ്ഞു. കണ്ണൂർ ജില്ലയിലെ തലശ്ശേരി സ്വദേശിയായ എ.കെ.പി. നിലവിൽ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് വൈസ് പ്രസിഡൻറ് കൂടിയാണ്.

യു.പി.യിൽ ആറാം ഘട്ട പ്രചാരണം ഇന്ന് തീരും

ലഖ്നൗ: ആറാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന പടിഞ്ഞാറൻ ഉത്തർപ്രദേശിലെ 68 നിയമസഭാ മണ്ഡലങ്ങളിൽ ഞായറാഴ്ച പ്രചാരണം അവസാനിക്കും.ഡൽഹിയോട് ചേർന്ന് കിടക്കുന്ന ആഗ്ര അടക്കം 13 ജില്ലകളിൽ ആണ് ഫിബ്രവരി 28 ന് തിരഞ്ഞെടുപ്പ് നടക്കുന്നത്. മാർച്ച് 3ന് ആണ് അവസാന ഘട്ട തിരഞ്ഞെടുപ്പ്.

അഴിമതി, ക്രമസമാധാനനില, വികസനം എന്നീ വിഷയങ്ങളാണ് പ്രതിപക്ഷ പാർട്ടികളുടെ പ്രധാന പ്രചാരണ വിഷയങ്ങം എങ്കിലും കേന്ദ്ര അവഗണനയാണ് ഭരണകക്ഷിയായ ബി.എസ്.പി.യുടെ പ്രധാന പ്രചാരണ വിഷയം. കഴിഞ്ഞതവണ ബി.എസ്.പി.ക്ക് 35 സീറ്റും ബി.ജെ.പി.ക്ക് 12 സീറ്റുമാണ് ഇവിടെ നിന്ന് ലഭിച്ചത്. കഴിഞ്ഞ തവണ ഇവിടെ രണ്ട് സീറ്റുമാത്രം നേടാനായ കോൺഗ്രസ് രാഷ്ട്രീയ ലോക്ദം കൂട്ടുകെട്ടിൽ നിന്ന് ഏറെ പ്രതീക്ഷിക്കുന്ന മേഖലയാണിത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 10 സീറ്റ് നേടിയ രാഷ്ട്രീയ ലോക്ദളിന് ഇവിടെ നിർണായക സ്വാധീനമുണ്ട്.

അനധികൃത സ്വത്ത്: യു.പി. മന്ത്രി അഞ്ചിനുള്ളിൽ മറുപടി നൽകണം

ലഖ്നൗ: അനധികൃത സ്വത്ത് സമ്പാദിച്ച കേസിൽ അന്വേഷണം നേരിടുന്ന ഉത്തർപ്രദേശ് ഊർജ മന്ത്രി രാംവീർ ഉപാധ്യായയോട് മാർച്ച് അഞ്ചിനുള്ളിൽ മറുപടി നൽകാൻ ലോകായുക്ത ആവശ്യപ്പെട്ടു. ഈമാസം 10ന് ഹാജരാകാൻ ലോകായുക്ത ഉത്തരവിട്ടിരുന്നെങ്കിലും തിരഞ്ഞെടുപ്പ് പ്രചാരണത്തിലായതിനാൽ ഉത്തരവിൽ ഇളവ് വേണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ പുനഃപരിശോധനാ ഹർജി നൽകിയിരുന്നു.

വോട്ടെണ്ണൽ നടക്കു

നായനാർ ഫുട്ബോൾ: എം.എം. ജേക്കബ് കേരള കോച്ച്

കൊച്ചി: കോഴിക്കോട്ട് നടക്കുന്ന ഇ.കെ.നായനാർ അഖിലേന്ത്യാ ഫുട്ബോൾ ടൂർണമെൻറിനുള്ള കേരള സീനിയർ ടീമിൻെറ പരിശീലക നായ് മുൻ ഇന്ത്യൻതാരവും മുൻ സന്തോഷ് ട്രോഫി കോച്ചുമായ എം.എം. ജേക്കബിനെ നിയമിച്ചു. സെലക്ഷൻ ട്രയൽസിനായ് 50 അംഗ ടീമിനും പ്രഖ്യാപിച്ചിട്ടുണ്ട്.

ടീമിൻെറ പരിശീലന ക്യാമ്പ് തിങ്കളാഴ്ച എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ തുടങ്ങും.

ഇന്ത്യൻ വനിതകൾ തോറ്റു

ദക്ഷിണാഫ്രിക്ക ഒളിമ്പിക്സിന്

ന്യൂഡൽഹി: 32 വർഷത്തെ ഇടവേളയ്ക്കുശേഷം ഒളിമ്പിക്സിൽ കളിക്കാനുള്ള ഇന്ത്യൻ വനിതാ ഹോക്കി ടീമിൻെറ സ്വപ്നം പൊലിഞ്ഞു. ഒളിമ്പിക് യോഗ്യതാ ഹോക്കി ഫൈനലിൽ ദക്ഷിണാഫ്രിക്കയോട് 3-1ന് തോൽവി വഴങ്ങുകയായിരുന്നു ആതിഥേയർ. ആദ്യപകുതിയിൽ ഇന്ത്യ രണ്ടുഗോളിന് പിന്നിലായിരുന്നു.

തുടരെ മൂന്നാം തവണയും ഒളിമ്പിക്സിന് യോഗ്യത നേടിയ ദക്ഷിണാഫ്രിക്കയ്ക്കുവേണ്ടി പ്ലീറ്റി കോട്സീ (29, 52) രണ്ടുഗോളും നേടി. പെനാൽട്ടി കോർണർ മുതലെടുത്താണ് കോട്സിയുടെ രണ്ടുഗോളും. ഇന്ത്യയുടെ ആശ്വാസഗോളും 54-ാം മിനിറ്റിൽ ജസ്പ്രീതിൻെറ വകയായിരുന്നു. മൂന്നുഗോളിന് പിന്നിലായ ശേഷമാണ് ജസ്പ്രീത് പെനാൽട്ടി കോർണർ മുതലെടുത്ത് ലക്ഷ്യംകണ്ടത്. ലോക റാങ്കിങ്ങിൽ മുന്നിലുള്ള ആഫ്രിക്കൻ ടിമിനെതിരെ ആരാധകരുടെ പിന്തുണയിൽ പൊരുതിക്കളിച്ചെങ്കിലും ഫിനിഷിങ്ങിലെ പിഴവുകളും ഇന്ത്യയ്ക്ക് തിരിച്ചടിയാവുകയായിരുന്നു. പന്ത് നിയന്ത്രണത്തിൽ വെക്കുന്നതിലും ഷോട്ടുകളും തൊടുക്കുന്നതിലും ഇരു ടീമുകളും തമ്മിൽ ഏറെ അന്തരമുണ്ടായില്ല. എന്നാൽ, അവസരങ്ങളും മുതലാക്കുന്നതിൽ ദക്ഷിണാഫ്രിക്കക്കാർ ഏറെ മുന്നിലായിരുന്നു. ദക്ഷിണാഫ്രിക്കയുടെ വേഗമാർന്ന നീക്കങ്ങളും ഇന്ത്യയ്ക്ക് തലവേദന സൃഷ്ടിച്ചു. ഗ്രൂപ്പ് മത്സരത്തിലും ദക്ഷിണാഫ്രിക്കയോട് ഇന്ത്യ തോറ്റിരുന്നു.

യുക്രൈനെ 2-1ന് തോല്പിച്ച് ഇറ്റലി മൂന്നാം സ്ഥാനം നേടി. പോളണ്ടിനെ തോല്പിച്ച കാനഡയ്ക്കാണ് അഞ്ചാം സ്ഥാനം (3-0).

ഇന്ത്യയെ തോല്പിച്ച് ഒളിമ്പിക്സിന് യോഗ്യത നേടിയ ദക്ഷിണാഫ്രിക്കൻ വനിതാ ഹോക്കി ടീമിൻെറ ആഹ്ലാദം

ഒളിമ്പിക് യോഗ്യതാ ഹോക്കി ഫൈനലിൽ ഇന്ത്യ ഫ്രാൻസിനെതിരെ

ഡു ഓർ ഡൈ

ത്രിരാഷ്ട്ര ക്രിക്കറ്റിൽ ഫൈനൽ ലക്ഷ്യമിട്ട് ഇന്ത്യ ഓസ്ട്രേലിയയ്ക്കെതിരെ

ലണ്ടനിലേക്ക് ടിക്കറ്റെടുക്കാൻ

- ഇന്ത്യ-ഫ്രാൻസ് മത്സരം രാത്രി എട്ടുമുതൽ ടെൻ സ്പോർട്സിൽ

ന്യൂഡൽഹി: ചിലിയിലെ സാൻറിയാഗോയിൽ നാലുവർഷംമുമ്പ് നേരിട്ട ദുരന്തത്തിൽനിന്ന് ഇന്ത്യൻ ഹോക്കി ഇതേവരെ മുക്തരായിട്ടില്ല. എൺപതുവർഷത്തിനിടെ ആദ്യമായി ഇന്ത്യൻ ഹോക്കി ഒളിമ്പിക്സിൽനിന്ന് പുറംതള്ളപ്പെട്ടത് 2008 മാർച്ച് പത്തിനായിരുന്നു. നാലാംമിനിറ്റിൽ ബാരി മിഡിൽട്ടണും പത്താം മിനിറ്റിൽ റിച്ചാർഡ് മാൻെറലും നേടിയ ഗോളുകൾക്ക് ബ്രിട്ടൻ ഇന്ത്യയുടെ മോഹങ്ങൾ കുഴിച്ചുമൂടി. തുടരെ ആറുതവണയുംപ്പെടെ, എട്ടുതവണ ഒളിമ്പിക് സ്വർണം കഴുത്തിലണിഞ്ഞ ഇന്ത്യ അതോടെ ബെയ്ജിങ് ഒളിമ്പിക്സിന് യോഗ്യത നേടാതെ പുറംതള്ളപ്പെട്ടു.

ന്യൂഡൽഹിയിലെ ധ്യാൻചന്ദ് ഹോക്കി സ്റ്റേഡിയത്തിൽ ഞായറാഴ്ച രാത്രി മറ്റൊരു യൂറോപ്യൻ ടീമായ ഫ്രാൻസിനെ നേരിടാനിറങ്ങുംമുമ്പ്, താരങ്ങൾക്ക് കോച്ച് മൈക്കൽ നോബ്സ് ഈ ചരിത്രം പറഞ്ഞുകൊടുത്തിട്ടുണ്ടാകുമെന്നുറപ്പ്. ഒരു ദേശമൊന്നാകെ തലകുനിക്കേണ്ടിവന്ന 2008-ലെ ശപിക്കപ്പെട്ട ദിവസത്തിനു പകരം, പ്രതീക്ഷകളുടെ ലണ്ടൻ ടിക്കറ്റ് സ്വന്തമാക്കേണ്ടതിൻെറ ആവശ്യകത താരങ്ങൾക്കും അറിയാം.

ന്യൂഡൽഹിയിൽ ഒളിമ്പിക് യോഗ്യതാ ടൂർണമെൻറ് തീരുമാനിച്ചപ്പോൾത്തന്നെ ഇന്ത്യയുടെ ഒളിമ്പിക് പ്രതീക്ഷ ജ്വലിച്ചുതുടങ്ങിയിരുന്നു. റാങ്കിങ്ങിൽ താഴെയുള്ള കാനഡയും ഫ്രാൻസും പോളണ്ടും ഇറ്റലിയും സിംഗപ്പൂരും എതിരാളികളായികിട്ടിയത് ഇന്ത്യയുടെ വഴിയെളുപ്പത്തിലാക്കി. ടൂർണമെൻറിൽ ഗ്രൂപ്പ് മത്സരങ്ങളെല്ലാം വിജയിച്ചാണ് ഇന്ത്യൻ ടീം ഫൈനലിന് ഒരുങ്ങുന്നത്.

സിംഗപ്പൂരിനെ 15-1നും ഇറ്റലിയെ 8-1നും ഫ്രാൻസിനെ 6-2നും കാനഡയെ 3-2നും പോളണ്ടിനെ 4-2നും പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ വരവ്. ആദ്യ ദിവസങ്ങളിലെ സ്റ്റോറിങ് മികവ് പിന്നീടുള്ള മത്സരങ്ങളിൽ പുലർത്താനായില്ലെങ്കിലും, ഫൈനലിൽ ഫ്രാൻസിനെ മറികടക്കാനാവുമെന്ന ആത്മവിശ്വാസം ടീമിനുണ്ട്.

പെനാൽട്ടികോർണർ സ്പെഷലിസ്റ്റായ സന്ദീപ് സിങ്ങിലാണ് ഇന്ത്യയുടെ പ്രധാന പ്രതീക്ഷ. ഇതിനകം രണ്ട് ഹാട്രിക്കടക്കം പത്തുഗോൾ നേടിയ സന്ദീപ് ഫ്രാൻസിനെതിരെയും വിജയശില്പിയാകുമെന്ന് ടീം പ്രതീക്ഷിക്കുന്നു. ശിവേന്ദ്ര സിങ്, എസ്.വി.സുനിൽ തുടങ്ങിയവരും മികച്ച ഫോമിലാണ്. എന്നാൽ യുവതാരം യുവരാജ് വാല്മീകിയ്ക്ക് പരിക്കേറ്റത് ഇന്ത്യൻ ആക്രമണത്തിൻെറ മൂർച്ച കുറച്ചിട്ടുണ്ട്.

എല്ലാ കളികളിലും ഗോൾ വഴങ്ങേണ്ടിവന്നത് ഇന്ത്യൻ പ്രതിരോധത്തെ തെല്ലൊന്ന് ആശങ്കപ്പെടുത്തുന്നു. സിംഗപ്പൂരിനോടുപോലും ഇന്ത്യ ഗോൾ വഴങ്ങി. ഫ്രാൻസ് രണ്ടുതവണ ഇന്ത്യൻ പോസ്റ്റിൽ പന്തെത്തിച്ചു. പ്രതിരോധം കുറച്ചുകൂടി ശക്തിപ്പെടുത്തിയാകും കലാശക്കളിക്ക് നോബ്സ് ടീമിനെ സജ്ജരാക്കുക.

ഇന്ത്യൻ ഹോക്കിയുടെ സുവർണകാലത്തിനുശേഷം ഇത് അഞ്ചാംതവണയാണ് യോഗ്യതാ ടൂർണമെൻറുവഴി ഇന്ത്യ ഒളിമ്പിക്സിന് ടിക്കറ്റ് തേടുന്നത്. 1991, 1995, 2004 വർഷങ്ങളിൽ യോഗ്യതാ ടൂർണമെൻറുകം വിജയിച്ച് ഇന്ത്യ ഒളിമ്പിക്സിനെത്തി. എന്നാൽ, ചിലിയിൽ 2008-ൽ നടന്ന യോഗ്യതാ ടൂർണമെൻറിൽ ബ്രിട്ടനോട് തോറ്റതോടെ 2008 ബെയ്ജിങ് ഗെയിംസിൽനിന്ന് ഇന്ത്യ പുറത്താവുകയായിരുന്നു.

ഇന്ത്യയോട് തോൽക്കുകയും കാനഡയോട് സമനിലയിൽ പിരിയുകയും ചെയ്ത തൊഴിച്ചാൽ, ഫ്രാൻസിൻെറയും പ്രകടനം പ്രതീക്ഷാനിർഭരമാണ്. 1936-ൽ നാലാം സ്ഥാനം നേടിയതൊഴിച്ചാൽ, ഫ്രാൻസിന് ഒളിമ്പിക് ഹോക്കിയിൽ കാര്യമായ നേട്ടം അവകാശപ്പെടാനില്ല. 1972-നുശേഷം അവർ ഒളിമ്പിക്സിന് യോഗ്യത നേടിയിട്ടുമില്ല.

ഫ്രാൻസിനെ കലാശക്കളിയിൽ നേരിടുമ്പോൾ ഇന്ത്യൻ പ്രതീക്ഷ പെനാൽട്ടി കോർണർ വിദഗ്ധൻ സന്ദീപ് സിങ്ങിലാണ്

അഗ്നിപരീക്ഷ ഇന്നുമുതൽ

- ഓസ്ട്രേലിയ-ഇന്ത്യ, രാവിലെ 8.50 മുതൽ ദൂരദർശനിലും ഇ.എസ്.പി.എന്നിലും

സിഡ്നി: പരീക്ഷണങ്ങളും പിണക്കങ്ങളും മാറ്റിവെച്ച് ഇന്ത്യൻ ക്രിക്കറ്റ് ടീം നിർണായക പോരാട്ടത്തിന് ഇറങ്ങുകയാണ്. സിഡ്നിയിൽ ആതിഥേയരായ ഓസ്ട്രേലിയയെ നേരിടുമ്പോൾ ബോണസ് പോയൻറോടെ വിജയത്തിൽ കുറഞ്ഞൊന്നും ഇന്ത്യ ലക്ഷ്യമിടുന്നില്ല. ഞായറാഴ്ച ഓസ്ട്രേലിയക്കെതിരെ വിജയിക്കാനായില്ലെങ്കിൽ, ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയുടെ കലാശക്കളിക്ക് യോഗ്യത നേടുകയെന്ന സ്വപ്നം ഏറെക്കുറെ അസ്ഥാനത്താകും.

റൊട്ടേഷൻ നയത്തെച്ചൊല്ലി സീനിയർ താരങ്ങൾക്കിടയിലുണ്ടായ തർക്കവും പിണക്കവുമാണ് ഇന്ത്യൻ ക്രിക്കറ്റ് അടുത്തിടെ നേരിട്ട പ്രതിസന്ധി.

എന്നാൽ, അത്തരമൊരു ഭിന്നിപ്പ് ടീമിലില്ലെന്ന് തുറന്നു പ്രഖ്യാപിച്ച ക്യാപ്റ്റൻ ധോനി, ടീമിലെ പരീക്ഷണങ്ങൾം അവസാനിച്ചതായും പറഞ്ഞു. ഇതുവരെയുള്ള മത്സരങ്ങളിൽ മുതിർന്ന ഓപ്പണർമാരിൽ ഒരാളെ പുറത്തിരുത്തിയ ഇന്ത്യ, ഇനിയുള്ള മത്സരങ്ങളിൽ അതിന് മുതിരുന്നില്ലെന്ന് ക്യാപ്റ്റൻ പറഞ്ഞു. വീരേന്ദർ സെവാഗും സച്ചിൻ തെണ്ടുൽക്കറും ഇന്നിങ്സ് ഓപ്പൺ ചെയ്യുകയും ഗൗതം ഗംഭീർ മൂന്നാം നമ്പറിലിറങ്ങുകയും ചെയ്യുമെന്നാണ് ധോനി നൽകുന്ന സൂചന.

റൊട്ടേഷൻ പോളിസി ഇനി ആവശ്യമില്ലെന്ന് അഭിപ്രായപ്പെട്ട ധോനി പരിക്കുകം മാത്രമാണ് ടീമിനുമുന്നിലുള്ള വെല്ലുവിളിയെന്ന് പറഞ്ഞു. പേസ് ബൗളർമാരായ സഹീർഖാനും വിനയ്കുമാറും പരിക്കിൻെറ പിടിയിലാണ്.

തുടരെ രണ്ട് മത്സരങ്ങൾം പരാജയപ്പെട്ടതോടെ, പോയൻറ് പട്ടികയിൽ ഏറ്റവും പിന്നിലാണ് ഇന്ത്യ ഇപ്പോൾം. ഓസ്ട്രേലിയക്കും ശ്രീലങ്കയ്ക്കുമെതിരെ ശേഷിക്കുന്ന മത്സരങ്ങൾം കൊള്ളാവുന്ന മാർജിനിൽ വിജയിക്കുകയാണ് ഇന്ത്യക്കുമുന്നിലുള്ള ഏക പോംവഴി.

ലോക ചാമ്പ്യൻമാരായ ഇന്ത്യയ്ക്ക് ത്രിരാഷ്ട്രപരമ്പര ഏറെ നിർണായകമാണ്. ടീമിൽ ഭിന്നിപ്പുണ്ടെന്ന വാർത്തകൾ വ്യാപകമായ സാഹചര്യത്തിൽ പ്രത്യേകിച്ചും

15 പോയൻറോടെ ഒന്നാംസ്ഥാനത്തുള്ള ശ്രീലങ്കയും 14 പോയൻറോടെ രണ്ടാമതുള്ള ഓസ്ട്രേലിയയും നെറ്റ് റൺനിരക്കിലും ഏറെ മുന്നിലാണ്. ശേഷിക്കുന്ന മത്സരങ്ങളിൽ ഇന്ത്യ വിജയിക്കുകയും ഈ രണ്ട് ടീമുകളിലേതെങ്കിലുമൊന്ന്, തുടരെ രണ്ട് മത്സരങ്ങൾം തോൽക്കുകയും വേണം. ഞായറാഴ്ച ഇന്ത്യ ഓസ്ട്രേലിയയോട് തോൽക്കുകയാണെങ്കിൽ കണക്കെടുപ്പുകൾക്ക് പിന്നെ പ്രസക്തിയില്ലാതാവും.

കളിക്കാരെ മാറ്റിപ്പരീക്ഷിക്കൽ തത്കാലം വേണ്ടെന്നുവെച്ചതോടെ, ഇന്ത്യൻ ബാറ്റിങ്നിര കടലാസ്സിൽ കരുത്താർജിക്കും. സസ്പെൻഷനുശേഷം ധോനികൂടി മടങ്ങിയെത്തുന്നതോടെ ബാറ്റിങ് നിരയ്ക്ക് ഊർജസ്വലമാകും.

രോഹിത് ശർമയുടെ സ്ഥാനമാണ് റൊട്ടേഷനില്ലാതാകുന്നതോടെ നഷ്ടമാവുക. പേസ് ബൗളർ സഹീർഖാൻ പരിക്കിനെത്തുടർന്ന് കളിക്കുകയില്ലെന്ന് ഉറപ്പാവുകയും പേശിവലിവിനെത്തുടർന്ന് വിനയ്കുമാർ കളിക്കുന്ന കാര്യം സംശയത്തിലാവുകയും ചെയ്തത് ബൗളിങ്ങിൽ ക്ഷീണമുണ്ടാക്കിയിട്ടുണ്ട്.

ഇർഫാൻ പഠാനും ഉമേഷ് യാദവും പ്രവീൺ കുമാറുമാകും പേസ് ബൗളിങ്ങിനെ നയിക്കുക. അശ്വിൻ, രവീന്ദ്ര ജഡേജ എന്നീ സ്പെഷലിസ്റ്റ് ബൗളർമാരും സുരേഷ് റെയ്നയുടെ പാർട്ട്ടൈം സ്പിന്നും കൂട്ടിനെത്തും.

യുവതാരങ്ങളടങ്ങിയ ഓസ്ട്രേലിയൻ നിര ടൂർണമെൻറിൽ ഇന്ത്യയെ രണ്ടുവട്ടം ബോണസ് പോയൻറോടെ തോൽപ്പിച്ചിരുന്നു. ശ്രീലങ്ക ഒന്നാംസ്ഥാനത്തേക്ക് കുതിച്ചതോടെ, ഓസ്ട്രേലിയക്കും ഈ മത്സരം നിർണായകമാണ്. ഈ പരമ്പരയിൽ ടീമിലേക്കെത്തിയ മാത്യു വേഡും പീറ്റർ ഫോറസ്റ്റും മികച്ച ഫോമിലാണെന്നത് ടീമിന് കൂടുതൽ കരുത്തുപകരുന്നു. ടീമിലേക്ക് തിരിച്ചെത്തിയ ഷെയ്ൻ വാട്സണെ ഉംപ്പെടുത്താൻ തീരുമാനിച്ചാൽ, ഡേവിഡ് വാർണറോ ഡാൻ ക്രിസ്റ്റ്യനോ ടീമിന് പുറത്തിരിക്കേണ്ടിവരും.

ടീം ഇന്ത്യ ഇനി പതിവുപോലെ; റൊട്ടേഷൻ ഇല്ലെന്ന് ധോനി

സിഡ്നി: ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ ഭിന്നിപ്പിൻെറ വക്കിൽവരെയെത്തിച്ച റൊട്ടേഷൻ പോളിസി വേണ്ടെന്നുവെച്ചതായി ക്യാപ്റ്റൻ ധോനി. വേഗത്തിൽ സ്കോർ ചെയ്യാനും ബൗണ്ടറികൾം നേടാനും കഴിവുള്ള മൂന്ന് സ്ഥിരം ഓപ്പണർമാരുള്ളപ്പോൾം, ടീമിൽ മറ്റ് പരീക്ഷണങ്ങളുടെ ആവശ്യമില്ലെന്ന് ധോനി പറഞ്ഞു. യുവതാരങ്ങൾക്ക് അവസരം നൽകുന്നതിനായി, ടീമിലെ സീനിയർ താരങ്ങളായ സച്ചിൻ, സെവാഗ്, ഗംഭീർ എന്നിവരിൽ ഒരാൾക്ക് ഓരോ മത്സരത്തിലും വിശ്രമം നൽകിയാണ് ടൂർണമെൻറിൽ ഇന്ത്യ കളിച്ചുവന്നത്. എന്നാൽ, സീനിയർ താരങ്ങളെ ഫീൽഡിങ്ങിൽ മോശമായതുകൊണ്ടാണ് റൊട്ടേഷൻ നടപ്പാക്കിയതെന്ന് ധോനി പ്രഖ്യാപിച്ചതോടെ വിവാദം കൊഴുത്തു. ഇതിനെതിരെ സെവാഗ് രംഗത്തുവന്നതും ഒടുവിൽ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾം ബോർഡ് ഇടപെടുകയും പ്രശ്നം പരിഹരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിൻെറ തുടർച്ചയായാണ് ധോനി റൊട്ടേഷൻ പോളിസി വേണ്ടെന്നുവെച്ചതും.

ഇന്ത്യൻ ടീമിൽ യാതൊരു ഭിന്നിപ്പുമില്ലെന്നും ധോനി പ്രഖ്യാപിച്ചു. ഭിന്നിപ്പിനെക്കുറിച്ചുള്ള വാർത്തകൾം വന്നതിനുശേഷം ക്യാപ്റ്റൻെറ ഭാഗത്തുനിന്ന് ഇതേക്കുറിച്ച് പ്രതികരണമുണ്ടാകുന്നത് ആദ്യമായാണ്. താൻ പറഞ്ഞതിൻെറ വീഡിയോ ശ്രദ്ധയോടെ വീക്ഷിച്ചാൽ എന്താണ് പറഞ്ഞതെന്നും എന്താണ് ഉദ്ദേശിച്ചതെന്നും വ്യക്തമാകുമെന്ന് ധോനി പറഞ്ഞു. എന്നാൽ, ഇത്തരം വാർത്തകൾം പരക്കുന്നത് ഡ്രസ്സിങ് റൂമിൽ താരങ്ങൾക്കിടയിൽ സമ്മർദത്തിന് വഴിവെക്കുമെന്നും ക്യാപ്റ്റൻ കൂട്ടിച്ചേർത്തു. തുറന്നുസംസാരിച്ചാൽ പ്രശ്നങ്ങൾം ഇല്ലാതാവുമെന്നും ധോനി പറഞ്ഞു. ശ്രീലങ്കൻ ക്യാപ്റ്റൻ മഹേല ജയവർധനെ ഓപ്പണിങ്ങിൽ വന്നതോടെ ലങ്ക തുടർച്ചയായി മൂന്ന് മത്സരങ്ങൾം ജയിച്ചത് ചൂണ്ടിക്കാട്ടിയ ധോനി, മുൻനിരയിൽനിന്ന് കൂടുതൽ ഉത്തരവാദിത്വമുള്ള പ്രകടനമുണ്ടായാൽ ഇന്ത്യയും വിജയവഴിയിലെത്താനാകുമെന്ന് പറഞ്ഞു. മുൻനിര ബാറ്റ്സ്മാന്മാർ കൂടുതൽ സമയം ക്രീസിൽ ചെലവിടുകയും, വിക്കറ്റുകൾം ശേഷിക്കുകയും ചെയ്താൽ മികച്ച സ്കോർ കണ്ടെത്താനാവുമെന്ന് ധോനി പറഞ്ഞു. ബൗളിങ്ങിനെക്കാൾം, ബാറ്റിങ്ങിലുണ്ടായ പാളിച്ചകളാണ് ടൂർണമെൻറിൽ ഇന്ത്യയ്ക്ക് തിരിച്ചടിയായതെന്നും ക്യാപ്റ്റൻ നിരീക്ഷിച്ചു. ഇർഫാൻ പഠാൻ ഫോമിലേക്കുയർന്നതോടെ, അധികമൊരു ബാറ്റ്സ്മാൻെറ സേവനം കൂടി ടീമിന് ലഭിച്ചതായും ധോനി പറഞ്ഞു.

സാനിയ-വെസ്നിന സഖ്യത്തിന് തോൽവി

ദുബായ്: ഇന്ത്യയുടെ സാനിയാ മിർസയും റഷ്യയുടെ എലേന വെസ്നിനയും ചേർന്ന സഖ്യം ദുബായ് ഡ്യൂട്ടിഫ്രീ വനിതാ ടെന്നീസിൻെറ ഡബിംസ് ഫൈനലിൽ തോറ്റു. രണ്ടാം സീഡായ ഇന്ത്യ-റഷ്യൻ കൂട്ടുകെട്ട് ഫൈനലിൽ ഒന്നാം സീഡുകളായ അമേരിക്കയുടെ ലിസ റെയ്ണ്ട്-ലീസൽ ഹ്യൂബർ സഖ്യത്തോടാണ് പരാജയപ്പെട്ടത് (6-2, 6-1).

ഹോക്കി: ഐശ്വര്യ കേരള ക്യാപ്റ്റൻ

തിരുവനന്തപുരം: ആന്ധ്രപ്രദേശിലെ കാക്കിനാഡയിൽ ഫിബ്രുവരി 29 മുതൽ മാർച്ച് നാലുവരെ നടക്കുന്ന ദക്ഷിണ മേഖലാ സീനിയർ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിനുള്ള കേരള ടീമിനെ എ.കെ.ഐശ്വര്യ നയിക്കും. ടൂർണമെൻറിനായി 18 അംഗ ടീമിനെ പ്രഖ്യാപിച്ചിട്ടുണ്ട്. അഞ്ജലി എബ്രഹാം, ടി.എസ്.വിധു, സി.സുചിത്ര, ചിഞ്ചു രാജൻ, എം.എ.അനിഷ്മ,അലീന വി.കുമാർ, ടി.സിനിഷ, പി.പ്രിൻസിരാജ്, സി.വി.വർഷ, പി.ലിൻഷ, പി.സോണിയ, ധനശ്രീ ചെറോട്ട്, എ.യു.അശ്വതി, വി.രേഷ്മ, ആൻലിയ മാത്യു, എസ്.സ്വാതി, എ.വിനയ എന്നിവരാണ് ടീമംഗങ്ങൾം.

പി.ആർ.രവീന്ദ്ര കുമാർ പരിശീലകനും ടി.പ്രസന്ന മാനേജരുമാണ്.

ഐ ലീഗ് ക്ലബ്ബുകൾക്ക് സംഘടനയായി

- പ്രൊഫഷണൽ ഫുട്ബോൾ ക്ലബ് അസോസിയേഷനിൽ പൈലൻ ആരോസും എച്ച്.എ.എല്ലും ഒഴികെയുള്ള ക്ലബ്ബുകൾ

അനീഷ് പി. നായർ

കോഴിക്കോട്: ക്ലബ് ലൈസൻസിങ് നിബന്ധനകളെച്ചൊല്ലി അഖിലേന്ത്യാ ഫുട്ബോൾം ഫെഡറേഷനു(എ.ഐ.എഫ്.എഫ്.)മായുള്ള തർക്കം രൂക്ഷമായതോടെ ഐ ലീഗിൽ കളിക്കുന്ന ക്ലബ്ബുകൾം സംഘടന രൂപവത്കരിച്ചു. ഇന്ത്യൻ പ്രൊഫഷണൽ ഫുട്ബോൾം ക്ലബ് അസോസിയേഷൻ എന്ന സംഘടനയ്ക്കാണ് ക്ലബ്ബുകൾം രൂപം നൽകിയത്. ലീഗിൽ കളിക്കുന്ന പൈലൻ ആരോസ്, എച്ച്.എ.എൽ. ബാംഗ്ലൂർ എന്നീ ടീമുകളൊഴിച്ചുള്ള ക്ലബ്ബുകളാണ് അസോസിയേഷനിലുള്ളത്. അസോസിയേഷൻെറ പ്രഥമയോഗം മാർച്ച് 10-ന് മുംബൈയിൽ നടക്കും. യോഗത്തിൽ സംഘടനയുടെ ഭാരവാഹികളെ നിശ്ചയിക്കും. ഇന്ത്യൻ ഫുട്ബോളിൽ ഐ.എം.ജി. റിലയൻസുമായി ചേർന്ന് വൻമാറ്റത്തിന് എ.ഐ.എഫ്.എഫ്. ഒരുങ്ങുമ്പോൾം ക്ലബ്ബുകളുടെ അവകാശങ്ങൾംക്കായി പൊരുതുന്നതിന് ഒന്നിച്ചുനിൽക്കണമെന്ന തിരിച്ചറിവാണ് സംഘടനയുടെ രൂപവത്കരണത്തിന് കാരണമായത്. ഇന്ത്യൻ ഫുട്ബോളിൻെറ ചരിത്രത്തിൽ ആദ്യമായാണ് ക്ലബ്ബുകൾം സ്വന്തം അസോസിയേഷനുമായി രംഗത്തെത്തുന്നത്.

മാർച്ച് പത്തിലെ യോഗത്തിൽ ഭാവി പദ്ധതികൾം ആസൂത്രണം ചെയ്യും. ക്ലബ്ബുടമകളാണ് യോഗത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. രണ്ടാം ഡിവിഷനിൽ കളിച്ച ക്ലബ്ബുകളെക്കൂടി അസോസിയേഷനിൽ ഉൾംപ്പെടുത്താനുള്ള ആലോചന നടക്കുന്നുണ്ട്. അസോസിയേഷൻെറ കരുത്ത് വർധിപ്പിക്കുന്നതിനാണിത്. ലൈസൻസ് നിബന്ധനയുമായി എ.ഐ.എഫ്.എഫ്. മുന്നോട്ടുപോകാൻ തീരുമാനിച്ചാൽ ഐ ലീഗ് രണ്ടാം പാദത്തിൽ പങ്കെടുക്കണമോയെന്ന കാര്യത്തിലും യോഗം തീരുമാനിക്കും.

എ.എഫ്.സി. അംഗീകരിച്ച ലൈസൻസിങ് നിബന്ധന നടപ്പാക്കാനുള്ള തീരുമാനമാണ് എ.ഐ.എഫ്.എഫിനും ക്ലബ്ബുകൾംക്കുമിടയിൽ പുകഞ്ഞുകൊണ്ടിരുന്ന അസ്വാരാസ്യങ്ങൾം പൊട്ടിത്തെറിയിലെത്തിച്ചത്. നിബന്ധനകൾം ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുകയാണെന്ന് ആരോപിച്ച 12 ക്ലബ്ബുകൾം, ചട്ടങ്ങൾം നിരാകരിക്കുകയായിരുന്നു. തുടർന്ന് കഴിഞ്ഞദിവസം എ.ഐ.എഫ്.എഫും വാണിജ്യപങ്കാളികളായ ഐ.എം.ജി. റിലയൻസും ക്ലബ്ബുകളെ യോഗത്തിനും വിളിച്ചു. യോഗത്തിൽ ക്ലബ് പ്രതിനിധികൾം തങ്ങളുടെ പ്രശ്നങ്ങൾം അറിയിക്കുകയും പ്രശ്നപരിഹാരം ഉടൻ ഉണ്ടാവണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഉടൻതന്നെ ക്ലബ്ബുകളുടെ ആവശ്യങ്ങൾം പരിഹരിക്കുന്നതിനുള്ള നടപടികൾം സ്വീകരിക്കാനാവുമെന്നാണ് റിലയൻസ് അധികൃതർ വ്യക്തമാക്കുന്നത്.

ഐ ലീഗ് നടത്തിപ്പിന് സ്വതന്ത്രമായ സമിതിയും അതിൽ ഐ ലീഗ് ക്ലബ്ബുകളുടെ പങ്കാളിത്തവുമാണ് ക്ലബ്ബുകളുടെ പ്രധാന ആവശ്യം. നിലവിൽ ഐ ലീഗ് നടത്തിപ്പിൽ ക്ലബ്ബുകൾംക്ക് പങ്കാളിത്തമില്ല. ഇതുമൂലം ക്ലബ്ബുകൾംക്ക് താങ്ങാൻ കഴിയാത്ത നിബന്ധനകൾം ഓരോ സീസണിലുമുണ്ടാകുന്നുവെന്നാണ് ക്ലബ്ബുടമകളുടെ പക്ഷം. എ.എഫ്.സി.യുടെ പുതിയ ലൈസൻസിങ് നിബന്ധനകൾം ക്ലബ്ബുകൾംക്ക് കനത്ത സാമ്പത്തികഭാരം വരുത്തിവെക്കുമെന്നും ഉടമകൾം ചൂണ്ടിക്കാട്ടുന്നു.

ഐ ലീഗിൻെറ ടെലിവിഷൻ റേറ്റിങ് വർധിക്കാത്തതും കളികൾംക്ക് എ.ഐ.എഫ്.എഫ്. വേണ്ടരീതിയിൽ പ്രചാരണം നൽകാത്തതും ക്ലബ്ബുകളെ ചൊടിപ്പിച്ചിട്ടുണ്ട്.

അമേരിക്കൻ മാതൃകയിൽ മേജർ സോക്കർ ലീഗ് തുടങ്ങാനിരിക്കെ ക്ലബ്ബുകൾം തർക്കത്തിൻെറ പാതയിലേക്ക് നീങ്ങുന്നത് അഖിലേന്ത്യാ ഫെഡറേഷനെ പ്രതിരോധത്തിലാക്കുന്നു.

ഒരു ബജറ്റ് വാഗ്ദാനം കൂടി യാഥാർത്ഥ്യത്തിലേയ്ക്ക്

കാൻസർ, കിഡ്നി, ഹൃദ്രോഗം, ഹീമോഫീലിയ,
സാന്ത്വനചികിത്സകൾക്ക്
2 ലക്ഷം വരെ ധനസഹായം.
സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന
സ്വകാര്യ-സ്വാശ്രയ ആശുപത്രികളിലും ശസ്ത്രക്രിയയ്ക്കും
അനുബന്ധ ചികിത്സയ്ക്കുമാണ് ധനസഹായം.
മുഴുവൻ ബി.പി. എൽ. കാർഡുടമകൾക്കും അർഹത.
എ.പി. എല്ലുകാർക്ക് വാർഷികവരുമാനം
രണ്ടരലക്ഷത്തിൽ താഴെയാവണം.
അർഹരെ തിരഞ്ഞെടുക്കുന്നത് ജില്ലാ കളക്ടർ
അദ്ധ്യക്ഷനായ ജില്ലാതലസമിതി.
ആനുകൂല്യങ്ങൾ ആശുപത്രികൾക്ക് നേരിട്ടു നൽകുന്നു.
മറ്റു രോഗങ്ങൾക്ക് 3000 രൂപ ധനസഹായം.
അപേക്ഷാഫോറം ജില്ലാ ലോട്ടറി ഓഫീസുകളിലും
ജില്ലാകളക്ട്രേറ്റിലും
www.keralalotteries.com എന്ന വെബ്സൈറ്റിലും

കാരുണ്യത്തിന്റെ വിരൽസ്പർശമായി
കാരുണ്യ ബെനവലന്റ് ഫണ്ട്



കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യസഹായ വിതരണവും

ഫെബ്രുവരി 26
ഞായറാഴ്ച
രാവിലെ 11 മണി
വി.ജെ.റ്റി. ഹാൾ
തിരുവനന്തപുരം

കാരുണ്യ ബനവലന്റ് ഫണ്ട് ബോർഡ് | അദ്ധ്യക്ഷൻ

അദ്ധ്യക്ഷൻ
ശ്രീ. കെ.എം.മാണി
ബഹുമാനപ്പെട്ട ധനകാര്യമന്ത്രി

സമ്മേളനോദ്ഘാടനം
ശ്രീ. ഉമ്മൻചാണ്ടി
ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ഉദ്ഘാടനം
ശ്രീ. എ.കെ.ആന്റണി
ബഹുമാനപ്പെട്ട പ്രതിരോധവകുപ്പ് മന്ത്രി

മുഖ്യപ്രഭാഷണം:
ശ്രീ. വി.എസ്.ശിവകുമാർ
ബഹുമാനപ്പെട്ട ഗതാഗതമന്ത്രി

കൂടാതെ ജനപ്രതിനിധികളും നേതാക്കളും പങ്കെടുക്കുന്നു

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

യെമൻ: ഹാദി ചുമതലയേറ്റു; സ്ഫോടനത്തിൽ 26 സൈനികർ മരിച്ചു

സന: ഒരു വർഷം നീണ്ടു നിന്ന രക്തരൂഷിത പോരാട്ടത്തിനൊടുവിൽ യെമന്റെ പുതിയ പ്രസിഡൻറായി അബ്ദ് റബ്ബു മൻസൂർ ഹാദി ശനിയാഴ്ച ചുമതലയേറ്റു. പ്രസിഡൻറ് അലി അബ്ദുള്ള സാലിയുടെ പിൻഗാമിയാണ് വൈസ്പ്രസിഡൻറായിരുന്ന മൻസൂർ ഹാദി.

അതിനിടെ, തെക്ക് കിഴക്കൻ യമനിലെ പ്രസിഡൻറ് പാലസിനു പുറത്ത് നടന്ന ചാവേർ ബോംബ് സ്ഫോടനത്തിൽ 26 സൈനികർ കൊല്ലപ്പെട്ടു. ഹദ്രമാവ്ത് പ്രവിശ്യയുടെ തലസ്ഥാനമായ മുഖല്ലയിലാണ് സ്ഫോടനംനടന്നത്. അൽ ഖ്വെയ്ദയുടെ ശക്തികേന്ദ്രത്തിലാണ്സ്ഫോടനം നടന്നത്. പിക് അപ്ട്രക്കുമായി പ്രസിഡൻറ് പാലസിന്റെ കവാടത്തിലെത്തിയാണ് ചാവേർ പൊട്ടിത്തെറിച്ചത്.

അബ്ദ് റബ്ബു മൻസൂർ ഹാദി

മുൻ പ്രസിഡൻറ് അലി അബ്ദുള്ള സാലി അധികാരമൊഴിഞ്ഞതായി തിങ്കളാഴ്ച പ്രഖ്യാപിച്ചിരുന്നു. ടുണീഷ്യയിലാരംഭിച്ച അറബ് വിപ്ലവം പടർന്ന രാജ്യങ്ങളിൽ നിന്ന് പുറത്താകുന്ന നാലാമത്തെ ഏകാധിപതിയാണ് അദ്ദേഹം. അമേരിക്കയിലെ ചികിത്സയ്ക്കുശേഷം ശനിയാഴ്ച യെമനിൽ തിരിച്ചെത്തിയ അബ്ദുള്ള സാലി തിങ്കളാഴ്ച പ്രസിഡൻഷ്യൽ പാലസിൽ നടക്കുന്ന ചടങ്ങിൽ അധികാരം ഔദ്യോഗികമായി മൻസൂർ ഹാദിക്ക് കൈമാറും.

കഴിഞ്ഞ നവംബറിൽ യു.എന്നിന്റെയും അമേരിക്കയുടെയും പിന്തുണയോടെ സൗദി അറേബ്യ ഉണ്ടാക്കിയ അധികാരക്കൈമാറ്റ കരാറിനെത്തുടർന്നാണ് സാലി പ്രസിഡൻറ് സ്ഥാനം ഒഴിയാൻ തയ്യാറായത്. ജനാധിപത്യ പ്രക്ഷോഭത്തിനിടെ കൊല്ലപ്പെട്ടവരുടെ കേസ് വിചാരണയിൽ നിന്നും ഒഴിവാക്കാമെന്നാണ് സാലിക്ക് പകരം നൽകിയ വാഗ്ദാനം.

തുടർന്ന് ഈയാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ 60 ശതമാനത്തിലധികം ജനങ്ങളും പങ്കെടുത്ത വോട്ടെടുപ്പിൽ അബ്ദ് റബ്ബു മൻസൂർ ഹാദി വിജയിച്ചു.

ചുമതലയേൽക്കൽ ചടങ്ങിനിടെ യെമനിലെ അൽഖ്വെയ്ദ പ്രവർത്തകർക്കെതിരെ പോരാട്ടം തുടരുമെന്നും അബ്ദ് റബ്ബു മൻസൂർ ഹാദി വ്യക്തമാക്കി.രാജ്യസുരക്ഷയ്ക്ക് പ്രാധാന്യം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

സിറിയയിൽ റെഡ്ക്രോസിന്റെ രക്ഷാപ്രവർത്തനം തുടങ്ങി

ദമാസ്കസ്: സൈന്യത്തിന്റെ ആക്രമണം രൂക്ഷമായ ഹോംസ് നഗരത്തിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷപ്പെടുത്താൻ റെഡ് ക്രോസ് സംഘടന ശ്രമമാരംഭിച്ചു. വെള്ളിയാഴ്ച സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള ഒട്ടേറെ സിറിയൻ പൗരന്മാരെ ഒഴിപ്പിക്കാൻ റെഡ് ക്രോസ് സംഘടനയ്ക്കായി. എന്നാൽ കഴിഞ്ഞ ദിവസം സൈന്യം നടത്തിയ ബോംബാക്രമണത്തിൽ പരിക്കേറ്റ രണ്ട് പാശ്ചാത്യ പത്രപ്രവർത്തകരെ ഹോംസിൽ നിന്നും പുറത്തെത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് റിപ്പോർട്ടുകളം.

അടിയന്തരമായി വെടിനിർത്തണമെന്ന് അറബ് ലീഗ് രാഷ്ട്രങ്ങളും പാശ്ചാത്യരാജ്യങ്ങളും സിറിയയോട് ആവശ്യപ്പെട്ടിരുന്നു.

യു.എസ്. സൈനികർ ഖുർആൻ കത്തിച്ചെന്ന ആരോപണത്തെ തുടർന്ന് സംഘർഷം നിലനിൽക്കുന്ന ഹെറാത്ത് പട്ടണത്തിൽ പ്രക്ഷോഭകരെ നേരിടാനൊരുങ്ങുന്ന അഫ്ഗാൻ പോലീസുകാരൻ

നൈജീരിയയിൽ ഭീകരാക്രമണം: 17 പേർ കൊല്ലപ്പെട്ടു

അബുജ: രണ്ട് നൈജീരിയൻ നഗരങ്ങളിലായി നടന്ന ഭീകരാക്രമണത്തിൽ 17 പേർ കൊല്ലപ്പെട്ടു. ഇസ്ലാമിക തീവ്രവാദികളെന്നു സംശയിക്കുന്നവരാണ് ആക്രമണം നടത്തിയത്.

ഗാംബെ നഗരത്തിലെ പോലീസ് ആസ്ഥാനത്ത് നടന്ന ആക്രമണത്തിൽ 12 പേരാണ് മരിച്ചത്. വെടിയുതിർത്തും ബോംബെറിഞ്ഞുമായിരുന്നു ആക്രമണം. ഇവിടെ ഒരു ജയിൽ തകർക്കാൻ ശ്രമമുണ്ടായെങ്കിലും വിജയിച്ചില്ല. തങ്ങളുടെ പ്രവർത്തകരെ അനധികൃതമായി തടവിലിട്ടെന്ന് ആരോപിച്ചാണ് അക്രമികം ജയിലിനു നേരേ തിരിഞ്ഞത്.

രാജ്യത്തെ രണ്ടാമത്തെ വൻ നഗരമായ കാനോയിലെ പള്ളിയിൽ വൈകിട്ടത്തെ പ്രാർഥനയ്ക്കെത്തിയ വിശ്വാസികൾക്കുനേരേയുണ്ടായ ആക്രമണത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു.

കാരക്കാസിലെ സൈമൻ ബോളിവർ വിമാനത്താവളത്തിലേക്കുള്ള യാത്രയ്ക്കിടെ കാരവാനിൽ നിന്നും ആരാധകരെ അഭിവാദ്യം ചെയ്യുന്ന വെനസ്വേല പ്രസിഡൻറ് ഹ്യൂഗോ ചാവേസ്. ട്യൂമർ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയ്ക്കായി അദ്ദേഹം ക്യൂബയിലേക്ക് യാത്രതിരിച്ചു -എ.പി

ഇന്ത്യക്കാരനായ ടെലിവിഷൻ ജീവനക്കാരനെ വധിച്ച കേസിൽ മൂന്നുപേർ കുറ്റക്കാർ

ലണ്ടൻ: സിഖ്കാരനായ ടി.വി. എക്സിക്യൂട്ടിവിനെ കൊലപ്പെടുത്തിയ കേസിൽ രണ്ടുപേർ കുറ്റക്കാരെന്ന് ബ്രിട്ടീഷ് കോടതി കണ്ടെത്തി. സിഖ് ടി.വി.യുടെ ഉടമസ്ഥനായ ഗഗൻദ്വീപിനെ കൊലപ്പെടുത്തിയ കേസിൽ ഹർവീന്ദർ ഷോകർ, ദാരെൻ പീറ്റേഴ്സ് എന്നിവരെയാണ് കുറ്റക്കാരെന്ന് കോടതി കണ്ടെത്തിയത്. ഇവർക്കൊപ്പം ഗൂഢാലോചനയിൽ പങ്കാളിയായ മെഡിക്കൽ വിദ്യാർഥിനി മുൻദിൽ മാഹിലും കുറ്റക്കാരിയാണ്. കൊല്ലപ്പെടുന്നതിന് ആറുമാസങ്ങൾക്ക് മുൻപ് മാഹിലിനെ മാനഭംഗപ്പെടുത്താൻ ഗഗൻദ്വീപ് ശ്രമിച്ചിരുന്നുവെന്ന് ആരോപണമുണ്ട്. ഇക്കാര്യം മാഹിൽ, ഷോക്കറിനോട് പറഞ്ഞു. തുടർന്ന് ഷോക്കറിന്റെയും പീറ്റേഴ്സിന്റെയും നിർദേശ പ്രകാരം മാഹിൽ, ഗഗൻദ്വീപിനെ റൂമിലേക്ക് വിളിച്ചു വരുത്തി. ഇവർ ഗഗൻദ്വീപിനെ ക്രൂരമായി മർദിച്ച ശേഷം കാറിൽ കയറ്റി ബ്ലാക്ക്ഹീത്തിലെത്തിച്ച് കത്തിക്കുകയായിരുന്നുവെന്നാണ് കേസ്.

അഫ്ഗാനിലെ മന്ത്രാലയത്തിൽ രണ്ട് നാറ്റോ സേനാംഗങ്ങൾ വെടിയേറ്റു മരിച്ചു

കാബൂൾ: അമേരിക്കൻ സൈനിക ക്യാമ്പിൽ ഖുർആൻ കത്തിച്ചെന്ന ആരോപണത്തെ തുടർന്നുള്ള സംഘർഷം നിലനിൽക്കുന്ന അഫ്ഗാനിൽ രണ്ട് നാറ്റോ സേനാംഗങ്ങൾ കൂടി വെടിയേറ്റു മരിച്ചു. കാബൂളിലെ ആഭ്യന്തര മന്ത്രാലയത്തിലാണ് സംഭവം. മരിച്ച രണ്ടുപേരും അമേരിക്കൻ ഉദ്യോഗസ്ഥരാണ്. അഫ്ഗാൻ പോലീസുകാരനാണ് വെടിവെച്ചതെന്ന് റിപ്പോർട്ടുകളുണ്ട്.

പോലീസുകാരനും നാറ്റോ സേനാംഗങ്ങളും തമ്മിൽ വാക്കുതർക്കമുണ്ടായതിനെ തുടർന്നാണ് വെടിവെപ്പു നടന്നതെന്നാണ് പ്രാഥമിക വിവരം. ഖുർആൻ കത്തിക്കലുമായി സംഭവത്തിന് ബന്ധമുണ്ടോയെന്ന് വ്യക്തമല്ല.

അഫ്ഗാൻ സൈനികന്റെ വെടിയേറ്റ് കഴിഞ്ഞ ദിവസവും രണ്ട് അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടിരുന്നു.

പ്രസിഡൻറുമായി അഭിപ്രായ ഭിന്നത: ഹെയ്ത്തി പ്രധാനമന്ത്രി രാജിവെച്ചു

പോർട്ട്-ഓ-പ്രിൻസ്: പ്രസിഡൻറുമായുള്ള അഭിപ്രായഭിന്നതയെത്തുടർന്ന് ഹെയ്ത്തി പ്രധാനമന്ത്രി ഗാരി കോണിലെ രാജിവെച്ചു. രാജിക്കത്ത് പ്രസിഡൻറ് മൈക്കൽ മാർട്ടിലിക്ക് കൈമാറിയിട്ടുണ്ട്. പുതിയ പ്രധാനമന്ത്രിയെ വൈകാതെ നിയമിക്കുമെന്ന് പ്രസിഡൻറ് മാർട്ടിലി അറിയിച്ചു.

2010-ൽ രണ്ടുലക്ഷംപേരുടെ മരണത്തിടയാക്കിയ ഭൂകമ്പത്തിന് ശേഷം രാജ്യത്ത് പുനർനിർമാണ പ്രക്രിയ നടക്കുന്നതിനിടെയുള്ള പ്രാധാനമന്ത്രിയുടെ രാജി രാഷ്ട്രീയ അനിശ്ചിതത്വത്തിനിടയാക്കിയിട്ടുണ്ട്. നാലുമാസം മുൻപാണ് ഗാരി കോണിലെ സ്ഥാനം ഏറ്റെടുത്തത്.

ഭൂകമ്പത്തിനുശേഷം രാജ്യത്ത് നടക്കുന്ന നിർമാണപ്രവർത്തനങ്ങളുടെ കരാറുകളുമായി ബന്ധപ്പെട്ട തർക്കമാണ് രാജിക്ക് വഴിവെച്ചത്. മന്ത്രിമാരുടെ ഇരട്ട പൗരത്വത്തെക്കുറിച്ച് പാർലിമെൻററി കമ്മിറ്റിയുടെ അന്വേഷണം പ്രഖ്യാപിച്ചതും മറ്റൊരു കാരണമായി.

മുൻ പ്രധാനമന്ത്രി നൽകിയ 30കോടി ഡോളറിന്റെ കരാറുകളെക്കുറിച്ച് ഗാരി അന്വേഷണത്തിന് ഉത്തരവിട്ടിരുന്നത് പ്രസിഡൻറിന്റെ നീരസത്തിന് കാരണമായതായി സൂചനയുണ്ട്.

മന്ത്രിസഭയിലെ പ്രമുഖർ ഹെയ്ത്തിക്കു പുറത്ത് ദീർഘകാലം ജോലിചെയ്തതിനെത്തുടർന്നുള്ള പൗരത്വ പ്രശ്നം പാർലമെൻററി സമിതി അന്വേഷിക്കുന്നത് ഗാരി കോണിലെയടക്കമുള്ളവരെ വിഷമിപ്പിക്കുന്നുണ്ട്.

ഡോക്ടർകൂടിയായ 45കാരനായ ഗാരി കോണിലെ ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട വിദഗ്ധനായാണ് അറിയപ്പെടുന്നത്. ഐക്യരാഷ്ട്ര സഭ ഹെയ്ത്തിയിലേക്ക് നിയോഗിച്ച, ബിൽ ക്ലിൻറൺ അധ്യക്ഷനായ പ്രത്യേക സംഘത്തിൽ അംഗമായിരുന്നു.

MOFPI
പ്രത്യേകമായി അപേക്ഷകൾ ക്ഷണിക്കുന്നു
ഭക്ഷ്യസംസ്കരണ മേഖലയിൽ ഗവേഷണ വികസനം
ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയം, ഇന്ത്യാ ഗവൺമെൻറ്, പഞ്ചശീൽ ഭവൻ, ആഗസ്റ്റ് ക്രാന്തിമാർഗ്, ന്യൂഡൽഹി ഭക്ഷ്യസംസ്കരണ മേഖലയിൽ ഗവേഷണ വികസന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഇന്ത്യൻ യൂണിവേഴ്സിറ്റികൾ/ഇൻസ്റ്റിറ്റ്യൂഷനുകൾ/ഓർഗനൈസേഷനുകളിൽനിന്ന് നിർദിഷ്ട മാതൃകയിൽ അപേക്ഷകൾ ക്ഷണിക്കുന്നു.
ലക്ഷ്യങ്ങൾ
ആർ & ഡി പ്രവർത്തനത്തിന്റെ അന്തിമ ഉല്പന്നം/ഫലം/കണ്ടെത്തൽ ഭക്ഷ്യസംസ്കരണ വ്യവസായത്തിന് ഉല്പന്നം/സംസ്കരണ വികസനം/മെച്ചപ്പെട്ട പാക്കേജിംഗ്, മൂല്യവർധന എന്നീ കാര്യങ്ങളിൽ ഫലപ്രദമായിരിക്കണം. അവ വ്യാപാരമൂല്യമുള്ള നൂതനമായ ഉല്പന്നങ്ങളിലേക്കും, സംസ്കരണ പ്രക്രിയകളിലേക്കും നയിക്കുന്നതായിരിക്കണം.
അർഹത
എല്ലാ യൂണിവേഴ്സിറ്റികളും ഐഐടി.കളും കേന്ദ്ര/സംസ്ഥാന ഗവൺമെൻറ് സ്ഥാപനങ്ങളും പബ്ലിക് ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഓർഗനൈസേഷനുകളും, സ്വകാര്യ മേഖലയിലെ ആർ & ഡി ലബോറട്ടറികളും, സിഎസ്ഐആർ അംഗീകൃത ആർ & ഡി യൂണിറ്റുകളും.
ഫണ്ടിങ് മാതൃക
ഗവൺമെൻറ് ഓർഗനൈസേഷനുകൾക്ക് രണ്ടുവർഷക്കാലത്തേക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട സാധനങ്ങളും ഉപയോഗിക്കുന്ന സാധനങ്ങളുടെ വിലയുടെ 100%വും ജെ.ആർ.എഫ്./എസ്.എഫ്.ആർ./ആർ.എ. എന്നിവയുമായി ബന്ധപ്പെട്ട ചെലവുകളും ഗ്രാൻറായി നല്കുന്നു. നിലവിലുള്ള ഉല്പന്നങ്ങൾ ഗ്രാൻറ് നൽകുന്നതല്ല. സ്വകാര്യ ഓർഗനൈസേഷനുകൾക്ക് സാധാരണ പ്രദേശങ്ങളിൽ ഉപകരണവിലയുടെ 50% ഗ്രാൻറ് മാത്രമാണ് നൽകുക. വിജ്ഞാ(*) പ്രദേശങ്ങളിൽ 70% നൽകുന്നതാണ്.
മന്ത്രാലയം സ്പോൺസർ ചെയ്യുന്ന നൂതനമായ ഉൽപ്പന്നങ്ങൾ, സംസ്കരണപ്രക്രിയകൾ, ഉൽപ്പാദനപ്രക്രിയകൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിൽ നൂതനമായ മേഖലകളിൽ ഗവേഷണം നടത്തുന്ന പ്രഗത്ഭ സ്ഥാപനങ്ങൾക്ക് 100% ഗ്രാൻറ് നൽകുന്നതാണ്. താഴെ പറയുന്നവയ്ക്ക് സാമ്പത്തികസഹായം നൽകുന്നതാണ്.
അംഗീകൃത പ്രോജക്ടുകളുടെ കാര്യത്തിൽ മാത്രം പ്രധാന ഗവേഷകനുമായും ടിഎസ്സി മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനും (ഒരിക്കൽ മാത്രം) തുടർന്ന് പ്രോജക്ട് റിവ്യൂ പ്രസന്റേഷനും (ഒരു തവണ) ടി.എ. നൽകുന്നതാണ് (*). വിജ്ഞാപ്രദേശങ്ങളിൽ ജെ & കെ, ഹിമാചൽപ്രദേശ്, ഉത്തർഖണ്ഡ്, സിക്കിം, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്. ഇൻറഗ്രേറ്റഡ് ടെക്നോളജി ഡെവലപ്മെൻറ് പ്രോജക്ട്സ് (ഐ.ടി.ഡി.പി.) ഏരിയ എന്നിവ ഉൾപ്പെടുന്നു.
പ്രോജക്ട് യൂണിവേഴ്സിറ്റികൾ/ഇൻസ്റ്റിറ്റ്യൂട്ടുകൾ/ഓർഗനൈസേഷനുകളുടെ അനുയോജ്യ അധികൃതർ വഴി അയയ്ക്കേണ്ടതാണ്. സ്വകാര്യ ഏജൻസികൾ രജിസ്ട്രാർ ഓഡിറ്റർ ഏജൻസികൾ വഴി അയയ്ക്കേണ്ടതാണ്.
മാർഗരേഖയുടെ വിശദവിവരങ്ങളും നിർദിഷ്ട മാതൃകകളും താഴെ പറയുന്നിടത്തുനിന്ന് ലഭിക്കുന്നു. മന്ത്രാലയത്തിന്റെ വെബ്സൈറ്റ്: http://mofpi.nic.in/guidelines09-r&d.pdf അല്ലെങ്കിൽ ബന്ധപ്പെടുക.
ശ്രീ അവധേഷ്കുമാർ (ഡയറക്ടർ)
എഴുതിയുള്ള നിർദേശങ്ങൾ അയയ്ക്കേണ്ടത്: ജോയൻറ് സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഭക്ഷ്യസംസ്കരണ മന്ത്രാലയം
ഇന്ത്യാ ഗവൺമെൻറ്
പഞ്ചശീൽ ഭവൻ, ആഗസ്റ്റ് ക്രാന്തിമാർഗ്,
ന്യൂഡൽഹി-110 049. ഫാക്സ്: 911126492176
davp 16101/13/0048/1112
സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നു. തൊഴിലുറപ്പും ഭക്ഷ്യധാന്യങ്ങളും കർഷകരും അഭിവൃദ്ധി പ്രാപിക്കുന്നു

സഹായാഭ്യർഥന 24x7
1800 11 3090
(ഇന്ത്യയിൽ ബിഎസ്എൻഎൽ/എംടിഎൻഎൽ നമ്പറുകളിൽ നിന്ന് ടോൾ ഫ്രീ)
ഞാൻ നിങ്ങളെ സഹായിക്കട്ടെ?
ഇന്ത്യൻ തൊഴിലാളികൾക്കുള്ള മാവർസിസ് വർക്കേഴ്സ് റിസോഴ്സ് സെൻറർ ഹെൽപ്പ്ലൈൻ
നിങ്ങൾക്ക് താഴെ കാര്യങ്ങൾക്കായി ഒഡബ്ല്യുആർസിയെ വിളിക്കാവുന്നതാണ്
⇨ റിക്രൂട്ടിംഗ് ഏജൻറുമാരെക്കുറിച്ചുള്ള വിവരത്തിന്
⇨ എമിഗ്രേഷൻ നടപടിക്രമങ്ങളെക്കുറിച്ചും രേഖകളെക്കുറിച്ചും ഉള്ള വിവരങ്ങൾക്ക്
⇨ എമിഗ്രേറ്റ് ചെയ്യുന്നവർ കൈക്കൊള്ളേണ്ട മുൻകരുതലുകളെക്കുറിച്ചുള്ള വിവരങ്ങൾക്ക്
⇨ എമിഗ്രൻറ്സ് ചെയ്യേണ്ടതും അരുതാത്തതും ആയ കാര്യങ്ങളെക്കുറിച്ചുള്ള കൗൺസലിംഗ്
⇨ നിയമ വിധേയമല്ലാത്ത എമിഗ്രേഷൻറെ അപകട സാധ്യതകളെക്കുറിച്ചുള്ള വിവരത്തിന്
⇨ എമിഗ്രൻറ്സിൻറെ പരാതികളുടെ പരിഹാരത്തിന്
സഹായത്തിന് ബന്ധപ്പെടുക:
മൈഗ്രൻറ് വർക്കേഴ്സ് റിസോഴ്സ് സെൻറർ
ലോകത്തിൽ എവിടെനിന്നും മൊബൈലിലും
ലാൻറ് ലൈനിലും ലഭ്യമായ നമ്പർ +91-11-40503090
പ്രവാസി ഇന്ത്യൻ കാര്യമന്ത്രാലയം
ഇന്ത്യാഗവൺമെൻറ്
വെബ്സൈറ്റ്: www.moia.gov.in, E-mail: info@moia.nic.in
ടോൾഫ്രീ നമ്പർ (ബിഎസ്എൻഎൽ/എംടിഎൻഎൽ ലാൻറ് ലൈനിൽ നിന്ന്): 1800113090
വിദേശത്തുപോകും മുമ്പ് എല്ലാ രേഖകളും അടങ്ങുന്ന സെറ്റിന്റെ ഒരു ഫോട്ടോ കോപ്പി നിങ്ങളുടെ വീട്ടിൽ സൂക്ഷിക്കുക.
davp 29101/13/0016/1112

RNI Reg. No.3037/57 ◆ Book: 89 No. 338 ◆ Printed and Published by P.V. Chandran for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi Press, Mathrubhumi Buildings, K.P. Kesava Menon Road, Kozhikode - 673001 ◆ *Managing Editor:* P V Chandran
Editor: M. Kesava Menon (Editor responsible for selection of news under PRB Act). *Phone* (0495)2366655 ◆ *Fax* (0495) 2366656 ◆ *E-mail* mbiclt@mpp.co.in

മാതൃഭൂമി
വാരാന്തപ്പതിപ്പ്
2012
ഫിബ്രവരി
26
ഞായർ

സ്റ്റാർ ഫ്ലക്സിന്റെ കാര്യത്തിൽ ഞങ്ങൾക്ക് ഒരേ അഭിപ്രായമാണ്.
STAR FLEX
സ്റ്റാർ ഫ്ളക്സ്
ഫ്ളക്സിബിൾ ഗ്രാഫിക്സ് & ഡെലിവറി ഹോസുകൾ
For Trade Enquiries: Ph: 0487-2200622, 2201622.

ബാങ്കോക്കിൽനിന്നും തായ്ഗ്രാമങ്ങളും നാട്ടുചന്തകളും കണ്ട് വടക്കോട്ട് യാത്രചെയ്താൽ തുരുമ്പു പിടിച്ച ഇരുമ്പ് കവാടങ്ങൾക്കപ്പുറം മുഖാമുഖം നിൽക്കുന്ന രണ്ടു രാജ്യങ്ങളെ കാണാം. അപ്പുറത്ത് ബർമ. ഇപ്പുറത്ത് തായ്ലൻഡ്. പകൽ മുഴുവൻ മറുനാട്ടിൽ പോയി ജീവിതം കരുപ്പിടിപ്പിക്കുന്ന മനുഷ്യർ സന്ധ്യയോടെ സ്വന്തം ദേശത്തേക്ക് ഓടിപ്പോകുന്നു. പിറ്റേന്ന് തിരിച്ചുവരുന്നു. മനുഷ്യൻ വരച്ച അതിർത്തിരേഖകൾ അവരെത്തന്നെ ചുറ്റിവരിയുന്നു....

ബർമയിലേക്കുള്ള കവാടം

അടയുന്ന വഴികൾ, അകലുന്ന ജീവിതങ്ങൾ

ശ്രീകാന്ത് കോട്ടക്കൽ

ഗ്രാമയിൽനിന്ന് വടക്കോട്ട് യാത്ര ചെയ്യുമ്പോഴാണ് തായ്ലൻഡ് എന്നാൽ മദിരയും മദിരാക്ഷിയും മയക്കുമരുന്നും നുരയുന്ന പട്ടായയോ ഫുക്കറ്റോ ബാങ്കോക്കോ മാത്രമല്ല എന്നു മനസ്സിലാവുക. ചുറ്റിലും തണുത്ത് നീലിച്ച മലനിരകളും ആരോ വരച്ച ഒരു പെൻസിൽ സ്കെച്ചുപോലെ. അവ കണ്ടുകണ്ടുപോകെ നഗരത്തിന്റെ മോടികളും മാഞ്ഞുപോകും. കടകളും മനുഷ്യരുടെ വസ്ത്രങ്ങളും മുഷിയും. വീടുകളും ചെറുതാകും, കാടുകളും വന്നു പൊതിയും. നിറഞ്ഞ പച്ചപ്പുകൾക്കിടയിൽനിന്ന് പഗോഡകളുടെ സ്വർണത്താഴികക്കുടങ്ങൾ തലയുയർത്തും. ഏതൊക്കെയോ ബുദ്ധസംന്യാസിമാരുടെ പ്രതിമകൾ മന്ദസ്മിതം തൂകും. (അതിലൊരാൾക്ക് നാരായണഗുരുവിന്റെ ഛായയായിരുന്നു.) പതിഞ്ഞമുഖത്ത് നിറഞ്ഞ ചിരിയോടെ ഗ്രാമങ്ങൾ വരവേൽക്കും. ആദിമവിശുദ്ധിയുള്ള കൃഷിക്കളങ്ങളും എവിടെ നിന്നോ വന്ന് എങ്ങോട്ടോ പാഞ്ഞുപോകുന്ന അരുവികളും തെളിഞ്ഞും മാഞ്ഞും തുടരും. മണ്ണിലും മരങ്ങളിലും കരകൗശലവസ്തുക്കൾ തീർക്കുന്നവർ, പൂക്കൾ വിൽക്കുന്നവർ, വീട്ടമ്മമാർ, കുട്ടികൾ... ഇറുകിയ കണ്ണുകളുടെയും ഉറച്ചശരീരങ്ങളുടെയും സൗന്ദര്യം, പന്നി മാംസത്തിൽനിന്നും വാറ്റിയെടുത്ത എണ്ണയുടെ മണം, മത്സ്യം മുതൽ തവളവരെ അടുപ്പിൽ വേവുന്ന മണം, പൊട്ടിച്ചിരിക്കുന്ന പുന്നെൽച്ചോറിന്റെ നിറം... പറഞ്ഞുകേട്ട് തെറ്റിദ്ധരിച്ചെത്തിയ സഞ്ചാരിക്കുമുന്നിൽ തായ്ലൻഡ് ജീവിതത്തിന്റെ സ്നേഹഗന്ധംപുരണ്ട മറ്റൊരു പരവതാനി വിരിക്കുകയാണ്.

ഗ്രാമച്ചന്തകളിൽച്ചെല്ലുമ്പോഴാണ് ഏതൊരു ദേശത്തിന്റെയും അജ്ഞാതമായ അടരുകളും മനുഷ്യധ്യാനവും പ്രകൃതിയുടെ പ്രസരിപ്പും സ്പർശിച്ചറിയാൻ സാധിക്കുക. തായ് ഗ്രാമച്ചന്തകൾ മനുഷ്യനും ഭൂഗങ്ങളും പ്രകൃതിവിഭവങ്ങളും ചേർന്നുള്ള മേളനമാണ്. പച്ചമുളകു മുതൽ പന്നിമാംസം വരെ വിൽക്കുന്നത് സ്ത്രീകളാണ്. പന്നിയും പട്ടിയും പാമ്പും തവളയും ആമയും മത്സ്യവും ഞണ്ടുമെല്ലാം മരിച്ചുകിടക്കുന്നു. ഇറച്ചിവെട്ടുന്ന അമ്മപെങ്ങന്മാർക്ക് ബഹളവും ശൗര്യവും ഇത്തിരി അധികമാണ്. ഒരുഭാഗത്ത് പലപല പച്ചിലകളുടെ കടൽ, അവയിൽപ്പുരണ്ട ഗ്രാമങ്ങളുടെ മണം. പുഴുങ്ങിയ ചക്കരക്കിഴങ്ങും ഇളം കാമ്പോടെ തരുന്ന ഇളനീരും വേണമെങ്കിൽ കേരളത്തിന്റെ ഓർമകളോടെ കഴിക്കാം. ശരീരം വിൽക്കുന്നവരല്ല ശരീരം വിയർത്ത് കുടുംബം പോറ്റുന്നവരാണ് തായ് തരുണികൾ എന്ന് ഓരോ ദേശച്ചന്തയും വിളിച്ചുപറഞ്ഞുകൊണ്ടേയിരുന്നു.

ഗ്രാമങ്ങളിൽച്ചെന്ന് രാവ് പാർത്താൽ ആദ്യം ബോധിസത്വന്റെ ഇമകൾ പോലുള്ള ഇലകൾ നുള്ളിയിട്ട് തിളപ്പിച്ച ചായ തരും. രാത്രി വളരുന്നതിനനുസരിച്ച്, അരിയിൽനിന്നും വാറ്റിയ നാടുമദ്യം കുഞ്ഞു ചില്ലുഗ്ലാസിൽ പകർന്നുതരും. മടിയും അല്പം അലസതയും പുരണ്ട മുഖമുള്ള പുരുഷന്മാർ കുടിക്കാൻ ഒപ്പം കൂടും. കൂടുതൽ അടുത്താൽ, പാമ്പിന്റെ ചോര വലിച്ചൂറ്റിക്കുടിച്ചു കാണിച്ചുതരും. ഒരു നാട് മുഴുവൻ അതിഥികളെ കാണാനെത്തും.

വിവേചപ്രദർശനങ്ങളോ വിളിച്ചുകൂട്ടലുകളോ ഒന്നുമില്ലാത്ത ഒരു പാവം കടയിലാണ് ഉച്ചഭക്ഷണത്തിന് കയറിയത്. നടി ജലജയുടെ മുഖച്ഛായയുള്ള യുവതിയാണ് കട നടത്തുന്നത്. ഉച്ചമയക്കത്തിലേക്ക് വീണ കട പെട്ടെന്ന് ഉഷാറായുണർന്നു. യുവതിയുടെ ഭർത്താവും അമ്മയുമെത്തി. മത്സ്യവും ഇറച്ചിയും ഓംലറ്റും ചോറും ഒരു കാട് ഇലയും മേശപ്പുറത്തുനിരന്നു. സസ്യഭുക്കുകൾ എന്നൊരു വർഗം ഈ ഭൂമിയിലുണ്ടെന്ന് എന്നെക്കണ്ടതോടെ, ഞെട്ടിക്കൊണ്ട് അവർ മനസ്സിലാക്കി. എനിക്ക് ചോറും രണ്ടായിമുറിച്ച ചെറുനാരങ്ങയും അരിഞ്ഞിട്ട സവാളയും പച്ചമുളകും തന്നു. ഞാൻ ഉണ്ണുന്നത് കൗതുകത്തോടെ നോക്കിനിന്നു. നരകലർന്ന മുടിയിഴകൾ പാറിച്ചുകൊണ്ട് അമ്മ ചിരിച്ചു. മകൾ എന്തോ മറുപടി പറഞ്ഞു. യാത്രപറഞ്ഞപ്പോൾ ചുളിവുകൾ വീണുതുടങ്ങിയ വിരലുകൾ കൊണ്ട് ആ അമ്മ മുടിയിൽ തലോടി. തായ് മസാജിന്റെ കച്ചവടസ്പർശമല്ല, മാതൃത്വത്തിന്റെ തെന്നൽ സുഖമായിരുന്നു ആ തലോടലിൽ നിറയെ.

മെസായിയിലെത്തുമ്പോൾ സമയം സന്ധ്യ. തായ്ലൻഡ് ബർമയുമായിപ്പിരിയുന്നത് ഇവിടെവെച്ചാണ്. വില്പനനികുതി ചെക്ക്പോസ്റ്റിനെ അനുസ്മരിപ്പിക്കുന്ന കൂറ്റൻ കമാനവും അതിനപ്പുറം തുരുമ്പുപടർന്ന ഇരുമ്പ് ഗേറ്റും. തോക്കേന്തിയ തായ് പട്ടാളക്കാർ ഗേറ്റിന് കാവലായി. ഒരു തോടിന്റെ ഛായയുള്ള റുക്നദി. നദിക്കു മുകളിലെ പാലമാണ് നോമാൻസ്ലാൻഡ്. അതിനപ്പുറം ബർമയിലേക്കുള്ള കമാനവും ഇരുമ്പുഗേറ്റും മുഖച്ഛായ മാറിയ പട്ടാളക്കാരും. 'ഗോംഡൻ ട്രയാങ്കിളി'ലേക്കുള്ള വഴി ഇവിടെത്തുടങ്ങുന്നു.

തായ്ലൻഡിന്റെ മണ്ണിലുള്ള കവാടത്തിന്റെ അരികിലെ കടകൾക്കിടയിലൂടെ വഴി കണ്ടുപിടിച്ച് റുക്നദിയുടെ തീരത്തുചെന്നുനിന്നു. തലയ്ക്കുമുകളിൽ തായ്ദേശക്കൊടി പാറുന്നു. ആറുമണി കഴിഞ്ഞതോടെ ഇരുരാജ്യങ്ങളുടെയും ഭാഗത്തുനിന്നുള്ള വാഹനവ്യൂഹങ്ങൾ പരസ്പരം അതിരുകടന്ന്, രേഖകളിൽ മുദ്രകുത്തിപ്പോയിരുന്നു. സ്വന്തമായി വാഹനങ്ങളുള്ളവരും സ്വന്തംദേശത്തേക്ക് തിരിച്ചുപോയി. ആറുമണിയും ഇരുപത് മിനിറ്റും കഴിഞ്ഞപ്പോൾ, റുക് നദിയുടെ കറുത്തജലത്തിൽ, ചുവന്നരശ്മികൾ കലങ്ങിത്തുടങ്ങിയപ്പോൾ ഇരുവശത്തെയും ഇരുമ്പുഗേറ്റുകൾ കടന്ന് ഒരു മനുഷ്യക്കൂട്ടം വന്നു. അവരെല്ലാവരും കിതച്ചുകൊണ്ട് ഓടുകയായിരുന്നു. അക്കൂട്ടത്തിൽ യുവാക്കളും വൃദ്ധരും യുവതികളും കുട്ടികളുമുണ്ടായിരുന്നു. മിക്കവരും മുഷിഞ്ഞ വസ്ത്രം ധരിച്ചവർ, മാറത്ത് ഭാണ്ഡങ്ങൾ അടക്കിപ്പിടിച്ചവർ. മറുദേശത്തെ മണ്ണിൽനിന്ന് ഒരു ദിവസത്തെ കച്ചവടംകൊണ്ട് കിട്ടിയത് നുള്ളിപ്പെറുക്കി സ്വന്തം നാട്ടിലേക്ക് ഓടിപ്പോകുന്നവരാണ്. ഇരുമ്പുകവാടം അടയുന്നതിന്റെ തൊട്ടുമുന്നേയുള്ള നിമിഷംവരെ അവർ മറ്റൊരു നാട്ടിലിരുന്ന് ജീവിതം തുന്നിക്കൊണ്ടിരുന്നു. ഇപ്പോൾ സന്ധ്യയും അതിരുംകടന്ന് തിരിച്ചുപോകുന്നു, നാളെ തിരിച്ചുവരും.

എല്ലാവരും കടന്നുപോയി വാതിലിന് താഴ് വീഴുന്നതിന്റെ തൊട്ടുമുമ്പാണ് തോളിൽ പ്ലാസ്റ്റിക്ചാക്കിട്ട്, പൊടി പുരണ്ട മുഖവും മുടിയുമായി, ജീർണിച്ചവസ്ത്രങ്ങളും ധരിച്ച് എട്ടു വയസ്സുകാരിയായ ആ പെൺകുട്ടി ഓടിയെത്തിയത്. പട്ടാളക്കാരന് മുന്നിൽ ഒരു നിമിഷം പകച്ചുനിന്ന അവൾ കിതച്ചുകൊണ്ട് ഗേറ്റ് കടന്നു. പക്ഷേ, തോളിലെ ചാക്ക് ഗേറ്റിന്റെ കമ്പികൾക്കുള്ളിൽ കുരുങ്ങിപ്പോയി. കണ്ണിൽ നിറയെ പേടിയുമായി അവൾ അതെടുക്കാൻ ശ്രമിച്ചു. അതിനിടെ പകച്ചുകൊണ്ട് ദൂരേയ്ക്ക് നോക്കിക്കൊണ്ടേയിരുന്നു. അവളുടെ അമ്മ എന്തൊക്കെയോ കെട്ടിപ്പെറുക്കി ദൂരത്തുനിന്നും ഓടിവരുന്നുണ്ടായിരുന്നു. ഒടുവിൽ, കുരുങ്ങിപ്പോയ ചാക്ക് ഊരിയെടുത്ത് നോമാൻസ് ലാൻഡിലേക്ക് അവൾ തെറിക്കുമ്പോഴേക്കും വാതിലിന് താഴ് വീണിരുന്നു. താഴിട്ടാൽ തുറക്കരുതെന്നാണ്. വീണുപോയ താഴിനെ നിസ്സഹായമായി നോക്കി കിതച്ചുകൊണ്ട് അമ്മ അപ്പുറം ഇരുമ്പഴികൾ പിടിച്ചുനിന്നു. ഒരു നിമിഷം അമ്മയുടെ മുഖത്തേക്ക് നോക്കി അവൾ മുന്നോട്ടോടി. അവൾക്കറിയാം ബർമയിലേക്കുള്ള ഇതുപോലുള്ള കവാടം ഇപ്പോഴടയുമെന്നും താൻ ആരുടേതുമല്ലാത്ത ഈ ഭൂമിയിൽ ഒറ്റപ്പെട്ടുപോകുമെന്നും. അന്ന് രാത്രി ആ അമ്മ തായ്ലൻഡിലെ തെരുവിലും മകൾ ബർമയിലെ വീട്ടിലുമുറങ്ങും.

മെസായിയിലിപ്പോൾ തിളങ്ങുന്ന തെരുവുകളും ഹോട്ടലുകളും നിശാക്ലബ്ബുകളുമുണ്ട്. എന്നാൽ, ഒരു പത്തുവർഷംമുമ്പുവരെ ഇതായിരുന്നില്ല സ്ഥിതി. എന്റെ സഹയാത്രികനും ബർമയടക്കമുള്ള പതിമൂന്ന് രാജ്യങ്ങളിൽ ഗ്രാമീണമേഖലയിൽ വ്യവസായം നടത്തുകയും ചെയ്യുന്ന തല ശ്ശേരി സ്വദേശി നല്ലകണ്ടി പുതിയപുരയിൽ ഫാക്കി ആ കാലങ്ങളിൽ ഇതുവഴി കടന്നുപോയതാണ്. ''എന്റെ വല്യുപ്പയായ സാവാൻകുട്ടിക്കേയിയുടെ ബർമയിലെ വേരുകളും ഇപ്പോഴത്തെ കച്ചവടസാധ്യതകളും അന്വേഷിച്ചാണ് പന്ത്രണ്ട് വർഷംമുമ്പ് ഞാനിവിടെ എത്തിയത്. അന്നിതൊരു ഗ്രാമച്ചന്തമാത്രം. ഇന്നിത് ഒരു വിനോദസഞ്ചാര കേന്ദ്രമായിരിക്കുന്നു.''

രാത്രിയിൽ മെസായി, തെരുവു വാണിഭക്കാർ മുഴുവൻ വാർന്നുപോയി അലങ്കരിക്കപ്പെട്ട കടകൾ നിറഞ്ഞ ഇടമാകും. മദ്യശാലകളും ഹിജഡകൾ നടത്തുന്ന കരോക്കെ സെൻററുകളും ആഫ്റ്റാദാരവങ്ങളോടെ പൊട്ടിമുളയ്ക്കും. ഇപ്പോൾ ഇതു രണ്ടു രാജ്യങ്ങൾക്കിടയിലെ വിനോദസഞ്ചാര ഇടനാഴിയാണ്. വഴിയോരത്ത്, കോഴിക്കോടിനെയും കൊച്ചിയെയും ഓർമിപ്പിക്കുന്ന തട്ടുകടകൾ. 'ടോം ആൻഡ് ടോയ്' മൊബൈൽ റെസ്റ്റോറൻറ് നടത്തുന്നത് ടോമും അയാളുടെ കുടുംബവുമാണ്. വർഷങ്ങളായി ടോം ഈ തൊഴിൽ തുടരുന്നു. നാലുമണിയോടെ തെരുവിലെത്തുന്ന ടോമും കുടുംബവും രാത്രി 10 മണിയോടെ മടക്കിപൂട്ടിയ കടയും കഴുകിത്തുടച്ച പാത്രങ്ങളും കാറിൽ കയറ്റി വീട്ടിലേക്ക് പോകും. ടോമിന്റെ രണ്ട് പെൺകുട്ടികൾ വലിയ സ്കൂളിൽ പഠിക്കുന്നു. ഗൃഹപാഠങ്ങൾ ചെയ്തുകഴിഞ്ഞാൽ വിലകൂടിയ മൊബൈൽ ഫോണിൽ പാട്ടുകേട്ടും സുഹൃത്തുക്കളോട് സംസാരിച്ചും അവർ തെരുവിലെത്തും. അച്ഛനൊപ്പം നിൽക്കുമ്പോഴും അവർ മറ്റേതോ ലോകത്താണ്. മാംസത്തിന്റെയും മത്സ്യത്തിന്റെയും വകഭേദങ്ങൾ തന്നെയാണ് ടോമിന്റെയും കുശിനിയിൽ വേവുന്നത്. തായ് ശൈലിയിലാണ് പാകം ചെയ്യുന്നതെങ്കിലും, അതിർത്തിയിലായതുകൊണ്ട് ബർമൻ കറിക്കൂട്ട് ഗന്ധങ്ങളും കടയിൽ നിന്നുയരും. പിരിയുമ്പോൾ ടോം തന്റെ കാർഡ് തന്നു. ഭാര്യയും ഭർത്താവും ചിരിച്ചുകൊണ്ട് ചേർന്നുനിൽക്കുന്ന ചിത്രം അതിന്റെ മുഖത്ത് അച്ചടിച്ചിരിക്കുന്നു. അതിലെ ഒരു വരി ഇങ്ങനെ: To order cooking, Not order don't cooking. ആരാണ് പറഞ്ഞത് ഇംഗ്ലീഷിന് വ്യാകരണം വേണമെന്ന്?

പുഴയോരത്തെ ഹോട്ടലിൽനിന്നാൽ ജനലിനപ്പുറം ബർമ. ദൂരെ ദീപപ്രഭയിൽ തിളങ്ങുന്ന ശ്വേതഗോൺ പഗോഡ. മറ്റൊരാകൃതിയിലുള്ള വീടുകൾ. മറ്റു ഭക്ഷണപദാർഥങ്ങളുടെ മണങ്ങൾ. എന്നാൽ രാത്രിക്ക് ഒരേ കറുപ്പായിരുന്നു, കാറ്റിന് ഒരേ തണുപ്പും.

പിറ്റേന്ന് ഒരു വിമാനത്താവളത്തിലേതുപോലുള്ള എമിഗ്രേഷനും പരിശോധനകളും ഇരുഭാഗത്തും കഴിഞ്ഞ് ബർമയിലേക്ക് കടന്നു. 'തച്ചിലേക്ക്' എന്നുപേരുള്ള ചെറുപട്ടണമാണ് മുന്നിൽ. ലുങ്കിയുടുത്ത സ്ത്രീകൾ വഴിവാണിഭം നടത്തുന്നു. അതിൽ തമിഴ്നാട്ടിൽനിന്നും തലമുറകൾക്കുമുമ്പേ പറിഞ്ഞുപോന്നവരുമുണ്ട്. മോട്ടോർ സൈക്കിളിൽ സീറ്റുകൾ ഘടിപ്പിച്ച വാഹനമാണ് ടാക്സി. തായ്ഭാഷയിൽ 'ടുക് ടുക്' എന്നും ബർമീസ് ഭാഷയിൽ 'തോംബായി' എന്നുമാണ് ഈ വാഹനത്തിന്റെ പേര്. ബംഗ്ലാദേശിയായിരുന്ന അലിയായിരുന്നു വഴികാട്ടി. ബർമയിൽ അയാംവിൻ എന്നപേരിലാണ് അറിയപ്പെടുന്നത്.

കുന്നിൻമുകളിലെ ശ്വേതഗോൺ പഗോഡയും ഷാൻ വംശജരുടെ ഗ്രാമവും വീട്ടുജീവിതവും മുസ്ലിം പള്ളികളും അലി കാണിച്ചുതന്നു. മരക്കാലുകളിൽ കെട്ടിയുയർത്തിയ വീടുകളിലും പഗോഡകളിലും മുല്ലപ്പൂമൊട്ടി അരച്ച് മുഖത്തുതേച്ച സ്ത്രീകൾ. അതിരുകൾ മാറിയപ്പോഴും അധ്വാനിക്കുന്നത് സ്ത്രീകൾതന്നെ; അടുക്കളയിലാണെങ്കിലും അരങ്ങിലാണെങ്കിലും.

കാഴ്ചകൾ കണ്ടുതീർന്നപ്പോഴേയ്ക്കും പകൽ പൂർണമാവുന്നു. പകച്ചുകിതച്ച് ഇരുമ്പു ഗേറ്റിനടുത്തെത്തിയപ്പോഴേയ്ക്കും എല്ലാ സന്ധ്യയിലേയും പോലെ സ്വദേശം തേടിയുള്ള ഓട്ടം തുടങ്ങിയിരിക്കുന്നു. രണ്ടുരാജ്യത്തെയും പൗരനല്ലാത്ത ഞാനും അതിലൊരാളായി ഓടി. തായ്ലൻഡിലേക്കുള്ള ഇരുമ്പുകവാടം കടക്കുമ്പോൾ ഞാൻ എന്റെ തോംസഞ്ചി അഴികൾക്കിടയിൽ കുരുങ്ങാതിരിക്കാൻ ശ്രദ്ധിച്ചു. കാരണം എല്ലാംകൊണ്ടും ഞാനൊരു മലയാളിയാണല്ലോ. ●

അമ്മ അപ്പുറം ഇരുമ്പഴികൾ പിടിച്ചുനിന്നു. ഒരു നിമിഷം അമ്മയുടെ മുഖത്തേക്ക് നോക്കി അവൾ മുന്നോട്ടോടി. അവൾക്കറിയാം ബർമയിലേക്കുള്ള ഇതുപോലുള്ള കവാടം ഇപ്പോഴടയുമെന്നും താൻ ആരുടേതുമല്ലാത്ത ഈ ഭൂമിയിൽ ഒറ്റപ്പെട്ടുപോകുമെന്നും

അതിർത്തിയിലെ ചന്ത

'ടുക് ടുക്' ടാക്സി

ആരുടേതുമല്ലാത്ത പാലം

ഇറച്ചിച്ചന്തയിൽ ഇറച്ചിവെട്ടുന്ന യുവതി

'ടോം ആൻഡ് ടോയ്' കുടുംബം

ഗ്രാഫിക്സ് : സണ്ണി ജോസഫ് / ചിത്രങ്ങൾ: എൻ.പി. പാക്കി

അമൃത വചനം

ധ്യാനസുഖം നുകരുക

മക്കളേ,

ധ്യാനത്തെപ്പറ്റി പലർക്കും പലതരത്തിലുള്ള സങ്കല്പമാണുള്ളത്. കണ്ണടച്ച്, ശക്തിയായി ശ്വാസോച്ഛ്വാസ മുറകൾ ചെയ്യുക; അല്ലെങ്കിൽ, ആവശ്യമില്ലാതെ ശ്വാസംപിടിച്ചിരിക്കുക; പല തരത്തിലുള്ള നിറങ്ങളും പ്രകാശവും കാണുക; സ്വർഗീയമായ അനുഭവങ്ങൾ ഉണ്ടാകുക. അങ്ങനെ പലതും. ചിലപ്പോൾ അത്തരം അനുഭവങ്ങൾ ഉണ്ടായേക്കാം. എന്നാൽ യഥാർഥത്തിൽ അതൊന്നുമല്ല ധ്യാനം. ധ്യാനം മനസ്സിന്റെ നിശ്ചലതയാണ്. സുഖദുഃഖങ്ങളെ ഒരുപോലെ കാണുന്ന മനോഭാവമാണ്. നിരന്തരമായൊരനുഭവമാണത്.

സാധാരണ കുരങ്ങിനേക്കാൾ വലിയ കുരങ്ങാണ് മനുഷ്യമനസ്സ്. കാട്ടിലെ കുരങ്ങ് എപ്പോഴും ഒരു ശിഖരത്തിൽ നിന്നും മറ്റൊന്നിലേക്ക് ചാടിക്കൊണ്ടിരിക്കും. എന്നാൽ മനുഷ്യമനസ്സ് അതിലും വലിയ ചാട്ടക്കാരനാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ചാട്ടക്കാരൻ. ഇപ്പോൾ ഇവിടെയാണെങ്കിൽ, അടുത്തനിമിഷം അമേരിക്കയിൽ എത്തും. അവിടെനിന്ന് ചന്ദ്രനിലോ കടലിനടിയിലോ കോടീശ്വര പദവിയിലെങ്കോ ഒക്കെ പോയെന്നിരിക്കും. ഭൂതകാലത്തിലേക്കും ഭാവിയിലേക്കും നൊടിയിടകൊണ്ട് അത് സഞ്ചരിക്കും. ചപലമായ ഈ മനസ്സിനെ അടക്കിനിർത്തി, പരിപൂർണമായ ശാന്തത കൈവരിക്കുക എന്നതാണ് ധ്യാനത്തിന്റെ ലക്ഷ്യം.

ടി.വി.യുടെ റിമോട്ട് കൺട്രോൾ കൈയിലുണ്ടെങ്കിൽ ഇഷ്ടമുള്ള ഏതു ചാനലിലേക്ക് വേണമെങ്കിലും നമുക്ക് പോകാം. ഇഷ്ടമുള്ളപ്പോൾ ഓൺ ചെയ്യാം, വേണ്ടാത്തപ്പോൾ ഓഫ് ചെയ്യാം. ഇതുപോലെ മനസ്സിന്റെ റിമോട്ട് കൺട്രോൾ നമ്മുടെ നിയന്ത്രണത്തിലാകണം. അതിനാണ് ധ്യാനം. കർമവും മനോനിശ്ചലതയും സമന്വയിപ്പിച്ച് കൊണ്ടുപോകാനുള്ള മാർഗമാണത്.

കുണ്ടും കുഴിയും വളവും തിരിവും ഏറെയുള്ള ഒരു റോഡിലൂടെ വാഹനമോടിക്കുന്നവർ ഓരോനിമിഷവും വളരെ ശ്രദ്ധിച്ച് ഗിയറും ബ്രേയ്ക്കും അഡ്ജസ്റ്റ് ചെയ്യണം. അതുപോലെ നമ്മുടെ ജീവിതയാത്രയിലെ ഉയർച്ചതാഴ്ചകളെ സമചിത്തതയോടെ നേരിടുവാൻ സാഹചര്യങ്ങൾക്കനുസരിച്ച് മനസ്സിനെ അഡ്ജസ്റ്റ് ചെയ്യേണ്ടതുണ്ട്. ധ്യാനത്തിലൂടെ ഇതു സാധ്യമാകുന്നു. കൂടാതെ ചിന്തയിലും പ്രവൃത്തിയിലും അത്യധികം ശ്രദ്ധയും സൂക്ഷ്മതയും കൈവരിക്കാനും കഴിയുന്നു.

എന്നാൽ, മുടങ്ങാതെയുള്ള ആത്മാർഥമായ പരിശീലനത്തിലൂടെ മാത്രമേ ധ്യാനത്തിന്റെ ശരിയായ പ്രയോജനം അനുഭവിക്കാൻ കഴിയൂ. നട്ടെല്ല് നിവർത്തി, കാലുകൾ മടക്കി ഇഷ്ടമുള്ള ഒരാസനത്തിൽ ഇരുന്നുവേണം ധ്യാനം പരിശീലിക്കേണ്ടത്. കൈകൾ കാൽമുട്ടിനു മീതെ നിവർത്തിപ്പിടിക്കണം. കാലുവേദനിച്ചാൽ കുറച്ചു നേരം എഴുന്നേറ്റ് നടക്കുകയോ ശവാസനത്തിൽ കിടക്കുകയോ ചെയ്യാം. എന്നിട്ട് വീണ്ടും പഴയതുപോലെ ഇരുന്നു ധ്യാനിക്കണം. ശവാസനത്തിൽ കിടക്കുമ്പോൾ ഉറങ്ങിപ്പോകാതെ മനസ്സിനെ ജാഗരൂകമാക്കി നിർത്തണം. ചമ്രംപൂട്ടി നിലത്തിരുന്ന് ധ്യാനിക്കാൻ കഴിയാത്തവർക്ക് കസേരയിൽ ഇരുന്നും ധ്യാനിക്കാം. അതും കഴിയാത്തവർക്ക് കിടന്നുകൊണ്ടും ധ്യാനം ശീലിക്കാം.

ദിവസവും അല്പസമയം ചിട്ടയോടെ ധ്യാനം ചെയ്യണം. ധ്യാനത്തിലൂടെ മനസ്സിനെ മാത്രമല്ല, ശരീരത്തെയും മെരുക്കി സ്വസ്ഥമാക്കേണ്ടതാവശ്യമാണ്. തുടക്കത്തിൽ കൂടുതൽ സമയം ഇരിക്കാൻ കഴിഞ്ഞെന്നുവരില്ല. ധ്യാനസമയം ക്രമേണ അഞ്ചോ പത്തോ മിനിറ്റ് വീതം കൂട്ടിക്കൂട്ടി കൊണ്ടുവരാൻ ശ്രമിക്കണം. നിരന്തരമായ അഭ്യാസത്തിലൂടെ മണിക്കൂറുകളോളം എല്ലാം മറന്ന് ധ്യാനത്തിലിരിക്കാനുള്ള സിദ്ധി നേടിയെടുക്കാൻ കഴിയും. കൂടുതൽ ആഴങ്ങളിലേക്ക് പോകുന്തോറും ധ്യാനം നമ്മുടെ സ്വതസിദ്ധമായ ഭാവമായി തീരും. അതിന്റെ ഉയർന്ന അവസ്ഥയിൽ എത്തുമ്പോൾ, എല്ലാ കർമവും ധ്യാനാത്മകമാകും. ആവശ്യമില്ലാത്ത ചിന്തകളുടെയും ആഗ്രഹങ്ങളുടെയും പിറകെയുള്ള മനസ്സിന്റെ ഓട്ടം നിലയ്ക്കും. യഥാർഥ ശാന്തിയും സന്തോഷവും ഉള്ളിലാണ് എന്ന ബോധം ഉദിക്കും.

ആഴക്കടലിലൂടെ സഞ്ചരിക്കുന്ന ഒരു കപ്പലിൽ ഒരു കിളിയുണ്ടായിരുന്നു, കുറച്ചുദിവസം കടലിൽ കഴിഞ്ഞപ്പോഴേയ്ക്കും ആ കിളിക്ക് കരയിലെത്താൻ കൊതിയായി. അതു കപ്പലിന്റെ പായ് മരത്തിലിരുന്നു നാലുചുറ്റും നോക്കി. നോക്കെത്താ ദൂരത്ത് പരന്നുകിടക്കുന്ന കടൽ മാത്രം. കരയിലെത്തുവാനുള്ള ആഗ്രഹത്തോടെ അത് കിഴക്കോട്ട് പറന്നു. എത്ര ദൂരം പറന്നിട്ടും കര കണ്ടില്ല. ഇനിയും ആ ദിശയിലേക്കു പറന്നിട്ട് കാര്യമില്ലെന്നു മനസ്സിലാക്കി അത് പിന്നെ കുറേ നേരം തെക്കോട്ടു പറന്നു. പിന്നെ പടിഞ്ഞാറോട്ട്. ഇങ്ങനെ നാലുപാടും പറന്നു തളർന്ന് ഒടുവിൽ ആ കിളി കപ്പലിലേക്കുതന്നെ തിരിച്ചുവന്നു. അവിടെ പായ് മരത്തിന്മേലിരുന്നു വിശ്രമസുഖം അനുഭവിച്ചു. ക്ഷമയോടെ കപ്പലിൽ തന്നെ കാത്തിരുന്നപ്പോൾ അവസാനം കരയിലുമെത്തി.

ഈ കഥയിലെ കിളിയെ പോലെയാണ് മനസ്സ്. അതെപ്പോഴും ഓരോ ആഗ്രഹങ്ങളുടെയും സാക്ഷാത്കരിച്ചിട്ടില്ലാത്ത സ്വപ്നങ്ങളുടെയും പിന്നാലെ അലയുന്നു. ആഗ്രഹം ആർത്തിയാകുന്നതോടെ, മനസ്സിന്റെ എല്ലാ നിയന്ത്രണവും നഷ്ടപ്പെടുന്നു. അങ്ങനെ സന്തോഷവും സമാധാനവും പൂർണമായും ഇല്ലാതാകുന്നു. ധ്യാനാത്മകമായ കർമവും കാരുണ്യപൂർവമുള്ള സമീപനവും ആണ് ജീവിതത്തെ ധന്യമാക്കുന്നത്. ഭൗതികസുഖങ്ങൾ നേടാൻ പരക്കം പായുമ്പോൾ ഈ സത്യം മറക്കാതിരിക്കൂ.

അമ്മ

സൃഷ്ടികളും കത്തുകളും പത്രാധിപർ, മാതൃഭൂമി വാരാന്തപ്പതിപ്പ്, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-1
എന്ന വിലാസത്തിൽ അയയ്ക്കുക.
ഇ-മെയിൽ: mbivarantham@gmail.com

ഹസാരെയും അഴിമതിവിരുദ്ധ സമരവും

പുസ്തകം

പി. ബാലകൃഷ്ണൻ

മഹാത്മാഗാന്ധിയുടെ നാട് സ്വതന്ത്ര പരമാധികാര ജനാധിപത്യ രാഷ്ട്രമായിട്ട് ആറ് പതിറ്റാണ്ട് കഴിഞ്ഞു. ഇതിൽ ആദ്യത്തെ ഒന്നരപ്പതിറ്റാണ്ടതികയും മുമ്പുതന്നെ രാജ്യം അഴിമതിക്കെതിരായ പോരാട്ടത്തിന് കോപ്പുകൂട്ടാൻ തുടങ്ങിയിരുന്നു. എന്നിട്ടും ലോക്പാൽ നിയമം പാസ്സാക്കിയെടുക്കാനായില്ലെന്നത് ചരിത്രസത്യം.

കാര്യമായ എതിർപ്പൊന്നും കൂടാതെ പാർലമെൻറിൽ (നിയമസഭകളിലും) നിന്ന് സമയാസമയങ്ങളിൽ നിയമമായിവരുന്ന, അംഗങ്ങളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വർധിപ്പിക്കുന്ന ബില്ലുകളെ നോക്കി നെടുവീർപ്പിടാനാണ്, 1969 ലോക്സഭ പാസ്സാക്കിയിട്ടും രാജ്യസഭയിൽ തീരുമാനമാകാൻ ഭാഗ്യമില്ലാതെപോയ ലോക്പാൽ ബില്ലിന്റെ തലവിധി.

1963-ൽ തുടങ്ങിയിരുന്നു ഓംബുഡ്സ്മാൻ മാതൃകയിലുള്ള ഒരു സ്ഥാപനത്തിന് രൂപം കൊടുക്കുന്നതിനെപ്പറ്റിയുള്ള ആലോചന; 1966-ൽ ഇത്തരത്തിലുള്ള രണ്ട് സ്ഥാപനങ്ങൾ - ഒന്ന് കേന്ദ്ര തലത്തിലും മറ്റൊന്ന് സംസ്ഥാന തലങ്ങളിലും - ഭരണപരിഷ്കാര കമ്മീഷൻ നിർദേശിക്കുകയും ചെയ്തിരുന്നു. അങ്ങനെയെല്ലാമായി 1968-ൽ ആദ്യ ലോക്പാൽ ബിൽ ലോക്സഭയിൽ വന്നു. 1969-ൽ പാസ്സാക്കുകയും ചെയ്തു. അതിന്മേൽ രാജ്യസഭ തീരുമാനമെടുക്കുന്നതിനുമുമ്പ് ലോക്സഭ പിരിച്ചുവിടപ്പെടുകയാണുണ്ടായത്. അത് ബില്ലിന്റെ അന്ത്യമായി കലാശിച്ചു. തുടർന്ന് 1971 മുതൽ ലോക്പാൽ ബില്ലുകൾ പാർലമെൻറിൽ അവതരിപ്പിക്കുന്നത് ഒരു പതിവായി. ആ പതിവ് തുടർന്നുകൊണ്ടിരിക്കുന്നു. രാജ്യത്ത് അഴിമതിയോ പിന്തുണ ഇല്ലായിരുന്നു. എങ്കിലും വളരെപ്പെട്ടെന്ന് അദ്ദേഹം ഗാന്ധിജിയുടെ പ്രതിരൂപമായി ചില കേന്ദ്രങ്ങളിലെങ്കിലും വാഴ്ത്തപ്പെട്ടു. അദ്ദേഹം നടത്തുന്ന സമരം രണ്ടാം സ്വാതന്ത്ര്യസമരമായി വിശേഷിപ്പിക്കപ്പെട്ടു. ഇന്ത്യയിൽ ദേശീയ-പ്രാദേശിക തലങ്ങളിലുള്ള മാധ്യമങ്ങളിലൂടെ വമ്പിച്ച പ്രചാരണമാണ് അണ്ണയ്ക്കും അദ്ദേഹത്തിന്റെ സമരത്തിനും ലഭിച്ചത്. അതുവരെ അധികമൊന്നും അറിയപ്പെടാതിരുന്ന ഈ വീരനായകൻ പൊടുന്നനെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി.

ചാനലുകളിലൂടെയും അച്ചടിച്ചും അദ്ദേഹത്തെക്കുറിച്ച് വരുന്നതെന്തും ആർത്തിയോടെ ജനം എടുത്ത് വിഴുങ്ങി. അങ്ങനെ ഇതാ മലയാളത്തിലും ഇറങ്ങി രണ്ട് പുസ്തകങ്ങൾ- ഒന്ന്, പ്രദീപ് താക്കൂറും പൂജ റാണയും വിവിധ വാർത്താ സ്രോതസ്സുകളിലെ പ്രസക്തഭാഗങ്ങളിൽ നിന്ന് സമാഹരിച്ച് ചിട്ടപ്പെടുത്തിയ അണ്ണ ഹസാരെ- അഴിമതി വിരുദ്ധ പോരാട്ടത്തിന്റെ ഇന്ത്യൻ മുഖം. ഇംഗ്ലീഷിലാണെന്ന് തോന്നുന്നു, മൂലകൃതി. പരിഭാഷ: എൻ. ശ്രീകുമാർ. അണ്ണ ഹസാരെയുടെ ജീവിതവും സമരവും മാത്രമല്ല ഇന്ത്യയിലെ അഴിമതിക്കഥകളും അഴിമതി തടയാൻ തുടങ്ങിവെച്ച നടപടികളും വിശദമായി ഇതിൽ പ്രതിപാദിക്കുന്നു. അണ്ണയുടെ ജീവചരിത്രമാണ് ഇവിടെയുള്ള രണ്ടാമത്തെ കൃതി- എം. പത്മജ മേനോൻ എഴുതിയ അണ്ണ ഹസാരെയുടെ ജീവിതകഥ.

പൊതുരംഗത്ത് അപ്രതീക്ഷിതമായി കടന്നുവരുന്ന പ്രതിഭാസങ്ങളെക്കുറിച്ച്, പെട്ടെന്ന് തട്ടിക്കൂട്ടി ഇറക്കുന്ന പുസ്തകങ്ങൾ പലപ്പോഴും പത്ര-മാസികകൾ നൽകുന്നതിലപ്പുറം വിവരമൊന്നും നൽകാൻ പര്യാപ്തമാവാറില്ല. ആ പൊതുനിയമത്തിന് അപവാദമാണ് ഈ രണ്ട് പുസ്തകങ്ങളും.

അണ്ണയെക്കുറിച്ചുള്ള ചില അടിസ്ഥാനവിവരങ്ങളെങ്കിലും രണ്ട് പുസ്തകത്തിൽ രണ്ടുതരത്തിൽ കാണുന്നുണ്ട്. ജനനത്തീയതി ഒരു പുസ്തകത്തിൽ 1940 ജനവരി 15, മറ്റേ പുസ്തകത്തിൽ 1937 ജൂൺ 15. ഇതുപോലെ ബാല്യകാലത്തെ ചില വിവരങ്ങളിലും വൈരുധ്യം കാണുന്നു. ഇത് ഒഴിവാക്കാമായിരുന്നു.

അണ്ണ ഹസാരെ
പ്രദീപ് താക്കൂർ, പൂജ റാണ
പരിഭാഷ: എൻ. ശ്രീകുമാർ
മാതൃഭൂമി ബുക്സ്
വില: 85 രൂപ

അണ്ണ ഹസാരെയുടെ ജീവിതകഥ
എം. പത്മജമേനോൻ
മാതൃഭൂമി ബുക്സ്
വില: 50 രൂപ

ഹരിതഭൂപടം
ജോസഫ് ആൻറണി
ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥത്തിന്റെ പഠനത്തിനും വിവർത്തനത്തിനുമായി സമർപ്പിച്ച ഡോ: കെ.എസ്. മണിലാലിന്റെ ജീവിതത്തിന്റെ നാൾവഴികം അടയാളപ്പെടുത്തുന്ന കൃതി. (മാതൃഭൂമി ബുക്സ്, 125 രൂപ).

അൻവർ നസീറിന്റെ ചരിത്രപുസ്തകം
അംബുജം കടമ്പൂര്
വ്യത്യസ്തമായ മുഹൂർത്തങ്ങളെ വാങ്മയ ചിത്രങ്ങളാക്കി അവതരിപ്പിക്കുന്ന കഥകളുടെ സമാഹാരം. (കൈരളി ബുക്സ്, കണ്ണൂർ, 60 രൂപ).

നിന്റെ ഹൃദയം
റഷീദ
അനുവാചകരുടെ മനസ്സിനെ സ്പർശിക്കുന്ന ഒരുപിടി കവിതകൾ. (ഭാരതി ബുക്സ്, പാലക്കാട്, 45 രൂപ).

ലിംഗബന്ധങ്ങളുടെ ആഖ്യാന ശാസ്ത്രം സി.വി. രാമന്റെ കഥകളിൽ
കെ.വി. സുമംഗല
സി.വി. ശ്രീരാമന്റെ കഥകളെ മുൻനിർത്തി വ്യത്യസ്തമായ ഒരു പഠനഗ്രന്ഥം. (കൈരളി ബുക്സ്, കണ്ണൂർ, 75 രൂപ).

ഹരിതമന്ദിരങ്ങൾ
വില്യം ഹെൻറി ഹഡ്സൺ
ഡബ്ല്യു.എച്ച്. ഹഡ്സന്റെ ഗ്രീൻ മാൻഷൻസ് എന്ന കൃതിയുടെ മലയാള പരിഭാഷ. (കൈരളി ബുക്സ്, കണ്ണൂർ, 100 രൂപ).

ഗ്രീൻ കെമിസ്ട്രി കുട്ടികൾക്ക്
പ്രൊഫ.എസ്.ശിവദാസ്
പരിസ്ഥിതിയെ സ്നേഹിക്കുന്ന, നാളെ ഒരു നല്ല ലോകം നിലനിന്നു കാണണമെന്ന് ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ള പുസ്തകം (മാമ്പഴം, കോട്ടയം, 60 രൂപ)

നാല് അധ്യായങ്ങൾ
രവീന്ദ്രനാഥ ടാഗോർ
രാഷ്ട്രീയവും പ്രണയവും മനുഷ്യബന്ധങ്ങളും ഒന്നുചേരുന്ന ജീവിതസമസ്യകളെ അനാവരണം ചെയ്യുന്ന നോവൽ. വിവർത്തനം: എം. ആർ.മനോഹരവർമ. (ഡി. സി.ബുക്സ്, 60 രൂപ).

തെയ്യം, പ്രകൃതി, സ്ത്രീത്വം
യു.പി.സന്തോഷ്
പ്രകൃതിയെയും മനുഷ്യനെയും കൂട്ടിയിണക്കുന്ന തെയ്യത്തിന്റെ അംശങ്ങളെപ്പറ്റിയുള്ള അന്വേഷണം. (കബനി ബുക്സ്, കണ്ണൂർ, 75 രൂപ).

വിശ്വപ്രസിദ്ധ ചാരക്കഥകൾ
കത്തിയമുറി, പിച്ചള പൂമ്പാറ്റ തുടങ്ങി ആഖ്യാന ചടുലതയും ഉദ്വേഗവും ഒരുമിക്കുന്ന പതിനൊന്ന് ചാരക്കഥകം. പരിഭാഷ: അയൂബ് (പാപ്പിയോൺ, കോഴിക്കോട്, 185 രൂപ).

ഉടലുകളുടെ നരകവിരുന്ന്
ചന്ദ്രൻ പൂക്കാട്
മൂന്ന് ലഘുനോവലുകളുടെ സമാഹാരം. വർത്തമാനകാല ദുരന്തക്കാഴ്ചകം പകർത്തിയിരിക്കുന്ന കൃതി. (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 65 രൂപ).

കള്ളൻ-ഒരു പുസ്തകം
എഡിറ്റർ: റഹ്മാൻ കിടങ്ങയം
കള്ളന്റെ ഹൃദയമിടിപ്പുകളും ഉദ്വേഗങ്ങളും കഥയായും കവിതയായും അനുഭവമായും ആവിഷ്കരിക്കുന്ന പുസ്തകം. (ഒലീവ് പബ്ലിക്കേഷൻസ്, 190 രൂപ).

അവന്റെ സ്മരണകൾ
തകഴി
മണ്ണിന്റെ മണമുള്ള നോവൽ. 1950കളിൽ തകഴി ശിവശങ്കരപ്പിള്ളയുടെ തൂലികയിൽ നിന്നു പിറന്നത്. (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 65 രൂപ).

മനുഷ്യാവകാശ നിയമങ്ങൾ
എൻ.കെ. രാജൻ
മനുഷ്യാവകാശ നിയമങ്ങളും നടപടിക്രമങ്ങളും മനുഷ്യാവകാശത്തെ സംബന്ധിക്കുന്ന അന്താരാഷ്ട്ര ഉടമ്പടികളും പ്രതിപാദിക്കുന്ന കൃതി. (ആര്യ പബ്ലിഷിങ് ഹൗസ്, കോഴിക്കോട്. 90 രൂപ).

ചിലമ്പൊലി
നിലമ്പൂർ മനോമോഹനൻ
ഗ്രാമസ്മൃതി, ഉദ്യമം, ശോകഗീതം, യാത്രാമൊഴി, ശില്പിയും ശില്പവും എന്നുതുടങ്ങി കാവ്യഭാവനയുടെ മൂർത്ത രൂപങ്ങളായ 24 കവിതകളുടെ സമാഹാരം (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്. 40 രൂപ).

മിന്നാമിനുങ്ങ്
നിലമ്പൂർ മനോമോഹനൻ
ഈണവും താളവും നിറഞ്ഞുതുളുമ്പുന്ന മുപ്പത് കുട്ടിക്കഥകളുടെ സമാഹാരം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രസിക്കുന്നവ. (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്. 40 രൂപ).

കടലുറങ്ങാതിരിക്കുന്നത്
വിശ്വൻ പടനിലം
വർത്തമാനകാല അപചയങ്ങളെ ശക്തമായി വിമർശിക്കുന്ന നോവൽ. കെട്ടകാലത്തെ എങ്ങനെ നേരിടുമെന്ന ചിന്ത അവതരിപ്പിക്കുന്ന കൃതി. (ഉണ്മ പബ്ലിക്കേഷൻസ്, നൂറനാട്, 110 രൂപ).

പരിവ്രാജികയുടെ മൊഴി
ബീന ജോർജ്
സ്ത്രീ പുരുഷ ബന്ധത്തിന്റെ അസമത്വമാർന്ന സങ്കീർണതകളെ രേഖപ്പെടുത്തുന്ന നോവൽ. (ഉണ്മ പബ്ലിക്കേഷൻസ്, നൂറനാട്, 130 രൂപ).

കൃഷ്ണചകോരം
ഡി. ശ്രീദേവി
കച്ചവടവത്കരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളെ ആസ്പദമാക്കിയുള്ള നോവൽ (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 35 രൂപ).

പ്രതിബിംബങ്ങൾ
രാജപ്പൻ നായർ മീനടം
തീ പാറുന്ന ചിന്തകളാൽ സമ്പന്നമായ കൃതി. നാല്പത്തിയൊന്ന് കവിതകളുടെ സമാഹാരം (കവിമൊഴി പബ്ലിക്കേഷൻസ്, കോട്ടയം, 75 രൂപ).

ഇലാഹി
സത്താർ ആദൂർ
വാക്കുകളെ നക്ഷത്രങ്ങളാക്കി അതിന്റെ ശോഭയിൽ ജീവിതത്തിന് തിളക്കം നൽകുന്ന കവിതകം (ബുസ്താനി ബുക്സ്, പാലക്കാട്, 70 രൂപ).

മായ്ച്ചും വരച്ചും
രാധികാ സനോജ്
സ്വകാര്യതയുടെ രക്തം കൊണ്ട് ലോകത്തെ വരയ്ക്കുകയും മായ്ക്കുകയും ചെയ്യുന്ന കവിതകം (എച്ച് ആൻഡ് സി പബ്ലിഷിങ് ഹൗസ്, തൃശ്ശൂർ, 55 രൂപ).

പടിയിറങ്ങുമ്പോൾ
രാജേന്ദ്രൻ പൂളക്കൽ
കണ്ണുനീരിന്റെ ആഴക്കയങ്ങളിലേക്ക് വായനക്കാരെ ആവാഹിക്കുന്ന രചന. (ഓർക്കിഡ് ബുക്സ്, കൊല്ലം, 80 രൂപ)

മദ്യം നുകരുമ്പോൾ
മദ്യപാനമെന്ന സാമൂഹിക വിപത്തിനെതിരെ കാർട്ടൂണുകളിലൂടെ ബോധവത്കരണോദ്ദേശ്യത്തോടെ പുറത്തിറക്കിയിരിക്കുന്ന പുസ്തകം. (അസെൻഡ് പബ്ലിക്കേഷൻസ്, കോട്ടയം, 110 രൂപ).

അണയാത്ത ദീപശിഖ
സനിൽ പി. തോമസ്
താരബഹുലമായ രാജവീഥികംകൊപ്പം വെള്ളിവെളിച്ചത്തിനപ്പുറത്തെ ഇരുണ്ട ഇടനാഴികളിലൂടെയും വായനക്കാരനെ കൈപിടിച്ച് നടത്തുന്ന കൃതി. സ്പോർട്സ് അനുഭവങ്ങം. (ഡി.സി. ബുക്സ്, 60 രൂപ).

മലയാളത്തിന്റെ കടൽ
എഡിറ്റർ: റഹ്മാൻ കിടങ്ങയം
കടലിന്റെ ഭാവഭേദങ്ങം കഥയായും കവിതയായും യാത്രയായും ആഴത്തിലനുഭവിപ്പിക്കുന്ന കൃതി. (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 170 രൂപ).

ഡോ.മൊറോയുടെ ദ്വീപ്
എച്ച്.ജി.വെൽസ്
മനുഷ്യമനസ്സിന്റെ ഇരുണ്ട ഭാവങ്ങളെ അനാവരണം ചെയ്യുന്ന നോവൽ. പരിഭാഷ: പി.സീമ (ഒലീവ് പബ്ലിക്കേഷൻസ്, 115 രൂപ).

അജയന്റെ അമ്മയെ കൊന്നതാര്?
ജി.ആർ. ഇന്ദുഗോപൻ
അസാധാരണങ്ങളായ ജീവിത മുഹൂർത്തങ്ങം അനാവരണം ചെയ്യുന്ന കഥകളുടെ സമാഹാരം. (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 75 രൂപ)

പുസ്തക പരിചയം

യുദ്ധം ഒന്നിനും പ്രതിവിധിയല്ല

കത്തുകൾ

യുദ്ധം, നാടിനെയും ജനങ്ങളെയും എത്രത്തോളം ദുരിതത്തിലാഴ്ത്തുന്നു എന്നുള്ളതിന്റെ സമീപകാല ഉദാഹരണമാണ് ശ്രീലങ്ക. 26 വർഷത്തെ യുദ്ധത്തിലൂടെ അവർ എന്ത് നേടിയെന്നുള്ളത് തീർച്ചയായും ഒരു പുനർവിചിന്തനത്തിന് വിഷയമാക്കേണ്ടിയിരിക്കുന്നു. യുദ്ധം ഒന്നിനും ഒരു പ്രതിവിധിയല്ല, ശാന്തിയും സമാധാനവും കളിയാടുന്നിടത്തു മാത്രമേ പുരോഗതിയും ക്ഷേമവും കൈവരികയുള്ളൂ. മനുഷ്യകുലത്തിന്റെ വളർച്ചയും ഭാവിക്കും വിലങ്ങുതടിയാവുന്ന യുദ്ധങ്ങളെ എന്ന് ഉപേക്ഷിക്കുന്നുവോ അന്ന് മാത്രമേ മനുഷ്യന് ശുഭപ്രതീക്ഷയും പരസ്പരവിശ്വാസവും കൈവരികയുള്ളൂ!

ശ്രീലങ്കയെപ്പോലുള്ള ഒരു വികസ്വര രാജ്യത്തിന്റെ ജീവരക്തം ഊറ്റിക്കൊടുത്തിട്ടാണ് ഈ വിജയം അവർ തമിഴ് പുലികളുടെ മേൽ നേടിയത്. പ്രാദേശികവും വിഭാഗീയവുമായ അവഗണനകം തമിഴരെ ഒട്ടൊന്നുമല്ല പ്രകോപിപ്പിച്ചിട്ടുള്ളത്. സാമൂഹിക, സാമ്പത്തിക നീതി ശ്രീലങ്കയിൽ ഉണ്ടായിരുന്നുവെങ്കിൽ തമിഴ്പുലികം ഇത്രത്തോളം അക്രമാസക്തരാവുകയില്ലായിരുന്നു. ഇനിയെങ്കിലും ജനങ്ങളെ ഒന്നായിക്കാണാനും സാമൂഹ്യനീതി ഉറപ്പാക്കാനും ഭരണാധികാരികം ശ്രമിക്കുകയാണെങ്കിൽ ജനങ്ങം ആയുധം കൈയിലെടുക്കില്ല.

-രവി ടി.കെ, വരാപ്പുഴ.

നമുക്ക് ഗുണപാഠം

ദുരന്തക്കാഴ്ച കണ്ടുകൊണ്ടുള്ള യാത്രാസ്മരണയെപ്പോലും ശ്രീലങ്കൻ സമകാലീന ചരിത്രത്തിലേക്കും വെളിച്ചംവീശുന്ന ലേഖനം വായിച്ചപ്പോഴും ആ സുന്ദര രാജ്യത്തിന്റെ ദുർവിധിയോർത്ത് ദുഃഖിച്ചു ('പുലിമടയിൽ', ഫിബ്രു. 12). 26 വർഷത്തെ വംശീയ കലാപം ചെറിയ നാടിനെ ഇന്നും പുലിപ്പേടിയിൽ നിന്ന് മോചിപ്പിക്കാത്തത് സ്വാഭാവികം. വിഭിന്ന ഭാഷകളും മതങ്ങളുമുള്ള ഇന്ത്യ നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നു. ഇവിടെയും ഛിദ്രശക്തികം തലപൊക്കാനിടയുണ്ടെന്നതിനാൽ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്.

-ടി.വി. ബാലഗോപാലൻ നായർ, നിർമലഗിരി.

പുലിമടയിലെ കഥകൾ

ഒരുകാലത്ത് കലാപ ഭൂമിയായി മാറിയ ശ്രീലങ്കൻ നഗരം ഇന്ന് സമാധാനത്തിന്റെ ശാശ്വത സംഗമ ഭൂമിയായി മാറാനൊരുങ്ങുകയാണ്. ലോകജനതയെ കിടുകിടാ വിറപ്പിച്ച അഡോൾഫ് ഹിറ്റ്ലറെപ്പോലെ ശ്രീലങ്കയെ വിറപ്പിച്ച പുലിനേതാവ് പ്രഭാകരന്റെ പതനം കുറച്ചെങ്കിലും ശ്രീലങ്കയെ സ്വസ്ഥമാക്കിയിട്ടുണ്ടെന്ന് പറയാതെ വയ്യ. കാലാനുസൃതമായി വരുന്ന മാറ്റങ്ങം കണ്ടില്ലെന്ന് നടിക്കരുതെന്ന സന്ദേശം അവിടത്തെ ജനത മുന്നോട്ടുവെക്കുന്നുണ്ട്. 'പുലിമടയിൽ' എന്ന സചിത്രലേഖനം ശ്രീലങ്കയുടെ ചരിത്ര പശ്ചാത്തലവും സ്ഥലങ്ങളുടെ വിവരണങ്ങളുമൊക്കെ അത്ഭുതത്തോടെയാണ് വായിച്ചുതീർത്തത്.

-മോഹൻദാസ് ആചാരി, തിരുവത്ര.

അതിവ ഹൃദ്യം

'പുലിമടയിലേക്കുള്ള' യാത്ര അതീവഹൃദ്യവും അവിസ്മരണീയവുമായി. ഏതാനും ചിത്രങ്ങളുടെയും ലളിതസുന്ദരമായ വിവരങ്ങളുടെയും കൈമുതലിൽ വായനക്കാരനെ ദൃക്സാക്ഷിയാക്കാൻ കഴിഞ്ഞ ബൈജുവിന് അഭിനന്ദനങ്ങം.

-സി.പി. ഭാസ്കരൻ, നിർമലഗിരി

ആത്മാർഥ പ്രണയം അനശ്വരം

ടി.പി. ശാസ്തമംഗലം പ്രണയം എന്ന വിഷയത്തെ മുൻനിർത്തി സിനിമാ ഗാനങ്ങളെ അവലോകനം ചെയ്ത 'പേരറിയാത്ത നൊമ്പരത്തിന്റെ പെരുമ' വായിച്ചു. പ്രണയത്തിന്റെ നൊമ്പരവും വിരഹവും മാധുര്യവും പരാമർശിക്കുന്ന ചലച്ചിത്ര ഗാനങ്ങം അനേകമുണ്ട്. ഇതിഹാസങ്ങം ജനിക്കും മുമ്പേ..., പ്രണയസരോവര തീരം..., ഹൃദയസരസ്സിലേ..., അനുരാഗ ഗാനം പോലെ..., അനുരാഗിണി..., പ്രേമഭിക്ഷുകി... തുടങ്ങിയ പ്രണയകാവ്യം പോലെ മധുരമധുരമായ ഗാനങ്ങം ഇന്നും വാടാമലരായി നിലകൊള്ളുന്നു. പ്രണയം എന്ന ദിവ്യാനുഭൂതിയെക്കുറിച്ച് പരോക്ഷമായെങ്കിലും പരാമർശിക്കാത്ത ഗാനരചയിതാക്കം ഉണ്ടാവാനിടയില്ല. ആത്മാർഥ പ്രണയം അനശ്വരമാണ്. എങ

സ്പോർട്സ്

ഒളിംപ്യൻ

സച്ചിന്റെ പന്ത് ഇനിയെങ്ങോട്ട്?

അന്തർദേശീയ ക്രിക്കറ്റിലെ നൂറാം സെഞ്ച്വറി സച്ചിൻ തെണ്ടുൽക്കറെന്ന ഇതിഹാസ താരത്തിന്റെ മാത്രം സ്വപ്നമാണോ? ഒരിക്കലുമല്ല. അത് കളിക്കാരന്റേയും രാജ്യത്തിന്റേയുമപ്പുറത്ത് ക്രിക്കറ്റിലെതന്നെ വല്ലപ്പോഴും സംഭവിക്കാവുന്ന അത്യുജ്ജ്വല നേട്ടമായി ചരിത്രത്തിലെന്നും മിന്നിത്തിളങ്ങുമെന്നു തീർച്ച. ക്രിക്കറ്റ് ഇവിടെ നിലനിൽക്കുന്ന കാലത്തോളം ഇന്ത്യക്കെന്നും ആഘോഷിക്കാവുന്ന ഈ അപൂർവ നേട്ടത്തിന്റെ പടിവാതിലിൽനിന്ന് സച്ചിൻ ഇനി തിരിഞ്ഞു നടക്കണോ?

ലോകകപ്പ് വിജയത്തിനു ശേഷം നൂറാം സെഞ്ച്വറി തേടി മുപ്പതു മത്സരങ്ങളം പിന്നിട്ട 'മാസ്റ്റർ ബ്ലാസ്റ്റർ'ക്ക് കപ്പിനും ചുണ്ടിനുമിടയ്ക്ക് നഷ്ടപ്പെട്ട സെഞ്ച്വറികൾക്ക് കനത്ത വില നൽകേണ്ടി വന്നിരിക്കുകയാണ്. സച്ചിന്റെ 'നൂറാം സെഞ്ച്വറി'ക്കായി കാത്തിരിക്കുന്ന ഇന്ത്യയുടെ വിജയപ്രതീക്ഷകളെ ഇത് മങ്ങലേൽപിക്കുന്നു. കാൽനൂറ്റാണ്ടോളം ക്രീസിൽ നിറഞ്ഞുനിന്ന ഇന്ത്യയുടെ എക്കാലത്തേയും വലിയ ബാറ്റ്സ്മാനുവേണ്ടി ഇനിയും കാത്തിരിക്കണമോ? സ്വാഭാവികമായും പടർന്നുകയറുന്ന പിരിമുറുക്കത്തിൽ ക്രീസിൽ തപ്പിത്തടയുന്ന സച്ചിന്റെ മുഖം കണ്ട് ഇന്ത്യൻ ക്രിക്കറ്റ് ആരാധകരുടെ മനസ്സ് പിടയുകയാണ്. സ്വരം നന്നാവുമ്പോഴേ പാട്ടു നിർത്തണമെന്നു പറയാൻ എളുപ്പമാണ്. പ്രാവർത്തികമാക്കാനൊരുങ്ങുമ്പോഴാണ് വിവരമറിയുന്നത്. വ്യാപാരവത്കരണത്തിന്റെ നീരാളിപ്പിടുത്തത്തിലമർന്ന് പണമൊഴുകുന്ന വഴിയിൽ ആത്മാവ് നഷ്ടപ്പെട്ട ക്രിക്കറ്റിന് സച്ചിൻ തെണ്ടുൽക്കറുടെ സ്വപ്നതുല്യമായ നൂറാം സെഞ്ച്വറിക്കപ്പുറത്ത് നേടാനൊന്നുമില്ലെന്ന് വിശ്വസിക്കുന്നവരുമുണ്ട്. സച്ചിന്റെ നൂറാം സെഞ്ച്വറിക്കും ഇന്ത്യൻ ടീമിന്റെ വിശാലതാത്പര്യങ്ങൾക്കുമിടയിൽ മരവിച്ചുനിൽക്കുന്ന ബി.സി.സി.ഐ.ക്ക് ഇനിയെത്രകാലം ഇങ്ങനെ തുടരാനാവുമെന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്.

ഇന്ത്യൻ ക്രിക്കറ്റിലെ ഏറ്റവും മികച്ച ഓപ്പണറുണ്ടും മുൻ ക്യാപ്റ്റനുമായ കപിൽദേവ് തന്നെ ഒടുവിൽ രംഗത്തു വന്നുകഴിഞ്ഞു. സച്ചിൻ രംഗത്തുനിന്ന് പിന്മാറാൻ സമയമായെന്നു പറയുന്ന കപിലിനെ സച്ചിന്റെ സമീപകാല പ്രകടനങ്ങളിലെ പാളിച്ചകളം വേദനിപ്പിച്ചിട്ടുണ്ടാകണം. ദശാബ്ദങ്ങളം നിറഞ്ഞുനിന്ന ഒരു കിടയറ്റ ബാറ്റ്സ്മാന്റെ അവസാന നാളുകളം ഇങ്ങനെയാവരുതെന്ന് ആഗ്രഹിച്ചിട്ടുണ്ടാവണം. അതിലുപരി ഇന്ത്യൻ ക്രിക്കറ്റിന് സച്ചിൻ കനത്ത ഭാരമാകുന്നുവെന്ന് തോന്നിയിട്ടുണ്ടാകാം. മുമ്പ് റിച്ചാർഡ് ഹാഡ്ലിയുടെ റിക്കാർഡ് മറികടക്കാൻ കടിച്ചുതൂങ്ങിനിന്ന കാലത്തെ അനുഭവങ്ങളിൽനിന്ന് ഇങ്ങനെ പറയാൻ കപിൽദേവിനു മാത്രമേ കഴിയൂ. കപിൽ ആവശ്യപ്പെട്ടതുപോലെ ഏകദിന ക്രിക്കറ്റിൽനിന്ന് സച്ചിൻ വിരമിക്കേണ്ട കാലം അതിക്രമിച്ചുവെന്നാണ് മറ്റൊരു മുൻ ക്യാപ്റ്റൻ സൗരവ് ഗാംഗുലിയും പറയുന്നത്. ലോകകപ്പ് കഴിഞ്ഞതോടെ ഏകദിനത്തിൽനിന്ന് വിരമിക്കേണ്ടതായിരുന്നു. സച്ചിനെപ്പോലെ ഇന്ത്യൻ ക്രിക്കറ്റിന് മറക്കാനാവാത്ത ഒരു കളിക്കാരൻ പോലും ടീമിൽ വന്നും പോയുമിരിക്കുന്നത് മറ്റുള്ള കളിക്കാരുടെ ഫോമിനെ ബാധിക്കുന്നുണ്ട്. ടീമിന്റെ താളമാണിത് തകിടംമറിക്കുന്നതെന്ന ഗാംഗുലിയുടെ വിലയിരുത്തൽ ഗൗരവപൂർവം കണക്കിലെടുക്കേണ്ടതു തന്നെയാണ്.

ആസ്ട്രേലിയയ്ക്ക് രണ്ടുതവണ ലോകകപ്പ് നേടിക്കൊടുത്ത നായകൻ റിക്കി പോണ്ടിംഗ് ഏകദിന ടീമിൽനിന്നു തെറിച്ചതാണ് സച്ചിന്റെ നിലനിൽപ്പ് സംബന്ധിച്ച ചർച്ചകൾക്ക് ഇപ്പോൾ വഴിയൊരുക്കുന്നത്. ടീമിൽനിന്ന് ഒഴിവാക്കപ്പെട്ടതോടെ ഏകദിനത്തിൽനിന്ന് വിരമിക്കുകയാണെന്നു പ്രഖ്യാപിച്ച പോണ്ടിംഗിന് ഒരു തിരിച്ചുവരവിനുള്ള അവസരംപോലും നൽകിയില്ലെന്ന് ഇവിടെ ഓർക്കുക. അവിടെ, കളിക്കാരല്ല, ക്രിക്കറ്റാണ് പ്രശ്നം. ഇവിടെ നേരെ മറിച്ചും. അങ്ങനെ വരുമ്പോൾ ബി.സി.സി.ഐ. പോലും കൈയും കെട്ടി നോക്കിനിൽക്കെ പന്ത് സച്ചിന്റെ കോർട്ടിലെത്തുന്നു. ഒടുവിൽ സച്ചിൻ തന്നെയാണ് തീരുമാനമെടുക്കേണ്ടത്. സച്ചിന്റെ പന്ത് ഏതു വഴിയേ? കാത്തിരുന്നു കാണുകയേ വഴിയുള്ളൂ.

സഡൻഡെത്ത്: ഒളിംപിക് യോഗ്യതാമത്സരങ്ങളിൽ ഇന്ത്യ പൊരുതുന്നു.
ധ്യാൻചന്ദ് ഇനി ആത്മാഹുതിക്കൊരുങ്ങും

vrgmbicalicut@gmail.com

അഡ്വ. രാധിക

മലയാളിയുടെ സദാചാര ചിന്തകളം ലജ്ജാകരവും വൃത്തികെട്ടതുമായ വഴികളിലൂടെയാണ് സഞ്ചരിക്കുന്നത്. മനസ്സിൽ കപട സദാചാരത്തിന്റെ സഞ്ചികളംപേറി നടക്കുന്ന ഈ ജനസമൂഹത്തിന് സമാനതകളില്ല. കേരളത്തിലെ കപട സദാചാര വെളിച്ചപ്പാടുകളം എല്ലായ്പ്പോഴും തങ്ങളുടെ ക്രൂരവിനോദത്തിന് കൂട്ടുപിടിക്കുന്നതോ പോലീസിനെയും പതിറ്റാണ്ടുകളം പഴക്കമുള്ള നിയമത്തിന്റെ ദുർബലമായ ഒരു ഏടിനെയുമാണ്.

1950-ൽ ന്യൂയോർക്കിൽ നടന്ന ഒരു അന്താരാഷ്ട്ര കൺവെൻഷനിൽ ഒപ്പുവെച്ചശേഷമാണ് ഇന്ത്യ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ ലൈംഗിക ചൂഷണം തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി ദി സപ്രഷൻ ഓഫ് ഇമ്മോറൽ ട്രാഫിക് ഇൻ വിമൻ ആൻഡ് ഗേൾസ് ആക്ട് നിർമിച്ചത്. പിന്നീട് പല പൊളിച്ചെഴുത്തുകളംക്ക് ശേഷം ഇന്ന് നിലവിലുള്ള ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് രൂപപ്പെട്ടു.

ഈ ആക്ട് വ്യഭിചാരത്തെ നിർവചിച്ചിരിക്കുന്നത് ''കച്ചവടവത്കരണത്തിന് വേണ്ടിയുള്ള ലൈംഗിക ചൂഷണം' എന്നാണ്. പക്ഷേ, ഈ ആക്ടിൽ ഒരിടത്തും എന്താണ് കച്ചവടവത്കരണം എന്ന് പറഞ്ഞിട്ടില്ല. എന്നാലും സമാന്യബുദ്ധിയുള്ളവർക്കറിയാം കച്ചവടത്തിന് മൂലധനവും ലാഭനഷ്ടങ്ങളുമൊക്കെ ഉണ്ടാവുമെന്ന്. ചുരുക്കിപ്പറഞ്ഞാൽ, ധനലാഭം ഉദ്ദേശിച്ച് നടത്തുന്ന ഒന്നുമാത്രമേ കച്ചവടമാകുകയുള്ളൂ. അങ്ങനെ നോക്കിയാൽ പ്രതിഫലം നൽകിക്കൊണ്ടുള്ള ലൈംഗിക ചൂഷണം- അതാണ് വ്യഭിചാരം.

സമൂഹം നിർവചിച്ച് ഉറപ്പിച്ച ബന്ധങ്ങൾക്കു പുറത്ത് ഒരാണും പെണ്ണും ഒരുമിച്ച് താമസിച്ചാലോ യാത്രചെയ്താലോ അത് അനാശാസ്യമാകില്ല എന്ന തിരിച്ചറിവ് എന്നാണ് മലയാളിക്കുണ്ടാകുക? അതുപോലെ, പ്രായപൂർത്തിയായ ഒരു സ്ത്രീയുടെ സമ്മതത്തോടെ നടത്തുന്ന ലൈംഗികബന്ധത്തെ അനാശാസ്യത്തിന്റെ പട്ടികയിൽപ്പെടുത്താൻ പറ്റില്ല. ലൈംഗികചൂഷണം തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി നിലവിൽവന്ന ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് ഇന്ന് മലയാളിയുടെ ലൈംഗിക അസംതൃപ്തിയുടെ ബഹിർസ്ഫുരണത്തിന് ചൂട്ടുപിടിച്ചുകൊടുക്കുന്നു.

2008-ലും 2009-ലുമായി ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ടിൽ രണ്ട് ശ്രദ്ധേയമായ വിധികം കേരള ഹൈക്കോടതിയിൽനിന്നുമുണ്ടായി. ഈ ആക്ട് വെറും ഒരു കടലാസ് പുലിയാണെന്ന് മനസ്സിലാക്കിത്തരുന്നു ഈ വിധികം. ഈ ആക്ടിലെ സെക്ഷൻ-7 പ്രകാരം പൊതുസ്ഥലങ്ങളിൽ നടത്തുന്ന കച്ചവടവത്കരിക്കപ്പെട്ട ലൈംഗിക ചൂഷണങ്ങളെ മാത്രമേ വ്യഭിചാരമായി കണക്കാക്കാൻ പറ്റൂ.

ഏതൊക്കെ സ്ഥലങ്ങളാണ് പൊതുസ്ഥലങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത് എന്ന് കാണിച്ചുകൊണ്ടുള്ള സർക്കാർ വിജ്ഞാപനം പോലീസ് സ്റ്റേഷനുകളിലുണ്ട്. ഇതുകൂടാതെ, സംഭവം നടന്നു എന്ന് പറയപ്പെടുന്ന സ്ഥലത്തിന്റെ 200 മീറ്റർ ചുറ്റളവിൽ ആരാധനാലയമോ സ്കൂളോ ഹോസ്റ്റലോ ആസ്പത്രിയോ ഉണ്ടെങ്കിൽ ഇതും പൊതുസ്ഥലമായി കണക്കാക്കാവുന്നതാണ്.

2008-ൽ റിപ്പോർട്ട് ചെയ്ത 'രാധാകൃഷ്ണൻ വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള' എന്ന കേസിന്റെ പ്രോസിക്യൂഷൻ വാദം അവിശ്വസനീയമാണെന്ന് കോടതി കണ്ടെത്തി.

മലബാറിലെ ഒരു വാടകവീട്. അവിടെ കറുത്തതും വെളുത്തതുമായ കാറുകം വന്നുപൊയ്ക്കൊണ്ടിരിക്കാറുണ്ട് എന്ന് പോലീസ് ഭാഷ്യം. കാറുകം വന്നും പോയും കൊണ്ടിരിക്കുന്ന വാടകവീട് കേരളത്തിലെ സന്മാർഗവാദികളുടെ ഉറക്കം കെടുത്താതിരിക്കുന്നതെങ്ങനെ? അവരുടെ ഉറക്കമിളച്ചുള്ള കാത്തിരിപ്പിന് അർഥമുണ്ടായി. ഒരു ഹർത്താൽ ദിവസം രാത്രി ഒമ്പത് മണിയോടെ വാടകവീട്ടിൽനിന്നും പതിവിലധികം ശബ്ദം കേട്ടപ്പോം കപട സദാചാര വെളിച്ചപ്പാടുകം പാതിതുറന്ന കിടപ്പുമുറി ജനലിലൂടെ ഒളിഞ്ഞുനോക്കിയപ്പോം കാണാൻ പാടില്ലാത്തത് ചിലതൊക്കെ കണ്ടുവത്രെ. നിമിഷനേരം കൊണ്ട് സൈക്കിം ചെയിൻ, കത്തി, പാര തുടങ്ങിയ ആയുധങ്ങളുമായി വീട്ടിനകത്തേക്ക് ഇടിച്ചുകയറിയ അവർ അവിടെ ഉണ്ടായിരുന്ന ഒരു സ്ത്രീയെയും രണ്ട് പുരുഷന്മാരെയും തല്ലിച്ചതച്ചു. നാട്ടുകാരായ ചില മനോരോഗികം വീട്ടിലുണ്ടായിരുന്നവരെ തല്ലിച്ചതയ്ക്കാൻ ആരാണ് ലൈസൻസ് നൽകിയതെന്ന് കോടതി ചോദിക്കുന്നു. എന്തടിസ്ഥാനത്തിലാണ് വാടകവീട് നാട്ടുകാരുടെ നിരന്തര നിരീക്ഷണത്തിലായിരുന്നുവെന്ന് പറയുന്നതെന്ന കോടതിയുടെ ചോദ്യം പ്രോസിക്യൂഷന്റെ മുട്ടുമടക്കി.

മേൽപ്പറഞ്ഞ കേസിന്റെ എഫ്.ഐ.ആർ. റദ്ദ് ചെയ്യുകൊണ്ട് ഹൈക്കോടതി കപടസദാചാരവാദികളെ കണക്കിന് പരിഹസിക്കുകയുണ്ടായി. പ്രസ്തുത കേസിനടിസ്ഥാനമായ സംഭവങ്ങം പരിശോധിച്ചാൽ അവിടെ വ്യഭിചാരം നടന്നു എന്ന് കാണിക്കാനുള്ള തെളിവുകം ഒന്നുംതന്നെ പോലീസിന്റെ കൈയിലുണ്ടായിരുന്നില്ല എന്നും ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് പ്രകാരം സി.ഐ.യോ അതിനുമുകളിൽ റാങ്കുള്ള പോലീസ് ഉദ്യോഗസ്ഥനോ മാത്രമേ കേസ് രജിസ്റ്റർ ചെയ്യാൻ അധികാരമുള്ളൂ എന്നും ജസ്റ്റിസ് വി. രാംകുമാർ തന്റെ വിധിന്യായത്തിലെഴുതി.

2009-ൽ റിപ്പോർട്ട് ചെയ്ത 'എക്സ് വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള' എന്ന കേസിന്റെ പശ്ചാത്തലം കുറച്ചുകൂടി വ്യത്യസ്തമായിരുന്നു. ഇവിടെ സ്വന്തം വീട്ടുജോലിക്കാരിക്ക് ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽവെച്ച് കുറച്ച് രൂപ കൈമാറിയ, ഒരു ഉന്നത സർക്കാർ ഉദ്യോഗസ്ഥനെതിരെയാണ് അനാശാസ്യത്തിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. ഗവൺമെന്റ് ഗസ്റ്റ്ഹൗസിനെ ഒരു പൊതുസ്ഥലമായി കണക്കാക്കാൻ പറ്റില്ല എന്നുപറഞ്ഞുകൊണ്ട് ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദ് ചെയ്യുകയുണ്ടായി.

പക്ഷേ, തെളിവില്ല എന്നുപറഞ്ഞ് ഹൈക്കോടതി റദ്ദ് ചെയ്തതുകൊണ്ടുമാത്രം ഇരകം സന്തോഷിക്കണമെന്നില്ല. കാരണം, ഒന്നോ രണ്ടോ ദിവസം കൊണ്ട് ഒരായുസ്സിന്റെ മുഴുവൻ സ്വാസ്ഥ്യവും നഷ്ടപ്പെട്ട ഇവർക്ക് അറിയാം വിജയത്തിന്റെ കനിക്ക് വേണ്ടത്ര മധുരമില്ല എന്ന്.

കോഴിക്കോട്ട് അനാശാസ്യമാരോപിച്ച് നാട്ടുകാർ ഒരാളെ തല്ലിക്കൊന്നു. അതൊരു സാധാരണ വാർത്തയായി പത്രത്താളിൽ നിന്നും മാഞ്ഞുപോയി. എറണാകുളത്ത് രാത്രി പുരുഷ സുഹൃത്തിനൊപ്പം ബൈക്കിൽ യാത്രചെയ്ത സ്ത്രീയെ അനാശാസ്യമാരോപിച്ച് കൈയേറ്റം ചെയ്തു 'നല്ലവരായ' നാട്ടുകാർ. മഞ്ചേരിയിലും ഏറ്റവുമൊടുവിലിപ്പോം തിരുവനന്തപുരത്തും സംഭവിച്ചത് രാഷ്ട്രീയ പകപോക്കൽ

ലൈംഗികചൂഷണം തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി നിലവിൽവന്ന നിയമം ഇന്ന് മലയാളിയുടെ ലൈംഗിക അസംതൃപ്തിയുടെ ബഹിർസ്ഫുരണത്തിന് ചൂട്ടുപിടിച്ചുകൊടുക്കുന്നു

മാത്രമാണെന്ന് നിഷ്പക്ഷമതിയായ മലയാളി വിശ്വസിക്കുന്നു.

അനാശാസ്യമാരോപിച്ച് അറസ്റ്റിനുശേഷം ഒരുദിവസത്തേക്ക് ജയിലിലായ അഭിഭാഷകന്റെയും ഒപ്പമുണ്ടായിരുന്ന അധ്യാപികയുടെയും മാനസികാവസ്ഥയെക്കുറിച്ച്, കൂക്കുവിളിയും അട്ടഹാസവും നടത്തി ആക്രോശിച്ച മനോരോഗികളും അവരെ അക്ഷരംപ്രതി അനുസരിച്ച പോലീസും ഒരിക്കലെങ്കിലും ഓർത്തിട്ടുണ്ടാവുമോ?

രാജ്യദ്രോഹികൾക്കും കള്ളക്കടത്തുകാർക്കും അഴിമതിക്കാർക്കും കിട്ടുന്ന മാനുഷിക പരിഗണനയുടെ ഒരംശം പോലും അനാശാസ്യം ആരോപിച്ച് അറസ്റ്റുചെയ്യപ്പെടുന്നവർക്ക് കിട്ടുന്നില്ല. ആടുന്ന കഴുക്കോല് പോലുള്ള നിയമത്തിന്റെ കൂട്ടുപിടിച്ചാണ് പോലീസും രാഷ്ട്രീയക്കാരും പലപ്പോഴും അനാശാസ്യം ആരോപിച്ച് ഇരകളെ കുടുക്കുന്നത്.

അച്ഛൻ പെൺമക്കളെ ബലാത്സംഗം ചെയ്യുന്ന, സ്ത്രീധനം പോരാ എന്നുപറഞ്ഞ് ഭാര്യയെ മണ്ണെണ്ണ ഒഴിച്ച് ചുട്ടുകൊല്ലുന്ന നാട്. വയസ്സായ അച്ഛനെയും അമ്മയെയും പട്ടിക്കൂട്ടിലാക്കുന്ന പ്രബുദ്ധ മലയാളിയുടെ നാട്. പക്ഷേ, ഇവിടെ ഏറ്റവും വലിയ തെറ്റായിക്കാണുന്നത് ഒരാണും പെണ്ണും ഒരുമിച്ച് യാത്രചെയ്യുന്നതും ഉറങ്ങുന്നതുമൊക്കെയാണ്. അന്യന്റെ സ്വകാര്യതയെ മാനിക്കണം എന്ന അടിസ്ഥാനതത്ത്വം ഓരോ മലയാളിയും പഠിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. ഒരാളെ ഇല്ലായ്മ ചെയ്യാൻ കേരളം കണ്ടുപിടിച്ച ഏറ്റവും നൂതനമാർഗമാണ് അനാശാസ്യം. അയാംപെക്കപ്പം അയാളുടെ കുടുംബവും മാനസികമായി തകരുമല്ലോ? ഒരു വെടിക്ക് എത്ര പക്ഷികം.

ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് പ്രകാരം നിലനിൽക്കില്ലെന്നറിഞ്ഞിട്ടു തന്നെയാണ് ഈ വിഭാഗങ്ങളിലെ 90 ശതമാനം കേസുകളും പോലീസ് രജിസ്റ്റർ ചെയ്യുന്നത്. ആരെ ബോധ്യപ്പെടുത്താനായാലും പ്രീതിപ്പെടുത്താനായാലും ശരി പോലീസിന്റെ ഈ നടപടി നിയമത്തിന്റെ നേർക്കുള്ള കൊഞ്ഞനംകുത്തലാണ്. പത്തും നാല്പതും വർഷം പൊതുപ്രവർത്തനം നടത്തിയവർ അനാശാസ്യ ആരോപണത്തിൽ ഉംപ്പെടുന്നതോടെ അവർ സകലർക്കും അനഭിമതരാവുന്നു.

ബംഗാളിൽ നിന്നും കേരളത്തിലേക്ക് കെട്ടിടം പണിക്കെന്ന് പറഞ്ഞിറങ്ങിയ കാമുകന്റെ വിവരമൊന്നും അറിയാതെ വന്നപ്പോം കാമുകി അയാളെ അന്വേഷിച്ച് കേരളത്തിലേക്കുവന്നു. ആയാത്ര മുഴുവനാക്കുന്നതിനുമുമ്പ് 'ദൈവത്തിന്റെ മക്കം' അവളെ ശിക്ഷിച്ചു; അതി ക്രൂരമായി. അവളെ ബലാത്സംഗം ചെയ്ത വീരന്മാരെ പോലീസ് അറസ്റ്റുചെയ്തു എന്നറിയാൻ കഴിഞ്ഞു. അതിക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട ബംഗാളി പെൺകുട്ടിക്ക് പതിനഞ്ചു വയസ്സു മാത്രമേ ഉള്ളൂ. ഒരു സ്ത്രീംകുട്ടിയുടെ മനസ്സും ശരീരവുമുള്ള ആ സാധുവിനെ ബലാത്സംഗം ചെയ്തശേഷം വിവസ്ത്രയാക്കി റോഡരികിൽ തള്ളുകയായിരുന്നു. സംഭവത്തിനുശേഷം മാനസികനില തെറ്റിയ പെൺകുട്ടി ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണെന്ന് പത്രങ്ങം പറയുന്നു. അവളെ ആ നിലയിലാക്കിയവർ ജാമ്യത്തിലിറങ്ങി അധികം താമസിയാതെ സാധാരണ ജീവിതത്തിലേക്കു മടങ്ങിപ്പോകും. അവം ഒരു മുഴുഭ്രാന്തിയോ ഒരു മുഴുവൻസമയ ശരീരവില്പനക്കാരിയോ ഇവരിൽ ആരായി മാറും? ഇന്ത്യയിൽ ഇന്നു നിലവിലുള്ള സാമൂഹികാവസ്ഥവെച്ച് മാനസികവും ശാരീരികവുമായ ആരോഗ്യം തിരിച്ചുകിട്ടി അവം സാധാരണജീവിതത്തിലേക്കു തിരിച്ചുവരാനുള്ള സാധ്യത കുറവാണ്. വനിതാ കമ്മീഷൻ പക്ഷേ, ഈ കോലാഹലമൊക്കെ അറിഞ്ഞിട്ടുണ്ടോ എന്തോ?

60 വയസ്സ് കഴിഞ്ഞ സ്ത്രീകളെപ്പോലും 'ചരക്ക്' എന്നു വിളിക്കുന്ന മലയാളിയുടെ സാംസ്കാരിക അധഃപതനത്തെ ഓർത്ത് മാധവിക്കുട്ടി ദുഃഖിച്ചിരുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിൽ താമസിച്ച, ലോകം മുഴുവൻ സഞ്ചരിച്ച അവർക്കറിയാമായിരുന്നു, കേരളത്തിലെ സ്ത്രീവർഗം എത്രമാത്രം നിർഭാഗ്യവതികളാണെന്ന്. ഒരുമിച്ചു യാത്രചെയ്യുന്ന ആണിനെയും പെണ്ണിനെയും കെണിയൊരുക്കി പിടികൂടുന്ന കപട സദാചാരവാദികം- അവരാണ് യഥാർഥത്തിൽ കേരളത്തിലെ ആണിന്റെയും പെണ്ണിന്റെയും ശത്രു. സ്ത്രീയെ ഒരു വ്യക്തിയായി അംഗീകരിക്കാൻതക്ക മാനസികവളർച്ച അവർ നേടിക്കഴിഞ്ഞാൽ പിന്നെ കേരളത്തിൽ സദാചാരപട്രോളിങ്ങിന്റെ ആവശ്യമില്ല.

കേരളത്തിൽ നമുക്ക് മുമ്പേ നടന്നുപോയവർ മടങ്ങിവന്നാൽ ചോദിച്ചേക്കാവുന്ന ഒരേയൊരു ചോദ്യം 'എങ്ങനെ ഇത്ര അധഃപതിക്കാൻ കഴിഞ്ഞു?' എന്നതാവും. മറുപടി പറയാൻ വാക്കുകം തപ്പുന്നതിനുമുമ്പ് നമുക്ക് നാരായണഗുരുവിനോട്, ചട്ടമ്പിസ്വാമികളോട്, കുമാരനാശാനോട്... അങ്ങനെ ഒരുപാട് പേരോട് മാപ്പ് പറയാം.

കേരളം അനാശാസ്യം വേവുന്ന അടുക്കളയോ?'

ആഗോള ഭൂപടത്തിൽ ഇടംനേടിയ കേരളത്തിന്റെ ഇന്നത്തെ മുഖമുദ്ര അനാശാസ്യമാണ്. ഒരാളെ ഇല്ലായ്മ ചെയ്യാൻ കേരളം കണ്ടുപിടിച്ച ഏറ്റവും നൂതനമാർഗമാണ് അനാശാസ്യം. അയാംപെക്കപ്പം അയാളുടെ കുടുംബവും മാനസികമായി തകരുമല്ലോ? ഒരു വെടിക്ക് എത്ര പക്ഷികം.

ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് പ്രകാരം നിലനിൽക്കില്ലെന്നറിഞ്ഞിട്ടു തന്നെയാണ് ഈ വിഭാഗങ്ങളിലെ 90 ശതമാനം കേസുകളും പോലീസ് രജിസ്റ്റർ ചെയ്യുന്നത്. ആരെ ബോധ്യപ്പെടുത്താനായാലും പ്രീതിപ്പെടുത്താനായാലും ശരി പോലീസിന്റെ ഈ നടപടി നിയമത്തിന്റെ നേർക്കുള്ള കൊഞ്ഞനംകുത്തലാണ്. പത്തും നാല്പതും വർഷം പൊതുപ്രവർത്തനം നടത്തിയവർ അനാശാസ്യ ആരോപണത്തിൽ ഉംപ്പെടുന്നതോടെ അവർ സകലർക്കും അനഭിമതരാവുന്നു.

ബംഗാളിൽ നിന്നും കേരളത്തിലേക്ക് കെട്ടിടം പണിക്കെന്ന് പറഞ്ഞിറങ്ങിയ കാമുകന്റെ വിവരമൊന്നും അറിയാതെ വന്നപ്പോം കാമുകി അയാളെ അന്വേഷിച്ച് കേരളത്തിലേക്കുവന്നു. ആയാത്ര മുഴുവനാക്കുന്നതിനുമുമ്പ് 'ദൈവത്തിന്റെ മക്കം' അവളെ ശിക്ഷിച്ചു; അതി ക്രൂരമായി. അവളെ ബലാത്സംഗം ചെയ്ത വീരന്മാരെ പോലീസ് അറസ്റ്റുചെയ്തു എന്നറിയാൻ കഴിഞ്ഞു. അതിക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട ബംഗാളി പെൺകുട്ടിക്ക് പതിനഞ്ചു വയസ്സു മാത്രമേ ഉള്ളൂ. ഒരു സ്ത്രീംകുട്ടിയുടെ മനസ്സും ശരീരവുമുള്ള ആ സാധുവിനെ ബലാത്സംഗം ചെയ്തശേഷം വിവസ്ത്രയാക്കി റോഡരികിൽ തള്ളുകയായിരുന്നു. സംഭവത്തിനുശേഷം മാനസികനില തെറ്റിയ പെൺകുട്ടി ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണെന്ന് പത്രങ്ങം പറയുന്നു. അവളെ ആ നിലയിലാക്കിയവർ ജാമ്യത്തിലിറങ്ങി അധികം താമസിയാതെ സാധാരണ ജീവിതത്തിലേക്കു മടങ്ങിപ്പോകും. അവം ഒരു മുഴുഭ്രാന്തിയോ ഒരു മുഴുവൻസമയ ശരീരവില്പനക്കാരിയോ ഇവരിൽ ആരായി മാറും? ഇന്ത്യയിൽ ഇന്നു നിലവിലുള്ള സാമൂഹികാവസ്ഥവെച്ച് മാനസികവും ശാരീരികവുമായ ആരോഗ്യം തിരിച്ചുകിട്ടി അവം സാധാരണജീവിതത്തിലേക്കു തിരിച്ചുവരാനുള്ള സാധ്യത കുറവാണ്. വനിതാ കമ്മീഷൻ പക്ഷേ, ഈ കോലാഹലമൊക്കെ അറിഞ്ഞിട്ടുണ്ടോ എന്തോ?

60 വയസ്സ് കഴിഞ്ഞ സ്ത്രീകളെപ്പോലും 'ചരക്ക്' എന്നു വിളിക്കുന്ന മലയാളിയുടെ സാംസ്കാരിക അധഃപതനത്തെ ഓർത്ത് മാധവിക്കുട്ടി ദുഃഖിച്ചിരുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിൽ താമസിച്ച, ലോകം മുഴുവൻ സഞ്ചരിച്ച അവർക്കറിയാമായിരുന്നു, കേരളത്തിലെ സ്ത്രീവർഗം എത്രമാത്രം നിർഭാഗ്യവതികളാണെന്ന്. ഒരുമിച്ചു യാത്രചെയ്യുന്ന ആണിനെയും പെണ്ണിനെയും കെണിയൊരുക്കി പിടികൂടുന്ന കപട സദാചാരവാദികം- അവരാണ് യഥാർഥത്തിൽ കേരളത്തിലെ ആണിന്റെയും പെണ്ണിന്റെയും ശത്രു. സ്ത്രീയെ ഒരു വ്യക്തിയായി അംഗീകരിക്കാൻതക്ക മാനസികവളർച്ച അവർ നേടിക്കഴിഞ്ഞാൽ പിന്നെ കേരളത്തിൽ സദാചാരപട്രോളിങ്ങിന്റെ ആവശ്യമില്ല.

കേരളത്തിൽ നമുക്ക് മുമ്പേ നടന്നുപോയവർ മടങ്ങിവന്നാൽ ചോദിച്ചേക്കാവുന്ന ഒരേയൊരു ചോദ്യം 'എങ്ങനെ ഇത്ര അധഃപതിക്കാൻ കഴിഞ്ഞു?' എന്നതാവും. മറുപടി പറയാൻ വാക്കുകം തപ്പുന്നതിനുമുമ്പ് നമുക്ക് നാരായണഗുരുവിനോട്, ചട്ടമ്പിസ്വാമികളോട്, കുമാരനാശാനോട്... അങ്ങനെ ഒരുപാട് പേരോട് മാപ്പ് പറയാം.

ഇറിറ്റബിൾ ബവ്വൽ സിൻഡ്രോം എന്തുകൊണ്ട്?

ഡോ. കെ. മുരളീധരൻ പിള്ള

ആധുനിക കാലഘട്ടത്തിലെ യാന്ത്രികവും കൃത്രിമവും ആയ ജീവിതരീതി കാരണം ആരോഗ്യം എന്നത് അവർ സ്വായത്തമാക്കുന്ന ജീവിതശൈലിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആഹാരരീതിയിലെ മാറ്റങ്ങളും വ്യായാമ രാഹിത്യവും വർധിച്ച മനഃസംഘർഷങ്ങളും ഇവയിൽ എടുത്തുപറയേണ്ട കാരണങ്ങളാണ്. 'ഇറിറ്റബിം ബവ്വൽ സി

കാത്തിരിക്കാം, നക്ഷത്രരാവിനായി...

സിനിമ

മലയാള സിനിമാ പുരസ്കാര ചരിത്രത്തിലെ തിളങ്ങുന്ന ഏടുകളിലൊന്നായ 'മാതൃഭൂമി-കല്യാൺ സിൽക്സ് ചലച്ചിത്ര പുരസ്കാരദാനം മാർച്ച് മൂന്നിന് കൊച്ചി മറൈൻഡ്രൈവിൽ...

ജി. ജ്യോതിലാൽ

മാതൃഭൂമി-കല്യാൺ സിൽക്സ് ചലച്ചിത്ര പുരസ്കാരദാനം മാർച്ച് മൂന്നിന് കൊച്ചി മറൈൻഡ്രൈവിൽ അരങ്ങേറും. കായലോളങ്ങൾക്കു മുകളിൽ നീലാകാശം നിറയുന്ന താരനിരകളെ അസൂയപ്പെടുത്തുമാറ് പുരസ്കാരദാന സന്ധ്യയിൽ അന്ന് വിണ്ണിലെ താരങ്ങളും ഒത്തുചേരും. പ്രേക്ഷകർക്ക് വിനോദക്കാഴ്ചകളുടെയും ദൃശ്യവിസ്മയങ്ങളുടെയും ഒരു നക്ഷത്രരാവുകൂടി സ്വന്തമാക്കാം.

ജനങ്ങളുടെ അംഗീകാരമാണ് ഏത് ഓസ്കാറിനേക്കാളും വലുതെന്ന് എല്ലാവരും പറയാറുണ്ട്. അത് സാർഥകമാവുന്ന നിമിഷമാണ് താരങ്ങൾക്കും സാങ്കേതിക പ്രവർത്തകർക്കും ഇത്. മലയാള സിനിമയിലെ മികച്ച താരങ്ങളേയും സാങ്കേതിക പ്രവർത്തകരേയും ആദരിക്കുകയും അനുമോദിക്കുകയും ചെയ്യുന്ന ഈ അംഗീകാരം ഇന്ന് മലയാള സിനിമാ പുരസ്കാര ചരിത്രത്തിലെ തിളങ്ങുന്ന ഏടുകളിലൊന്നായതും അതുകൊണ്ടു തന്നെയാണ്. ജനകീയപങ്കാളിത്തമാണതിന്റെ മാറ്റുകൂട്ടുന്നത്. അവാർഡുകൾക്ക് ജനകീയമാനം നൽകിക്കൊണ്ട് തുടർച്ചയായ രണ്ടാം വർഷമാണ് മാതൃഭൂമിയും കല്യാൺസിൽക്സും കൈകോർക്കുന്നത്. മാതൃഭൂമി ദിനപത്രത്തിൽ പങ്കാളികളായത്. ഏറ്റവും കൂടുതൽ പ്രേക്ഷകർ നിർദേശിച്ച പ്രതിഭകളാണ് സമ്മാനിതരാകുന്നത്. ഇത്തവണ മികച്ച നടനായി മോഹൻലാലിനേയും നടിയായി കാവ്യാ മാധവനേയുമാണ് തിരഞ്ഞെടുത്തത്. ബ്ലെസി സാക്ഷാത്കരിച്ച പ്രണയമാണ് മികച്ച ചിത്രം. ഇന്ത്യൻ റുപ്പി സംവിധാനം ചെയ്ത രഞ്ജിത് മികച്ച സംവിധായകനായി. മറ്റ് അവാർഡുകം: മികച്ച തിരക്കഥാകൃത്ത്: ബോബി-സഞ്ജയ്(ട്രാഫിക്), സ്വഭാവനടൻ: തിലകൻ(ഇന്ത്യൻ റുപ്പി), സ്വഭാവനടി: ജയപ്രദ(പ്രണയം), ഗാനരചയിതാവ്: ഒ.എൻ.വി. കുറുപ്പ്(പ്രണയം), സംഗീത സംവിധായകൻ: എം.ജയചന്ദ്രൻ(പ്രണയം), ഗായകൻ: വിജയ് യേശുദാസ്('ഇന്ത്യൻ റുപ്പി'യിലെ ഈ പുഴയും സന്ധ്യകളും), ഗായിക: കെ.എസ്. ചിത്ര('സ്വപ്നസഞ്ചാരി'യിലെ ചെങ്കതിർ കൈയും വീശി), ഛായാഗ്രാഹകൻ: സന്തോഷ് ശിവൻ(ഉറുമി). മികച്ച പുതുമുഖ നായിക വിദ്യാ ഉണ്ണിയാണ്. 'ഡോക്ടർ ലൗ'വിലെ അഭിനയത്തിനാണ് പുരസ്കാരം. ബെസ്റ്റ് മൂവി ഓഫ് ദ ഇയർ പുരസ്കാരം രാജേഷ്പിള്ള സംവിധാനം ചെയ്ത ട്രാഫിക്ക് നേടി. മികച്ച താരജോടി വിനീത് ശ്രീനിവാസൻ-നിവേദയാണ്(ചിത്രം: ചാപ്പാകുരിശ്). ആസിഫ് അലിയാണ് യൂത്ത്സ്റ്റാർ.

ഇത്തവണ മികച്ച ചിത്രമായ 'പ്രണയം' നമ്മുടെ എൺപതുകളിലെ സമ്പന്നമായ സമാന്തരസിനിമയുടെ ലോകത്തേക്ക് പ്രേക്ഷകനെ തിരിച്ചുകൊണ്ടു പോയ സിനിമയാണ്. കലയും കച്ചവടവും കൈകോർക്കുന്ന, അന്യഭാഷാ സിനിമകം പോലും മലയാളത്തെ ഉറ്റുനോക്കിക്കൊണ്ടിരുന്ന ഒരു കാലത്തിന്റെ ഓർമപ്പെടുത്തൽ. മികച്ച സംവിധാനം കൊണ്ട് ശ്രദ്ധേയമായ 'ഇന്ത്യൻ റുപ്പി'യും സമകാലിക പ്രശ്നത്തെ വളരെ കൈയടക്കത്തോടെ അവതരിപ്പിച്ച ചിത്രമാണ്. ട്രാഫിക് അക്ഷരാർഥത്തിൽ പാത്ത് ബ്രേക്കിങ് സിനിമയായിരുന്നു. താരപരിവേഷങ്ങംക്കപ്പുറത്ത് സിനിമ സംവിധായകന്റെ കലയാണെന്ന് ഓർമിപ്പിച്ച ചിത്രങ്ങം അംഗീകരിക്കപ്പെടുമ്പോം പിൻഗാമികംക്കത് പ്രേരണയും പ്രചോദനവുമാകുന്നു എന്നിടത്താണ് ഈ അവാർഡിന്റെ പ്രസക്തി.

മമ്മൂട്ടി, മോഹൻലാൽ, ജയറാം, ദിലീപ് എന്നിവർക്കാണ് മികച്ച നടൻമാർക്കുള്ള പുരസ്കാരം ഇതിനുമുമ്പ് ലഭിച്ചിട്ടുള്ളത്. പ്രവീണ, സംയുക്താവർമ, മീരാജാസ്മിൻ, നവ്യാ നായർ, പത്മപ്രിയ, പ്രിയാമണി, കാവ്യാ മാധവൻ എന്നിവർ മികച്ച നായികനിരയിൽ എത്തി. സംവിധായകരായ അടൂർഗോപാലകൃഷ്ണൻ, ടി.വി. ചന്ദ്രൻ, കമൽ, രഞ്ജിത്ത്, സത്യൻ അന്തിക്കാട്, ടി.കെ.രാജീവ് കുമാർ എന്നിവർക്ക് നേരത്തെ മാതൃഭൂമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. തിരക്കഥാരംഗത്ത് എം.ടി. വാസുദേവൻനായർ, ലോഹിതദാസ്, രഞ്ജിത്ത്, ഗിരീഷ് പുത്തഞ്ചേരി, സത്യൻ അന്തിക്കാട്, ബാബു ജനാർദനൻ, ജയരാജ്, ബോബി-സഞ്ജയ് എന്നിവർ ആദരിക്കപ്പെട്ടിട്ടുണ്ട്.

സ്വഭാവനടൻമാർ, സഹനടൻ എന്നിങ്ങനെ ദേശീയ, സംസ്ഥാന തലങ്ങളിൽ അവാർഡ് നേരത്തെയുണ്ട്. എന്നാൽ, മികച്ച വില്ലൻ നടൻമാരെ എല്ലാവരും തഴയുകയായിരുന്നു. ഈ പ്രവണതയ്ക്ക് ഒരു മാറ്റം കുറിച്ചത് മാതൃഭൂമിയാണ്. അതുപോലെ കൊമേഡിയൻമാരെയും അംഗീകരിക്കുന്നു. പുതുമുഖ നായകനും നായികയ്ക്കും അത് പ്രോത്സാഹനമേകുന്നു. മികച്ച താരജോടികളേയും യൂത്ത് ഐക്കണിനേയും അത് കണ്ടെത്തുന്നു.

മാതൃഭൂമി പുരസ്കാരദാനം ഇക്കുറി അത് പിറന്നമണ്ണിൽ തന്നെ എത്തുകയാണ്. 2000-ൽ കൊച്ചിയിലാണ് ആദ്യത്തെ താരനിശ സംഘടിപ്പിക്കുന്നത്. അവിടുന്നിങ്ങോട്ട് സാംസ്കാരികകേരളം ഉറ്റുനോക്കുന്ന ഒരു പുരസ്കാരമായി വളരാൻ ഇതിനു കഴിഞ്ഞു. പല അവാർഡുകളും വിവാദങ്ങളിലും തർക്കങ്ങളിലും പെട്ട് ശോഭകെടുമ്പോം ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ അവാർഡ് നിർണയത്തിനും പുരസ്കാരദാന ചടങ്ങിനും ഓരോ വർഷം കഴിയുംതോറും തിളക്കമേറി വരികയാണ്.

കെ.ജെ. യേശുദാസ്

യേശുദാസ് തന്റെ ഗാനാലാപനത്തിന്റെ സുവർണജൂബിലി കൊണ്ടാടുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ തൊപ്പിയിൽ ഒരു തൂവൽ കൂടിയാണ് 'മാതൃഭൂമി ചലച്ചിത്ര സപര്യ' പുരസ്കാരം. ചലച്ചിത്ര ഗാനരംഗത്തിന് ഇത്രയും കാലം നൽകിയ സംഭാവനകംക്ക് പുറമെ മലയാളത്തിന്റെ ബ്രാൻഡ് അംബാസഡറായി ലോകം മുഴുവനും അംഗീകരിക്കപ്പെട്ടതിന്റെ തുടർച്ചകൂടിയാണ് ഈ അംഗീകാരം. മലയാള സിനിമയിലെ മഹത്തായ പൈതൃകത്തിന് മാതൃഭൂമി നൽകുന്ന ഈ സ്നേഹസമർപ്പണം മുൻപ് ബാലൻ കെ. നായർ, തിലകൻ, അടൂർഭവാനി, ഭരത് ഗോപി, ദക്ഷിണാമൂർത്തി, എം.ടി.വാസുദേവൻനായർ, പറവൂർ ഭരതൻ, സുകുമാരി, എം.കെ.അർജുനൻ, മധു എന്നിവർക്ക് ലഭിച്ചിട്ടുണ്ട്.

മകൻ വിജയ് യേശുദാസിനാണ് ഈ വർഷത്തെ മികച്ച ഗായകനുള്ള പുരസ്കാരം എന്നത് യാദൃച്ഛികമാണെങ്കിലും അച്ഛനും മകനും ഒരേ വേദിയിൽ അംഗീകാരത്തിന്റെ കിരീടമണിയുന്നത് കാണാനുള്ള സുവർണാവസരമാണ് സിനിമാപ്രേമികളെ കാത്തിരിക്കുന്നത്. മമ്മൂട്ടിയെ നായകനാക്കി ലാൽ സംവിധാനം ചെയ്യുന്ന 'കോബ്ര'യുടെ ടൈറ്റിൽ പ്രകാശനവും ഈ വേദിയിൽ നടക്കും. മമ്മൂട്ടിയും ലാലും ചടങ്ങിൽ പങ്കെടുക്കും.

ബോളിവുഡ് ഗായകൻ ജാവേദ് അലി, പോപ്പ് സംഗീതത്തിന്റെ അലയൊലികളുമായി നീതിമോഹൻ, കോളിവുഡിൽ നിന്നും വിജയ് ബാലകൃഷ്ണൻ എന്ന ക്രിഷ്, നൃത്തച്ചുവടുകളുമായി സദസ്യരെ ത്രസിപ്പിക്കാൻ എത്തുന്ന സുരേഷ് ആൻഡ് വെർണൻ ഗ്രൂപ്പ് എന്നിവർക്കൊപ്പം മലയാളത്തിന്റെ സ്വന്തം റിമകല്ലിങ്കൽ, ഭാമ, രമ്യാ നമ്പീശൻ, റിമിടോമി, ബാല, നിഖിത എന്നിവരുടെ നൃത്ത-സംഗീത വിരുന്നുകളുമുണ്ടാവും. ശ്രീജിത്, സുമിത് ആൻഡ് വിനോദ് എന്നിവരാണ് നൃത്തച്ചുവടൊരുക്കുന്നത്. കാണികളെ ചിരിപ്പിക്കാനായി കോമഡി താരങ്ങളും അണിനിരക്കും.

രഞ്ജിത്ത്

ബ്ലെസി

ഒ.എൻ.വി. കുറുപ്പ്


എം. ജയചന്ദ്രൻ

കെ.എസ്. ചിത്ര

വിജയ് യേശുദാസ്


തിലകൻ

സന്തോഷ് ശിവൻ

ഡയമണ്ട് നെക്ലെസ്

ഡയമണ്ട് നെക്ലെസ്: സംവൃതാ സുനിൽ, ഫഹദ് ഫാസിൽ

ലാൽ ജോസ് ആദ്യമായി നിർമിക്കുന്ന ഡയമണ്ട് നെക്ലെസ് എന്ന ചിത്രത്തിന്റെ ഷൂട്ടിങ് ദുബായിയിൽ ആരംഭിച്ചു. എൽ.ജെ. ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ ലാൽ ജോസ് തന്നെ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ ഫഹദ് ഫാസിൽ നായകനാവുന്നു. സംവൃതാ സുനിൽ, സെക്കൻഡ് ഷോ ഫെയിം ഗൗതമി നായർ, അനുശ്രീ എന്നിവരാണ് നായികമാർ. നിർമാണം-ലാൽ ജോസ്, പ്രദീപ്. ശ്രീനിവാസൻ, ജഗതി ശ്രീകുമാർ എന്നിവരാണ് മറ്റു താരങ്ങം. പൂർണമായും ദുബായിയിൽ ചിത്രീകരിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ ഇക്ബാൽ കുറ്റിപ്പുറം എഴുതുന്നു. ഛായാഗ്രഹണം-സമീർ താഹിർ. ഗാനരചന-റഫീക് അഹമ്മദ്, സംഗീതം-വിദ്യാസാഗർ, വാർത്താ പ്രചാരണം-എ.എസ്. ദിനേശ്.

മ്യാവൂ.. മ്യാവൂ.. കരിമ്പൂച്ച പൂർത്തിയായി

മ്യാവൂ... മ്യാവൂ... കരിമ്പൂച്ച: സുരാജ് വെഞ്ഞാറമൂട്, സലിംകുമാർ

സെഞ്ചുറി വിഷന്റെ ബാനറിൽ മമ്മി സെഞ്ചുറി നിർമിച്ച് വിപിൻ ശങ്കർ സംവിധാനം ചെയ്യുന്ന മ്യാവൂ... മ്യാവൂ... കരിമ്പൂച്ച ത്രീ.ഡി. ചിത്രത്തിന്റെ ഷൂട്ടിങ് കൊച്ചിയിൽ പൂർത്തിയായി. സ്കൂളിന്റെ പശ്ചാത്തലത്തിൽ കഥപറയുന്ന ചിത്രം നർമത്തിനും സ്നേഹബന്ധങ്ങംക്കും പ്രാധാന്യം നൽകിയാണ് ഒരുക്കുന്നത്. മിനി സ്ക്രീനിലൂടെ പ്രശസ്തരായ വിഷ്ണു, പ്രജ്വൽ, സജ്ജയ്, റിജാസ്, ദനഞ്ജൂർ, എയ്ഞ്ചല, ആൻഡ്രിയ എന്നീ ബാലതാരങ്ങളാണ് മുഖ്യകഥാപാത്രങ്ങളാകുന്നത്. സലിംകുമാർ, സുരാജ് വെഞ്ഞാറമൂട്, ദേവൻ, നാരായണൻകുട്ടി, ജാഫർ ഇടുക്കി, ടോണി, ആദിത് ദക്ഷിണ, പൊന്നമ്മ ബാബു, കുളപ്പുള്ളി ലീല, വത്സലാമേനോൻ, ബിന്ദു തുടങ്ങിയവരും ചിത്രത്തിൽ അണിനിരക്കുന്നു. സ്ക്രിപ്റ്റ്: സഞ്ജയ് സുരേന്ദ്രൻ, ഗാനങ്ങം: ദിൻനാഥ് പുത്തഞ്ചേരി (ഗിരീഷ് പുത്തഞ്ചേരിയുടെ മകൻ), ഷഫീക് റഹ്മാൻ, സംഗീതം: ഷഫീക് റഹ്മാൻ, ഛായാഗ്രഹണം: കെ.പി. നമ്പ്യാതിരി.

നമുക്ക് പാർക്കാൻ

ജോൺ എബ്രഹാം അവാർഡ്ദാന വേളയിൽ 'ഇവൻ മേഘരൂപൻ' എന്ന ചിത്രത്തിനുള്ള പ്രത്യേക പുരസ്കാരം ആനന്ദ് പട്വർധനിൽ നിന്ന് പ്രകാശ് ബാരെ ഏറ്റുവാങ്ങുന്നു

അനൂപ് മേനോൻ, മേഘ്നരാജ് എന്നിവരെ പ്രധാനകഥാപാത്രങ്ങളാക്കി അജി ജോൺ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'നമുക്ക് പാർക്കാൻ'. ഡോക്ടർ ലൗ, മമ്മി ആൻഡ് മി എന്നീ ചിത്രങ്ങംക്കുശേഷം ജിതിൻ ആർട്ടിന്റെ ബാനറിൽ ജോയി തോമസ് ശക്തികുളങ്ങര നിർമിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ, സംഭാഷണം ജയൻ-സുനോജ് എഴുതുന്നു. സുധീഷ്, ടിനി ടോം, കലാഭവൻ ഷാജോൺ, ദേവൻ, ജയൻ, നന്ദു, ജനാർദനൻ, പാർവതി, ഗീതാ വിജയൻ, കവിയൂർ പൊന്നമ്മ തുടങ്ങിയവരാണ് മറ്റു താരങ്ങം.

ബ്യൂട്ടിഫുളിനുശേഷം അനൂപ് മേനോൻ ഗാനരചന നിർവഹിക്കുന്ന ഈ ചിത്രത്തിന്റെ സംഗീതസംവിധായകൻ രതീഷ് വേഗയാണ്. ഛായാഗ്രഹണം-പ്രിജിത്ത്. ചിത്രം തിരുവനന്തപുരത്ത് ചിത്രീകരണം ആരംഭിച്ചു. വാർത്താ പ്രചാരണം-എ.എസ്. ദിനേശ്.

പ്രഭുവിന്റെ മക്കൾ

നവാഗതനായ സജീവ് അന്തിക്കാട് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'പ്രഭുവിന്റെ മക്കം'. മധു, കലാഭവൻ മണി, അരുൺ, വിനയ് ഫോർട്ട്, ജിജോ, സുരാജ് വെഞ്ഞാറമൂട്, സലിംകുമാർ, ഹരിശ്രീ അശോകൻ, മാള അരവിന്ദൻ, ശിവജി ഗുരുവായൂർ, പ്രകാശ് ബാരെ, അനിയപ്പൻ, കെ.ബി. വേണു, സുനിൽ സുഖദ, നെവിനോ, പ്രദീപ് പള്ളുരുത്തി, നാരായണൻകുട്ടി, സ്വാസിക, ദേവീ ചന്ദന, കുളപ്പുള്ളി ലീല, അംബികാ മോഹൻ തുടങ്ങിയവരാണ് പ്രധാന താരങ്ങം. ഗാനരചന-സജീവ് അന്തിക്കാട്, ചങ്ങമ്പുഴ, സംഗീതം-ജോയ് ചെറുവത്തൂർ, അറക്കൽ നന്ദകുമാർ.

ഡേവിഡ് കാച്ചപ്പിള്ളിയുടെ ചിത്രത്തിൽ ശ്രീനിവാസൻ

ഡേവിഡ് കാച്ചപ്പിള്ളി പ്രൊഡക്ഷൻസിന്റെ ബാനറിൽ നവാഗതനായ ജോ ചാലിശ്ശേരി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ ശ്രീനിവാസൻ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ആസിഫ് അലി, ഇന്നസെന്റ്, ജഗതി ശ്രീകുമാർ, സലിംകുമാർ, സുരാജ് വെഞ്ഞാറമൂട്, നെടുമുടി വേണു, മണിയൻപിള്ള രാജു, ശ്വേതാ മേനോൻ, ട്രാഫിക് ഫെയിം നമിത പ്രമോദ് എന്നിവരാണ് മറ്റു താരങ്ങം.

സാഹിത്യകാരൻ സേതുവിന്റെ ഒരു ദേശത്തിന്റെ വിജയം എന്ന കഥയുടെ പശ്ചാത്തലത്തിൽ ഒരുക്കുന്ന ഈ ചിത്രത്തിന്റെ സംഭാഷണം രതീഷ്കുമാർ എഴുതുന്നു. ക്യാമറ-അജയൻ വിൻസെന്റ്, ഗാനരചന-അനിൽ പനച്ചൂരാൻ, റഫീക് അഹമ്മദ്, സംഗീതം-മോഹൻ സിത്താര.

അടുത്ത ബെല്ലോടുകൂടി...

നർമം

സി. ഹരികുമാർ



മിക്കവാറും സമയം ശീതനിദ്രയിലായിരിക്കും. ഇടയ്ക്കിടെ ഉണർന്നു പ്രവർത്തിക്കും. ചില തീയതികം പ്രഖ്യാപിക്കാനാണിത്. തീയതി പ്രഖ്യാപിച്ചു കഴിഞ്ഞാൽ വീണ്ടും ശീതനിദ്രയിലാകും. ഈ സംവിധാനത്തിനാണ് തിരഞ്ഞെടുപ്പു കമ്മീഷൻ എന്നു പറയുന്നത്.

ശേഷന്റെ കാലംമുതലാണ് ഇങ്ങനെയൊരു സംവിധാനത്തെപ്പറ്റി ജനം കേട്ടുതുടങ്ങിയത്. അതിനു മുമ്പും ഇങ്ങനെയുള്ള ചില സംവിധാനങ്ങളൊക്കെ ഉണ്ടായിരുന്നു. പുറത്തറിഞ്ഞിട്ടില്ലെന്നേയുള്ളൂ.

തിരഞ്ഞെടുപ്പു തീയതി പ്രഖ്യാപിക്കുകയെന്നതാണ് പ്രധാന ജോലി. ഓണം, വിഷു, സംക്രാന്തി, വേല, ക്രിസ്മസ്, നബിദിനം തുടങ്ങിയ വിശേഷ ദിവസങ്ങം തിരഞ്ഞെടുപ്പ് തീയതിയായി പ്രഖ്യാപിച്ചാൽ സംഗതി എളുപ്പമായി. തീയതി മാറ്റിവെക്കാൻ ഒരു സർവകക്ഷി യോഗം വിളിക്കാം. പുതിയ തീയതി പ്രഖ്യാപിക്കാം.

ഇത്തവണ പിറവം ഉപതിരഞ്ഞെടുപ്പ് എന്നത്തേക്കു വേണം? അമ്പതു നോമ്പിന്റെ കാലമാണ്. അതിനിടയിൽ വരുന്ന ഞായറാഴ്ച യായാൽ തീയതി മാറ്റിവെക്കാൻ സൗകര്യമുണ്ട്. അതുകൊണ്ട് മാർച്ച് 18 ഞായറാഴ്ചയെന്ന് തീരുമാനിച്ചു.

ക്രിസ്തു ഏറ്റവും വലിയ വിപ്ലവകാരിയെന്ന് അടുത്ത കാലത്തു കണ്ടുപിടിച്ച സി.പി.എം. സെക്രട്ടറി പിണറായി വിജയനാണ് ഈ തീരുമാനത്തിലെ അപാകത ആദ്യമായി കണ്ടുപിടിച്ചത്. മതമില്ലാത്ത ജീവനായിട്ടും ഞായറാഴ്ച ദിവസത്തെ പ്രാധാന്യം വിജയൻ കണ്ടുപിടിച്ചു. ക്രിസ്ത്യാനികംക്ക് അമ്പതുനോമ്പിന്റെ കാലമാണ്. നോമ്പിനിടയ്ക്കു വരുന്ന ഞായറാഴ്ചയ്ക്ക് പ്രാധാന്യമേറും.

തിരുകേശം ഒറിജിനലോ വ്യാജമോ? പുതു ഞായറാഴ്ച പള്ളിയിൽ പോകണമോ വേണ്ടയോ? ഓണത്തിന് പാലട വേണോ പ്രഥമൻ മതിയോ? തുടങ്ങിയ കാര്യങ്ങളിൽ ആധികാരികമായി അഭിപ്രായം പറയാൻ പിണറായി തന്നെ വേണം. പി.പി. തങ്കച്ചനാണ് ഇതുയുമെങ്കിലും ചിന്താശേഷിയുള്ള മറ്റൊരു നേതാവ്. കണ്ണ് തുറന്നിരുന്ന് ഉറങ്ങുന്നതാണ് പ്രധാന ഹോബിയെന്നതുകൊണ്ട് മറ്റൊന്നിനും സമയം കിട്ടാറില്ല. അതുകൊണ്ട് പ്രത്യേകിച്ച് ഒരഭിപ്രായം ഒരു കാര്യത്തിലുമില്ല.

ഇരു മുന്നണികളിലും സംഗതി സ്വസ്ഥമാണെന്നതുകൊണ്ട് ഇതാണ് പിറവം ഉപതിരഞ്ഞെടുപ്പിനു പറ്റിയ സമയം. സംസ്ഥാന സമ്മേളനങ്ങംക്കു ശേഷം സി.പി.എമ്മും സി.പി.ഐ.യും തമ്മിൽ കണ്ടാൽ മിണ്ടുകകൂടിയില്ല. യു.ഡി.എഫിലും സംഗതി ഭദ്രമാണ്. അച്ഛനും മകനും മാത്രമുള്ള പാർട്ടിയിൽ അവർ തമ്മിലാണ് പ്രധാന മത്സരം. അച്ഛൻ കിഴക്കോട്ടു പോവാൻ പറഞ്ഞാൽ മകൻ പടിഞ്ഞാറോട്ടു പോവും. ഇതിനാണ് അനുസരണ എന്നു പറയുന്നത്. എന്തു പറഞ്ഞാലും വോട്ടുചെയ്യാൻ മറക്കരുത്. വിശപ്പും ദാഹവും എസ്.എസ്.എൽ.സി. പരിക്ഷയുമൊക്കെ ഉപതിരഞ്ഞെടുപ്പിനു ശേഷം മതി.

പിൻകുറിപ്പ്: ആർ. ബാലകൃഷ്ണപിള്ളയുടെ പുസ്തകം പ്രകാശനം ചെയ്യും.

കമൻറ്: ഒരച്ഛൻ മകനയച്ച കത്തുകം!!!

'മിസ്സിസ് കേരള' ഫൈനലിലേക്ക്

ചാനൽ

കുടുംബിനികളുടെ സർഗവാസനകം പുറത്തുകൊണ്ടുവരുന്നതിന് അവസരമൊരുക്കിയ റിയാലിറ്റി ഷോ 'മിസ്സിസ് കേരള' ഫൈനലിലേക്ക്. അന്തിമ വിജയിയാകാൻ കലാശപ്പോരാട്ടത്തിന് മാറ്റുരയ്ക്കുന്നത് രാരി ജയേഷ്, അസ്ല റഷീദ്, സെലിന, ദീപ്തി പ്രജീഷ്, വിവിത രാജേഷ്, ബിനു ഹരികുമാർ, ഹരിത ഹർഷവർധൻ എന്നിവരാണ്. നൃത്തത്തിലും സംഗീതത്തിലും പൊതുവിജ്ഞാനത്തിലും അഭിനയത്തിലും തുടങ്ങി സമസ്ത മേഖലയിലും തങ്ങംക്കുള്ള കഴിവുകം തെളിയിക്കാൻ കുടുംബിനികംക്ക് അവസരമൊരുക്കിയ പരിപാടിയാണിത്. എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം നാല് മണിക്ക് സംപ്രേഷണം ചെയ്യുന്നു.

'പട്ടുറുമാൽ' പുതിയ രൂപത്തിൽ

കൈരളി ടി.വി.യുടെ മാപ്പിളപ്പാട്ട് റിയാലിറ്റി ഷോ 'പട്ടുറുമാൽ' പുതിയ രൂപത്തിൽ സംപ്രേഷണം ആരംഭിച്ചു. 30 ഗായകരും നൂറിലധികം നർത്തകരുമായാണ് പട്ടുറുമാൽ ഇനി പ്രേക്ഷകർക്കു മുന്നിലെത്തുക. മലബാറിൽ ചിത്രീകരിക്കുന്ന 'പട്ടുറുമാൽ മ്യൂസിക് ഡാൻസ് ഫ്യൂഷനി'ൽ അഞ്ച് ഗായകരും ഒരു സംഘം നർത്തകരുമടങ്ങുന്ന ആറ് ടീമുകളാണ് മാറ്റുരയ്ക്കുന്നത്. ഉണ്ണി മേനോൻ, ചലച്ചിത്ര താരം രഞ്ജിനി, റഹ തുടങ്ങിയവരാണ് വിധികർത്താക്കം. ഓരോ ആഴ്ചയും അതിഥികളായി ചലച്ചിത്ര താരങ്ങം, ഗായകർ, നർത്തകർ എന്നിവരുമെത്തുന്നു. കൈരളിയിൽ വെള്ളി മുതൽ ഞായർ വരെ രാത്രി എട്ടിന് പട്ടുറുമാൽ സംപ്രേഷണം ചെയ്യുന്നു.

ഗൃഹസഖി

ജീവിതത്തിന്റെ നാനാതുറകളിൽ വിജയക്കൊടി പാറിച്ച വനിതകളെ പ്രേക്ഷകർക്ക് മുന്നിലെത്തിക്കുന്ന പരിപാടിയാണ് ജീവൻ ടി.വി.യിലെ 'ഗൃഹസഖി'. വിജയത്തിന്റെ രജതരേഖകം രചിച്ച വനിതകളുടെ അനുഭവങ്ങളും കടന്നുവന്ന വഴികളും പ്രേക്ഷകർക്ക് പുതിയ പാഠങ്ങം നൽകുന്നു. അശ്വതി തിരുനാം ഗൗരിലക്ഷ്മിഭായി തമ്പുരാട്ടി, സുഗതകുമാരി, ശ്രീലേഖ, ഡോ. ബിന, ബി. സന്ധ്യ, സുബ്ബലക്ഷ്മി അമ്മാം, ശോഭനാ ജോർജ്, ബിനാ കണ്ണൻ, ഷീലാ കൊച്ചൗസേപ്പ് തുടങ്ങിയവർ ഈ പരിപാടിയിൽ പങ്കെടുത്തുവരുന്നു. 2011ലെ ഏറ്റവും മികച്ച വനിത പരിപാടിക്കുള്ള എൽ വിഷൻ ചാനലിന്റെ അവാർഡിന് അർഹമായ ഗൃഹസഖി 90 എപ്പിസോഡുകം പിന്നിട്ടു. അനുശ്രീ അവതാരകയായി എത്തുന്ന ഗൃഹസഖിയുടെ സംവിധാനം ബിനോയി കുഞ്ഞുമോൻ നിർവഹിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 12.30ന് സംപ്രേഷണം ചെയ്യുന്നു.

ഏഷ്യാനെറ്റിൽ പരമ്പര 'അഗ്നിപുത്രി'

ഏഷ്യാനെറ്റിൽ പുതിയ പരമ്പര 'അഗ്നിപുത്രി' സംപ്രേഷണം ചെയ്യുന്നു. തന്റെ സഹോദരന്റെ മരണത്തിനുത്തരവാദികളെ കണ്ടെത്താൻ ശ്രമിച്ച് കുടുംബവും ജീവിതവും നഷ്ടപ്പെട്ട വിപഞ്ചിക... പിന്നെ ശക്തിയായി, സംഹാരകയായി ശത്രുക്കംക്കെതിരെ ആഞ്ഞടിക്കുന്ന വിപഞ്ചിക... വിപഞ്ചികയുടെ കഥപറയുന്ന 'അഗ്നിപുത്രി' ഏഷ്യാനെറ്റിൽ തിങ്കം മുതൽ വെള്ളി വരെ രാത്രി 10 മണിക്ക് സംപ്രേഷണം ചെയ്യുന്നു.

ഡാൻസ് ഡാൻസ് സെമിഫൈനൽ

നൃത്തത്തിന്റെ സർഗവസന്തം തീർക്കുന്ന ഏഷ്യാനെറ്റിലെ 'മഞ്ച് ഡാൻസ് ഡാൻസ്' സെമി ഫൈനലിലേക്ക് കടന്നു. ഫൈനലിലെ അവസാന പോരാട്ടത്തിനായി എത്തുന്നതിന് സെമിഫൈനലിൽ മാറ്റുരയ്ക്കുന്നത് മാളു-അഞ്ജലി, ഗോപിക-ഗോപിക, ഗോപിക-ഗോപിക, ഗോപിക-ഗോപിക എന്നിവരാണ്. ഞായറാഴ്ച രാത്രി 8 മണിക്ക് സംപ്രേഷണം ചെയ്യുന്നു.

ബാറ്റ്സ്, ശ്രീങ്ക-ആൽവിൻ, പ്രിയദർശൻ-മറിയ, അനസ്-നയന, ദേവു-സൂരജ്, ഷിഫാന-റംസാൻ എന്നീ ടീമുകളാണ്. 'മഞ്ച് ഡാൻസ് ഡാൻസ്' എല്ലാ ശനി, ഞായർ ദിവസങ്ങളിലും രാത്രി എട്ടുമണിക്ക് സംപ്രേഷണം ചെയ്യുന്നു.

നഗർ ടു നഗർ മുന്നേറുന്നു

റസിഡൻറ്സ് അസോസിയേഷനുകളെ ഉംപ്പെടുത്തി ജയ്ഹിന്ദ് ടി.വി. അവതരിപ്പിക്കുന്ന വിനോദ പരിപാടിയായ നഗർ ടു നഗർ 75 എപ്പിസോഡുകം പിന്നിടുന്നു. സംഗീതത്തിനും നൃത്തത്തിനും ഗെയിം ഷോകംക്കും പ്രാധാന്യം നൽകി അവതരിപ്പിക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ള റസിഡൻസ് അസോസിയേഷൻ പ്രതിനിധികം 9744848887 എന്ന നമ്പറിൽ ബന്ധപ്പെടുക. എല്ലാ ഞായറാഴ്ചകളിലും രാത്രി എഴ് മണിക്ക് സംപ്രേഷണം ചെയ്യുന്നു.